# ആതുരമിത്രം

**രോഗികൾക്കും ആതുര ശുശ്രൂഷാ**

**സംരംഭങ്ങളിലും ഉപയോഗിക്കാവുന്ന**

**ഗീതങ്ങളും, പ്രാർത്ഥനകളും**

പ്രസാധകർ

**ചാപ്ലേൻസി ഡിപ്പാർട്ടുമെന്റ്**

**എം. ജി. ഡി. എം. ഹോസ്പിറ്റൽ, ദേവഗിരി, കങ്ങഴ**

**ATHURA MITHRAM**

| | | |
|---|---|---|
| First Published | : | August 1986 |
| Second Edition | : | Jan. 2005 |
| Published by | : | Chaplaincy Dept. M. G. D. M. Hospital, Davagiri, Kangazha |
| Copy Right | : | M. G. D. M. Hospital, Kangazha |
| Production Consultant | : | Joice Thottackad |
| Typesetting & Printing | : | Sophia Print House, Kottayam Ph: 2303237 |

# വാങ്മുഖം

മലങ്കര ഓർത്തഡോക്സ് സഭയുടെ ആതുരശുശ്രൂഷാ സ്ഥാപനങ്ങളിൽ ഉപയോഗപ്പെടത്തക്കവണ്ണം വന്ദ്യനായ മാത്യൂസ് മാർ ബർന്നബാസു മെത്രാപ്പോലീത്താ തയ്യാറാക്കിയ "ആതുരമിത്രം" എന്ന പുസ്തകം 1986 –ൽ കഞ്ഞഴ എം. ജി. ഡി. എം. ആശുപത്രിയിലെ ആതുരശുശ്രൂഷാ വിഭാഗത്തിന്റെ ചുമതലയിൽ ഡോ. ജേക്കബ് കുര്യനച്ചൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പുസ്തകം വളരെ ഫലപ്രദമാകുകയും അതിന് നല്ല അംഗീകാരം ലഭിക്കുകയും ചെയ്തു.

ചുരുക്കം ചില വ്യതിയാനങ്ങളോടു കൂടെ 1996 –ൽ ആതുരമിത്രം പുനഃപ്രസിദ്ധീകരണം നടത്തി. ഇക്കാര്യത്തിൽ ഏറെ പ്രവർത്തിച്ചത് എം. ജി. ഡി. എം. ഹോസ്പിറ്റലിലെ നേഴ്സിങ്ങ് സ്കൂൾ ട്യൂട്ടറും ഇപ്പോൾ പരുമല മാർ ഗ്രിഗോറിയോസ് നേഴ്സിങ്ങ് കോളജ് പ്രിൻസിപ്പലും ആയിരിക്കുന്ന റവ. സിസ്റ്റർ സാലി ആയിരുന്നു.

ഈ പുസ്തകത്തിന്റെ മൂന്നാം പതിപ്പ്, അത്യാവശ്യം എന്ന് പലരും നിർദ്ദേശിച്ച ചില പുതുമകളോടെ പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ സന്തോഷിക്കുന്നു. കൂടുതൽ പാട്ടുകളും പ്രാർത്ഥനകളും ഇതിൽ ചേർത്തിരിക്കുന്നു. ഈ പുസ്തകം ഏറെ പ്രയോജനം ലഭിക്കുന്നതാകുവാൻ പ്രാർത്ഥിക്കുന്നു. പ്രസിദ്ധീകരണത്തിന്റെ എല്ലാ ചുമതലകളും ഭംഗിയായി നിർവ്വഹിച്ച ജോയ്സ് തോട്ടയ്ക്കാടിനോടുള്ള പ്രത്യേക നന്ദിയും അറിയിക്കുന്നു. ഇത് സാധ്യമാക്കിയ ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങളുടെ കാവൽ പിതാവായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മുൻപാകെ ഇത് സമർപ്പിക്കുകയും ചെയ്യുന്നു.

**റവ. ഫാ. എം. റ്റി. കുര്യൻ**

എം. ജി. ഡി. എം. ഹോസ്പിറ്റൽ

2005 ജനുവരി

ദേവഗിരി, കഞ്ഞഴ

# ഉള്ളടക്കം

ഗാനങ്ങൾ 8
രോഗക്കിടക്കയിൽ പാടുന്നതിന് 124
പ്രദക്ഷിണ ഗീതങ്ങൾ 125
പ. വട്ടശ്ശേരിൽ തിരുമേനിയുടെ
ഓർമ്മപ്പെരുന്നാളിലെ പ്രദക്ഷിണ ഗീതം 129
English Hymns 131
പ്രഭാത പ്രാർത്ഥനകൾ 136
ആശുപത്രി ജീവനക്കാർക്കും ആശുപത്രി പഠനപരിപാടിയിലെ
വിദ്യാർത്ഥികൾക്കും പ്രഭാതത്തിൽ ഉപയോഗിക്കാവുന്ന
പ്രാർത്ഥനകൾ 151
മദ്ധ്യാഹ്ന പ്രാർത്ഥനകൾ 155
സന്ധ്യാ പ്രാർത്ഥനകൾ 157
ആശുപത്രി ജീവനക്കാർക്കും ആശുപത്രി പഠനപരിപാടിയിലെ
വിദ്യാർത്ഥികൾക്കും സന്ധ്യയിൽ ഉപയോഗിക്കാവുന്ന
പ്രാർത്ഥനകൾ 173
പൊതുവായ പ്രാർത്ഥനകൾ 175
രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ 176
രോഗിയുടെ പ്രാർത്ഥന 178
രോഗികളെ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥനകൾ 179
ഓപ്പറേഷന് വിധേയരാകുന്നവർക്കു വേണ്ടി 180
ഓപ്പറേഷന് മുൻപ് തീയറ്ററിൽ 181
രോഗശമനത്തിനു സ്തോത്രപ്രാർത്ഥന 181
പ്രസവാനന്തരം മാതാവിനും ശിശുവിനും വേണ്ടി 182
മരണാസന്നർക്കു വേണ്ടി 182
മരണത്തിൽ ദുഃഖിക്കുന്നവർക്കു വേണ്ടി 183
ജന്മദിന സ്തോത്ര പ്രാർത്ഥന 184
പുതുവത്സരത്തിൽ 185
പുതുതായി ആരംഭിക്കുന്ന വാർഡുകളോ ചികിത്സാ
സംവിധാനങ്ങളോ പ്രതിഷ്ഠിക്കുവാൻ 186
ചികിത്സാ ക്യാമ്പുകളുടെ ആരംഭത്തിൽ 187
ആശുപത്രി പഠനപരിപാടിയിലെ വിദ്യാഭ്യാസാരംഭത്തിൽ 188
ആശുപത്രി പഠനപരിപാടിയിലെ പരീക്ഷയ്ക്കു
പോകുന്നവർക്കു വേണ്ടി 188
ആശുപത്രി പഠനപരിപാടിയുടെ പൂർത്തീകരണത്തിൽ 189
പ്രത്യേക അവസരങ്ങളിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും
ഉപയോഗിക്കാവുന്ന ലുത്തിനിയാ 190
A Collection of Prayers in English 195

# ഗീതങ്ങൾ അകാരാദി ക്രമത്തിൽ


| | |
|---|---|
| അതിരാവിലെ | 1 |
| അർപ്പിക്കുന്നേശു | 13 |
| അൻപു നിറഞ്ഞ | 63 |
| അൻപിൻ രൂപി | 78 |
| അനുഗ്രഹത്തിൻ | 94 |
| അടവി തരുക്കളിടയിൽ | 66 |
| അക്കരയ്ക്കു യാത്ര | 124 |
| ആകാശമേ കേൾക്ക | 151 |
| ആശ്വാസത്തിൻ | 130 |
| ആശ്വാസദായകനാം | 149 |
| ആശ്രയം യേശുവിൽ | 31 |
| ആശ്വാസമേ | 53 |
| ആട്ടിടയർ | 111 |
| ആരു സഹായിക്കും | 60 |
| ആഴങ്ങൾ തേടുന്ന | 150 |
| ആത്മസന്തോഷം | 135 |
| ആരാധിക്കുന്നേ ഞങ്ങൾ | 137 |
| ആനന്ദമുണ്ടെനിക്കാനന്ദം | 148 |
| ആപത്തുവേളകളിൽ | 179 |
| ആടുകൾക്കു വേണ്ടി | 180 |
| ഇരവിൻ ഇരുൾ | 11 |
| ഇന്നു നീ | 68 |
| ഇമ്മാനുവേൽ | 112 |
| ഇന്നയോളം തുണച്ചോനെ | 121 |
| ഇന്നു പകൽ | 152 |
| ഇടറി വീഴാൻ | 180 |
| ഇടയെനെന്ന കാവൽ | 200 |
| ഉയർത്തീടും ഞാൻ | 28 |
| ഉണ്ടെനിക്കായൊരു | 56 |
| ഉണർവിൻ വരം | 136 |
| ഉയിർപ്പിൻ ജീവനാൽ | 146 |
| എൻ ദൈവമേ | 4 |
| എൻ ദീപമേ | 18 |
| എല്ലാം അങ്ങേ | 20 |
| എൻ യേശു എൻ | 22 |
| എന്നേശു എൻ പ്രിയൻ | 27 |
| എന്നുള്ളമേ സ്തുതിക്ക | 37 |
| എന്നോടുള്ള | 42 |
| എനിക്കായൊരുത്തമ | 65 |
| എനിക്കല്ല ഞാൻ | 71 |
| എന്നുള്ളിലെന്നും | 76 |
| എൻ യേശു എൻ സംഗീതം | 79 |
| എൻ രക്ഷകാ | 82 |
| എന്നാത്മാവിൻ | 84 |
| എന്നെത്തന്നെ | 87 |
| എന്നും നല്ലവൻ | 88 |
| എന്തു നല്ലോർ | 90 |
| എന്റെ ദൈവം മഹത്വത്തിൽ | 97 |
| എനിക്കായ് കരുതാമെന്നു | 102 |
| എന്റെ യേശു | 104 |
| എൻ സങ്കടങ്ങൾ | 141 |
| എന്നുടയോനെ | 153 |
| എന്തതിശയമേ | 154 |
| എന്നേശു വന്നീടും | 155 |
| എന്നേശു അല്ലാതെ | 156 |
| എല്ലാം നന്മയ്ക്കായി | 157 |
| എന്നേശുവേ | 158 |
| എൻ പ്രിയനെപ്പോൽ | 159 |
| എന്റെ ദൈവം സ്വർഗ്ഗ | 160 |
| എന്റെ സമ്പത്ത് | 161 |
| എണ്ണി എണ്ണി തീരാത്ത | 181 |
| ഒന്നും ഭയപ്പെടേണ്ട | 93 |
| ഒരിക്കൽ യേശുനാഥൻ | 176 |
| കർത്താവിലെന്നും | 175 |
| കർത്താവേ എൻ | 83 |
| കർതൃ കാഹളം | 183 |
| കഷ്ടതയിൽ | 95 |
| കർത്തൻ എന്നെ | 96 |

കരുണക്കടലേ 98
കഷ്ടതകൾ 105
കണ്ടാലും 116
കാണാമെനി 58
കാണുക 118
കാണും വരെ 120
കാണുന്നു 170
കുഞ്ഞാട്ടിൻ തിരുരക്തത്താൽ 162
കേൾക്ക ദൂത 110
കൂടെ പാർക്ക 16
ക്രൂശിന്മേൽ 117
ക്രിസ്തീയ ജീവിതം 184
കൃപയേറും 30
ക്രിസ്തന്മേൽ 59
ജയം ജയം ഹല്ലേലൂയ്യാ 185
ജയിക്കുമെ സുവിശേഷ 195
ജീവിത പാത 14
ജീവനുള്ള ദേവനെ 33
ജീവിത യാത്രക്കാരാ 73
ജീവന്റെ ഉറവിടം 86
ജീവിച്ചാലും മരിച്ചാലും 186
ഞാൻ സ്നേഹവാനേശു 26
ഞാനെന്നും സ്തുതിക്കും 50
ഞാൻ പാപി 70
ഞാൻ വരുന്നു 119
തുണയെനിക്കേശുവാം 6
തിരുക്കരത്താൽ 15
തിരുനാമകീർത്തനം 132
ത്രിത്വേ വിളങ്ങുന്ന പ. റൂഹാ 199
ദയ ലഭിച്ചോർ 187
ദിനം ദിനം 46
ദീപമേ ദീപമേ 5
ദൈവത്തിനു സ്തോത്രം 44
ദൈവമേ നിൻ 77
ദൈവത്തിന്റെ ഏകപുത്രൻ 113
ദൈവകൃപയിൽ 126
ദൈവസ്നേഹം 131
ദേവേശാ യേശുപരാ 143
ദൈവമേ നിനക്കു 166
ദൈവ പിതാവെ 173
ദൈവമുണ്ട് 188
ദുഃഖത്തിന്റെ പാനപാത്രം 48
നല്ല ദേവനെ 3
നിന്നീടിൻ യേശുവിനായ് 8
നീയല്ലോ ഞങ്ങൾക്കുള്ള 24
നിന്നോടെൻ 49
നിൻ സന്നിധി 89
നിന്റെ ഹിതം 92
നിൻ ദാനം 167
നിനക്കു വേണ്ടി ഞാൻ 174
നിന്റെ വിശ്വാസ 182
പകൽ പോയ് മറയുന്നു 17
പരമഗുരുവരനാം 34
പരിശുദ്ധ പരാപര 39
പരിശുദ്ധാത്മാവെ 138
പരനേ 140
പാടി പുകഴ്ത്തിടാം 45
പുലരിയിൽ നിദ്ര 12
പെന്തിക്കോസ്തിൻ 189
പൊന്നേശു തമ്പുരാൻ 163
പിളർന്നോരു പാറയെ 115
പ്രാർത്ഥനയ്ക്കുത്തരം 125
പ്രാർത്ഥന കേൾക്കണമേ 172
പ്രതിഫലം തന്നിടുവാൻ 190
ബാലരാകുന്ന 171
മരണമേ 61
മനമേ ചഞ്ചല 103
മനമേ പക്ഷിഗണമേ 139
മണ്മയമാം 147
യഹോവ ദൈവമാം 191

| | |
|---|---|
| യാഹെന്ന ദൈവം | 23 |
| യാഹ് നല്ല ഇടയൻ | 192 |
| യെറുശലേമെൻ | 57 |
| യേശു എൻ ആത്മ | 21 |
| യേശു എനിക്കത്ര | 25 |
| യേശുവെ രക്ഷാദായക | 29 |
| യേശുവിന്റെ നാമമേ | 32 |
| യേശു കയ്യിൽ മാ | 47 |
| യേശുവോടു ചേർന്നിരിപ്പത് | 67 |
| യേശുവിൻ കൈകളിൽ | 7 |
| യേശുവിൻ തിരുപ്പാദത്തിൽ | 69 |
| യേശുവേ നിന്റെ | 75 |
| യേശുവെപ്പോലെയാകുവാൻ | 80 |
| യേശു എൻ ഉള്ളത്തിൽ | 85 |
| യേശു എൻ പക്ഷമായ് | 193 |
| യേശു എന്നടിസ്ഥാനം | 99 |
| യേശു വിളിക്കുന്നു | 128 |
| യേശു മഹോന്നതനെ | 164 |
| യേശുനാഥാ നീതിസൂര്യ | 168 |
| യേശുവെ നിൻ പാദം | 169 |
| രക്ഷിതാവിനെ കാൺക | 114 |
| രോഗിയ്ക്കു | 106 |
| രോഗ ശയ്യേ | 107 |
| രോഗിയാം | 108 |
| ലോകത്തിലേക | 51 |
| ലോകെ ഞാനെൻ | 55 |
| ലോക ശോക | 91 |
| ലോകമാം ഗംഭീര | 177 |
| സഹായം എവിടുന്ന് | 35 |
| വരുവീൻ നാം | 40 |
| വരിക സുരാധിപ | 62 |
| വന്നീടേണം | 64 |
| വിശ്വാസികളെ | 109 |
| വിശ്വാസ പടകിൽ | 122 |
| വരുവീൻ | 129 |
| വന്ദനം യേശുപരാ | 145 |
| വന്നീടുവിൻ യേശുപാദം | 165 |
| വാഴ്ത്തുക നീ | 144 |
| വാഴ്ത്തി സ്തുതി | 38 |
| വാഴ്ത്തീടുന്നു വാഴ്ത്തീടുന്നു | 194 |
| വിശുദ്ധിയെ തികച്ചു | 134 |
| ശുദ്ധ ശുദ്ധ | 36 |
| ശോഭയേറും | 52 |
| ശ്രീയേശുനാമം | 101 |
| സർവ്വപാപക്കറകൾ | 142 |
| സ്തോത്രങ്ങൾ | 9 |
| സഹായം എവിടുന്ന് | 35 |
| സർവ്വ സൃഷ്ടി | 41 |
| സയമാം രഥത്തിൽ | 54 |
| സർവ്വവും | 127 |
| സുഖകാലത്തിലും | 100 |
| സീയോൻ സഞ്ചാരി | 72 |
| സീയോൻ യാത്രയതിൽ | 123 |
| സ്വർഗ്ഗത്തിന്റെ | 74 |
| സ്വർഗ്ഗനാട്ടിലെൻ | 133 |
| സ്വർഗ്ഗീയ പിതാവേ | 2 |
| സ്വർഗ്ഗസ്ഥ താതാ | 178 |
| സ്നേഹത്തിൻ ദീപം | 10 |
| സ്നേഹത്തിൻ ഇടയനാം | 81 |
| സ്തുതി സ്തുതി | 19 |
| സ്തുതിപ്പിൻ സ്തുതിപ്പിൻ | 196 |
| സ്തുതി ചെയ്മനമേ | 43 |
| സ്തോത്രമേശുവെ | 197 |
| ഹാ മനോഹരം | 198 |

**പ്രദക്ഷിണ ഗീതങ്ങൾ** **പേജ് 125**

| | |
|---|---|
| സ്വർഗ്ഗ രാജ്യ | 1 |
| ദൈവമേ അനുഗ്രഹിക്കാ | 2 |

## 1

അതിരാവിലെ തിരുസന്നിധി അണയുന്നൊരു സമയെ
അതിയായ് നിന്നെ സ്തുതിപ്പാൻ കൃപയരുൾക യേശുപരനെ! (2)

രജനീയതിലടിയാനെ നീ സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയമാം തിരുനാമത്തിനനന്തം സ്തുതി മഹത്വം (2)

എവിടെല്ലാമീ നിശയിൽ മൃതി നടന്നിട്ടുണ്ടു പരനെ
അവയീന്നെന്നെ പരിപാലിച്ച കൃപയ്ക്കായ് സ്തുതി നിനക്കേ (2)

നെടുവീർപ്പിട്ടു കരഞ്ഞീടുന്നു പല മർത്ത്യരീ സമയെ
അടിയന്നുള്ളിൽ കുതുകം തന്ന കൃപയ്ക്കായ് സ്തുതി നിനക്കേ (2)

കിടക്കയിൽ വെച്ചരിയാം സാത്താനടുക്കാതിരിപ്പതിനെൻ
അടുക്കൽ ദൂതഗണത്തെ കാവലണച്ച കൃപയനല്പം (2)

ഉറക്കത്തിനു സുഖവും തന്നെൻ അരികെ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ സുഖമായ് കാത്ത തിരുമേനിക്കു മഹത്വം (2)

അരുണൻ ഉദിച്ചുയർന്നിക്ഷിതിദ്യുതിയാൽ വിളങ്ങിടും പോൽ
പരനേയെന്റെ അകമേ വെളിവരുൾക തിരുകൃപയാൽ (2)
(അതിരാവിലെ...)

## 2

സ്വർഗ്ഗീയ പിതാവേ! നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻ ഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻ ഹിതം ചെയ്‌വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നീടുന്നേ ഞാനിന്നു മോദമായ്
എന്റെ ഇഷ്ടം ഒന്നും വേണ്ട പ്രീയനെ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണെ

നന്മയും പൂർണ്ണ പ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ
എൻ മനം പുതുക്കി മാറിടുന്നേ നിത്യം
നിന്ദ്യമാണെനിക്കീ ലോകലാവണ്യം എൻ

ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാൻ അറിയുന്നു. എൻ

എൻ തലയിലെ മുടികളുമെല്ലാം
നിർണ്ണയമവനെണ്ണിയറിയുന്നു
ഒന്നതിൽ നിലത്തു വീണിടണമെങ്കിൽ
ഉന്നതനറിഞ്ഞേ സാദ്ധ്യമായീടു എൻ

യേശുക്രിസ്തുവിൻ ശരീര യാഗത്താൽ
ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായിത്തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണുത ഏകണേ പ്രിയ എൻ

ആരുമറിയാത്ത ശ്രേഷ്ഠഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചീടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേല തികയ്ക്കുന്നതെന്റെ ആഹാരം എൻ

എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാം
എന്റെ പ്രാണനെ താൻ യാഗമാക്കുന്നു
എന്നെ തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻ ഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ എൻ

# 3

നല്ല ദേവനെ! ഞങ്ങൾ – എല്ലാവരേയും
നല്ലതാക്കി നിൻ ഇഷ്ടത്തെ – ചൊല്ലീടേണമെ (2)

പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞീടുവാനായ്
മെച്ചമായാഹാരത്തെ നീ നൽകീടേണമെ (2)

അന്ധകാരമാം ഈ – ലോക യാത്രയിൽ
ബന്ധുവായിരുന്നു വഴി – കാട്ടീടേണമേ (2)

ഇമ്പമേറിയ നിൻ – അൻപുള്ള സ്വരം
മുമ്പേ നടന്നു സദാ – കേൾപ്പിക്കേണമേ (2)

വേദവാക്യങ്ങൾ ഞങ്ങൾ – ക്കാദായമാവാൻ
വേദനാഥനേ! നിന്റെ – ജ്ഞാനം നൽകുകേ (2)

സന്തോഷം സദാ ഞങ്ങൾ – ചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു – ദാനം ചെയ്യുകേ (2)

താതനാത്മനും പ്രിയ – നിത്യപുത്രനും
സാദരം സ്തുതി സ്തോത്രം – എന്നും ചൊല്ലുന്നേൻ (2)

## 4

എൻ ദൈവമേ, നടത്തുകെന്നെ നീ എന്നേരവും,
പാരിന്നിരുൾ അതൂടെ സ്വർഗ്ഗേ ഞാൻ ചേരും വരെ;
നിൻ തൃക്കൈകളാൽ ഈ ഭൂയാത്രയിൽ
സർവ്വദാ എന്നെ താങ്ങീടേണമേ

നിൻ കല്പനകൾ നിമിഷംപ്രതി ലംഘിച്ചു ഞാൻ
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽനിന്നു
ഛേദിക്കാതെ നിൻ കൃപ നൽകുക.

എന്നാത്മ ദേഹി ദേഹം സമസ്തം ഏല്പിക്കുന്നേൻ
നിൻ കൈകളിൽ ക്ഷണംപ്രതി എന്നെ ഇന്നുമുതൽ
വേദവാക്യമാം പാതയിൽ കൂടെ
വിശുദ്ധാത്മാവു നടത്തേണമേ

ഞാൻ മണ്ണാകുന്നു എന്നോർക്കുന്നോനേ ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചീടാതെ അൻപോട് നീ
സർവ്വശക്തിയുള്ള നിൻ സ്നേഹത്താൽ
സ്വർഗ്ഗത്തിലേക്കെന്നെ ആകർഷിക്ക.

## 5

ദീപമേ! ദീപമേ
വിശ്വത്തിൻ പ്രകാശത്തിൻ പ്രദീപമേ
കൂരിരുൾ തിങ്ങിടും പാതയിൽ പ്രകാശിക്കും പ്രദീപമേ
മഹാജ്യോതിസേ!

പാപമാം കൂരിരുൾ തിങ്ങീടും പാരിടെ
പാവനമായ് കാക്കുകെന്നെ നീ!
പാപിയിൻ രക്ഷകനെ പാപത്തെ ജയിച്ചോനെ
പാടുകളേറ്റവനേ (2) – ദീപമേ

ലോകമാം സാഗരം ശക്തിയോടലറുമ്പോൾ
ലോകത്തെ ജയിച്ച നാഥനെ
പ്രത്യാശയിൻ തീരത്തു ഞാൻ എത്തുന്ന നാൾ വരെ
എൻ പടകിനെ നയിയ്ക്കുക (2) – ദീപമേ

പാതയ്ക്കെൻ ദീപമായ് കാലിനു വെളിച്ചമായ്
പാലിയ്ക്കുക പാരിൻ ദീപമായ്
നീതിയിൻ സൂര്യനായ് നീ വരുന്ന നാൾ വരെ
നീതിയോടെന്നെ നടത്തുക (2) – ദീപമേ

## 6

തുണയെനിക്കേശുവാം – കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൻ മറവിൽ വസിച്ചിടും ഞാൻ
അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻ മതിയാശ്രയിപ്പാൻ തുണ

പകയെന്റെ കെണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപ മഴപോൽ തുണ

ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ തുണ

വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ തുണ

ആകുലവേളകളിൽ ആപത്തു നാളുകളിൽ
ആഗതനാമരികിൽ – ആശ്വസിപ്പിച്ചിടുവാൻ തുണ

## 7

യേശുവിൻ കൈകളിൽ നീ ചാരിക്കൊൾ
താൻ താങ്ങിക്കൊള്ളും താൻ താങ്ങിക്കൊള്ളും
സദാ അവനിലാശ്രയിച്ചുകൊൾ
പാട്ടാലുൾ നിറയ്ക്കും

ചാരിക്കൊൾക സ്നേഹം തേറിയും
ചാരിക്കൊൾക കൃപയിൽ മുറ്റും
ചാരിക്കൊൾക പാർത്തു മേൽ ഗൃഹേ
നിൻ രക്ഷകൻ കൈകളിൽ

യേശുവിൻ കൈകളിൽ നീ ചാരിക്കൊൾ
നീ വയ്ക്കുന്നിടം നീ വയ്ക്കുന്നിടം
സന്തോഷാൽ പിൻ ചെല്ലായ്കിലും
അനുസരിച്ചു ചെൽ ചാരിക്കൊൾക

## 8

നിന്നീടിൻ യേശുവിന്നായ് ക്രിസ്ത്യസേനകളേ
ഉയർത്തീടിൻ കൊടിയെ നഷ്ടം നേരിടല്ലേ
ജയം ജയം തനിക്കും തന്റെ സേനകൾക്കും
വൈരികൾ എല്ലാം തോല്ക്കും താൻ കർത്താവായ് വാഴും

നിന്നീടിൻ യേശുവിന്നായ് എന്നീ പോർ വിളി കേൾ
നിങ്ങൾ നിദ്ര കൊണ്ടാലോ അവന്നു ലജ്ജ താൻ
നിൻ ഉള്ളിലും പുറത്തും കാണുന്ന തിന്മയെ
നീ നേരിട്ടു പോരാടി ഇല്ലായ്മ ആക്കുക

നിന്നീടിൻ യേശുവിന്നായ് കാഹളനാദം കേൾ
മുന്നോട്ടു ചേരിൻ പോരിൽ ഈ നേരം വീരരേ
എണ്ണം ഇല്ലാ വൈരികൾ ഏറ്റം ശൗര്യം ഉള്ളോർ
പേടിച്ചിടേണ്ടവരെ ധൈര്യമായ് ചെയ്ക പോർ

നിന്നീടിൻ യേശുവിന്നായ് തൻ ശക്തി ശരണം
സ്വശക്തി ഫലിച്ചീടാ സ്വാശ്രയം വൃഥാ
സർവ്വായുധവർഗ്ഗം നീ ആത്മാവിൽ ധരിക്ക
ആപത്തിൻ നടുവിലും ആവതു ചെയ്ക നീ

നിന്നീടിൻ യേശുവിന്നായ് യുദ്ധം വേഗം തീരും
ഇന്നു പോരിൻ സന്നാഹം നാളെ ജയഗീതം
ജയാളിക്കു ലഭിക്കും ജീവന്റെ കിരീടം
തേജസ്സിൽ യേശുവോടു വാണീടും എന്നുമേ.

## 9

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ
ദേവാധിദേവനെ രാജാധിരാജാവേ
വാഴ്ത്തി വണങ്ങീടുമേ (2)

അത്ഭുത നിത്യസ്നേഹം - എന്നിൽ
സന്തതം തന്നീടു ദൈവസ്നേഹം
എന്നും മാറാത്ത ദിവ്യസ്നേഹം
എന്നിൽ വസിക്കും സ്നേഹം സ്തോത്ര

ജ്യോതിയായ്കാണും സ്നേഹം - ഉള്ളിൽ
ജീവൻ തന്നു എന്നെ വീണ്ട സ്നേഹം
ത്യാഗം സഹിച്ച ക്രൂശിൻ സ്നേഹം
ദിവ്യമധുര സ്നേഹം സ്തോത്ര

മായാലോകത്തിൽ മോഹം - തേടി
ശാപമേറ്റ എന്നെ വീണ്ട സ്നേഹം
എന്നെത്തേടിയ ദിവ്യസ്നേഹം
എന്നിൽ പെരുകും സ്നേഹം സ്തോത്ര

ജീവനേകിയ സ്നേഹം - സർവ്വ
ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം

ജീവശക്തിയാം ക്രൂശിൻ സ്നേഹം
ഉള്ളം കവരും സ്നേഹം സ്തോത്ര

വാക്കു മാറാത്ത സ്നേഹം – തിരു
വാഗ്ദത്തം തന്നെന്നെ നിർത്തും സ്നേഹം
സർവ്വ വല്ലഭനാമെൻ നാഥാ
സ്തോത്രം സ്തുതി നിനക്കേ സ്തോത്ര

# 10

സ്നേഹത്തിൻ ദീപം കൊളുത്തീടുവാൻ
സ്നേഹസ്വരൂപനാം ദേവാ
ആശ്രിതവത്സലനാം ദേവാ
ആശ്രയം ഞങ്ങൾക്കു നീയേ

എന്തൊരഗാധമാം അവൻ സ്നേഹം
ചിന്തിക്കിലെന്തു മോദം
മാനവജീവിത കന്മഷം പോക്കീടാൻ
മാനത്തു നിന്നെഴുന്നള്ളിയോനെ

ദേവാ – ദേവാ – ദേവാധിദേവാ
ദേവാ – ദേവാ – ലോകാധിനാഥാ (2) സ്നേഹത്തിൻ ദീപം

നിർമ്മല സ്നേഹത്തിൻ ഓർമ്മകളാം
നിൻമുഖമെൻ മാനസെ
സർവ്വചരാചരങ്ങൾക്കെന്നുമീശനെ
സർവ്വേശ്വരാ തുണച്ചീടേണമെ

ദേവാ ദേവാ ദേവാധിദേവാ
ദേവാ ദേവാ ലോകാധിനാഥാ (2) സ്നേഹത്തിൻ ദീപം

# 11

ഇരിവിൻ ഇരുൾനിര തീരാറായ്
പകലിൻ കതിരൊളി കാണാറായ്

പുതിയൊരു യുഗത്തിൻ പുലരി വരും
നീതിയിൻ കതിരോൻ ഒളിവിതറും (2)
അധിപതി യേശു വന്നീടും
അതുമതി ആധികൾ തീർത്തീടും

ഉണരീൻ ഉണരീൻ സോദരരെ
ഉറങ്ങാൻ ഉള്ളോരു നേരമിതോ

ഉയിർ തന്നോനായ് ജീവിപ്പാൻ
ഉണ്ടോ വേറൊരു നേരമിനീം പുതി

സ്നേഹം നമ്മുടെ അടയാളം
ത്യാഗം നമ്മുടെ കൈമുതലാം
ഐക്യത നമ്മുടെ നല്ല ബലം
വിജയം നമ്മുടെ അന്ത്യഫലം പുതി

ഇന്നു കരഞ്ഞു വിതയ്ക്കുന്നു
പിന്നവർ ആർപ്പോടു കൊയ്യുന്നു
ഇന്നു വിതയ്ക്കാ മടിയന്മാർ
അന്നു കരഞ്ഞാൽ ഗതി എന്ത്? പുതി

# 12

(അൻപുടയോനേ എന്ന രീതി)

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവന സന്നിധി അണയുന്നു
കർത്താവേ നിൻ കരുണയ്ക്കായ്
നന്ദി പറഞ്ഞു നമിക്കുന്നു.

മനുജകുലത്തിൻ പാലകനെ
വിനയമൊടങ്ങയെ വാഴ്ത്തുന്നു
കൃപയും ശാന്തിയനുഗ്രഹവും
പാപപ്പൊറുതിയുമരുളണമെ.

അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകി വരുന്നു പാപങ്ങൾ
കരുണക്കടലെ കനിയണമെ.

കരളിൽ നിരാശ നിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിയ്ക്കരുതേ
കരുണ വെടിഞ്ഞ് വിധിക്കരുതേ.

കണ്ണുകൾ നിങ്കലുറപ്പിച്ചേൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേ
വീഴാതെന്നെ നയിക്കണമെ
വിജയാനുഗ്രഹമേകണമെ.

കർത്താവേ നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ

സിദ്ധന്മാരുടെ കാൽപാടിൽ
തെറ്റാതെന്നെ നയിക്കണമെ.

ദൈവപിതാവിൻ സൗഹൃദവും
സുതനുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ ശാന്തിയുമെൻ
വഴിയിൽ വിശുദ്ധി നിറയ്ക്കട്ടെ.

# 13

അർപ്പിക്കുന്നേശുനാഥാ, ഇപ്പൊഴുതെൻ ജീവിതത്തെ നിനക്കായ്
ഉള്ളലിഞ്ഞെന്നെ നീ സ്വീകരിച്ചെൻ ഗുരോ നിന്നേപ്പോലാക്കണമേ.

മാമകമാം മതിയെ മിശിഹായേ! താവകമാക്കണമേ
വാനോരെ ദാനവരാ-യ് താഴ്ത്തിയതാംഡംഭെന്നിൽ പൂകരുതേ.

എന്നുടെ ദൃഷ്ടികളെ ദീനബന്ധോ! നിന്നുടേതാക്കണമേ
നിന്നെപ്പോൽ നന്മകാണ്മാൻ എന്നേരവും ശക്തിയെനിക്കരുൾക.

എന്നുടെ കാതുകളെ കൃപാലയാ! നിന്നുടേതാക്കണമേ
കേട്ടീടാൻ ദോഷികളെ - ഒരു നാളും ഞാനൊരുങ്ങീടരുതേ.

എന്നുടെ നാവതിനെ നിർമ്മലനേ! നിന്നുടേതാക്കണമേ
തിന്മയെ ചൊന്നീടാതെ - സദാപി ഞാൻ നന്മതാൻ - ചൊന്നീടേണം.

മാമകപാണികളെ പാലകനേ! താവകമാക്കണമേ
സൽക്രിയ ചെയ്തിടുവാ-നവയ്ക്കുനീ - ശക്തികൊടുത്തിടേണമേ.

എന്നുടെ കാലുകളെ കാരുണ്യത്താൽ നിന്നുടേതാക്കണമേ.
നീതിയാം പാതയിലൂ-ടെന്നേരവും ഞാൻ നടന്നീടേണമേ.

എന്നുടെ മാനസത്തെ മൽ പിതാവേ! താവകമാക്കണമേ
സ്വർഗ്ഗീയദർശനങ്ങൾ - ദർശിക്കുവാൻ നൽകണം നിർമ്മലത്വം.

എന്നുടേതാം സമയം സകലവും നിന്നുടേതാക്കണമേ
കർത്താവേ, നിന്റെ പേർക്കായി ഇനിമേൽ ജീവിതം ഞാൻ നയിക്കും.

മാമകമാം നിധിയേ നിഖിലേശാ! താവകമാക്കണമേ
സത്യസഭയോടൊത്തു - സാധുക്കളെ സന്തതം പോറ്റീടും ഞാൻ

സാധുവാമെന്നെ നാഥാ! പൂർണ്ണമായ് നിന്നെപ്പോലാക്കണമേ
പാതാളം പൂണ്ടവനാ-മെന്നെയേവം വാനോളമേറ്റീടേണം.

# 14

ജീവിത പാത എങ്ങോട്ടെന്നോർക്ക
ജീവന്റെ നായകൻ കൂടെയുണ്ടല്ലോ

അലഞ്ഞുപോകുവാൻ അനുവദിക്കയില്ല
നല്ലിടയൻ ആലയിൽ ചേർത്തിടും

നിൻവഴികൾ നീ ഭരമേല്പിച്ചീടു
പോകേണ്ടും പാതകാണിക്കും സർവ്വദാ
സത്യവും ജീവനും മാർഗ്ഗവുമൊന്നേ
ഇടറാതെ പോക വിശ്വാസ പാതയിൽ

വിശാലവാതിൽ നാശത്തിൻ പാത
ജീവന്റെ മാർഗ്ഗം ഞെരുക്കമുള്ളത്
കടന്നുപോയിടാം നായകൻ പിൻപേ
എത്തീടുമേ വാഗ്ദത്തനാടതിൽ നിൻവഴി

നീതിയിൻ പാതേ ഗമനം ചെയ്തീടിൽ
ന്യായത്തിൻ വാക്കുകൾ നാവിൽ വന്നീടും
ഉച്ചരിച്ചീടുവാൻ ധൈര്യം പകർന്നിടും
ഉദ്ധരിക്ക സ്നേഹത്തിൻ ആത്മാവാൽ നിൻവഴി

# 15

തിരുക്കരത്താൽ വഹിച്ചുവെന്നെ – തിരുഹിതം പോൽ നടത്തണമെ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ – അനുദിനം നീ പണിയണമേ (2)

നിൻവചനം ധ്യാനിക്കുമ്പോൾ – എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ – ദീപമതായ് നിൻ മൊഴികൾ (2) (തിരു)

ആഴിയതിൻ ഓളങ്ങളാൽ – അലഞ്ഞിടുമ്പോൾ നിൻതണലിൽ
എന്റെ പ്രിയൻ യേശുവുണ്ട് – ചേർന്നിടുമേ ഭവനമതിൽ (2) (തിരു)

അവൻ നമുക്കായ് ജീവൻ നല്കി – ഒരുക്കിടുന്നു വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ – സ്വർഗകനാൻ ദേശമതിൽ (2) (തിരു)

# 16

കൂടെ പാർക്കനേരം വൈകുന്നിതാ! കൂരിരുളേറുന്നു പാർക്ക ദേവാ
ആശ്രയം വേറില്ലാനേരം തന്നിൽ ആശ്രിതവത്സലാകൂടെ പാർക്ക

ആയുസ്സാം ചെറുദിനം ഓടുന്നു ഭൂസന്തോഷ മഹിമ മങ്ങുന്നു
ചുറ്റിലും കാണുന്നു മാറ്റം കേടും–
മാറ്റമില്ല ദേവാ കൂടെ പാർക്ക

രാജരാജൻ പോൽ ഭയങ്കരനായ് സാധുവേ ദർശിച്ചീടരുതെ നിൻ
ചിറകിൻ കീഴ് സൗഖ്യവരമോടെ നന്മ, ദയ നല്കി കൂടെ പാർക്ക

ഏകി കഷ്ടതയിൽ സഹതാപം അപേക്ഷയിൽ മനസ്സലിവോടെ
നിസ്സഹായരിൽ സഹായകനായ് വന്നുരക്ഷിച്ചു നീ കൂടെ പാർക്ക

സദാനിൻ സാന്നിദ്ധ്യം വേണം താതാ പാതകമ്മേൽ ജയം നിൻ കൃപയാൽ
തുണചെയ്‌വാൻ നീയല്ലാതാരുള്ളൂ സന്തോഷ സന്താപേ കൂടെ പാർക്ക

ശത്രുഭയമില്ല നീ ഉണ്ടെങ്കിൽ ലോകക്കണ്ണീരിന്നില്ല കയ്പ്പൊട്ടും
പാതാളമേ! ജയമെവിടെ നിൻ മൃത്യുമുൾപോയ് ജയ് കൂടെ പാർക്ക

കണ്ണടഞ്ഞീടുമ്പോൾ നിൻ ക്രൂശിനെ കാണിക്കമേൽ ലോകമഹിമയും
ഭൂമിത്ഥ്യാ, നിഴൽ ഗമിക്കുന്നിതാ- ഭാഗ്യോദയമായ് നീ കൂടെ പാർക്ക

# 17

(കരുണക്കടലേ എന്ന രീതി)

പകൽ പോയ് മറയുന്നു നാഥാ
ശ്രമകരദേഹാദ്ധ്വാനങ്ങൾ പെയ്തിട്ടടിയാർ
വിശ്രമമണയുന്നു

ലൗകിക ചിന്താഭാരങ്ങൾ
കൂടാതടിയാർ തിരുസവിധേ, മാനസശാന്ത്യാ
വരുവാൻ വരമരുൾക

നിഖിലേശാ രക്ഷാ നാഥാ
ഈ സന്ധ്യാസമയത്തടിയാർ, നിൻതിരുകൃപയെ
സാമോദം വാഴ്ത്തും

നിത്യസ്തുതി കർത്താവിന്നും
താത വിശുദ്ധാത്മാവിനും, ഹാലേലുയ്യ-
ഉ ഹാലേലുയ്യ

# 18

എൻ ദീപമേ! ഈ അന്ധകാരത്തിൽ നടത്തെന്നെ
ഏറുന്നിരുൾ വീടും ദൂരത്തയ്യോ! നടത്തെന്നെ;
കാക്കുകെൻ പാദം; ചോദിക്കുന്നില്ലെ ദൂരെക്കാണാൻ ഒരടിപോരുമേ

നടത്തെന്നെ എന്നിതുവരെ ഞാൻ യാചിച്ചില്ലെ
കണ്ട വഴി ഞാൻ നടന്നെ; ഇന്നോ നടത്തെന്നെ;
മോടി ഞാൻ തേടി ശങ്ക കൂടാതെ - ഡംഭിയായേൻ, ഓർക്കല്ലേ മുൻകാലം

ഇന്നയോളം പാലിച്ച ദൈവമേ! രാ പോവോളം
കാടും മേടും വൻ കടൽ ഇവയിൽ നടത്തെന്നെ
ഞാൻ സ്നേഹിച്ചതാം ദൂതർ പുഞ്ചിരി വീണ്ടും കാണും
ഞാൻ പ്രഭാതത്തിൽ

## 19

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ
നമ്മിൽ നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീ എന്നും മനമേ (2)

അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചിടുമേ
സമാധാനമായ് കിടന്നുറങ്ങാം (2)
ദിനം ദിനം തന്റെ മാർവ്വിൽ (2) സ്തുതി

കഷ്ടങ്ങളേറിടുമ്പോൾ
എനിക്കേറ്റം അടുത്ത തുണയായ്
ഘോരവൈരിയിൻ നടുവിലവൻ (2)
മേശയെനിക്കൊരുക്കുമല്ലോ (2) സ്തുതി

ഭാരത്താൽ അലഞ്ഞീടിലും
തീരാരോഗത്താൽ വലഞ്ഞീടിലും
പിളർന്നീടുന്നൊരാണിപ്പിണരാൽ (2)
തന്നിടും നീ രോഗസൗഖ്യം (2) സ്തുതി

സഹായ ശൈലമവൻ
സങ്കേതവും കോട്ടയും താൻ
നടുങ്ങീടുകില്ലായതിനാൽ (2)
തൻ കരുണ ബഹുലമത് (2) സ്തുതി

സിംഹങ്ങൾ അലറീടിലും
ബാലസിംഹങ്ങൾ പെരുമ്പാമ്പുകൾ
ചവിട്ടി തല മെതിച്ചിടുമേ (2)
അവയിലും ജയം നേടുമേ (2) സ്തുതി

## 20

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമെ പ്രിയനെ
തിരുനാമമുയർന്നിടട്ടെ (2)
എല്ലാം അങ്ങേ മഹത്വത്തിനായ്

സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ

എന്നിൽ നിൻ സ്വഭാവം പകരണമെ – ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കണമെ (2) എല്ലാം

ആത്മാവിൻ ശക്തിയൊടെ ജീവിപ്പാൻ – ആത്മ
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നി –
ലാത്മദാനങ്ങൾ പകരണമെ (2) എല്ലാം

നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനെ – അങ്ങേ
വാഴ്‌വിന്നായ് മാത്രം തീരണമെ – (2) എല്ലാം

വക്രത നിറഞ്ഞ പാപലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻജനം
നിന്റെ പൊന്നുനാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകണമെ (2) എല്ലാം

# 21

യേശു എൻ ആത്മസഖേ നിന്മാർവ്വിൽ ഞാൻ ചേരട്ടെ
ഈ ലോകമാം വാരിധെ തിരകൾ ഉയരുന്നെ
ഘോരമാം കോൾ ശാന്തമായ് തീരും വരെ രക്ഷകാ
എൻ ജീവനെ കാക്കുക നിൻ അന്തികെ ഭദ്രമായ്

വേറെ സങ്കേതമില്ലേ എനിക്കാശ്രയം നീതാൻ
നാഥാ കൈവെടിയല്ലേ കാത്തു രക്ഷിക്ക സദാ
കർത്താ നീ എൻ ആശ്രയം തൃപ്പാദം എൻശരണം
നിൻ ചിറകിൻ കീഴെന്നും ചേർത്തു സൂക്ഷിച്ചിടണം.

ക്രിസ്തോ എൻ ആവശ്യങ്ങൾ നിന്നാൽ നിറവേറുന്നു
ഏഴകൾ നിരാശ്രയർക്കാധാരജം നീയാകുന്നു
നീതിമാൻ നീ നിർമ്മലൻ മഹാമ്ലേഛൻ ഞാൻ മുറ്റും
പാപി ഞാൻ മാപാപി ഞാൻ കൃപസത്യം നീ മുറ്റും

കാരുണ്യ വാരാനിധേ കന്മഷം കഴുകുകേ
നിത്യജീവവെള്ളമെൻ ചിത്തം ശുദ്ധമാകട്ടെ
ജീവന്നുറവാം നാഥാ ഞാനേറെ കുടിക്കട്ടെ
എന്നുള്ളിൽ ഉയരുക നിത്യകാലമൊക്കവെ

## 22

എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻ മുഖത്തിൻ പ്രകാശം ഹാ എത്ര മധുരം
ഹാ നല്ലോർ അവകാശം എന്റേതു നിശ്ചയം

എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കയ്യെഴുത്തു
തൻ ക്രൂശിൻ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു

എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദം ഒക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം

എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ നിത്യസ്നേഹം കൊണ്ടു എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
താൻ കൃഷ്ണമണി പോലെ എന്നെ കാത്തുകൊള്ളും

എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ വരവു സമീപം നേരം പുലരുന്നു
ദിവ്യ മഹത്വത്തോടു താൻ വെളിപ്പെട്ടീടും
ഈ ഞാനുമവനോടു കൂടെ പ്രകാശിക്കും

## 23

**(സങ്കീ. 23)**

യാഹെന്ന ദൈവം എന്നിടയനഹോ
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലം എന്നെ കുടിപ്പിക്കുന്നു (യാഹെ)

സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻ തിരുപാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല (യാഹെ)

ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻ വടികോൽ

എനിക്കൊരു വിരുന്നു നീ ഒരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൽ (യാഹെ)

ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യതൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു (യാഹെ)

നന്മയും കരുണയും എന്നായുസ്സിൽ
ഉണ്മയായി തുടർന്നീടും ദിനവുമഹോ
സ്വർഗ്ഗീയ ആലയം തന്നിലീ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ് (യാഹെ)

## 24

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ (2) നീയല്ലോ

നീയല്ലോ ഞങ്ങൾക്കായി മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ പാപമെല്ലാമേറ്റതും (2) നീയല്ലോ

കാൽവറി മലമുകളേറി നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നു തൂങ്ങി മരിച്ചുയിരേകിയ (2) നീയല്ലോ

അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നു പോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള വാക്കു തന്നവൻ (2) നീയല്ലോ

ശത്രുവിന്നിഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു കാത്തുസൂക്ഷിച്ചീടുന്ന (2) നീയല്ലോ

ജനകനുടെ വലമമർന്നു നീ ഞങ്ങൾക്കായി
ദിനംപ്രതി പക്ഷവാദം ചെയ്തു ജീവിച്ചീടുന്ന (2) നീയല്ലോ

ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ (2) നീയല്ലോ

നിത്യജീവമൊഴികൾ നിന്നിലുണ്ടു പരനേ
നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങുപോയി വസിക്കും (2) നീയല്ലോ

## 25

യേശു എനിക്കെത്ര നല്ലവനാം
ക്ലേശമേശാതെന്നെ കാത്തവനാം
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും
താങ്ങി നടത്തുവാൻ വല്ലഭനാം

എക്കാലത്തും തൻ ഭക്തരെ
തൃക്കൈയ്യാൽ താങ്ങി നടത്തുമവൻ
കഷ്ടതയിൽ നൽതുണ താൻ
ദുഃഖത്തിൽ ആശ്വാസദായകൻ താൻ (2)

ഉള്ളം കലങ്ങും പ്രയാസം വന്നാൽ
ഉണ്ടെനിക്കഭയസ്ഥാനമൊന്ന്
ഉറ്റവർ സ്നേഹിതർ വിട്ടുപോയെന്നാലും
ഉന്നതൻ മാറില്ല കൈവിടില്ല എക്കാലത്തും

ആഴിയിൽ പാതയൊരുക്കുമവൻ
ആശ്രിതർക്കാപത്തൊഴിയ്ക്കുമവൻ
ആ ദിവ്യപാദത്തിലാശ്രയിച്ചോരാരും
ആലംബഹീനരായ് തീർന്നതില്ല എക്കാലത്തും

## 26

ഞാൻ സ്നേഹാവാനേശുവിൻ
നാമത്തേ എന്നെന്നും വാഴ്ത്തിടുമേ
രക്ഷകനാം എന്റെ യേശു നാഥൻ
പാപിയാമെന്നെയും സ്നേഹിച്ചതാൽ

ഈ ദിവ്യസ്നേഹത്തിനായ്
ഞാനെന്തു ചെയ്തീടേണം
വാഴ്ത്തിടും തൻ നാമത്തെ ഞാൻ

രോഗങ്ങൾ വന്നീടും നേരത്തവൻ
ചാരെ അണഞ്ഞെന്നെ ഉദ്ധരിക്കും ഈ ദിവ്യ

സാത്താന്യ ശോധന വന്നിടുമ്പോൾ
സമ്പൂർണ്ണവിജയം തന്നീടുന്നു ഈ ദിവ്യ

ദൈവത്തിനിഷ്ടം ഞാൻ ചെയ്തീടുവാൻ
ദൈവവഴിയിൽ നടത്തുന്നെന്നെ ഈ ദിവ്യ

മേഘത്തിലേശു താൻ വന്നിടുമ്പോൾ
എന്നെയും ചേർത്തിടും നിശ്ചയമായ് ഈ ദിവ്യ

## 27

എൻ യേശു എൻ പ്രീയൻ എൻ പ്രാണനാഥാ
എൻ പാപഇമ്പം ഞാൻ വെടിയുന്നിതാ
എൻ കാരുണ്യ രക്ഷകനായകനേ!
ഞാൻ സ്നേഹിച്ചെന്നാകിൽ – ഇപ്പോൾ യേശുവേ!

ഞാൻ സ്നേഹിക്കുന്നു നീ മുൻ സ്നേഹിച്ചെന്നെ
നീ കാൽവറിയിൽ വാങ്ങി മോചനത്തെ
ഹാ മുൾമുടിയാൽ മുറിവേറ്റവനെ!
ഞാൻ സ്നേഹിച്ചെന്നാകിൽ – ഇപ്പോൾ യേശുവേ!

ഞാൻ ജീവമരണത്തിലും സ്നേഹിക്കും
ഞാൻ ജീവനാളെന്നും നിന്നെ വാഴ്ത്തിടും
ഞാൻ പാടുമന്ത്യവായു നേരത്തുമെ
ഞാൻ സ്നേഹിച്ചെന്നാകിൽ – ഇപ്പോൾ യേശുവേ

അനന്തപ്രമോദമോടെ എന്നെന്നും
ഞാൻ വാനിൽ വണങ്ങി നിന്നെക്കൊണ്ടാടും
ഞാൻ പാടും മിന്നും മുടി വെച്ചവിടെ
ഞാൻ സ്നേഹിച്ചെന്നാകിൽ – ഇപ്പോൾ യേശുവേ

## 28

ഉയർത്തിടും ഞാൻ എന്റെ കൺകൾ തുണയരുളും വൻഗിരിയിൽ
എൻ സഹായം വാനം ഭൂമി – അഖിലം വാഴും യഹോവയിൽ

ഇസ്രായേലിൻ കാവല്ക്കാരൻ – നിദ്രാഭാരം തൂങ്ങുന്നില്ല
യഹോവയെൻ പാലകൻതാൻ ഇല്ലെനിക്കു ഖേദമൊട്ടും ഉയർ

ശത്രുഭയം നീക്കി എന്നെ മാത്രതോറും കാത്തിടുന്നു
നീതിയിൻ സൽപാതകളിൽ നിത്യവും നടത്തിടുന്നു ഉയർ

ശോഭയേറും സ്വർപ്പുരിയിൻ തീരമതിൽ ചേർത്തിടുന്നു
ശോഭിതപുരത്തിൻ വാതിൽ എൻമുൻപിൽ ഞാൻ കണ്ടിടുന്നു ഉയർ

വാനസേന ഗാനം പാടി വാണിടുന്നു സ്വർഗ്ഗസീയോൻ
ധ്യാനിച്ചിടും നേരമെന്റെ മാനസം മോദിച്ചിടുന്നു ഉയർ

ഹല്ലേലുയ്യാ ഹല്ലേല്ലുയാ ചേർന്നിടും ഞാൻ ഭാഗ്യദേശേ
ഹല്ലേല്ലുയ്യാ പാടി സർവ്വകാലവും ഞാൻ വാണിടുവാൻ ഉയർ

## 29

യേശുവേ രക്ഷാദായകാ – നിന്റെ സന്നിധേവരുന്നു
എന്റെ പാപഭാരവുമായ് വല്ലഭായേകൂ രക്ഷയേ

ഉന്നതി വെടിഞ്ഞവനേ – മന്നിൽ താണുവന്നവനേ
എനിയ്ക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനേ തന്നത് യേശുവേ

പാപം ചെയ്തീടാത്തവനേ – പരിക്ഷീണനായവനേ
എനിയ്ക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചു കേണത് യേശുവേ

ശാപരോഗമേറ്റവനേ - പാപമായി തീർന്നവനേ
എനിയ്ക്കായിട്ടല്ലയോ - ക്രൂശിങ്കൽ പാടുകൾ ഏറ്റത് യേശുവേ

എന്റെ രോഗം നീ വഹിച്ചു - എന്റെ ശാപം നീക്കി മുറ്റും
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും നിശ്ചയം യേശുവേ

## 30

കൃപയേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെന്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീ ഭൂവാസം
കൃപയാൽ മനോഹരമായ്

കൃപ കൃപയൊന്നെന്നാശ്രയമായ്
കൃപ കൃപയൊന്നെന്നാനന്ദമായ്
വൈരികൾ വന്നാലും എതിരുയർന്നാലും
കൃപ മതിയെന്നാളും (2)

ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദ തണലാകും
ഇരുൾപാതയിലനുദിനമൊളി നൽകും
കൃപയൊന്നെന്നാശ്രയമായ് കൃപ കൃപ

എന്റെ താഴ്ചയിലവനെന്നെ ഓർത്തല്ലോ
ഘോരവൈരിയിൻ ബലമവൻ തകർത്തല്ലോ
തന്റെ കൈകളിൽ അവനെന്നെ ചേർത്തല്ലോ
സ്തോത്രഗീതം പാടിടും ഞാൻ കൃപ കൃപ

പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവനെന്നാളും
തിരുജീവനെ തന്നവനിനിമേലും
കൃപയാൽ നടത്തുമെന്നെ കൃപ കൃപ

## 31

ആശ്രയം യേശുവിൽ എന്നതിനാൽ
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ
ആശ്വാസം എന്നിൽ താൻ തന്നതിനാൽ
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ

കൂരിരുൾ മൂടും വേളകളിൽ
കർത്താവിൻ പാദം ചേർന്നിടും ഞാൻ

കാരിരുമ്പാണിയാൽ പാടുള്ള പാണിയാൽ
കരുണനിറഞ്ഞവൻ കാക്കുമെന്നെ - കാക്കുമെന്നെ

തന്നുയിർ തന്ന ജീവനാഥൻ
എൻ അഭയം എൻ നാൾമുഴുവൻ
ഒന്നിനും തന്നിടമെന്നിയെ വേറാരും
ഓടേണ്ട താങ്ങുവാൻ താൻ മതിയാം - താൻ മതിയാം

ഇത്ര സൗഭാഗ്യം ഇക്ഷിതിയിൽ
ഇല്ല മറ്റെങ്ങും നിശ്ചയമായ്
തീരാത്ത സന്തോഷം ക്രിസ്തുവിലുണ്ടെന്നാൽ
തോരാത്ത കണ്ണീരേ മന്നിലുള്ളു - മന്നിലുള്ളു.

കാൽവറി നാഥൻ എൻ രക്ഷകൻ
കല്ലറയ്ക്കുള്ളിലൊടുങ്ങുകയില്ല
മൃത്യുവെ വെന്നവൻ അത്യുന്നതൻ വിണ്ണിൽ
കർത്താധി കർത്താവായ് വാഴുന്നവൻ - വാഴുന്നവൻ

## 32

യേശുവിന്റെ നാമമേ - ശാശ്വതമാം നാമമേ
ആശ്രിതർക്കഭയമാം സങ്കേതമേ,
തുല്യമില്ലാനാമമേ - എല്ലാ നാവും വാഴ്ത്തുമേ
വല്ലഭത്വമുള്ള ദിവ്യനാമമേ.

മൂവുലകിലും മേലായനാമമേ
നാകലോകാരാദ്ധ്യവന്ദ്യനാമമേ
മാധുര്യമേറീടും - മാനസം മോദിക്കും
മഹോന്നതൻ തൻ ദിവ്യനാമം വാഴ്ത്തുമ്പോൾ

കല്ലറ തകർത്തുയിർത്ത നാമമേ
ചൊല്ലുവാനാകാത്ത ശക്ത നാമമേ
അത്ഭുതനാമമേ - അതിശയ നാമമേ
പ്രത്യാശ നല്കീടുന്ന പുണ്യനാമമേ

പാരിൽനിന്നു തന്റെ നാമം മായ്ക്കുവാൻ
വീറുകാട്ടിയോർ തകർന്നടിഞ്ഞു പോയ്
പ്രതാപമോടിതാ പ്രശോഭ പൂരിതം
ഭൂമണ്ഡലം നിറഞ്ഞതേക നാമമേ

മണ്ണും വിണ്ണുമൊന്നായ് ചേർക്കും നാമമേ
തൻ വിശുദ്ധരൊന്നായ് പാടും നാമമേ
സിംഹാസനസ്ഥനാം - ക്രിസ്തേശുനായകൻ
എൻനെറ്റിമേൽ തരുമവന്റെ നാമവും

## 33

ജീവനുള്ള ദേവനേ വരൂ
ജീവവാക്യം ഓതുവാൻ വരൂ
പാപത്തെ വെറുത്തു ജീവിപ്പാൻ
പാപബോധം ഞങ്ങളിൽ തരൂ (2)

യേശുവേ നീ വലിയവൻ
യേശുവേ നീ പരിശുദ്ധൻ
യേശുവേ നീ നല്ലവൻ
യേശുവേ നീ വല്ലഭൻ

വാഗ്ദത്തങ്ങൾ ചെയ്ത കർത്തനേ
വാക്കുമാറാ ഉണ്മയുള്ളോനെ
വാഗ്ദത്തങ്ങൾക്കായി വരുന്നു
വല്ലഭാത്മമാരി നല്കണേ (2) യേശുവേ

മാനസം കനിഞ്ഞീടുവാനായ്
ഗാനമാല്യം ഏകീടുവാനായ്
ആവസിക്ക എന്റെ ദേഹിയിൽ
നീ വസിക്ക എന്റെ ജീവനിൽ (2) യേശുവേ

## 34

പരമഗുരുവരനാം യേശുവേ നീ
വരം താ പ്രാർത്ഥന ചെയ്തീടാൻ (2)

ഇരുവരോ മൂവരോ – തിരുനാമത്തിൽ
വരികിൽ വരുമെന്നരുളിയോനേ
തിരുസാന്നിദ്ധ്യം സദാ നൽകേണം
ശരണം നീ മാത്രമെൻ നാഥനെ..... (2) പരമ

തിരുമുമ്പിൽ കഴിയ്ക്കുന്ന പ്രാർത്ഥനയ്ക്കുത്തരം
അരുളേണമേ പ്രിയനാഥനെ
മനംനൊന്തു യാചന ചെയ്യുമ്പോഴെല്ലാം
കനിവിന്റെ ഉറവുകൾ തുറന്നവനെ.... (2) പരമ

അനവധിയാവശ്യങ്ങൾ തിരുസവിധേ
ഉയർത്തുന്നു വിശ്വാസ കൈകളാൽ
അശരണരാകുലർ രോഗികളായോർ
കരുണയിൻ കരതലം കണ്ടിടട്ടെ..... (2) പരമ

ജനം നിന്നിലാനന്ദിച്ചീടുവാനവരിൽ
വീണ്ടും നൽ ജീവനെ നൽകണേ

മാളികയിൽ തവ ദാസരിൽ നൽകിയ
വരമെങ്ങൾക്കരുളുക ഈ തരുണം.... (2) പരമ

## 35

### (സങ്കീ. 121)

സഹായം എവിടെ നിന്ന് ലഭിക്കും
ഞാനെന്റെ കണ്ണുകളുയർത്തീടുമ്പോൾ
എൻ സഹായം വാനം ഭൂമി നിർമ്മിച്ച
യഹോവയിൽ നിന്നു ലഭിക്കും

ഒരു ദോഷവും തട്ടാതവൻ നിന്നെ കാക്കും
അവൻ നിന്റെ ഗമനത്തെ പരിപാലിക്കും
നിന്റെ ഗമനത്തേയും ആഗമനത്തേയും
ഇന്നുമെന്നേക്കും പരിപാലിക്കും സഹായം

യഹോവ നിന്റെ പരിപാലകൻ താൻ
അവൻ നിന്റെ വലഭാഗേ നിനക്കു തണൽ
പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും
നിന്നെ ബാധിക്കയില്ലിനി മേൽ സഹായം

നിന്റെ കാൽ വഴുതുവാൻ സമ്മതിക്കില്ല
നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല
അതാ ഇസ്രായേലിൻ പരിപാലകൻ
ഉറങ്ങില്ല മയങ്ങുകയുമില്ല സഹായം

## 36

ശുദ്ധ ശുദ്ധ ശുദ്ധ സർവ്വശക്ത ദേവാ
ഭക്തഗീതം കാലേ ഞങ്ങൾ അങ്ങുയർത്തുമേ
പാപം ശാപം പോക്കും കാരുണ്യ യഹോവാ
ദേവ ത്രിയേക ഭാഗ്യത്രിത്വമേ

ശുദ്ധ, ശുദ്ധ, ശുദ്ധ, സർവ്വദിവ്യർ വാഴ്ത്തി
ആർത്തു പൊൻകിരീടങ്ങൾ നിൻ കാല്ക്കൽ വീഴ്ത്തുന്നു
ആസ്തയോടു ദൂതവൃന്ദവും പുകഴ്ത്തി
ആദ്യന്തഹീനാ നിന്നെ വാഴ്ത്തുന്നു

ശുദ്ധ, ശുദ്ധ, ശുദ്ധ, കൂരിരുൾ അണഞ്ഞു
ഭക്തഹീനൻ നിൻ പ്രഭാവം കാണാ എങ്കിലും
വിശുദ്ധൻ നീ മാത്രം തുല്ല്യനില്ല എങ്ങും
ആർദ്രത സത്യം ശക്തി ഒന്നിലും

ശുദ്ധ, ശുദ്ധ, ശുദ്ധ, സർവ്വനാഥാ ദേവാ
സ്വർഗ്ഗം ഭൂമി സൃഷ്ടി സർവ്വം നിന്നെ വാഴ്ത്തുന്നു
ശാപദോഷം പോക്കും കാരുണ്യയഹോവ
ദൈവത്രിയേക ഭാഗ്യത്രിത്വമേ

## 37

എന്നുള്ളമെ സ്തുതിക്ക നീ – പരനെ
തൻ നന്മകൾക്കായ് സ്തുതിക്കാം – സ്തുതിക്കാം
എൻ അന്തരംഗമേ അനുദിനവും
നന്ദിയോടെ പാടി സ്തുതിക്കാം (2)

സുരലോക സുഖം വെടിഞ്ഞു
നിന്നെത്തേടി വന്നയിടയൻ
തന്റെ ദേഹമെന്ന തിരശ്ശീല ചിന്തി
തവമോക്ഷമാർഗ്ഗം തുറന്നു (2) എന്നുള്ള

പാപരോഗത്താൽ നീ വലഞ്ഞു
തെല്ലുമാശയില്ലാതലഞ്ഞു
പാരം കേണിടുമ്പോൾ തിരുമേനിയതിൽ
നിന്റെ വ്യാധിയെല്ലാം വഹിച്ചു (2) എന്നുള്ള

പല ശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകീടുമ്പോൾ
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമക്കും (2) എന്നുള്ള

ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും
തവ സ്നേഹമതിശയമേ (2) എന്നുള്ള

## 38

വാഴ്ത്തി സ്തുതിക്കുമെന്നും ഞാനെന്റെ
താഴ്ചയിലോർത്തയീശനെ (2)

വർണ്ണീച്ചീടാനെനിക്കെന്റെ നാവു പോരായേ.....
എണ്ണിത്തീർത്തീടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചിടുന്നേ
ആനന്ദ ഹസ്തങ്ങളേ ഉയർത്തി (2) വാഴ്ത്തി

പാപശാപ രോഗമായതെന്റെ ഭീതിയാൽ
നാശനഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹ ഹസ്തം നീട്ടിയെന്നെ
നിൻ തിരുരാജ്യത്തിലാക്കിയല്ലോ (2) വാഴ്ത്തി

അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ
വല്ലഭ നിൻ സ്നേഹമെന്നിലൂറ്റിയല്ലോ
ജയഗീതം പാടിടുവാൻ
നിൻ ജയം നീയെനിക്കേകിയല്ലോ (2) വാഴ്ത്തി

പാപികളെ തേടിവന്ന യേശുരക്ഷകൻ
പാപമില്ല ശുദ്ധർക്കായിതാ വരുന്നു
വരവിൻ ദിനം അതിസമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ (2) വാഴ്ത്തി

# 39

പരിശുദ്ധ പരാപരനെ പരനെ
സ്തുതിചെയ്ക നിത്യം മനമെ
പാപിയെ നേടാൻ ശാപമായ് തീർന്ന
വാനവർക്കധിപതിയെ

പാപത്തെ വെറുക്കും പാപിയിൽ കനിയും
പരമരക്ഷാകരനെ പരി

വേദന സഹിക്കും നിൻ വേദനയകറ്റാൻ
ക്രൂശു വഹിച്ചവനെ
ദുരിതങ്ങളഖിലം ചുമന്നൊഴിച്ചവനെ
തിരുകൃപ പകർന്നവനെ പരി

കടലിന്മേൽ നടന്നു പടകതിൽ കയറി
ശാന്തത വരുത്തിയോനെ
ഭയമെല്ലാമകറ്റി കൂടിരുപ്പവനെ
അക്കരെ നയിപ്പവനെ പരി

കല്ലറ തുറന്നു മൃത്യുവെ ജയിച്ചു
ഉയിർത്തെഴുന്നേറ്റവനെ
ആശ്വാസപ്രദനാം ആത്മാവേ അയച്ചു
തിരുശക്തി പകർന്നവനെ പരി

## 40

(സങ്കീ. 95)

വരുവിൻ നാം യഹോവയെ വാഴ്ത്തി
നാം രക്ഷയിൻ പാറയിൽ ആർക്കാം
തിരു സന്നിധൗ ആനന്ദമോടെ
ഘോഷിക്കുക കീർത്തനങ്ങൾ
പാടാം പാടാം പാടാം പാരിൽ നാം

യഹോവ മഹാ ദൈവമല്ലോ
സർവ്വദേവന്മാരിലുമതിശ്രേഷ്ഠൻ
സർവ്വഭൂമിയും അവൻ സൃഷ്ടിയല്ലോ
സർവ്വേശനെ വാഴ്ത്തിടാം — വരുവിൻ നാം

വരുവിൻ വണങ്ങി നമസ്കരിക്കാം
വന്നു കുമ്പിടുക അവൻ മുമ്പിൽ
ഇതു രക്ഷയിൻ സുദിനമതല്ലോ
സുവിശേഷത്തിൻ മഹാദിനമേ — വരുവിൻ നാം

കർത്തൻ ശബ്ദം നീ ശ്രവിച്ചിടുന്നെങ്കിൽ
മെരീബാ മസ്സാനാൾ പോലെയിന്ന്
കഠിനപ്പെടുത്താതെ നിൻ ഹൃദയം
തുറന്നീടുക നിറവിന്നായ് — വരുവിൻ നാം

## 41

സർവ്വ സൃഷ്ടികളുമൊന്നായ് പുകഴ്ത്തീടുന്ന
സൃഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നുനാഥനെ

യേശു മാറാത്തവൻ യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നും എന്നും കൂടെയുള്ളവൻ

തന്റെ കരുണ എത്രയോ അതിവിശിഷ്ടം
തൻ സ്നേഹം ആശ്ചര്യമെ
എൻ ലംഘനങ്ങളും അകൃത്യങ്ങളുമെല്ലാം
അകറ്റിയെ തന്റെ സ്നേഹത്താൽ — യേശു മാറാത്തവൻ

രോഗശയ്യയിലുമെൻ സഹായകനും
രാക്കാലഗീതവുമെൻ

നല്ല വൈദ്യനും ദിവ്യഔഷധവുമെൻ
ആത്മസഖിയും അവൻ തന്നെ യേശു മാറാത്തവൻ

സീയോനിൽ വാണിടുവാനായ് വിളിച്ചു തന്റെ
ശ്രേഷ്ഠോപദേശവും തന്നു
ഹാ എന്തൊരത്ഭുതം ഈ നിൻ കൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തിങ്ങുന്നേ യേശു മാറാത്തവൻ

## 42

എന്നോടുള്ള നിൻ സർവ്വ - നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിന - ക്കേശു പരാ - ഇപ്പോൾ (2)

നന്ദികൊണ്ടെന്റെയുള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടിടുന്നേൻ - ദേവാ (2)

പാപത്തിൽ നിന്നു എന്നെ കോരി എടുപ്പാനായ്
ശാപശിക്ഷകളേറ്റ - ദേവാത്മജാ - മഹാ (2)

എന്നെയൻപോടുദിനം - തോറും നടത്തുന്ന
പൊന്നിടയന്നനന്തം - വന്ദനമേ - എന്റെ (2)

അന്ത്യംവരെയുമെന്നെ കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ - ശക്തിനീയേ - നാഥാ (2)

താതൻ സന്നിധിയിലെൻ - പേർക്കു സദാ പക്ഷ
വാദം ചെയ്യുന്ന മമ ജീവനാഥാ - പക്ഷ (2)

കുറ്റം കൂടാതെയെന്നെ തേജസ്സിൻ മുൻപാകെ
മുറ്റും നിർത്താൻ കഴി - വുള്ളവനെ - എന്നെ (2)

മന്നിടത്തിലടിയാൻ - ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരു - നാമത്തിനു - ദേവാ (2)

## 43

സ്തുതി ചെയ്മനമേ നിത്യവും നിൻ ജീവനാഥനേശുവെ
ഇതുപോൽ സ്വജീവൻ തന്നൊരാത്മ സ്നേഹിതൻ വേറാരിനി

മരണാധികാരിയായിരുന്ന ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യുഭീതി തീർത്ത നാഥനെ സ്തുതി

ബഹുമാന്യനാമാചാര്യനായി വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ ചേർത്തു കൊള്ളുമാകയാൽ സ്തുതി

ദിനവും മനമെ തൽസമയം വൻകൃപകൾ പ്രാപിപ്പാൻ
അതിധൈര്യമായ് കൃപാസനത്തിനന്തികത്തിൽ ചെന്നു നീ സ്തുതി

ബഹു ദൂതരുച്ചനാദമോടെ വാഴ്ത്തിടുന്ന നാഥനെ
ബലവും ധനവും ജ്ഞാനമെല്ലാം സ്വീകരിപ്പാൻ യോഗ്യനെ സ്തുതി

## 44

ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

കാൽവറിമലയിൽ ക്രൂശിൽ മരിച്ചൊരു
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചൊരു
രക്ഷകനു സ്തോത്രം ഇന്നും എന്നേക്കും എന്റെ രക്ഷ

ഓരോ നാളും എന്റെ ഭാരം ചുമക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

ദൃഷ്ടി എന്റെ മേൽ വച്ചിഷ്ടമായി നോക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

രോഗശയ്യയിലെൻ കൂടെ ഇരിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

പെറ്റ തള്ളയേക്കാൾ ഉറ്റു സ്നേഹിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

വൻകൃപയിൽ എന്നെ ഇന്നയോളം കാത്ത
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും എന്റെ ദൈവ

## 45

പാടി പുകഴ്ത്തിടാം ദേവദേവനെ പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും മാറായേശുവേ നാം പാടി പുകഴ്ത്താം (2)

യേശു എന്ന നാമമേ എന്നാത്മാവിൻ ഗീതമേ
എൻ പ്രിയ യേശുവേ ഞാനെന്നും വാഴ്ത്തി പുകഴ്ത്തിടുമേ (2)

ഘോര ഭയങ്കര കാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ

കാക്കും കരങ്ങളാൽ ചേർത്തു മാർവ്വണച്ച
സ്നേഹം നിത്യം പാടും ഞാൻ (2) യേശു എന്ന

പെറ്റ തള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്നാ വാർത്തയാൽ
താഴ്ത്തി എന്നെ തൻകരത്തിൽവെച്ച
ജീവപാതെ എന്നും ഓടും ഞാൻ (2) യേശു എന്ന

ഭൂമിയെങ്ങും പോയി സാക്ഷി ചൊല്ലുവിൻ
എന്നുരച്ച കല്പനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ് ചേർന്ന
പ്രിയനായ് വേല ചെയ്യും ഞാൻ (2) യേശു എന്ന

യോർദ്ദാൻ സമ മനശോധനയിലും
താണു വീണു പോകാതെ
ആർപ്പിൻ ജയധ്വനിയോടും – കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം (2) യേശു എന്ന

# 46

ദിനം ദിനം ദിനം നീ വാഴ്ത്തുക
യേശുവിൻ പൈതലേ നീ –
അനുദിനവും പാടി വാഴ്ത്തുക (2)

കാൽവറി രക്തമേ യേശുവിൻ രക്തമേ
കാൽവറിയിലേശു താൻ സ്വന്തരക്തം ചിന്തി നിൻ (2)
പാപത്തെ ശാപത്തെ പോക്കി തന്റെ രക്തത്താൽ ദിനം

എന്നേശു സന്നിധി എനിക്കെത്ര ആശ്വാസം
ക്ലേശമെല്ലാം മാറ്റിടും രോഗമെല്ലാം നീക്കിടും (2)
വിശ്വാസത്താൽ നിന്നെ യേശുവിൽ സമർപ്പിക്ക ദിനം

രോഗം ശീലിച്ചവൻ പാപം വഹിച്ചവൻ
കാൽവറി മലമുകൾ കൈ കാൽകൾ വിരിച്ചവൻ (2)
രക്ഷിക്കും യേശുവിൻ പാദത്തിൽ സമർപ്പിക്ക ദിനം

ഞാൻ നിത്യം ചാരിടും എന്നേശു മാർവ്വതിൽ
നല്ലവൻ വല്ലഭൻ എന്നേശു എത്ര നല്ലവൻ (2)
എന്നേശു പൊന്നേശു എനിക്കെത്ര നല്ലവൻ ദിനം

# 47

യേശു കയ്യിൽ മാ സൈ്വരം തൻ മാർവ്വിലെൻ ക്ഷേമം
തൻ സ്നേഹത്തണലിലെൻ ദേഹി മേവും സ്വസ്ഥം

ദൂത സ്വരം വീശുന്നു തേജസ്കരയുടെ
പളുങ്കു കടലിന്മേൽ ഇമ്പ ഗീതമോടെ

യേശു കയ്യിൽ മാ സൈ്വരം തൻ മാർവ്വിലെൻ ക്ഷേമം
തൻ സ്നേഹത്തണലിലെൻ ദേഹി മേവും സ്വസ്ഥം

യേശു കയ്യിൽ മാ സൈ്വരം ആകുല വിഹീനം
ലോക പരീക്ഷ, പാപം ദ്രോഹിച്ചിടാ നൂനം:
ദുഃഖത്തിൻ വരൾച്ചയും സംശയം, ഭയവും
നീങ്ങി സുഖമണയും സ്വാതന്ത്ര്യം മോദവും യേശു

പ്രേമ സങ്കേതം യേശു എൻ പേർക്കുയിർ വിട്ടു
പൂർവ്വിക പാറമേലെൻ സ്ഥാനം നല്ലുറപ്പു
ക്ഷാന്തിയിൽ ഞാൻ നില്ക്കട്ടെ രാത്രി കഴിവോളം
പ്രഭാത ശോഭ സ്വർണ്ണ തീരത്തുദിപ്പോളം യേശു

# 48

ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി-ഹല്ലേലൂയ്യാ പാടീടും ഞാൻ (2)

ദോഷമായിട്ടൊന്നും എന്നോ-ടെന്റെ താതൻ ചെയ്കയില്ല
എന്നെ അവൻ അടിച്ചാലും - അവനെന്നെ സ്നേഹിക്കുന്നു (2)

കഷ്ടനഷ്ടമേറി വന്നാൽ - ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവൊടു-കൂട്ടാളിയായ് തീരുന്നു ഞാൻ (2)

ലോക സൗഖ്യ മെന്തുതരും-ആത്മക്ലേശമതിൻ ഫലം
സൌഭാഗ്യമുള്ളാത്മജീവൻ-കഷ്ടതയാൽ വർദ്ധിക്കുന്നു (2)

ജീവനത്തിൽ വമ്പുവേണ്ട-കാഴ്ചയുടെ ശോഭ വേണ്ട
കൂടാരത്തിനകത്തുണ്ടു ഷെക്കാനയും ഉണ്ടവിടെ (2)

കൂടാരത്തിൻ മൂടിപോലെ ക്രൂശിൻ നിറം മാത്രം മതി
ഉള്ളിലെനിക്കെന്തു സുഖം തേജസ്സേറും ഖെരൂബുകൾ (2)

ഭക്തന്മാരാം സഹോദരർ-വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൽ ധൂപമുണ്ട്-മേശയിലെന്റപ്പമുണ്ട് (2)

പ്രാകാരത്തിലെന്റെ മുമ്പിൽ-യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രെ - എന്നുമെന്റെ രക്ഷയവൻ (2)

ദിനംതോറും പുതുക്കുന്നു ശക്തിയെന്നിൽ പകരുവാൻ
സ്വസ്ഥജലം വെച്ചിട്ടുള്ള - പിച്ചളത്തൊട്ടിയുമുണ്ട് (2)

ലോകത്തെ ഞാനോർക്കുന്നില്ല കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോഴെന്റെ കർത്താവിനെ ഒന്നു കാണാമെന്നേയുള്ളൂ (2)

# 49

നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ
നിൻ ക്രൂശു ഞാൻ വഹിക്കെന്നാലുമേ
എൻ ഗീതം എന്നുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ.

ദാസൻ യാക്കോബെപ്പോൽ രാകാലത്തിൽ
വങ്കാട്ടിൽ കല്ലിന്മേൽ ഉറങ്ങുകിൽ
എൻ സ്വപ്നത്തിലുമേ, നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ.

നീ എന്നെ നടത്തും പാത എല്ലാം
വിൺ എത്തും ഏണിപോൽ പ്രകാശമാം
ദൂതർ വിളിക്കുന്നേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ.

ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചിടും
കൽ തലയിണയെ ബെഥേലാക്കും
എൻ ഇമ്പത്താലുമേ, നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേർന്നിടും.

ആകാശമാർഗ്ഗമായ് മഹോന്നതേ
പറന്ന പോകിലും സന്തോഷമേ
എൻ ഗീതമെന്നുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേർന്നിടും

# 50

ഞാനെന്നും സ്തുതിക്കും എൻ പരനെ തിരുമനു സുതനെ
ആനന്ദ ഗാനങ്ങൾ പാടി പുകഴ്ത്തി ഞാനെന്നും സ്തുതിക്കും

പാപത്തിൻ ശാപത്തിൽ നിന്നും - എന്റെ
പ്രാണനെ കാത്തവനെന്നും
പാരിൽ തന്നൻപിനു തുല്യമില്ലൊന്നും ഞാനെന്നും

നൽകിയവൻ രക്ഷദാനം - തന്നിൽ
കണ്ടു ഞാൻ ദൈവീക ജ്ഞാനം
തൻ പാദസേവയതെന്നഭിമാനം ഞാനെന്നും

ആയിരം നാവുകളാലും പതി-
നായിരം വാക്കുകളാലും
ഹാ! ദിവ്യസ്നേഹമവർണ്ണ്യമാരാലും ഞാനെന്നും

നിത്യത തന്നിൽ ഞാനെത്തും - തന്റെ
സ്തുത്യപാദങ്ങൾ ഞാൻ മുത്തും
ഭക്തിയിലാനന്ദ കണ്ണീർ ഞാൻ വീഴ്ത്തും ഞാനെന്നും

## 51

ലോകത്തിലേകയാശ്രയം എൻ യേശു മാത്രം
ശോകങ്ങളേറി വന്നാലും
വേണ്ട ഈ ലോകയിമ്പം പ്രിയനെ നീ മതി
എന്നും വാഴ്ത്തി പാടും ഞാൻ (2)

ഉറ്റവരായിരുന്നവർ ദ്വേഷിച്ചാലും
മാറ്റമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞ ലോക യാത്രയിൽ താങ്ങിടും
വിൺ ശക്തിയാലെ നിത്യവും (2) ലോക

തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം
നേടീയ പാപിയാമെന്നെ
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ
മാറുവാനാവതല്ലിനി (2) ലോക

മാറായുണ്ടീ മരുവതിൽ - സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ
മാറാ മധുരമാക്കിടും (2) ലോക

വിശ്വാസ കപ്പൽ താഴുമോ? ഈയുലകിൽ
ഈശാന മൂലനേറുന്നേ
ആശ്വാസമേകുവാൻ നീ വേഗമായ് വന്നാലും
വിശ്വാസ നായകാ പ്രിയ! (2) ലോക

നിൻ ശക്തി കാഴ്ച ശബ്ദങ്ങൾ ഏറെ വേണം
വിശ്വാസപ്പോരിൽ നില്ക്കുവാൻ
പത്മോസിലെത്ര നാൾ ഞാനേകനായ് പാർക്കണം
വിശ്വാസ ത്യാഗമില്ലാതെ. (2) ലോക

## 52

ശോഭയേറും ഓർ നാടുണ്ടതു - കാണാമേ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി - നില്ക്കുന്നുണ്ടക്കരെ കാത്തതാൽ

വേഗം നാം.................ചേർന്നിടും
ഭംഗിയേറിയ ആ തീരത്തു (2)

നാം ആ ശോഭന നാട്ടിൽ പാടും - വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനമങ്ങില്ലല്ലൊ - നിത്യം സൗഭാഗ്യാമാത്മാക്കൾക്കുവേഗം നാം
സ്നേഹമാം സ്വർഗ്ഗതാതനുടെ - സ്നേഹ ദാനത്തിനും നാൾക്കു നാൾ
വീഴ്ചയെന്യേതരും നന്മയ്ക്കും - കാഴ്ചയായി നാം സ്തോത്രം പാടും
വേഗം നാം

# 53

ആശ്വാസമെ എനി-ക്കേറെ തിങ്ങീടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ-നോക്കീടുമ്പോൾ
സ്നേഹമേറിടുമെൻ-രക്ഷകൻ സന്നിധൌ
ആനന്ദക്കൂട്ടരെ-കാണുന്നല്ലോ

ആമോദത്താൽ തിങ്ങി-ആശ്ചര്യമോടവർ
ചുറ്റും നിന്നു സ്തുതി ചെയ്തിടുന്നു
തങ്കത്തിരുമുഖം-കാൺമാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു

തൻ മക്കളിൻ-കണ്ണു-നീരെല്ലാം താതൻ താൻ
എന്നേയ്ക്കുമായി തു-ടച്ചിതല്ലോ
പൊൻവീണകൾ ധരി-ച്ചാമോദ പൂർണ്ണരായ്
കർത്താവിനെ സ്തുതി - ചെയ്യുന്നവർ

കുഞ്ഞാട്ടിന്റെ രക്തം-തന്നിൽ തങ്ങൾ അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായ്-തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ-ശക്തിയാലെ

തങ്കക്കിരീടങ്ങൾ-തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധ-രിച്ചോരിവർ
കയ്യിൽ കുരുത്തോല-ഏന്തീട്ടവർ സ്തുതി
പാടീട്ടാനന്ദമോ-ടാർത്തീടുന്നു

ചേർന്നീടുമേ വേഗം-ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ച-ങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനി-ക്കൊന്നും വേണ്ടായെന്റെ
നാഥന്റെ സന്നിധൌ - ചേർന്നാൽ മതി

കർത്താവേ! വിശ്വാസ-പ്പോരിൽ തോൽക്കാതെന്നെ
അവസാനത്തോളം നീ-നിർത്തേണമേ
ആകാശമേഘത്തിൽ-കാഹളനാദത്തിൽ
അടിയനും തിരുമുന്നിൽ-കാണേണമേ.

# 54

സമയമാം രഥത്തിൽ ഞാൻ – സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നായ് ബദ്ധപ്പെട്ടോടീടുന്നു

ആകെ അല്പനേരം മാത്രം – എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം – വേഗം നിന്നെ കാണും ഞാൻ

രാവിലെ ഞാൻ ഉണരുമ്പോൾ – ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം – ഇന്നലെക്കാൾ അടുപ്പം

രാത്രിയിൽ ഞാൻ ദൈവത്തിന്റെ – കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ – ചക്രം മുമ്പോട്ടോടുന്നു

നിത്യമായോർ വാസസ്ഥലം – എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം – ദൈവപറുദീസായിൽ

എന്നെ എതിരേല്പാനായി – ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായി – പുതുശക്തി തരുന്നു

ശുദ്ധന്മാർക്കു വെളിച്ചത്തിൽ – ഉള്ള അവകാശത്തിൽ
പങ്കുതന്ന ദൈവത്തിന്നു – സ്തോത്രം സ്തോത്രം പാടും ഞാൻ

# 55

ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗഗേഹേ വിരുതിനായ്
പറന്നീടും ഞാൻ മറുരൂപമായ്
പരനേശുരാജൻ സന്നിധൗ

ദൂതസംഘമാകവേ എന്നെ എതിരേല്ക്കുവാൻ
സദാ സന്നദ്ധരായ് നിന്നീടുന്നേ
ശുഭ്രവസ്ത്രധാരിയായ് എന്റെ പ്രിയന്റെ മുമ്പിൽ
ഹല്ലേലുയ്യാ പാടീടും ഞാൻ (2)

ഏറെ നാളായ് കാണ്മാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞീടുമെ ദൂതസംഘ

നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടീടുമെ ദൂതസംഘ

താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങീടും കിരീടങ്ങളായ് ദൂതസംഘ

കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടു കൂടെ വാഴുമെ ദൂതസംഘ

# 56

ഉണ്ടെനിക്കായൊരു മോക്ഷവീട്
ഇണ്ടലകന്നു ഞാൻ വാഴുമങ്ങ്
ദൈവമുണ്ട് അങ്ങു പുത്രനുണ്ട്
ആത്മാവുണ്ട് ദൈവദൂതരുണ്ട്

കൂടാരമാകുന്ന എൻഭവനം
വിട്ടകന്നാലെനിക്കേറെ ഭാഗ്യം
കൈകളാൽ തീർക്കാത്ത മോക്ഷവീട്ടിൽ
തിട്ടമായിട്ടങ്ങു ചെന്നുചേരും ഉണ്ടെ

കർത്തനേശു തന്റെ പൊൻകരത്താൽ
ചേർത്തിടുമായതിലെന്നെയെന്നും
ഒട്ടുനാൾ കണ്ണുനീർപെട്ടതെല്ലാം
പെട്ടെന്നു നീങ്ങിടുമേ തിട്ടമായ് ഉണ്ടെ

പോകാമെനിക്കെന്റെ രക്ഷകന്റെ
രാജ്യമതിനുള്ളിൽ വാസം ചെയ്യാൻ
രോഗം ദുഃഖം പീഡയൊന്നുമില്ല
ദാഹം വിശപ്പുമങ്ങൊട്ടുമില്ല ഉണ്ടെ

ഈ വിധമായുള്ള വീട്ടിനുള്ളിൽ
പാർക്കുവാനെന്നുള്ളം വാഞ്ചിക്കുന്നു
എന്നു ഞാൻ ചെന്നങ്ങു ചേരുമതിൽ
പിന്നീടെനിക്കാപത്തൊന്നുമില്ല ഉണ്ടെ

നൊടിനേരത്തേക്കുള്ള ലഘുസങ്കടം
അനവധി തേജസ്സിൻ ഭാഗ്യം തന്നെ
കണ്ണിനു കാണുന്നതൊന്നുമില്ല
കാണപ്പെടാത്തൊരു ഭാഗ്യം തന്നെ ഉണ്ടെ

# 57

യെറുശലേമെൻ ഇമ്പവീടെ
എപ്പോൾ ഞാൻ വന്നു ചേരും
ധരണിയിലെ പാടും കേടും
എപ്പോൾ ഇങ്ങൊഴിയും

ഭക്തരിൻ ഭാഗ്യതലമേ!
പരിമള സ്ഥലം നീയേ!
ദുഃഖം വിചാരം പ്രയത്നം
നിങ്കലങ്ങില്ലേ! യെറുശലേം

രാവും അന്ധകാരം വെയിൽ
ശീതവും അങ്ങില്ലേ!
ദീപതുല്യം ശുദ്ധരങ്ങു
ശോഭിച്ചീടുന്നേ. യെറുശലേം

രത്നങ്ങളല്ലോ നിന്മതിൽ!
പൊന്നും മാണിക്യങ്ങൾ!
പന്ത്രണ്ടു നിൻ വാതിൽകളും
മിന്നും മുത്തല്ലോ! യെറുശലേം

യെരുശലേമിൻ ഇമ്പവീടേ
എന്നു ഞാൻ വന്നു ചേരും
പരമ രാജാവിൻ മഹത്വം
അരികിൽ കണ്ടിടും യെറുശലേം

ശ്രേഷ്ഠ നടക്കാവുകളും
തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത
കൂട്ടമരങ്ങൾ യെറുശലേം

ജീവനദി ഇമ്പശബ്ദം
മേവി അതിനൂടെ
പോവതും ഈരാറുവൃക്ഷം
നില്പതും മോടി യെറുശലേം

ദൂതരും അങ്ങാർത്തു സദാ
സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടീടുന്ന
ഗീതം മാമോടി യെറുശലേം

യെറുശലേമിൻ അധിപനീശോ
തിരുമുൻ ഞാൻ സ്തുതി പാടാൻ

വരും വരെയും അരികിൽ ഭവാൻ
ഇരിക്കണം നാഥാ യെറുശലേം

## 58

കാണാമെനിക്കെന്റെ രക്ഷിതാവേ! നിന്റെ
തങ്കമുഖം എന്റെ താതൻ രാജ്യേ

ഈലോകമായയിൽ പെട്ടു വലഞ്ഞു ഞാൻ
മേൽ ലോകവാർത്തയിൽ ദൂരസ്ഥനായ്
അൽപായുഷ്ക്കാലമീ ലോകത്തിൽ വാസം ഞാൻ
പുല്ലോടു തുല്യമായ് കാണുന്നിപ്പോൾ കാണാ

കാലന്റെ കോലമായ് മൃത്യു വരുന്നെന്നെ
കാലും കയ്യും കെട്ടിക്കൊണ്ടു പോവാൻ
കണ്ണും മിഴിച്ചു ഞാൻ വായും പിളർന്നു ഞാൻ
മണ്ണോടു മണ്ണങ്ങ് ചേർന്നിടേണം കാണാ

എല്ലാ സാമർത്ഥ്യവും പുല്ലിന്റെ പൂ പോലെ
എല്ലാ പ്രൗഢത്വവും പുല്ലിന്റെ പൂ
മർത്യന്റെ ദേഹത്തിനെന്തൊരു വൈശിഷ്ട്യം
എന്തിനു ദേഹത്തിൽ ചാഞ്ചാടുന്നു കാണാ

വണ്ണം പെരുത്താലും മണ്ണിന്നിരയിതു
കണ്ണിന്റെ ഭംഗിയും മായ മായ
കൊട്ടാരമായാലും വിട്ടേ മതിയാവൂ
കോട്ടയ്ക്കകത്തേക്കും മൃത്യു ചെല്ലും കാണാ

പതിനായിരം നില പൊക്കി പണിതാലും
അതിനുള്ളിലും മൃത്യു കേറിച്ചെല്ലും
ചെറ്റപ്പുരയതിൽ പാർക്കുന്ന ഭിക്ഷുവും
മുറ്റും മരണത്തിന്നധീനനാം കാണാ

രോഗങ്ങളോരോന്നും പെട്ടെന്നുള്ളാപത്തും
ആർക്കും വരുന്നതീ ക്ഷോണീതലേ
കഷ്ടം! മനുഷ്യർക്കു രോഗക്കിടക്കയിൽ
അഷ്ടിക്കശനം പോലായിടുമേ കാണാ

അയ്യോ! അയ്യോ! എന്നുള്ളന്ത്യസ്വരമോർക്കിൽ
അയ്യോ എനിക്കൊന്നും വേണ്ട പാരിൽ
കർത്താവെനിക്കൊരു വാസസ്ഥലം വിണ്ണിൽ
എത്രകാലം മുമ്പേ തീർപ്പാൻ പോയി കാണാ

ആ വീട്ടിൽ ചെന്നു ഞാൻ എന്നെന്നേക്കും ഞാൻ പാർക്കും
ആ വീട്ടിൽ മൃത്യവിന്നില്ലോർ വഴി
പതിനായിരം കോടി ദൂതന്മാർ മദ്ധ്യേ ഞാൻ
കർത്താവാമേശുവിൻ കൂടെ വാഴും കാണാ

## 59

ക്രിസ്തന്മേൽ ചാരി തൻ
ഹസ്തെ വിശ്രമിച്ചു
കർത്താവിൽ മൃതന്മാർ
നിത്യം ഭാഗ്യവാന്മാർ.

കാണാതെ സ്നേഹിച്ച
പ്രാണനാം യേശുവേ
ഉണ്മയിൽ തെളിവായ്
കാണ്മതെത്ര ഭാഗ്യം

വല്ലാത്ത പ്രയാസം
ഇല്ലാ നദിതീരെ
പുല്ലിൻ മേച്ചിൽ സ്ഥലേ
നൽ ഇടയൻ മേയ്ക്കും

പകലത്തെ വെയിൽ
പാതിരാ ശീതവും
വ്യാകുല ദുഃഖവും
ഇല്ലവർക്കിനിമേൽ.

അവരുടെ സ്നേഹം
സ്വരം സന്തോഷവും
കാൺകയില്ല ഞങ്ങൾ
കുറെ നാളേക്കിനി.

പിരിഞ്ഞ പ്രിയർക്കായ്
ഞങ്ങൾ ദുഃഖിക്കുമ്പോൾ
കണ്ണുനീർ ചൊരിച്ച
കർത്താ ക്ഷമിക്കണേ.

മൃത്യുവെന്നെഴുന്ന
ക്രിസ്തൻ നാദം അവർ
‘സന്തോഷിപ്പിൻ’ എന്നു
അന്ത്യനാളിൽ കേൾക്കും.

# 60

ആരു സഹായിക്കും? ലോകം തുണയ്ക്കുമോ?
ജീവൻ പോയിടുമ്പോൾ ആശ്രയമാരുള്ളു?
സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നില്ക്കും
ക്ലേശമോടെല്ലാരും കണ്ണുനീർ തൂകീടും.
ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലെ ആരുള്ളു?
ഭാര്യ മക്കൾ ബന്ധുമിത്രരും അന്ത്യത്തിൽ
ഖേദം പെരുകീട്ടു മാർവ്വിലടിക്കുന്നു.
ഏവനും താൻ ചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിപ്പാൻ ലോകം വിട്ടീടുന്നു.
കൺകൾ അടയുമ്പോൾ കേൾവി കുറയുമ്പോൾ
എൻ മണവാളാ! നിൻ ക്രൂശിനെ കാണിക്ക.
ദൈവമേ! നിൻ മുമ്പിൽ ഞാൻ വരുന്നേരത്തിൽ
നിൻ മുഖ വാത്സല്യം നീയനിക്കേകണേ.
യേശു മണവാളാ! സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യനാക്കേണമേ.
പൊന്നു കർത്താവേ! നിൻ തങ്കരുധിരത്താൽ
ജീവിത വസ്ത്രത്തിൻ വെണ്മയെ നൽകണേ.
മരണത്തിൻ വേദന ദേഹത്തെ തള്ളുമ്പോൾ
ദൈവമേ! നീയല്ലാതാരെനിക്കാശ്രയം!
യോർദ്ദാന്റെ തീരത്തിൽ ഞാൻ വരും നേരത്തിൽ
കാൽകളെ വേഗം നീ അക്കരയാക്കണെ.
ഭൂവിലെ വാസം ഞാൻ എപ്പോൾ വെടിഞ്ഞാലും
കർത്താവിൻ രാജ്യത്തിൽ നിത്യമായ് പാർത്തീടും
ഇമ്പമേറും സ്വർഗ്ഗെ എൻ പിതാവിൻ വീട്ടിൽ
ആയുസനന്തമായ് വാഴുമാറാകണേ.
സീയോൻ മലയിലെൻ കാന്തനുമായ് നില്പാൻ
ഞാനിനി എത്രനാൾ കാത്തിരുന്നീടണം?

# 61

മരണമേ! നിൻ മുള്ളെവിടെ–ശരണമെനിക്കേശു
മരണമേ! നിൻ ജയമെവിടെ–യേശുവിൻ മുമ്പിൽ

മരണനിഴൽ താഴ്വരയിൽ-കൂടി ഞാൻ നടന്നാലും
പരമൻ എന്റെ കൂടെയുണ്ട്-ഭയമില്ലെനിക്ക് മരണമേ

ദുരിതഭൂമി ഒരിക്കലുമെൻ-വിശ്രമസ്ഥലമല്ലെ-
ന്നറിഞ്ഞുകൊണ്ടെൻ സ്വർപ്പുരത്തെ വാഞ്ഛിച്ചിടുന്നു മരണമേ

മരണമേ! നീ വരികയിപ്പോൾ-ഒരുക്കമെനിക്കുണ്ട്
തിരിഞ്ഞു ലജ്ജിച്ചിരിക്കയില്ലെന്നറിഞ്ഞുകൊൾക നീ മരണമേ

കർത്താവിൽ മരിക്കും മൃതർ-ഭാഗ്യവാന്മാരെന്നു
കർത്തനെഴുതാനുരച്ചതോർത്തു നോക്കുമ്പോൾ മരണമേ

മരണയോർദ്ദാൻ നദികടന്നെൻ അരുമരക്ഷിതാവിൻ
അരികിൽ അണഞ്ഞിരുപ്പതിന്നായ് - വാഞ്ഛിച്ചീടുന്നേ മരണമേ

അന്ത്യശത്രുവായ നീയും-ഗന്ധകാഗ്നികത്തി
വെന്തഴിയും തീപ്പൊയ്കയിൽ-തള്ളപ്പെടുമേ മരണമേ

പരമനേശു ക്രിസ്തുമൂലം-എനിക്കു ജയം നൽകും
പരമ പിതാവേ നിനക്കു-സ്തോത്രമെന്നേക്കും മരണമേ

## 62

വരിക സുരാധിപ പരമപരാ നിൻ
കരുണാസനം വഴിയായ് സഭയിൽ
ഒരുമനസ്സോടു നിൻതിരുഭവനെ
പരിചോടടിയാർ വരുന്നതു കാൺ

ഭക്തിയോടടിയാർ നിൻ തൃപ്പാദത്തിൽ
പ്രാർത്ഥന ചെയ്തു വരം ലഭിപ്പാൻ
നിത്യവും നിൻ പരിശുദ്ധാത്മ
ശക്തി തന്നരുളാൻ ഭജിച്ചീടുമ്പോൾ വരിക

തിരുമനസ്സിനെക്കുറിച്ചൊരു മനസ്സായ്
ഇരുവരോ മൂവരോ വരുന്നിടത്തിൽ
കരുണയോടെ എഴുന്നരുളുമെന്ന്
തിരുവാചാ അരുളിയ പരമ സുതാ വരിക

വന്നടിയാരുടെ കന്മഷവും
തിന്മയശേഷം ദുർമ്മനസ്സും
എന്നോടശേഷവും നീക്കീടേണം
എന്നും മോക്ഷെ അടിയാർ നില്പാൻ വരിക

ദൂതരുടെ സ്തുതിയിൽ വസിക്കും
നീതിസ്വരൂപനാം യഹോവയ്ക്കാം

ഭൂതലരക്ഷക മശിഹായ്ക്കും
പരിശുദ്ധാത്മാവിനും സ്തോത്രം  വരിക

## 63

അൻപു നിറഞ്ഞ പൊന്നേശുവേ
നിൻപാദ സേവയെന്നാശയേ

ഉന്നതത്തിൽ നിന്നിറങ്ങി
മന്നിതിൽ വന്ന നാഥാ ഞാൻ
നിന്നടിമ നിന്മഹിമ
ഒന്നുമാത്രമെനിക്കാശയാം  (2) അൻപു

ജീവനറ്റ പാപിയെന്നിൽ
ജീവൻ പകർന്ന യേശുവേ
നിന്നിൽ ഏറേ മന്നിൽ വേറേ
സ്നേഹിക്കുന്നില്ല ഞാൻ ആരെയും  (2) അൻപു

അർദ്ധപ്രാണനായ് കിടന്നോ
രെന്നെ നീ രക്ഷ ചെയ്തതാൽ
എന്നിലുള്ള നന്ദി ഉള്ളം
താങ്ങുവതെങ്ങനെ എൻ പ്രിയ  (2) അൻപു

ഇന്നു പാരിൽ കണ്ണുനീരിൽ
നിൻ വചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ
വന്നു കതിരുകൾ കാണും ഞാൻ  (2) അൻപു

എൻ മനസ്സിൽ വന്നു വാഴും
നിൻ മഹത്വ പ്രത്യാശയെ
നീ വളർന്നും ഞാൻ കുറഞ്ഞും
നിന്നിൽ മറഞ്ഞു ഞാൻ മായണം  (2) അൻപു

## 64

വന്നിടേണം യേശുനാഥാ! ഇന്നീയോഗമദ്ധ്യേ നീ
തന്നരുൾക നിൻവരങ്ങൾ നിൻ സ്തുതികൊണ്ടാടുവാൻ

മന്നിടത്തിൽ വന്നനാഥാ! പൊന്നുതിരുമേനിയേ
നന്ദിയോടിത നിൻ ദാസർ വന്നു നിന്നെ കുമ്പിടാൻ

താതനെ കൃപാനിധേ! ശ്രീയേശുനാമം മൂലമേ
തന്നീടേണം ആത്മദാനം പ്രാർത്ഥന ചെയ്തീടുവാൻ

വേദവാക്യങ്ങളെയിന്നു മോദമോടുൾക്കൊള്ളുവാൻ
താതനെ! തുറക്കയെങ്ങളുള്ളത്തെ തൃക്കൈകളാൽ

പാപമൊക്കെയേറ്റുചൊന്നു മോചനം ലഭിച്ചിടാൻ
പാപബോധമേകിയിന്നനുഗ്രഹിക്ക ദൈവമേ!

ആണിയേറ്റ പാടുകളെ കാണിച്ചിന്നീ ദാസരെ
നാണിക്കാത്ത സാക്ഷികളായ് തീർക്കണം എന്നേശുവേ

ഇന്നു നിൻ തിരുവചനം ഘോഷിക്കും നിൻ ദാസന്
നിന്നനുഗ്രഹനിറവിൻ ശക്തിയെ നൽകീടേണം (2) വന്നീടേണം യേശു

## 65

എനിക്കായൊരുത്തമ സമ്പത്ത്
സ്വർഗ്ഗ രാജ്യത്തിലൊരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടുവാൻ
ഒരു കാലത്തും പോകയില്ല ഞാൻ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
നിന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനായകനേശുവേ
നിന്റെ സ്നേഹം നീ എനിക്കേകീടണേ

ഏഴയാകുന്നോരെന്നെ സ്നേഹിച്ച
നിന്റെ സ്നേഹമെത്രയോ ആശ്ചര്യം
എന്റെ പാപശാപങ്ങൾ നീക്കി നിൻ
തിരുജീവനാൽ എന്നെ നിറച്ചല്ലോ എന്റെ

എന്റെ ദേഹവും തിരു ആലയമായ്
നിന്റെ ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായ്
ഇനി ജീവിപ്പാൻ കൃപ നൽകുക എന്റെ

പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൽ മുമ്പിൽ നിൽക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേ എന്റെ

## 66

അടവി തരുക്കളിനിടയിൽ
ഒരു നാരകം എന്നപോലെ
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനായ് യേശുവിനെ

വാഴ്ത്തുമേ ഞാനെന്റെ പ്രിയനെ
ജീവകാലമെല്ലാം ഈ മരുയാത്രയിൽ
നന്ദിയോടെ ഞാൻ പാടീടുമേ (2)

പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ സൗന്ദര്യ സമ്പൂർണ്ണനേ വാഴ്ത്തുമേ.....

പകർന്ന തൈലം പോൽ നിൻ നാമം
പാരിൽ സൗന്ദര്യം വീശുന്നതാൽ
പഴി, ദുഷി, നിന്ദ, ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാറ്റിടണേ വാഴ്ത്തുമേ.....

മനഃക്ലേശ തരംഗങ്ങളാൽ
ദുഃഖസാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടി എടുത്തണച്ചു
ഭയപ്പെടേണ്ട എന്നുരച്ചവനേ വാഴ്ത്തുമേ......

തിരുഹിതം ഇഹേ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നീടുന്നേ
എന്റെ വേലയെ തികച്ചുകൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നീടുവാൻ വാഴ്ത്തുമേ......

# 67

യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ (2) യേശു

പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻകൂടെ വാഴാൻ എന്നു സാദ്ധ്യമോ (2) യേശു

ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കീടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ (2) യേശു

എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നു മാറുമെന്റെ ദുഃഖം നിശ്ചയം തന്നെ

അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം (2) യേശു

നല്ലവനെ വല്ലഭനെ പൊന്നു കാന്തനെ
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാമോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ! ഗാനം പാടി വാണിടുവാനായ് (2) യേശു

# 68

ഇന്നു നീ ഒരിക്കൽ കൂടെ ദൈവവിളി കേട്ടല്ലോ
രക്ഷിതാവു സ്നേഹത്തോടെ കാത്തിരിക്കുന്നുണ്ടല്ലോ.

ഇന്നുതന്നെ-യേശു നിന്റെ രക്ഷിപ്പാനായ്-കാക്കുന്നു
ഭയം വേണ്ടാ ശങ്കിക്കേണ്ട വാ അവങ്കൽ-നീ-ഇന്നു

എത്ര നാൾ വൃഥാവായ് ഓടി മനുഷ്യാ! നിൻ ജീവിതം
ലോകത്തിന്റെ ഇമ്പം തേടി കഴിച്ചു നീ ഇവ്വിധം ഇന്നു തന്നെ

കൈക്കൊള്ളാതെ തള്ളുമെന്ന് ഒട്ടും വേണ്ട സംശയം
രക്ഷിതാവു നിന്നെയിന്ന് സ്വന്തമാക്കി തീർത്തിടും ഇന്നു തന്നെ

# 69

യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധവാക്യത്തിൽ നമ്മുടെ ജീവനാം

യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ (2)

ദൈവവചനം ജീവനും ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈക്കൊണ്ടാൽ
ആത്മമരണം മാറും നീതിയിൽ - അവൻ വാഴും കേൾക്കുക

അന്ധനു കാഴ്ച നൽകുവാൻ വചനം മാർഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ സ്വർഗ്ഗത്തിൽ ദാനമാം
ഒഴിയാൻ നിത്യനാശം കാലിന്നൊരു പ്രകാശം കേൾക്കുക

സത്യദൈവത്തിൻ ഭക്തന്മാർ വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തന്മാർ ആകുന്നു നാൾക്കുനാൾ
ദൈവമുഖപ്രസാദം നിത്യം അവർക്കാഹ്ലാദം കേൾക്കുക

ലോകങ്ങൾ അവസാനിക്കും വാനവും ഇല്ലാതാം
ദൈവവാക്കു പ്രമാണിക്കും ഭക്തനോ നിത്യനാം
വാട്ടം മാലിന്യം നാശം ഇല്ലാത്തോരവകാശം കേൾക്കുക

## 70

ഞാൻ പാപിയായിരുന്നെന്നേശു
എന്നെ തേടി വന്നല്ലോ
എന്നുടെ പാപം വഹിച്ചവൻ കുരിശിൽ
തന്നുയിർ തന്നല്ലോ.

എന്തത്ഭുതം ദൈവസ്നേഹത്തിൻ
ആഴം അറിവാനെളുതല്ല
സങ്കടത്തിൽ താങ്ങി നടത്തും
തൻ കൃപ ചെറുതല്ല

രക്താംബരം പോൽ കടും ചുവപ്പായിരുന്നെന്നുടെ പാപങ്ങൾ
കർത്താവതു ഹിമസമമായ് മാറ്റി തൻ പ്രിയമകനാക്കി എന്തത്ഭുതം

കാർമേഘമുയരാമെന്നാൽ കർത്തൻ തള്ളുകയില്ലെന്നെ
കാണും ഞാൻ ഉലകിൻ നടുവിൽ കൃപയെഴും തൻ മഴവില്ലൊന്ന്
എന്തത്ഭുതം

സീയോൻ ഗിരിയിലൊരിയ്ക്കലിനി ഞാൻ നില്ക്കും സാനന്ദം
കാണും പ്രിയനെ സ്തുതിയിൽ പല്ലവി പാടും ഞാനെന്നും എന്തത്ഭുതം

## 71

എനിക്കല്ല ഞാൻ ക്രിസ്തുവിനത്രെ
അവനായ് ഇതാ സമർപ്പിക്കുന്നേ
അവൻ നടത്തിപ്പും കാവൽ
കൊണ്ടോരോ നിമിഷവും
നടത്തുന്നെന്നെ വഴിയെ (2)

എല്ലാ പാപങ്ങളും അകറ്റി
നീചപാപി എന്നെ രക്ഷിച്ച
തിരുരക്തത്തിൻ ശക്തിയാൽ
നിർത്തിടും വെണ്മയായ്
സ്വർഗ്ഗഭാഗ്യേ ചേരുവോളം.

ഈ എൻ കൈകളെ സമർപ്പിക്കുന്നേ
സേവയ്ക്കായ് ഈ എൻ ജീവനേയും
കാൽകൾ ഓടട്ടെ നിൻപാതെ
ചേരട്ടെ ചിന്തയും
തിരുരാജ്യ വ്യാപ്തത്തിന്നായ്

കൺകൾ കാണട്ടെ നിൻ മുഖത്തെ
ദർശിപ്പാൻ നിൻ വൻ ഭാരത്തേയും

എൻ ചെവികൾ ശ്രവിക്കുന്നേ
ഹൃദയം വഴങ്ങുന്നേ
രക്ഷകാ നിൻ വകയായ്

# 72

സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ

മോക്ഷയാത്രയാണിത് ഞാൻ നടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നീടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും (2) സീയോൻ

ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമെ
നീ തരും പേരെനിയ്ക്കെന്തിനായ് (2) സീയോൻ

സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നില്ക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
പാപവും ഭാരവും വിട്ടു ഞാൻ ഓടുമേ
നേരവും യേശുവേ നോക്കിടും (2) സീയോൻ

എന്നെ നേടിയ സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ (2) സീയോൻ

ബാലശിക്ഷ നൽകും എന്നപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞു പോയിടാ
നന്മയെ തൻകരം നൽകുമെന്നീശനിൽ
എൻമനം വിശ്രമം നേടിടും (2) സീയോൻ

# 73

ജീവിത യാത്രക്കാരാ-കാലടികൾ എങ്ങോട്ട്?
നാശത്തിൻ പാതയോ-ജീവന്റെ മാർഗ്ഗമോ?
ലക്ഷ്യം നിൻ മുൻപിലെന്ത്?

അൻപിൻരൂപി-യേശുനാഥൻ
നിന്നെ വിളിക്കുന്നില്ലേ

പോകല്ലേ നീ അന്ധനായി
ലോക സൗഭാഗ്യം തേടി

പൊന്നിൻ ചിറകു നിനക്കു മീതെ
കർത്തൻ വിരിച്ചതു കാണുന്നില്ലേ
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ–എൻ പൊൻമകനെ ജീവിത

വൈഷമ്യമാം മേടുകളിൽ
എങ്ങനെ നീ കടക്കും
എങ്ങനെ നീ യോർദ്ദാനിന്റെ
അക്കരെ ചെന്നു ചേരും

നിൻ തോണിയിൽ കർത്തനേശുവുണ്ടോ?
നിൻ നാവിൽ പ്രാർത്ഥനാ ഗാനമുണ്ടോ?
പുത്തൻ ഗാനാലാപം പാടി സ്തുതിച്ചീടാൻ
ഹൃത്തോടെ സ്വർഗ്ഗീയ ശാന്തിയുണ്ടോ? ജീവിത

# 74

സ്വർഗ്ഗത്തിന്റെ സ്നേഹമണിനാദത്തിൻ
മാറ്റൊലികൾ മുഴങ്ങുന്നില്ലേ
കാൽവറിയിലെ സ്നേഹക്കൊയ്ത്തതിൽ
ചേർത്ത കറ്റയിൽ, നീയും കാണുമോ
ആ കള്ളനെപ്പോലെ.....

മൂന്നു കാരിരുമ്പാണിമേൽ തൂങ്ങുന്ന
രക്ഷിതാവേ ഇക്ഷണം നോക്കു
സീയോൻ പുത്രി നിന്റെ നഗ്നത മറച്ചിടുവാൻ
നാഥൻ അങ്കികൾ ഓ ചീട്ടിട്ടെടുത്തു..... സ്വർഗ്ഗ

സ്നേഹരാജൻ പാദങ്ങൾ കഴുകുവാൻ നിൻ
കണ്ണുനീരാം തൈലമില്ലയോ
മഗ്ദലനമറിയയെപ്പോൽ നിൻ ജീവിതവും
തൈലക്കുപ്പി നീ ഇന്നുടച്ചീടുമോ?..... സ്വർഗ്ഗ

ഗോഗുൽത്തായിൻ പാതയിൽ നിരന്നു നിരന്നു
കേട്ടിടുന്ന സീയോൻമകളെ
ശാലേം പുത്രി എനിക്കായി നീ കരകവേണ്ട
കരയുമോ നീ നിനക്കായ്തന്നെ സ്വർഗ്ഗ

ചങ്കുപൊട്ടിക്കരയുക മനമേ
ലോക സ്നേഹം വെടിഞ്ഞിടുക

വേണ്ടലോക ഇമ്പമെനിക്ക് ഈ പാരിൻ
സൗഖ്യങ്ങൾ ഓ മതിയെനിക്ക്, എൻ നാഥൻ സഖിത്വം സ്വർഗ്ഗ

# 75

യേശുവേ നിന്റെ രൂപമീ എന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെപ്പോലെയാക്കണം മുഴുവൻ
യേശുവെ

സ്നേഹമാം നിന്നെക്കണ്ടവൻ പിന്നെ സ്നേഹിക്കാതെ ജീവിക്കുമോ
ദഹിപ്പിക്കണം എന്നെ അശേഷം സ്നേഹം നൽകണം എൻ പ്രഭോ
യേശുവെ

ദീനക്കാരെയും ഹീനന്മാരെയും ആശ്വസിപ്പിപ്പാൻ വന്നോനെ
ആനന്ദത്തോടു ഞാൻ നിന്നെപ്പോലെ കാരുണ്യം ചെയ്‌വാൻ നൽകുകേ
യേശുവെ

ദാസനെപ്പോലെ സേവയെ ചെയ്ത ദൈവത്തിൻ ഏകജാതനെ
വാസം ചെയ്യേണം ഈ നിൻവിനയം എന്റെ ഉള്ളിലും നാഥനേ
യേശുവെ

പാപികളുടെ വിപരീതത്തെ എല്ലാം സഹിച്ച കുഞ്ഞാടേ
കോപിപ്പാനല്ല ക്ഷമിപ്പാനുള്ള ശക്തി എനിക്കും നല്കുകേ
യേശുവെ

തന്റെ പിതാവിൻ ഹിതമെപ്പോഴും മോദമോടുടൻ ചെയ്തോനെ
എന്റെ ഇഷ്ടവും ദൈവ ഇഷ്ടത്തിനനുരൂപമാക്കേണമെ യേശുവെ

തിരുവെഴുത്തു ശൈശവം തൊട്ടു സ്നേഹിച്ചാരാഞ്ഞ യേശുവേ
ഗുരു നീ തന്നെ വചനം നന്നെ ഗ്രഹിപ്പിക്ക നിൻ ശിഷ്യനെ യേശുവെ

രാത്രിമുഴുവൻ പ്രാർത്ഥിച്ചുണർന്ന ഭക്തിയുള്ളൊരു യേശുവേ
പ്രാർത്ഥിപ്പാനായും ഉണരാനായും ശക്തിതരേണം എന്നുമേ യേശുവെ

ലോകസ്ഥാനങ്ങൾ സാത്താൻ മാനങ്ങൾ വെറുക്കും ദൈവവീരനേ
ഏകമാം മനം തന്നിട്ടെൻ ധനം ദൈവം താൻ എന്നോർപ്പിക്കുക
യേശുവെ

കൗശലങ്ങളും ഉപായങ്ങളും പകെക്കും സത്യരാജാവേ
ശിശുവിന്നുള്ള പരമാർത്ഥത എന്നിലും നിത്യം കാക്കുകേ യേശുവെ

ഇഹലോകത്തിൻ ചിന്തകൾ ഒട്ടും ഇല്ലാത്താശ്രിതവത്സലാ
മഹൽ ശക്തിയാം നിൻ ദൈവാശ്രയം കൊണ്ടെന്നുള്ളം ഉറപ്പിക്ക

മനുഷ്യരിലും ദൂതന്മാരിലും അതിസുന്ദരനായോനെ
അനുദിനം നിൻ ദിവ്യസൗന്ദര്യം എന്നാമോദമാകേണമേ യേശുവെ

# 76

എന്നുള്ളിലെന്നും വസിച്ചീടുവാൻ സ്വർഗ -
മണ്ഡപം വിട്ടിറങ്ങി - വന്ന
ഉന്നതനാം തങ്ക - പ്രാവെ നീ വന്നെന്നിൽ
എന്നുമധിവസിക്ക (2)

തങ്കച്ചിറകടി എത്ര നാൾ കേട്ടിട്ടും
ശങ്കകൂടാതെ നിന്നെ - തള്ളി
സങ്കേതം ഞാൻ കൊടു - ത്തന്യർക്കെന്നോർത്തിതാ
സങ്കടപ്പെട്ടീടുന്നു (2)

കർത്തനെ! എത്രയനുഗ്രഹങ്ങളയ്യോ
നഷ്ടമാക്കി ഈ വിധം - ഇന്നും
കഷ്ടത തന്നിൽ വ - ലയുന്നു ഞാനിതാ
തട്ടിയുണർത്തണമേ (2)

ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു - ദേവാ!
വന്നു പാർത്തു ശുദ്ധി ചെയ്തു നിൻ വീടിന്റെ
നിന്ദയകറ്റണമേ (2)

ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കും കർത്തനേ! - വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ
ജീവിപ്പിച്ചീടണമേ (2)

ശക്തിയിൻ സിംഹാസനമതിലേറി വ-
സിക്കുന്ന യേശുരാജൻ-എന്നിൽ
ശക്തിയോടെ വന്നു വാണിടും നേരത്തിൽ
ശക്തനായ് ജീവിക്കും ഞാൻ (2)

എന്നലങ്കാര വസ്ത്രം ധരിച്ചീടും ഞാൻ
ഇന്നു മുതൽ ദൈവമേ! - മേലാൽ
എന്നിൽ അശുദ്ധനും ചേലയില്ലാത്തോനും
ചേർന്നു വരികയില്ല (2)

ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ! വന്നെന്നിൽ - എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്ക (2)

## 77

ദൈവമേ, നിൻ അറിവാലെ ഹൃദയം നിറക്കുകേ
ജീവനാം നിൻ കൃപയാലെ ആത്മ കൺ തുറക്കുകേ

ദൈവജ്ഞാനം ശ്രേഷ്ഠദാനം ഭക്തൻ സത്യ സമ്പത്തും
വാഞ്ഛിക്കേണം കെഞ്ചിടേണം ക്രിസ്തുവിങ്കൽ കണ്ടെത്തും

ഒരു ബാലൻ തന്റെ പാത നിർമ്മലമാക്കീടുവാൻ
കരുതേണം നിൻ പ്രമാണം കാത്തുസൂക്ഷിച്ചീടുവാൻ ദൈവ

തേടിയോരു ശലോമോനും ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം കേട്ടു തൻ രഹസ്യത്തെ ദൈവ

ദൈവഭക്തിക്കടിസ്ഥാനം സത്യത്തിൻ പ്രകാശനം
ജീവശക്തി അതിൻ ദാനം ഫലം ദിവ്യസ്വാതന്ത്ര്യം ദൈവ

നടക്കുമ്പോൾ ഇടറാതെ ജ്ഞാനം കാൽകൾ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ ചുറ്റും കാവൽ നിന്നീടും ദൈവ

മണ്ണും പൊന്നും നീങ്ങിപ്പോകും കണ്ണിൻ മോഹം വാടുമോ
വിണ്ണിൻ ദാനം ആത്മജ്ഞാനം നിലനില്ക്കും എന്നുമേ ദൈവ

ദൈവമേ നിൻ വെളിപ്പാടിൻ ആത്മാവിങ്ങും നൽകുകേ
നിൻ പ്രകാശം അവകാശം ആക്കുവാൻ തന്നരുൾകേ ദൈവ

## 78

അൻപിൻ രൂപി യേശുനാഥാ-നിന്നിഷ്ടമെൻ ഇഷ്ടമാക്ക
കുരിശിൽ തൂങ്ങി മരിച്ചവനെ-എന്നെത്തേടി വന്നവനേ

മൃത്യുവിന്റെ താഴ്വരയിൽ-ഞാൻ തെല്ലും ഭയപ്പെടില്ല
പാതാളത്തെ ജയിച്ചവനെ-നിന്നിൽ നിത്യമാശ്രയിക്കും അൻപിൻ

എന്തു ഞാൻ നിനക്കു നൽകും-എന്നെ വീണ്ടെടുത്ത ദൈവമേ
ഏഴയായി ഞാൻ കിടന്നു-എന്നെ തേടി വന്നവനേ അൻപിൻ

നിന്മുഖത്ത് ഞാൻ നോക്കീടുന്നേ-വേറെയാരുമില്ലെനിക്ക്
ദേവാ നിൻ നിഴലിൻ കീഴിൽ-നിത്യം ചേർന്നു വസിച്ചീടും ഞാൻ
അൻപിൻ

എല്ലാം വെള്ളക്കുമളപോലെ-മാറി മാറി മറഞ്ഞീടുന്നു
ഈ ലോകത്തിൻ പ്രഭാവങ്ങൾ-എല്ലാം മായ മായ തന്നെ
അൻപിൻ

എൻ ഹൃദയത്തെ നീയെടുത്ത്-നിത്യം എന്നിൽ വസിച്ചീടേണം
എൻ സ്വന്തം യേശുവേ നീ താൻ-നിൻ സ്വന്തം ഞാനിന്നുമെന്നും
അൻപിൻ

ജീവനോ മരണമതോ–ഏതായാലും സമ്മതം താൻ
കുശവൻ കയ്യിൽ കളിമൺ പോൽ–ഗുരുവെ എന്നെ നല്കീടുന്നേ
അൻപിൻ

രോഗം നാശം നിന്ദ ദുഷി–വേറെ എന്തു വന്നാലും
വാഴും യേശുപാദത്തിൽ ഞാൻ മുത്തം ചെയ്യും അവന്റെ പാദം
അൻപിൻ

## 79

എൻ യേശു എൻ പ്രിയൻ എനിക്കുള്ളോൻ നീ
നിൻപേർക്കു വെടിയുന്നു പാപോല്ലാസം
എൻ കാരുണ്യ വീണ്ടെടുപ്പു രക്ഷ നീ
[എപ്പോൾ സ്നേഹിച്ചോ (ഞാൻ)] (3)
ആയതിപ്പോൾ തന്നെ

ഞാൻ സ്നേഹിക്കുന്നു നീ മുൻ സ്നേഹിച്ചെന്നെ
എൻ മോചനം വാങ്ങി നീ കാൽവറിയിൽ
ഞാൻ സ്നേഹിക്കുന്നു മുൾമുടി ഏറ്റതാൽ
[എപ്പോൾ സ്നേഹിച്ചോ (ഞാൻ)] (3)
ആയതിപ്പോൾ തന്നെ

ഞാൻ സ്നേഹിക്കും ജീവമരണങ്ങളിൽ
ഞാൻ ജീവിക്കും നാൾ എന്നും വാഴ്ത്തും നിന്നെ
എൻ ഗാനം അന്ത്യവായു പോകുമ്പോഴും
[എപ്പോൾ സ്നേഹിച്ചോ (ഞാൻ)] (3)
ആയതിപ്പോൾ തന്നെ

അനന്തപ്രമോദമോടെ സ്വർഗ്ഗത്തിൽ
വണങ്ങിക്കൊണ്ടാടും നിന്നെ എന്നേക്കും
ഞാൻ പാടീടും മിന്നും മുടിവെച്ചങ്ങു
[എപ്പോൾ സ്നേഹിച്ചോ (ഞാൻ)] (3)
ആയതിപ്പോൾ തന്നെ

## 80

യേശുവെപ്പോലെ ആകുവാൻ യേശുവിൻ വാക്കു കാക്കുവാൻ
യേശുവേ നോക്കി ജീവിപ്പാൻ ഇവയെ കാംക്ഷിക്കുന്നു ഞാൻ

ഉറപ്പിക്കന്നെയെൻ നാഥാ! നിറയ്ക്കയെന്നെ ശുദ്ധാത്മാ
ക്രിസ്തൻ മഹത്വത്താലെ ഞാൻ – മുറ്റും നിറഞ്ഞു ശോഭിപ്പാൻ

പ്രാർത്ഥനയാൽ എപ്പോഴും ഞാൻ ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക എന്റെ മഹാ പുരോഹിതാ! ഉറപ്പി

വാഗ്ദത്തമാം നിക്ഷേപം ഞാൻ ആകെഎൻ സ്വന്തമാക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ! പൂർണ്ണ വിശ്വാസത്തെയും താ ഉറപ്പി

ഭീരുത്വത്താൽ അനേകരും തീരെ പിന്മാറി ഖേദിക്കും
ധീരത നല്കുകേശുവേ വീരനാം സാക്ഷിയാക്കുക ഉറപ്പി

വാങ്ങുകയല്ല ഉത്തമം താങ്ങുക ഏറെ ശുദ്ധമാം
എന്നും നിന്നോടുകൂടെ ഞാൻ എണ്ണുവാൻ ജ്ഞാനം നല്കണം ഉറപ്പി

തേടുവാൻ നഷ്ടമായതും നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ വന്നുനിന്നഗ്നി കത്തിക്ക ഉറപ്പി

കഷ്ടതയിലും പാടുവാൻ നഷ്ടമതിൽ കൊണ്ടാടുവാൻ
ശക്തിയരുൾക നാഥനെ ഭക്തിയിൽ പൂർണ്ണനാക്കുക ഉറപ്പി

യേശുവിൻ കൂടെ താഴുവാൻ യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ ഇവയെ കാംക്ഷിക്കുന്നു ഞാൻ ഉറപ്പി

# 81

സ്നേഹത്തിൻ ഇടയനാം യേശുവേ
വഴിയും സത്യവും നീ മാത്രമേ
നിത്യമാം ജീവനും ദൈവപുത്രാ നീയല്ലാതാരുമില്ല

യേശുനാഥാ! ഞങ്ങൾക്കു നീയല്ലാതാരുമില്ല
യേശുനാഥാ! നീയല്ലാതാരുമില്ല

പാപികൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾ പെട്ടതും ആർ നായകാ, നീയല്ലാതാരുമില്ല യേശു

നീക്കീടുവാൻ എല്ലാ പാപത്തേയും
പോക്കീടുവാൻ സർവ്വശാപത്തേയും
കോപാഗ്നിയും കെടുത്തീടാൻ
കർത്താ നീയല്ലാതാരുമില്ല യേശു

അറിവാൻ സ്വർഗ്ഗപിതാവിനെയും
പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ല നാഥാ – നീയല്ലാതാരുമില്ല യേശു

സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ മഹാക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ നീയല്ലാതാരുമില്ല യേശു

സത്യവിശ്വാസത്തെ കാത്തീടുവാൻ
നിത്യം നിൻ കീർത്തിയെ പാടീടുവാൻ
ഭക്തന്മാരിൽ കൃപ തന്നീടുവാൻ - നീയല്ലാതാരുമില്ല യേശു

ദൈവമഹത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾ പാടീടും നാഥാ - നീയല്ലാതാരുമില്ല യേശു

# 82

എൻ രക്ഷകാ! എൻ ദൈവമേ! നിന്നിലായ നാൾ ഭാഗ്യമേ
എന്നുള്ളത്തിൻ സന്തോഷത്തെ-എന്നും ഞാൻ കീർത്തിച്ചീടട്ടെ

ഭാഗ്യനാൾ-ഭാഗ്യനാൾ-യേശു എൻ പാപം തീർത്തനാൾ
കാത്തുപ്രാർത്ഥിക്കാറാക്കിതാൻ ആർത്തു
ഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ-ഭാഗ്യനാൾ-യേശു എൻ പാപം തീർത്തനാൾ.

വൻക്രിയ എന്നിൽ നടന്നു-കർത്തനെന്റെ ഞാനവന്റെ
താൻ വിളിച്ചു ഞാൻ പിൻചെന്നു-സ്വീകരിച്ചു തൻ ശബ്ദത്തെ ഭാഗ്യ

സ്വസ്ഥമില്ലാത്ത മനമേ! കർത്തനിൽ നീ ആശ്വസിക്ക
ഉപേക്ഷിയാതെ അവനെ-തൻ നന്മകൾ സ്വീകരിക്ക ഭാഗ്യ

സ്വർപ്പുരമീ കരാറിനും-സാക്ഷി നിൽക്കുന്നെൻ മനമേ
എന്നും എന്നിൽ പുതുക്കുന്നു-നൽമുദ്ര നീ ശുദ്ധാത്മാവേ ഭാഗ്യ

സൗഭാഗ്യം നൽകും ബാന്ധവം - വാഴ്ത്തും ജീവകാലമെല്ലാം
ക്രിസ്തേശുവിൽ എൻ ആനന്ദം-പാടും ഞാൻ അന്ത്യകാലത്തും ഭാഗ്യ

# 83

(അൻപുടയോനേ - എന്ന രീതി)

കർത്താവെ എൻ പ്രാർത്ഥനയാൽ
സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെ എന്നുള്ളിൽ
നന്നായൊന്നു പുതുക്കണമെ.

ആ വിമലാത്മാവെന്നുള്ളിൽ
ദിവസം പ്രതി പാർത്തീടണമെ
മൗനം ദീക്ഷിക്കാതെ സമാ
ധാനത്തോടതു വാഴണമെ.

കൃപയുള്ളോനെ റൂഹായെ
വീണ്ടും പുതുതാക്കണമെന്നിൽ
അതു നിൻ ഹിതമെന്നെക്കാണി
ച്ചമല മനസ്സിൽ പാർക്കണമെ.

# 84

(അൻപുടയോനേ - എന്ന രീതി)

എന്നാത്മാവിൻ ക്ഷീണത്തെ
എൻ നാഥാ നീ നീക്കണമെ
കന്യകമറിയാമിൻ മകനെ
കരുണ ചൊരിഞ്ഞീടണമെന്നിൽ

ഐഹിക നേട്ടത്തിനു പകരം
നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീ ലോകം
നിരസിപ്പാനും കൃപ ചെയ്ക

അന്ത്യദിനത്തിൽ നാഥാ നീ
സന്തോഷിപ്പിക്കണമെന്നെ
ആത്മശരീര മനസ്സുകൾ നിൻ
സ്തുതി പാടുന്നു കനിയണമെ

# 85

യേശു എൻ ഉള്ളത്തിൽ വന്ന നാളിൽ
എന്തു മാറ്റം വന്നു എന്നിൽ
തന്നെ ഞാനുള്ളത്തിലേറ്റതാലേ
എന്തു മോദം വന്നു എന്നിൽ

വൻവിനകൾ തൻ നടുവിൽ സഹായമേകി
എന്റെ പാപശാപമെല്ലാം തന്മേലേറ്റി
ക്രൂശിൽ തൻ ചോര എൻ പേർക്കായൂറ്റി
എന്തു മാറ്റം വന്നു എന്നിൽ (2) യേശു

ഇജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുറ്റും
സ്വന്തമാക്കി എന്റെ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ ബന്ധമേകി
എന്തു മാറ്റം വന്നു എന്നിൽ (2) യേശു

പൊൻ നിണം തന്നെൻ വിലയായ് വീണ്ടുകൊൾവാൻ

എന്നുമെന്നും ഞാനവന്റേതുതൊന്നുമാത്രം
ദേഹമെൻ ദേഹിയെന്നാത്മാവും
എന്തു മാറ്റം വന്നു എന്നിൽ (2) യേശു

എൻ വഴിയിൽ ദുർഘടങ്ങൾ എല്ലാം നീങ്ങി
എന്റെ ആശ എന്റെ ലാക്കും ഒന്നുമാത്രം
ഇല്ലിനീം മൃത്യുവിൻ ഭീതിയെന്നിൽ
എന്തു മാറ്റം വന്നു എന്നിൽ (2) യേശു

രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ കണ്ടിടാറായ്
എന്നുമെൻ ഗാനമിതൊന്നു മാത്രം
എന്തു മാറ്റം വന്നു എന്നിൽ (2) യേശു

## 86

ജീവന്റെ ഉറവിടം ക്രിസ്തുവത്രെ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രെ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു (2)

താഴ്ചയിലെനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗ സന്തോഷത്താൽ (2) ജീവന്റെ ഉറവിടം

കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപ മനഃശാന്തിയതും (2) ജീവന്റെ ഉറവിടം

നമുക്കു മുൻ ചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതി സന്തോഷത്താൽ (2) ജീവന്റെ ഉറവിടം

## 87

(അൻപുടയോനേ - എന്ന രീതി)

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്ക് സുഗന്ധമതായ്
അർപ്പിപ്പാനും കൃപ ചെയ്ക

എൻ നാഥാ നിൻ തിരുമുമ്പിൽ
ആത്മശരീര മനസ്സുകളെ
ശോഭ കലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമെ.

ആത്മ ശരീര മനസ്സുകളാം
എന്നുടെ തിരുമുൽക്കാഴ്ചകളെ
താതസുതാശ്വാസപ്രദനെ
അൻപോടു കൈക്കൊണ്ടീടണമെ.

# 88

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയും ഇന്നും എന്നും അനന്യനവൻ (2)

ഭാരം ഉള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
സാരമില്ലെന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും എന്നും

സംഭവങ്ങൾ കേൾക്കവേ കമ്പം ഉള്ളിൽ ചേർക്കവേ
തമ്പുരാന്റെ തിരുവചനം ഓർക്കവേ പോം ആകവേ എന്നും

ഉലകവെയിൽ കൊണ്ടു ഞാൻ വാടി വീഴാതോടുവാൻ
തണലെനിക്കു നൽകീടുവാൻ വലഭാഗത്തായുണ്ടു താൻ എന്നും

രാവിലും പകലിലും ചേലോടു തൻ പാലനം
ഭൂവിലെനിക്കുള്ളതിനാൽ മാലിനില്ല കാരണം എന്നും

# 89

നിൻ സന്നിധി-മതി-ഹാ-യേശുവേ
നിൻ പ്രസാദം മതി-ഈ-എനിക്കു
വൻ ദുഃഖങ്ങളിലും-നിൻ-സന്നിധി-മതി
നിൻ സന്നിധി മതി-ഇന്നും-എന്നും

ഭൂമിയിളകിലും-മാ-സമുദ്രം
കോപിക്കിലും ഭയം-ഇല്ലെനിക്ക്
അന്നു നിൻ കൈമതി-നിൻ-സന്നിധി മതി
നിൻ സന്നിധി മതി-ഇന്നും-എന്നും

ലോകത്തിലേകനായ് തീരുകിലും
രോഗത്താൽ ബാധിതൻ ആ-യീടിലും
തൃക്കണ്ണെന്മേൽ മതി-നിൻ സന്നിധി മതി
നിൻ സന്നിധി മതി-ഇന്നും-എന്നും

ആയിരം ആയിരം വൈരികളാൽ

ആവൃതനാകിലും-ഞാൻ ഭ്രമിക്കാ
നീയെൻ പക്ഷം മതി-നിൻ സന്നിധി മതി
നിൻ സന്നിധി മതി-ഇന്നും-എന്നും

## 90

എന്തു നല്ലോർ സഖി യേശു പാപ ദുഃഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു ചൊല്ലീടുമ്പോൾ താൻ കേൾക്കും
നൊമ്പരമേറെ സഹിച്ചു സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു ചൊല്ലീടായ്ക നിമിത്തം

കഷ്ടം ശോധനകളുണ്ടോ എവ്വിധ ദുഃഖങ്ങളും
ലേശവുമധൈര്യം വേണ്ടാ ചൊല്ലാം യേശുവോടെല്ലാം
ദുഃഖം സർവ്വം വഹിക്കുന്ന മിത്രം മറ്റാരുമുണ്ടോ
ക്ഷീണമെല്ലാം അറിയുന്ന യേശുവോടു ചൊല്ലീടാം

ഉണ്ടോ ഭാരം ബലഹീനം തുമ്പങ്ങളും അസംഖ്യം
രക്ഷകനല്ലോ സങ്കേതം യേശുവോടറിയിക്കാം
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ പോയ് ചൊല്ലേശുവോടെല്ലാം
ഉള്ളം കയ്യിൽ ഈശൻ കാക്കും അങ്ങുണ്ട് ആശ്വാസമെല്ലാം

## 91

ലോക ശോക സാഗരെ നീ മുങ്ങുമ്പോൾ
ആകുലപാത്രവാനായ് നീ തീരുമ്പോൾ
കർത്തൻ വർഷിപ്പിക്കും അനുഗ്രഹങ്ങൾ
എത്ര എന്നു ചിന്തിച്ചേറ്റം മോദിക്ക

എത്രമോദമുണ്ടിന്നേരത്തിൽ
ദൈവത്തിൻ കരുണയോർക്കുമ്പോൾ
ഉല്ലസിക്കാം ഭാരവാഹിയേ
ഈശൻ ഏറ്റം കരുതുന്നു നിനക്കായ്

പ്രാപഞ്ചിക ചിന്തയാൽ വലയുന്നോ
ക്രൂശു വഹിപ്പാനേറ്റം പ്രയാസമോ
സന്ദേഹം വേണ്ട നീ കാണും ആശ്വാസം
ഇന്നേരം രക്ഷകൻ പാദം ചേർന്നീടിൻ എത്ര

നശ്വരമാം ധനത്തെ നീ കാണുമ്പോൾ
ലേശം വിഷാദം അസൂയയും വേണ്ടാ
ശാശ്വതം നിൻ സ്വർഗ്ഗത്തിലെ നിക്ഷേപം
യേശു വാഗ്ദത്തം ചെയ്തല്ലോ നിനക്കായ് എത്ര

കല്ലോല തുല്യമാം അല്ലൽ വന്നീടിൽ
തെല്ലും ഭീതി വേണ്ടല്ലോ മനതാരിൽ
കർത്തൻ നൽകും ആശിസ്സുകൾ ഓർത്തേവം
സ്വർഗ്ഗം ചേരും നേരം വരെ മോദിക്ക എത്ര

## 92

നിന്റെ ഹിതം പോലെയെന്നെ – നിത്യം നടത്തീടേണമേ
എന്റെ ഹിതം പോലെ അല്ലേ
എൻ പിതാവേ എൻ യഹോവേ നിന്റെ

ഇമ്പമുള്ള ജീവിതവും ഏറെ ധനമാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും – ചോദിക്കുന്നില്ലേ അടിയാൻ നിന്റെ

നേരു നിരപ്പാം വഴിയോ നീണ്ട നടയോ കുറുതോ
പാരം കരഞ്ഞോടുന്നതോ – പാരിതിലും ഭാഗ്യങ്ങളോ നിന്റെ

അന്ധകാരം ഭീതികളോ – അപ്പനെ പ്രകാശങ്ങളോ
എന്തു നീ കൽപ്പിച്ചിടുന്നോ – എല്ലാം എനിയ്ക്കാശീർവാദം നിന്റെ

ഏതു ഗുണമെന്നറിവാൻ – ഇല്ല ജ്ഞാനം എന്നിൽ നാഥാ
നിൻ തിരുനാമം നീതി മാർഗ്ഗത്തിൽ തിരിച്ച് നിന്റെ

അഗ്നിമേഘത്തൂണുകളാൽ – അടിയനെ എന്നും നടത്തി
അനുദിനം കൂടെയിരുന്നു – അപ്പനെ! കടാക്ഷിക്കുക നിന്റെ

## 93

ഒന്നും ഭയപ്പെടേണ്ടാ നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ ആയുസ്സിൻ കാലത്തിൽ;
ഞാൻ ചെയ്തീടുന്നതു നീ അറിഞ്ഞീടായ്കിലും
നിന്നരികിൽ വരുവാൻ ഞാൻ താമസിക്കിലും

ഒന്നും ഭയപ്പെടേണ്ടാ നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ ആയുസ്സിൻ കാലത്തിൽ

ലോകാന്ധകാരത്തൂടെ നീ സഞ്ചരിക്കെ നിൻ
കാൽ വഴുതീടാ നിന്റെ നിത്യപ്രകാശം ഞാൻ
വെള്ളങ്ങളിൽ കൂടെ നീ പോകുന്ന നേരത്തിൽ
പ്രളയങ്ങൾ നിന്മീതെ കവിഞ്ഞൊഴുകുമ്പോൾ ഒന്നും

ആകാശവും ഭൂമിയും ഒഴിഞ്ഞു പോകിലും
എൻ വാക്കുകൾ ഒഴിഞ്ഞുപോകാ ഒരുനാളും
ഞാൻ ഇന്നലെയും ഇന്നും എന്നേയ്ക്കും ഞാൻ തന്നേ
കൈവിടുകയില്ലാ ഞാൻ ഒരിക്കലും നിന്നെ ഒന്നും

## 94

അനുഗ്രഹത്തിൻ അധിപതിയേ
അനന്തകൃപ പെരും നദിയേ
അനുദിനം നിൻ പദംഗതിയേ
അടിയാനു നിൻ കൃപമതിയേ

വൻവിനകൾ വന്നീടുകിൽ – വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീ എന്നഭയം – വന്നീടുമോ പിന്നെ ഭയം   അനുഗ്രഹത്തിൻ

തന്നുയിരേ പാപികൾക്കായ് – തന്നവനാം നീയിനിയും
തള്ളീടുമോ ഏഴയെന്നെ – തീരുമോ നിൻ സ്നേഹമെന്നിൽ   അനുഗ്രഹ...

തിരുക്കരങ്ങൾ തരുന്ന – നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ –സ്നേഹത്തിൻ പ്രകാശനങ്ങൾ   അനുഗ്രഹ...

പാരിടമാം പാഴ്മണലിൽ – പാർത്തിടും ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ – മറഞ്ഞിടും നിൻ മാർവ്വിടത്തിൽ   അനുഗ്രഹ...

## 95

കഷ്ടതയിൽ എന്റെ ശൈലവും–കോട്ടയുമായ് ക്രിസ്തു ഉള്ളതാൽ
അൽപവും ഞാൻ ശങ്കിക്കയില്ല–രക്ഷകൻ എൻ നൽ സഹായകൻ

യേശുവോടറിയിക്കും ഞാൻ–എൻ ദുഃഖം സങ്കടമെല്ലാം
എൻ പിതാവു തീർത്തീടും സർവ്വം – ഞാൻ അവന്റെ
സ്വന്തമാകയാൽ

നീതിമാന്റെ സന്തതികളോ–അപ്പം അവർ യാചിക്കുന്നില്ല
പോഷിപ്പിക്കും ദൈവം അവരെ–ക്ഷാമകാലെ ക്ഷേമമോടെതാൻ

ദൈവമെന്റെ ബുദ്ധിമുട്ടുകൾ–തേജസ്സേറും മഹത്വമോടെ
തൻ ധനത്തിനൊത്തവണ്ണമായ്– പൂർണ്ണമായി തീർത്തു തന്നീടും

വൻ ധനം അതോടുകൂടെയും – കഷ്ടതയും ഉള്ളതിനേക്കാൾ
കർത്തനോടുകൂടെ ഉള്ളതാം–അല്പധനം ഏറ്റം ഉത്തമം

## 96

കർത്തൻ എന്നെ നടത്തുന്നു
എത്ര ഭാഗ്യം സ്വർഗ്ഗാശ്വാസം
എല്ലാറ്റിലും എവിടെയും
തൻ കൈ തന്നെ നടത്തുന്നു

നടത്തുന്നാൻ–നടത്തുന്നാൻ
തൻ കയ്യാൽ മാം നടത്തുന്നാൻ

തൻ പിൻഗാമിയായിടും ഞാൻ
തൻ കയ്യാൽ മാം നടത്തുന്നാൻ

അതിദുഃഖ മദ്ധ്യത്തിലും
ഏദൻ ഭാഗ്യ നിറവിലും
ശാന്തത്തിൽ താൻ– വൻ കാറ്റിൽ താൻ
തൻ കൈ തന്നെ നടത്തുന്നു നടത്തുന്നാൻ

കർത്താ നിൻ കൈ പിടിക്കും ഞാൻ
പശ്ചാത്താപപ്പെടാ പിന്നെ
എന്നംശത്തിൽ തൃപ്തിപ്പെടും
എൻ ദൈവം താൻ നടത്തുന്നു നടത്തുന്നാൻ

ലോകെ എന്റെ വേല തീർത്തു
നിൻ കൃപയാൽ ജയം നേടി
മൃത്യുകാലം പേടിക്കാ ഞാൻ
യോർദ്ദാനിൽ നീ നടത്തുന്നു നടത്തുന്നാൻ

# 97

എന്റെ ദൈവം മഹത്വത്തിൽ – ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ – ഏതും
കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു (2)

വൈഷമ്യമുള്ളേതു കുന്നും കര കേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായ് – തീർന്നെൻ
പാതയിൽ ഞാൻ മാനിനെപ്പോലോടീടും (2)

ആരുമെനിക്കില്ലെന്നോ ഞാൻ – ഏകനായിത്തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ – സാധു
അന്ധനായി തീർന്നിടല്ലേ ദൈവമേ (2)

എന്റെ നിത്യസ്നേഹിതന്മാർ ദൈവദൂത സംഘമത്രെ
ഇപ്പോളവർ ദൈവമുൻപിൽ സേവയാം – എന്നെ
കാവൽ ചെയ്തു ശുശ്രൂഷിപ്പാൻ വന്നീടും (2)

ദുഃഖിതനായ് ഓടിപ്പോയ് ഞാൻ – മരുഭൂവിൽ കിടന്നാലും
എന്നെ ഓർത്തു ദൈവദൂതർ വന്നീടും – ഏറ്റം
സ്നേഹചൂടോടപ്പവുമായി വന്നീടും (2)

നാളെയെക്കൊണ്ടെൻ മനസ്സിൽ – ലവലേശം ഭാരമില്ല
ഓരോ നാളും ദൈവമെന്നെ പോറ്റുന്നു – തന്റെ
കൈകളിൽ ഞാൻ ദിനം തോറും ചാരുന്നു (2)

പക്ഷികളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു – ലില്ലി
പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു (2) എന്റെ ദൈവം

## 98

കരുണക്കടലേ ഞാൻ നോക്കും
ദേവതനയാ എൻ പാപം, പെരുകി പിഴകൾ
വർദ്ധിച്ചയ്യയ്യോ നീ

കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പാൽ വെണ്മ പിതൃസ്നേഹത്താൽ
യാചിക്കുന്നേൻ ഞാൻ

ഹസിക്കരുതേ എന്നെ വൈരി
തേറും നരരിൽ ദൂതന്മാർ പ്രീതന്മാരായ്
തീർന്നിവ ചൊല്ലട്ടെ

അനുതാപികളിൽ തൻ വാതിൽ
രാപകലിങ്ങു തുറന്നീടും ഹാലേലൂയ്യാ
നാഥസ്തുത്യൻ നീ

നോക്കണമെൻ ദുരിതം നാഥാ
പലതര ദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു
ശരണമെനിക്കില്ല

വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വൃണമോ കഠിനം

നൽവൈദ്യാ നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നോൻ സുഖമേൽക്കും നൂനം

തിരു ജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലുയ്യാ
പൊറുക്കണമെൻ പിഴകൾ

എൻപാപത്തിൽ ഞാൻ ചാകാ
നിടയാകരുതയ്യൊ നാഥാ എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ

അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല

ശെമഓൻ തൻഭവനേ വന്ന
പാപസ്ത്രീപോലിരുതുള്ളി കണ്ണീർ
കൊണ്ടെന്മേൽ ദയ തോന്നണമേ

തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലൂയ്യാ
പൊറുക്കണമെൻ പിഴകൾ

രക്ഷകാനാദം ഹാ ഹൃദ്യം
ചെന്നാൻ പാപികളെ വരുവിൻ, സുവിശേഷത്തിൽ
വാണിടുവിൻ മോദം

മരുവിൽ വിതച്ചീടും സാക്ഷാൽ
കർഷകനും റൂഹാത്മകമാം, വാനവുമുയിരിൻ
മാരിയുമത്രെ ഞാൻ

ദാഹാർത്തന്മാരെൻ പക്കൽ
ജീവജലം പാനം ചെയ്ത് ഹാലേലൂയ്യ
മോചനമേൽക്കട്ടെ.

# 99

യേശു എന്നടിസ്ഥാനം – ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൽ കണ്ടേൻ ഞാനും

എത്ര മധുരമവൻ – നാമമെനിക്കു പാർത്താൻ
ഓർത്തുവരുന്തോറുമെൻ ആർത്തി മാഞ്ഞു പോകുന്നു യേശു

ദുഃഖം ദാരിദ്ര്യമെന്നിവയ്ക്കുണ്ടോ ശക്തിയെന്മേൽ
കൈക്കു പിടിച്ചു നടത്തിക്കൊണ്ടു പോകുന്നവൻ യേശു

രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കീടാൻ യേശു

പാപത്താലെന്നിൽ വന്ന ശാപക്കറകൾ നീക്കി
ശോഭിത നീതി വസ്ത്രം ആഭരണമായ് നൽകും യേശു

വമ്പിച്ച ലോകത്തിര – കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ – അമ്പോടെന്നെ നടത്തും യേശു

ലോകമെനിക്കു വൈരി – ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ – ഏതും ഭയപ്പെടാ ഞാൻ യേശു

വെക്കം തൻ മണവാട്ടി ആക്കീടുമെന്നെയെന്നു
വാക്കുണ്ടെനിക്കു തന്റെ നീക്കമില്ലതിനൊട്ടും യേശു

# 100

സുഖകാലത്തിലും ദുഃഖവേളയിലും
അകലാത്ത നൽ സ്നേഹിതനെ
യേശുവെ തിരുപ്പാദത്തിൽ കാത്തിരിക്കെ
എന്തു മോദം ഹൃദന്തം വരും

പാപലോകത്തിൻ ശാപദോഷങ്ങൾ
പാടെ നീക്കാനായ് വന്നിങ്ങു രക്ഷകൻ
സംഭ്രമത്തിലും സംശയത്തിലും
സങ്കടത്തിലും പ്രത്യാശ നൽകുന്നോൻ സുഖ

ഏതു നേരത്തും ഏകചിന്തയാൽ
ഏവരും ചേർന്നു സ്തോത്രങ്ങൾ അർപ്പിക്കാം
ഭക്തി പാലിക്കാൻ ശക്തി പ്രാപിക്കാൻ
മുക്തി തേടിടാൻ പരിശുദ്ധനെ തേടാം സുഖ

ഹൃത്തടങ്ങളാം കൈവിളക്കുകൾ
കത്തി ശോഭിപ്പാൻ കരുതണം എണ്ണയെ
നിദ്രമാറ്റേണം ആ ഭദ്രദീപങ്ങൾ
നിത്യം മിന്നേണം മണവാളനെത്തുമ്പോൾ സുഖ

# 101

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം

പാപപരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യ നാമം...... ശ്രീയേശു

എണ്ണമില്ലാ പാപം എന്നിൽ നിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം........
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മായ്ച്ചു തന്ന
ഉന്നതന്റെ വന്ദ്യനാമം ശ്രീയേശു

ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ടരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം....... ശ്രീയേശു

എല്ലാ നാമത്തിനും മേലായ നാമം
ഭക്തർജനം വാഴ്ത്തും നാമം

എല്ലാ മുഴങ്കാലും മടങ്ങിടും തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ശ്രീയേശു

# 102

എനിക്കായ് കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചീടുമ്പോൾ
എനിക്കായ് കരുതുവാൻ ഇഹത്തിലില്ലേ ഒന്നും
ചുമത്തുന്നെൻ ഭാരമെല്ലാം നിന്റെ ചുമലിൽ.

കാക്കളെ നോക്കിടുവിൻ വിതക്കുന്നില്ല
കൊയ്തു കളപ്പുരയൊന്നും നിറയ്ക്കുന്നില്ല
വയലിലെത്താമരകൾ വളരുന്നല്ലോ-എന്നും
വാനിലെ പറവകൾ പുലരുന്നല്ലോ എനിക്കായി

ഭക്ഷണമെന്നിയേ വാടിക്കുഴഞ്ഞീടുമ്പോൾ
ഭക്ഷണമായ് കാകനെന്റെ അരികിൽ വരും
അപ്പവുമിറച്ചിയുമായ് കരത്തിൽത്തരും
ജീവ-ഉറവയിൻ തോടെനിക്കു ദാഹം തീർത്തീടും എനിക്കായി

ശത്രു ഭീതി കേട്ടു തെല്ലും നടുങ്ങീടിലും
ചൂരച്ചെടി തണലതിൽ ഞാനുറങ്ങീടിലും
വന്നുണർത്തിത്തരും ദൂതർ കനലടകൾ
തന്നു-തൃപ്തരാക്കി നടത്തിടും ദിനംദിനമായ് എനിക്കായ്

ക്ഷാമമേറ്റ സാരെപ്ത ഞാൻ സഹിച്ചീടിലും
മരിക്കുവാൻ ഒരുക്കമായ് ഇരുന്നീടിലും
കലത്തിലെ മാവു ലേശം കുറയുകയില്ല-എന്റെ
കലത്തിലെണ്ണ കവിഞ്ഞൊഴുകീടുമേ എനിക്കായ്

നെഞ്ചമേ നിൻ ചഞ്ചലങ്ങൾ ഒന്നും വേണ്ട
പഞ്ചമുറിവേറ്റ നാഥൻ തഞ്ചമേകീടും
പിഞ്ചുപോകില്ലൊരു നാളും തൻ കരുണകൾ
ഓർത്തു പുഞ്ചിരി തൂകിടുക നീ എന്നും മനമേ എനിക്കായി

# 103

മനമേ ചഞ്ചലമെന്തിനായ്?
കരുതാൻ വല്ലഭനില്ലയോ ജയവീരനായ്? ആ-ആ-ആ
മനമേ ചഞ്ചലമെന്തിനായ്?

നാളയെ നിനച്ചു നടുങ്ങേണ്ട-ദുഃഖ
വേളകൾ വരുമെന്ന് കലങ്ങേണ്ട

കാലമെല്ലാമുള്ള മനുവേലൻ
കരുതാതെ കൈവിടുമോ? ആ-ആ-ആ മനമേ

വാനിലെ പറവകൾ പുലരുന്നു-നന്നായ്
വയലിലെ താമര വളരുന്നു
വാനവ നായകൻ നമുക്കേതും
നൽകാതെ മറന്നീടുമോ? ആ-ആ-ആ മനമേ

കൈവിടുകയില്ലിനിയൊരു നാളും-എന്ന്
വാക്കു പറഞ്ഞവൻ മാറിടുമോ?
വാനവും ഭൂമിയും പോയാലും
വാഗ്ദത്തം സുസ്ഥിരമായ് ആ-ആ-ആ മനമേ

മുന്നമെ ദൈവത്തിൻ രാജ്യവും-നാം അതിൽ
ഉന്നത നീതിയും തേടീടേണം.
തന്നീടും നായകൻ അതിനോടെ
അന്നന്നു വേണ്ടതെല്ലാം. ആ-ആ-ആ മനമേ

നിൻ വഴി ദേവനെ ഭരമേല്പിക്കുക
നിർണ്ണയമവനതു നിറവേറ്റും
ഭാരം യഹോവയിൽ വച്ചീടുകിൽ
നാൾ തോറും പുലർത്തുമവൻ. ആ-ആ-ആ മനമേ

വരുവാൻ കാലമടുത്തല്ലോ-അവൻ
ഒരുക്കിയ വീട്ടിൽ നാം ചേർന്നീടുവാൻ
ഒരുനാളും ഇനി പിരിയാതെ
മരുവും നാമാനന്ദമായ്. ആ-ആ-ആ മനമേ

# 104

എന്റെ യേശു എനിക്കു നല്ലവൻ
അവനെന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമേ! അവൻ മതിയായവൻ എന്റെ

കാൽവറിമലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നതിനാൽ എന്റെ

അവനാദ്യനും അന്ത്യനുമേ
ദിവ്യസ്നേഹത്തിന്നുറവിടമേ

പതിനായിരത്തിൽ അതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ എന്റെ

മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനു നിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിത്തൂണായ്
എന്നെ അനുദിനം വഴി നടത്തും എന്റെ

എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും എന്റെ

# 105

(എന്റെ ദൈവം മഹത്വത്തിൽ – എന്ന രീതി)

കഷ്ടതകൾ ദൈവമേ! എന്നവകാശം തന്നെയല്ലോ
വിശ്വസിപ്പാൻ മാത്രമല്ല നൽവരം
തങ്ക കഷ്ടതകൾ സഹിപ്പാനും പ്രാപ്തിതാ.

ക്രൂശിന്മേൽ ഞാൻ കാണുന്നൊരു മഹൽക്കാഴ്ച എന്റെ പ്രിയൻ
കഷ്ടതകൾ സഹിച്ചയ്യോ ചാകുന്നു
എന്നെ–പൊൻ കിരീടം ധരിപ്പാനാകുന്നു.

ഭക്തിക്കതിശക്തിയെന്നിൽ കഷ്ടതകൾ വർദ്ധിക്കുമ്പോൾ
ഹാ–എനിക്കെന്താനന്ദം എൻ കഷ്ടങ്ങൾ
ദൈവസന്നിധിയിൽ ശോഭയെനിക്കേറുന്നു.

ഭക്തനായ യോബ് പല കഷ്ടനഷ്ടം സഹിച്ചതാൻ
ഭാഗ്യവാനായ് തീർന്നവൻ തൻ ആയുസ്സിൽ
എല്ലാം ഇരട്ടിയായി പിന്നെ നാഥൻ നൽകിയെ.

മേശെ ഫറോൻ വീടു വീട്ടു കഷ്ടതകൾ പിന്തുടർന്നു
യിസ്രായേലിൻ രക്ഷിതാവായ് തീർന്നവൻ
ദൈവ–പുത്രനോടു കൂടെ നില്പാൻ യോഗ്യനായ്.

മിസ്രനാട്ടിൽ അല്പകാലം യോസഫെന്തു ഖിന്നനായ്
ദൈവമോ തൻ പൈതലിനെ ഓർത്തല്ലോ
അവൻ ഫറോരാജൻ മന്ത്രിയായിത്തീർന്നല്ലോ.

രൂത്തു മഹാദാരിദ്ര്യത്തിൽ അമ്മയെ താൻ ശുശ്രൂഷിച്ചു
ബേത്‌ലഹേമിൽ സാധുവായ് പാർത്തവൾ
വേഗം—ബോവാസിന്റെ കാന്തയായി ശോഭിച്ചു.

വിശ്വാസത്തിൽ വീരനായ ഏലിയാവും സറെപ്തയിൽ
വിധവയോടൊപ്പം ഇരുന്നില്ലയോ?
എന്നാൽ-ജീവനോടെ മഹത്വത്തിൽ പോയവൻ.

വിശ്വാസികൾക്കാർക്കും ലോകം യോഗ്യമായി തീർന്നിട്ടില്ല
കഷ്ടതകൾ ദൈവം അവർക്കേകുന്നു,
മഹാ-ഭാഗ്യദേശം അവർക്കായി നൽകുന്നു

സ്വർപുരത്തിൽ കേൾക്കുന്നൊരു മഹാശബ്ദം പറയുന്നു
നഷ്ടമേറെ സഹിച്ചിങ്ങു വന്നിവർ
അവർ-ശോഭിതരായ് ദൈവ മുമ്പിൽ നില്ക്കുന്നു.

# 106

(ജീവന്റെ ഉറവിടം ക്രിസ്തുവത്രെ - എന്ന രീതി)

രോഗിയ്ക്കു വൈദ്യൻ യേശുവത്രേ
ആശയും അഭയവും അവൻ തന്നെ
അവന്നരികെ ഞാൻ പോയിടുന്നു
എൻ രോഗത്തിന്നാശ്വാസം നൽകിടുമേ (2)

രോഗിയാം എനിക്കവൻ കൂട്ടാളി
രോഗശയ്യയിലെൻ കൂടെയിരുന്ന്
ആശ്വാസം തരുന്ന തൻ പൊൻകരത്താൽ
തിരുമാർവോടണച്ചെന്നെ തഴുകിടുമേ (2) രോഗിയ്ക്കു

വ്യാധിയിലെൻ ശയ്യ അവൻ വിരിക്കും
ശുശ്രൂഷിപ്പാ-നവൻ കൂടെയുണ്ട്
അവൻ വചനം എൻ ഔഷധങ്ങൾ
സമൃദ്ധിയാ-യവനെനിക്കേകിടുന്നു (2) രോഗിയ്ക്കു

കഠിനജ്വരത്താൽ വലയുന്നോരേ
വേദനയിൻകയേ താഴുവോരേ
കൈക്കുപിടിച്ചവൻ ഉയർത്തിടുമേ
നിർത്തിടും അവനെന്നെ പാറയിന്മേൽ (2) രോഗിയ്ക്കു

# 107

(ദുഃഖത്തിന്റെ പാനപാത്രം - എന്ന രീതി)

രോഗശയ്യേ ഞാൻ വീണാലും
കർത്താവെന്നെ താങ്ങുന്നതാൽ
അവൻ മാർവ്വിൽ ചാരിക്കൊണ്ട്
ആശ്വാസം ഞാൻ പ്രാപിച്ചീടും

വേദനകൾ ഏറീടുമ്പോൾ
കഷ്ടമേറ്റ കർത്താവെന്റെ
ചാരെവന്നിട്ടാശ്വാസത്തിൻ
വാക്യങ്ങളോതീടുന്നു

കുറുകീടാത്ത വലതുകരം
എന്നിലേക്ക് നീട്ടിക്കൊണ്ട്
മകനെ നിൻ രോഗങ്ങൾക്ക്
ആശ്വാസം ഞാൻ നല്കീടാമെ

വേദനയാൽ വലയും നേരം
ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
വേദനയേറ്റ കർത്താവോട്
കൂട്ടാളിയായ്ത്തീരുന്നു ഞാൻ

രോഗശയ്യെ ഞാൻ

# 108

(ഞാൻ വരുന്നു ക്രൂശിങ്കൽ - എന്ന രീതി)

രോഗിയാം ഞാൻ ഇപ്പോൾ നിൻ
ക്രൂശിൻ ചാരെ വരുന്നു
സൗഖ്യം താ രക്ഷകനെ
നീ മാത്രമെന്നാശ്രയം (2)

ശരണം എൻ കർത്താവേ
പീഡയേറ്റ കുഞ്ഞാടെ
സൗഖ്യത്തിനായി കേഴുന്നു
സ്വസ്ഥനാക്കൂ രക്ഷക (2)

പാപത്തിൻ ഭാരം പേറി
ഗോഗുൽത്തായിൽ വരുന്നു
എൻ പാപം കഴുകീടാനായ്
തുടയ്ക്ക നിൻ രക്തത്താൽ (2)

എന്നാശ്രയം നീ മാത്രം
സൗഖ്യദായകനും നീ
എൻ രോഗത്തെ ശാസിച്ച്
എഴുന്നേല്പിക്കെന്നെയിപ്പോൾ (2)

## 109

വിശ്വാസികളേ വാ തുഷ്ടമാനസർ ആയ്
വന്നിടുക; വാ നിങ്ങൾ ബേത്ലഹേമിൽ
വാ വന്നു കാണ്മിൻ ത്രിവിഷ്ടപരാജൻ

ഹാ വേഗം വന്നു പാടി
ഹാ വേഗം വന്നു വാഴ്ത്തിൻ
ഹാ വേഗം വന്നു വാഴ്ത്തിൻ കർത്താവെ

ദേവാധി മാ ദേവൻ ശ്രീ യേശു കർത്താവു
ഈ ലോകേ വന്നുദിച്ചു കന്യകയിൽ
രാജാധിരാജൻ സൃഷ്ടിയല്ല ജാതൻ ഹാ വേഗം

മാലാഖമാരോടു മേളം കൂടി പാടിൻ
സ്വർല്ലോക നിവാസികളേ പാടിൻ
മഹോന്നതത്തിൽ ദൈവത്തിനു സ്തോത്രം ഹാ വേഗം

ഈ ഭൂവിൽ ജാതൻ പ്രഭയേറും ജാതൻ
ഈശോ തമ്പുരാന്നു സ്തോത്രം പാടിൻ
പാരിലുള്ളോരെ വന്ദനം കരേറ്റിൻ ഹാ വേഗം

## 110

കേൾക്ക ദൂത സൽ സ്വരം ക്രിസ്തുജാത ഘോഷണം
ഭൂമൌ സാമ സന്തോഷം ആമീൻ പാടിൻ ഉണ്ടായി
ആനന്ദിപ്പിൻ മർത്യരെ വാനദൂതർ യോഗമായ്
യേശു ഇന്നു ഭൂജാതൻ എന്നു ലോകം ആർക്കുന്നു

കേൾക്ക ദൂത സൽസ്വരം ക്രിസ്തജാത ഘോഷണം.

വാനേ ദൂതരാൽ എന്നും മാന്യനാം ഈ ക്രിസ്തീശൻ
പാർത്തലെ കന്യകയിൽ മൂർത്തിയായി ജനിച്ചു
മാനമായിപ്പാടുവിൻ മാനവാവതാരത്തെ
ക്ലേശം തീർത്തു രക്ഷിക്കും ഈശാനാം ഇമ്മാനുവേൽ കേൾക്ക

ശാലേമിൻ പ്രഭോ വാഴ്ക, വാഴ്ക നീതി സൂര്യനേ
ശോഭ ജീവൻ നല്കും താൻ രോഗശാന്തി സർവ്വർക്കും
മാനമാകെ വിട്ടഹോ മർത്യഭാഗ്യം തേടുവാൻ
മൃത്യുഹാരം ചെയ്യുവാൻ ജാതൻ ആയി പാരിടെ കേൾക്ക

യേശു ലോകമോഹിതാ വാസമാക ചേതസി
വേഗം ഏകു നൽവരം നാഗശക്തി പോക്കുവാൻ
ശാപദോഷം തീർത്തുനീ വാഴ്ക വാഴ്ക മാനസേ
പൂർണ്ണമായ വിശ്വാസം ദാനം ചെയ്ത സർവ്വത കേൾക്ക

# 111

ആട്ടിടയർ രാത്രികാലേ കൂട്ടമായ് പാർക്കവെ
ദൈവദൂതർ വന്നിറങ്ങി ദിവ്യശോഭയോടെ

വേണ്ടാഭയം നിങ്ങൾക്കിപ്പോൾ ലോകത്തിന്നൊരുപൊൽ
സന്തോഷം പ്രീതിചേർന്നിടും വാർത്ത ചൊൽവേ നിന്നു

ഇന്നീ ഭൂമൌ നിങ്ങൾക്കായി ക്രിസ്തുവാം രക്ഷിതാ
ബേത്‌ലഹേമിൽ ജാതനായി ചിഹ്നമതിന്നിതാ

തത്ര കാണും സ്വർഗ്ഗശിശു ഹീനമാം ഗോശാലെ
ജീർണ്ണവസ്ത്രം മൂടി കാണ്മൂ, സാധുവാം പൈതലെ

ഏവം ദൂതൻ ചൊല്ലും നേരം ഹാ വൻ ദൂതസംഘം
വന്നുകൂടി, ഭൂരി ശോഭ എങ്ങുമെ നിറഞ്ഞു

ഉര ചെയ്താർ ഉന്നതത്തിൽ ദൈവത്തിന്നു പാരം
മഹത്വമത്യധികമായ് ഭൂമിയിൽ ശാന്തിയും

# 112

ഇമ്മാനുവേൽ തൻ ചങ്കതിൽ നിന്നൊഴുകും രക്തം
പാപക്കറ നീക്കും അതിൽ മുങ്ങിത്തീർന്നാൽ ആരും

എൻ പേർക്കേശു മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു
പാപം എന്നിൽ നിന്നു നീക്കാൻ രക്തം ചിന്തി യേശു

കള്ളൻ ക്രൂശിൻ പാപശാന്തി കണ്ടീ ഉറവയിൽ
അവനെപോൽ ഞാനും ദോഷി കണ്ടേൻ പ്രതിശാന്തി എൻ

കുഞ്ഞാട്ടിൻ വില ഏറിയ രുധിരത്തിൻ ശക്തി
വീണ്ടുകൊള്ളും ദൈവസഭ ആകെ വിശേഷമായ് എൻ

തൻ മുറിവിൻ രക്തനദി കണ്ടതിന് ശേഷം
വീണ്ടെടുപ്പിൻ സ്നേഹം താൻ എൻചിന്ത ഇന്നും എന്നും എൻ

വിക്കുള്ളതാം എന്റെ നാവു ശവക്കുഴിക്കുള്ളിൽ
മൗനം ആയാൽ എൻ ആത്മാവു പാടും ഉന്നതത്തിൽ എൻ

# 113

ദൈവത്തിന്റെ ഏകപുത്രൻ – പാപികളെ രക്ഷിപ്പാൻ
മനുഷ്യനായ് പാടുപെട്ടു – കുരിശിന്മേൽ മരിച്ചു

ഇത്ര സ്നേഹം ഇത്ര സ്നേഹം – ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിലെന്തു നന്മ – കണ്ടു നീ രക്ഷാകരാ

പാപികളും ദ്രോഹികളു – മായ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം – സഹിച്ചു നീ ശാന്തമായ് ഇത്ര

നിർമ്മലന്മാർ ഭുജിക്കുന്ന – പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നൽകി – രക്ഷിക്കുന്നീ രക്ഷകൻ ഇത്ര

കൃപയാലെ രക്ഷപെട്ട – പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം – എരിവാൻ വാഞ്ചിക്കുന്നു ഇത്ര

പാപിയിൽ പ്രധാനിയായി – രുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യുവേറ്റ നിന്നെ നിത്യകാലം വാഴ്ത്തും ഞാൻ ഇത്ര

# 114

രക്ഷിതാവിനെ കാൺ – ക പാപി
നിന്റെ പേർക്കല്ലയോ – ക്രൂശിന്മേൽ തൂങ്ങുന്നു (2)

കാൽവറി മലമേൽ – നോക്കൂ നീ
കാൽ കരം ചേർന്നിതാ – ആണിമേൽ തൂങ്ങുന്നു (2)

ധ്യാനപീഠമതിൽ – കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക (2)

പാപത്തിൽ ജീവിക്കുന്നവനെ
നിന്റെ പേർക്കല്ലയോ – തൂങ്ങുന്നീ രക്ഷകൻ (2)

തള്ളുക – നിന്റെ പാ – പമെല്ലാം
കള്ളമേ – തും നിനക്കേണ്ട നി – ന്നുള്ളിൽ നീ (2)

ഉള്ളം – നീ – മുഴുവൻ – തുറന്നു
തള്ളയാ – മേശുവിൻ – കൈയിലേ – ല്പിക്ക നീ (2)

# 115

പിളർന്നോരു പാറയെ നിന്നിൽ ഞാൻ മറയട്ടെ
തുറന്ന നിൻ ചങ്കിലെ രക്തം ജലം പാപത്തെ
നീക്കി സുഖം നൽകട്ടെ മുറ്റും രക്ഷിക്ക എന്നെ

കല്പന കാത്തീടുവാൻ ഒട്ടും പ്രാപ്തനല്ലേ ഞാൻ
വൈരാഗ്യം ഏറിയാലും കണ്ണുനീർ ചൊരിഞ്ഞാലും
വന്നിടാ പാപനാശം നീ താൻ രക്ഷിക്ക വേണം

വെറും കൈയായ് ഞാനങ്ങു ക്രൂശിൽ മാത്രം നമ്പുന്നു
നഗ്നൻ ഞാൻ, നിൻ വസ്ത്രം താ; ഹീനൻ ഞാൻ, നിൻ കൃപ താ
മ്ലേഛനായ് വരുന്നിതാ സ്വഛനാക്കു രക്ഷകാ

എന്നിലോടുന്നീ ശ്വാസം വിട്ടെൻ കൺ മങ്ങുന്നേരം
സ്വർല്ലോക ഭാഗ്യം ചേർന്നു നിന്നെ ഞാൻ കാണുന്നന്ന്
പിളർന്നോരു പാറയെ നിന്നിൽ ഞാൻ മറയട്ടെ.

# 116

കണ്ടാലും കാൽവറിയിൽ
കുരിശിൽ ശിരസ്സതും ചാഞ്ഞു പരൻ
കണ്ടീടുക പ്രിയനെ നിനക്കായ്
തൂങ്ങിടുന്നു മൂന്നാണികളിൽ (2)

ശിരസിൽ മുൾമുടി അണിഞ്ഞവനായ്
ഹൃദയം നിന്ദയാൽ തകർന്നവനായ്
വേദനയാലേറ്റം വലഞ്ഞവനായ്
തൻ ജീവനെ വെടിയുന്നു സ്വയം നിനക്കായ് (2) കണ്ടാലും

ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട
കളങ്കമില്ലാ ദൈവ കുഞ്ഞാടിതാ
ലോകത്തിൻ പാപങ്ങൾ ചുമന്നുകൊണ്ട്
വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങിടുന്നു (2) കണ്ടാലും

സമൃദ്ധിയായ് ജീവജലം തരുവാൻ
പാനീയ യാഗമായ് തീർന്നവനെ
കയ്പുനീർ ദാഹത്തിന്നേകിടവേ
നിനക്കായ് അവന്നായതും പാനംചെയ്തു (2) കണ്ടാലും

പാതകർക്കായ് ക്ഷമ യാചിച്ചവൻ
പാതകലോകം വെടിഞ്ഞീടുമ്പോൾ
നിവർത്തിയായ് സകലമൊന്നോതിയഹോ
സ്വന്തപ്രാണൻ പിതാവിനെ ഏല്പിക്കുന്നു (2) കണ്ടാലും

തൻ തിരുമേനി തകർന്നവനായ്
തങ്കനിണം ചിന്തിയതിനാൽ
തൻ വിലയല്ലോ നൽകിയവൻ
നിന്നെ സ്വർഗ്ഗീയ സമ്പൂർണ്ണനാക്കീടുന്നു (2) കണ്ടാലും

# 117

ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായ് ചാകുന്നു (2)

ആത്മാവേ പാപത്തിൻ കാഴ്ച നീ കാണുക
ദൈവത്തിൻ പുത്രാ നീ ശാപത്തിലായല്ലോ (2)

ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാപാപത്തെ ദൈവമേ ഓർക്കല്ലേ (2)

പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി (2)

കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

ശത്രുക്കൾ നിന്ദയും ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

പാപത്തിൻ ശോധന കേമമായ് വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

പാപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

ആത്മാവേ ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രാ നീ സാധുവെ സ്നേഹിച്ചു. (2)

# 118

കാണുക നീ കാരുണ്യവാനേ,
കുരിശതിൽ കാൽവറിയിൽ
കേണു കണ്ണീർ തൂകുന്നുനോക്കൂ
കാൽവറി മേടുകളിൽ

> എന്തൊരു സ്നേഹം എന്തൊരു സ്നേഹം
> പാപികളാം നരരിൽ!
> നൊന്തു നൊന്തു ചങ്കുടഞ്ഞു
> പ്രാണൻ വെടിയുകയായ് (2)

പാപത്താൽ ഘോരമൃത്യു കവർന്ന
ലോകത്തെ വീണ്ടീടുവാൻ
ആണി മൂന്നിൽ പ്രാണനാഥൻ
കാണുക ദൈവസ്നേഹം എന്തൊരു

എന്തിനു നീ ഈ പാപത്തിൻ ഭാര
വൻ ചുമടേന്തിടുന്നു?
ചിന്തിരക്തം സർവ്വപാപ-
ബന്ധനം പോക്കീടുവാൻ എന്തൊരു

ജയിച്ചവനായി വിൺപുരി തന്നിൽ
ജീവിക്കുന്നേശുപരൻ
ജയിച്ചിടാം നാം പോരിതിങ്കൽ
അന്ത്യത്തോളം ധരയിൽ എന്തൊരു

## 119

ഞാൻ വരുന്നു ക്രൂശിങ്കൽ സാധുക്ഷീണൻ കുരുടൻ
സർവ്വവും എനിക്കെച്ചിൽ പൂർണ്ണരക്ഷ കാണും ഞാൻ

ശരണം എൻ കർത്താവേ – വാഴ്ത്തപ്പെട്ട കുഞ്ഞാടേ
താഴ്മയാൽ കുമ്പിടുന്നു – രക്ഷിക്ക എന്നെ ഇപ്പോൾ

വാഞ്ഛിച്ചു നിന്നെയെത്ര–ദോഷം വാണെന്നിൽ എത്ര
ഇമ്പമായ് ചൊല്ലുന്നേശു – ഞാൻ കഴുകീടും നിന്നെ ശരണം

മുറ്റും ഞാൻ തരുന്നിതാ – ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹിസമസ്തം – എന്നേക്കും നിന്റേതു ഞാൻ ശരണം

വാഗ്ദത്തം എന്നാശ്രയം–രക്തം ഉപയോഗിച്ച്
പൂഴിയിൽ താഴ്ത്തുന്നെന്നെ–യേശുവോടു ക്രൂശിച്ചു ശരണം
യേശു വന്നെന്നാത്മത്തെ–നിറയ്ക്കുന്നു പൂർത്തിയായ്
സുഖമുണ്ടു പൂർണ്ണമായ്–മഹത്വം കുഞ്ഞാടിന്നു ശരണം

എന്നാശ്രയം യേശുവിൽ – വാഴ്ത്തപ്പെട്ട കുഞ്ഞാടിൽ
താഴ്മയായ് കുമ്പിടുന്നു – രക്ഷിക്കുന്നിപ്പോളേശു ശരണം

## 120

കാണും വരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ
കാത്തു പാലിക്കട്ടെ നിങ്ങൾ

ഇനി നാം–ഇനി നാം..........
യേശു മുൻ ചേരുംവരെ
ഇനി നാം–ഇനി നാം
ചേരുംവരെ പാലിക്കട്ടെ താൻ

കാണും വരെ ഇനി നാം നമ്മിൽ
തൻതിരു ചിറകിൻ കീഴിൽ
നൽകി എന്നും ദിവ്യ മന്നാ
കാത്തുപാലിക്കട്ടെ നിങ്ങളെ ഇനി

കാണുംവരെ ഇനി നാം തമ്മിൽ
തൻ തൃക്കരങ്ങളിൽ ഏന്തി
അനർത്ഥങ്ങളിൽ കൂടെയും
കാത്തു പാലിക്കട്ടെ നിങ്ങളെ ഇനി

കാണും വരെ ഇനി നാം തമ്മിൽ
സ്നേഹക്കൊടിയതിൻ കീഴിൽ
മൃത്യുവിന്മേൽ ജയം നൽകി
കാത്തുപാലിക്കട്ടെ – നിങ്ങളെ ഇനി

# 121

ഇന്നയോളം തുണച്ചോനേ, ഇനിയും തുണയ്ക്ക:
ഇഹ ദുഃഖെ രക്ഷയും നീ ഈ എൻ നിത്യഗൃഹം

നിൻ സിംഹാസന നിഴലിൽ നിൻശുദ്ധർ പാർക്കുന്നു
നിൻ ഭുജം മതി അവർക്കു നിർഭയം വസിപ്പാൻ

പർവ്വതങ്ങൾ നടും മുമ്പെ പണ്ടു; ഭൂമിയെക്കാൾ
പരനെ നീ അനാദിയായി പാർക്കുന്നല്ലോ സദാ

ആയിരം വർഷം നിനക്കു ആകുന്നിന്നലെ പോൽ
ആദിത്യോദയം മുമ്പിലെ അൽപയാമം പോലെ

നിത്യ നദി പോലെ കാലം നിത്യം തൻ മക്കളെ
നിത്യത്വം പൂകിപ്പിക്കുന്നു നിദ്രപോലെയത്രെ

ഇന്നയോളം തുണച്ചോനെ ഇനിയും തുണയ്ക്ക;
ഇഹം വിട്ടു പിരിയുമ്പോൾ നീ എൻ നിത്യഗൃഹം

# 122

വിശ്വാസജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസനായകനേശുവേ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ

അലകൾ പടകിൽ അടിച്ചെന്നാൽ
അല്ലലൊരൽപ്പവും ഇല്ലെനിയ്ക്ക്
ആഴിയും ഊഴിയും നിർമ്മിച്ച നാഥൻ
അഭയമായെന്നരികിലുണ്ട് വിശ്വാസ

നാനാപരീക്ഷകൾ വേദനകൾ
നന്നായെനിയ്ക്കിന്നുണ്ടായീടിലും

നാഥനെ ഉള്ളത്തിൽ ധ്യാനിച്ചു എന്റെ
ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ വിശ്വാസ

മരണനിഴലിൻ താഴ്‌വരയിൽ
ശരണമായെനിയ്ക്കേശുവുണ്ട്
കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
കരുതി നടത്തും എൻ അന്ത്യം വരെ വിശ്വാസ

വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും
കണ്ണീരൊക്കെയും അന്നു തീരും
എണ്ണിയാൽ തീരാത്ത തൻ കൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണീടും ഞാൻ വിശ്വാസ

## 123

സീയോൻ യാത്രയതിൽ
മനമേ ഭയമൊന്നും വേണ്ടിനിയും (2)

അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവമെന്നും കൂടെയുള്ളതാൽ (2)

ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായ് തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് വാണിടുന്നു അബ്രഹാ

ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്ന തന്നവൻ എന്നെ
ക്ഷേമമായ് പാലിയ്ക്കുന്നു അബ്രഹാ

മനുഷ്യനിൽ ആശ്രയമോ ഇനി
വേണ്ട നിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ
അത് ഒന്നെനിക്കാശ്രയമേ അബ്രഹാ

## 124

അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാറ്റിനെയും കടലിനെയും നിയന്ത്രിപ്പാൻ
കഴിവുള്ളോൻ പടകിലുണ്ട് (2)

വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ

ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിയ്ക്കും സ്വർഗ്ഗീയ തുറമുഖത്ത് (2) അക്കരെ

എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരയാണേ എന്റെ ശാശ്വതനാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് (2) അക്കരെ

കുഞ്ഞാടതിൻ വിളക്കാണേ
ഇരുളൊരു ലേശവുമവിടെയില്ല
തരുമെനിക്ക് കിരീടമൊന്ന്
ധരിപ്പിക്കുമവനെന്നെ ഉത്സവവസ്ത്രം (2) അക്കരെ

# 125

പ്രാർത്ഥനക്കുത്തരം നൽകുന്നോനേ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയാനുഗ്രഹ ഭണ്ഡാരത്തിൻ
വാതിൽ തുറക്കണമേ

കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന

പുത്രന്റെ നാമത്തിൽ ചോദിയ്ക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ -
പേർക്കു നീ തന്നുവല്ലോ കേൾക്കണേ

വചനമെന്നാത്മാവിൽ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരുശക്തിയാൽ
നിറയുവാൻ നിൻജനങ്ങൾ കേൾക്കണേ

പാപവും രോഗവും അകറ്റിടുവാൻ
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കേണമേ കേൾക്കണേ

# 126

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക് ദൈവ

മനോവേദന പല ശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോളാത്മനാഥനവൻ
മാറിൽ ചാരി ഞാനാശ്വസിക്കും ദൈവ

എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ ദൈവ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമ മഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ ദൈവ

# 127

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

എന്റെ ബുദ്ധിയും എന്റെ ശക്തിയും
നീയെനിക്കു തന്നതൊക്കെയും (2) സർവ്വവും

എന്റെ രോഗവും എന്റെ സൗഖ്യവും
നീയെനിയ്ക്കു തന്നതൊക്കെയും (2) സർവ്വവും

എന്റെ കീർത്തിയും എൻ പുകഴ്ച്ചയും
നീയെനിയ്ക്കു തന്നതൊക്കെയും (2) സർവ്വവും

എന്റെ ശബ്ദവും എൻ ധ്വനികളും
നീയെനിയ്ക്കു തന്നതൊക്കെയും (2) സർവ്വവും

എന്റെ സമ്പത്തും എന്റെ ധനവും
നീയെനിയ്ക്കു തന്നതൊക്കെയും (2) സർവ്വവും

എന്റെ ആയുസ്സും എന്റെ ഭാവിയും
നീയെനിയ്ക്കു തന്നതൊക്കെയും (2) സർവ്വവും

## 128

യേശു വിളിക്കുന്നു - യേശു വിളിക്കുന്നു
സ്നേഹമോടെ തൻ കരങ്ങൾ നീട്ടി
യേശു വിളിക്കുന്നു - യേശു വിളിക്കുന്നു

ആകുലവേളകളിൽ ആശ്വാസം നൽകീടും താൻ
എന്നറിഞ്ഞു നീയും യേശുവേ നോക്കിയാൽ
എണ്ണമില്ലാ നൻമ നൽകിടും താൻ (2) യേശു വിളിക്കുന്നു

കണ്ണീരെല്ലാം തുടയ്ക്കും കൺമണിപോൽ കാക്കും
കാർമേഘം പോലെ കഷ്ടങ്ങൾ വന്നാലും
കനിവോടെ - നിന്നെ കാത്തിടും താൻ (2) യേശു വിളിക്കുന്നു

മനഃക്ലേശം നേരിടുമ്പോൾ - ബലം നിനക്കു നൽകും
അവൻ നിൻ വെളിച്ചവും, രക്ഷയുമാകയാൽ
താമസമെന്യെ നീ വന്നീടുക യേശു വിളിക്കുന്നു

സകല വ്യാധിയേയും, ഗുണമാക്കും വല്ലഭൻ താൻ
ആരായിരുന്നാലും ഭേദങ്ങൾ എന്നിയേ
കൃപയാലെ തന്നെ കാത്തിടും താൻ യേശു വിളിക്കുന്നു

## 129

വരുവീൻ ഈ നല്ലസമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചീടുന്നു

വാഴ്‌വിൻ നാളെല്ലാം വിൺനാളായ് ഭാരത്തോടെ നീ കഴിയ്ക്കുകയോ
വന്നുടൻ പാദം തേടിടുകിൽ വിണ്ണതിൽ നിന്നെ ചേർത്തീടുമേ വരു

കെട്ടിയ വീടും നിലംപൊരുളും കണ്ടിടും ഉറ്റോർ ഉടയവരും
കൂടുവിട്ടു നിൻ ജീവൻ പോയാൽ കൂടെ വരാതെ വേർപെടുമേ വരു

ഉലകം മായ അഴകും സമം അതു നമ്പാതെ മയക്കും നിന്നെ
മരണം ഒരുനാൾ വന്നീടുമേ മറക്കാതെ നിൻ രക്ഷകനെ വരു

സത്യവചനം കേട്ടു നീ വാ നിത്യജീവൻ നിനക്കേകിടുമേ
നിൻ പേരും ജീവ പുസ്തകത്തിൽ ഉൺമയായ് ഇന്നു എഴുതീടുമേ വരു

വാനത്തിൽ കീഴെ ഭൂമി മീതെ വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ലാ രക്ഷകൻ യേശു താൻ വഴിയ വരു

തീരാത്ത പാപം വ്യാധിയേയും മാറാത്ത എല്ലാ ബലഹീനവും
ഘോരകുരിശിൽ ചുമന്നു നിന്നെ സൗഖ്യമാക്കും തൻ അടിപ്പിണരാൽ
വരു

## 130

ആശ്വാസത്തിന്നുറവിടമാം ക്രിസ്തു
നിന്നെ വിളിച്ചീടുന്നു (2)

അദ്ധ്വാനഭാരത്താൽ വലയുന്നോരേ
ആശ്വാസമില്ലാതലയുന്നോരേ (2)
ആണിപാടുള്ളതൻ കരങ്ങൾ നീട്ടി
നിന്നെ വിളിച്ചീടുന്നു (2) ആശ്വാസ

പാപാന്ധകാരത്തിൽ കഴിയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ (2)
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവൻ (2) ആശ്വാസ

വാതിൽക്കൽ വന്നിങ്ങു മുട്ടീടുന്ന
ആശ്വാസമരുളാൻ വന്നീടുന്ന (2)
അരുമ പിതാവിന്റെ ഇമ്പസ്വരം
നീയിന്നു ശ്രവിച്ചീടുമോ (2) ആശ്വാസ

## 131

ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ
നന്ദി ചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ ദൈവ

സ്വന്തമായി ഒന്നുമില്ല സർവ്വവും നിൻ ദാനം
സ്വസ്ഥമായുറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ
വിണ്ണിൻ സൗഭാഗ്യം തേടാനായാലും
ആത്മനഷ്ടമായാൽ ഫലമെവിടെ ദൈവ

സ്വപ്നങ്ങൾ പൊലിഞ്ഞാലും ദുഃഖത്താൽ വലഞ്ഞാലും
ശത്രുക്കൾ നിരന്നാലും ബന്ധുക്കൾ അകന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അങ്ങെൻ മുമ്പേ പോയാൽ ഭയമെവിടെ ദൈവ

## 132

തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ
നാവെനിയ്ക്കെന്തിനു നാഥാ
അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ
അധരങ്ങളെന്തിനു നാഥാ തിരുനാമ

പുലരിയിൽ ഭൂപാളം  പാടിയുണർത്തുന്ന
കിളികളോടൊന്നു ചേർന്നാർത്തു പാടാം (2)
പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
കുളിർ കാറ്റിലലിഞ്ഞു ഞാൻ പാടാം (2) തിരുനാമ

അകലെയാകാശത്തു വിരിയുന്ന താരതൻ
മിഴികളിൽ നോക്കി ഞാൻ ഉണർന്നു പാടാം (2)
വാനമേഘങ്ങളിൽ ഒടുവിൽ നീയെത്തുമ്പോൾ
മാലാഖമാരൊത്തുപാടാം (2) തിരുനാമ

# 133

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്ത വീട്ടിൽ ചേർന്നിടുവാൻ
മമകാന്തനെ, ഒന്നു കാണുവാൻ
മനം കാത്തു പാർത്തിടുന്നു

മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരു നാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണിപോൽ സ്വർഗ്ഗ

നല്ല നാഥനേ നിനക്കായി ഞാൻ
വേല ചെയ്യും അന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ വരാ-
തില്ല പാരിൽ വിശ്രമവും സ്വർഗ്ഗ

കർത്തൃകാഹളം വാനിൽ കേൾക്കുവാൻ
കാലമായില്ലേ പ്രിയനേ
ആശയേറുന്നേ നിന്നെ കാണുവാൻ
ആമേൻ യേശുവെ വരണേ സ്വർഗ്ഗ

# 134

വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക പ്രിയൻ
വരുവതിൻ താമസമേറെയില്ല-തന്റെ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ - ഒരുങ്ങീടാം

യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പം - പല
വ്യാധികളാൽ ജനം നശിച്ചീടുന്നു - രാജ്യം
രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ - ഒരുങ്ങീടാം

കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്വരയിലല്ലയോ – ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹെ – ഒരുങ്ങീടാം

ആകാശത്തിൻ ശക്തി ഇളകുന്നതാൽ –ഭൂവിൽ
എന്തു ഭവിക്കുമെന്നോർത്തുകൊണ്ട് – ജനം
പേടിച്ചു നിർജ്ജീവരായീടുന്നേ – ഒരുങ്ങീടാം

ബുദ്ധിമാന്മാർ പലർ വീണിടുന്നേ – ദൈവ
ശക്തി ത്യജിച്ചവരോടിടുന്നേ – ലോക
മോഹങ്ങൾക്കധീനരായ് തീരുന്നതാൽ – ഒരുങ്ങീടാം

മേഘാരൂഢനായി വന്നിടുമെ – പതി –
നായിരം പേരിലും സുന്ദരൻ താൻ – തന്റെ
കോമളരൂപം കണ്ടാനന്ദിപ്പാൻ – ഒരുങ്ങീടാം

മാലിന്യപ്പെട്ടിടാതോടിടുക – മണ–
വാളൻ വരവേറ്റം അടുത്തുപോയി – മണി–
യറയിൽ പോയി നാം ആശ്വസിപ്പീൻ – ഒരുങ്ങീടാം

# 135

ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ ഇന്നു
ആത്മമാരികൊണ്ടു നിറയ്ക്കേണമേ
ദൈവത്തിന്റെ തേജസ്സിന്നിവിടെ
പ്രകാശിയ്ക്കവേണം വെളിച്ചമായി

പാപത്തിന്റെ എല്ലാ അന്ധകാരവും
എല്ലാ ഉള്ളത്തിൽ നിന്നും നീങ്ങിപ്പോകട്ടെ

സ്വർഗ്ഗ സന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മശക്തിയാലിന്നു നിറയ്ക്കേണമേ

കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളെയും
ഇന്നു മെഴുകുപോൽ ഉരുക്കേണമേ

ആത്മനിലങ്ങളെ ഒരുക്കിടുവാൻ
സ്വർഗ്ഗ സീയോനിലെ വിത്തു വിതപ്പാൻ

നല്ലവണ്ണമതു ഫലം കൊടുപ്പാൻ
ആത്മതുള്ളി കൊണ്ടു നനയ്ക്കേണമേ.

വെളിച്ചങ്ങൾ വീശുന്നു അന്ധകാരം മാറുന്നു
ദൈവത്തിന്റെ ആത്മാവുള്ളിലാകുമ്പോൾ

മായയായ ലോകത്തിൽ ഞാൻ ചേർന്നു നിൽക്കാതെ

എൻ രക്ഷകനാം യേശുവിൽ ഞാൻ ആശ്രയിച്ചീടും

# 136

ഉണർവിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ നിന്റെ വൻ കൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ.

ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ ഉണർവ്വിൻ

തിരുവചനം ഘോഷിക്കുവാൻ
തിരുനൻമകൾ സാക്ഷിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ ഉണർവ്വിൻ

തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ ഉണർവ്വിൻ

# 137

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ

ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചിടും

സാറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു

ബന്ധനം അഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
ബാധകൾ ഒഴിയും കോട്ടകൾ തകരും ആരാധനയിങ്കൽ

രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും ആരാധനയിങ്കൽ

അപ്പോസ്തലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ.

ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഗീതം പാടിടാം
ഹല്ലേലുയ്യാ സ്തോത്രം പാടി ആരാധിച്ചിടാം

## 138

പരിശുദ്ധാത്മാവേ, ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിൽ എന്നപോൽ ആത്മാവേ
അമിതബലം തരണേ പരിശുദ്ധാ

ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്യ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടു നിൻ സേവ ചെയ്‌വാൻ
അഭിഷേകം ചെയ്തിടണേ പരിശുദ്ധാ

കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ - ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
പിൻമഴയെ വീണ്ടും അയയ്ക്കേണമേ
നിൻ ജനം ഉണർന്നീടുവാൻ പരിശുദ്ധാ

## 139

മനമേ പക്ഷിഗണങ്ങളുണർന്നിതാ പാട്ടു പാടിടുന്നു
മനമേ നീയുമുണർന്നിട്ടേശു പരനേപ്പാടി സ്തുതിക്ക

മനമേ നിന്നെ പരമോന്നതൻ പരിപാലിയ്ക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസ്സിൽ കിടന്നുറങ്ങാൻ കഴിഞ്ഞീടുമോ

മൃഗജാലങ്ങളുണർന്നീടുന്ന സമയത്തു നീ കിടന്നു
മൃഗത്തേക്കാളും നിർവിചാരിയായുറങ്ങാതെന്റെ മനമെ

മരത്തിൻ കൊമ്പിലിരിക്കും പക്ഷിയുരയ്ക്കും ശബ്ദമതു
കേട്ടുറക്കം തെളിഞ്ഞുടനേ നിന്റെ പരനേപ്പാടി സ്തുതിക്ക

പരനേശുതാനതിരാവിലെ വനമായൊരു സ്ഥലത്തിൽ
പരിചോടുണർന്നെഴുന്നു പ്രാർത്ഥിച്ചതു നീ ചിന്തിച്ചീടുക

ഒരു വാസരമുഷസ്സായപ്പോൾ പീലാത്തോസിന്റെ അരികിൽ
പരനേശുവൊരജം പോൽ നിന്ന നില നീ ചിന്തിച്ചീടുക

പരനെ തള്ളിപ്പറഞ്ഞ പത്രോസതിരാവിലെ സമയേ
പെരുത്ത ദുഃഖം നിറഞ്ഞു പുറത്തിറങ്ങി പൊട്ടിക്കരഞ്ഞു

മറിയാമതിരാവിലേശുവേ കാണാഞ്ഞിട്ടുള്ളം തകർന്നു
കരയുന്നതെന്തതുല്യ സ്നേഹം മനമേ നിനക്കതുണ്ടോ

## 140

പരനേ നിന്തിരുമുമ്പിൽ വരുന്നോരീ സമയേ
ശരിയായ് പ്രാർത്ഥന ചെയ്‌വാൻ കൃപയെ തന്നരുൾക

ഉരുകിയിന്നടിയാർ നിന്നോടു യോജിച്ചിടുവാൻ
തരിക നിന്നാത്മാവേ പുതുമാരിപോലെ പരനേ

ഞരങ്ങി ഞങ്ങളിൻ പേർക്കായിരന്നീടുന്നവനേ
വരികിന്നീയടിയാരിൽ ചൊരിക നിൻ വരങ്ങൾ പരനേ

അനുഗ്രഹ – മുറിയിൻ പൂട്ടുകൾ താനേ തുറപ്പാൻ
മനസ്സിന്നേശുവിനോടു ലയിപ്പാനായരുൾക പരനേ

ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നീടണമേ
തുണ നീയെന്നിയെ വേറില്ലറിഞ്ഞു നൽകണമേ പരനേ

പരമാനന്ദമോദം വന്നകമേ തിങ്ങണമേ
പരനാം നിന്നോടാനന്ദിച്ചീടുവാൻ നൽകണമേ പരനേ

## 141

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതനെന്നെ കടന്നുപോയി

കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാക്ഷണത്തിൽ എൻ

ഫറവോനു ഞാനിനി അടിമയല്ല
പരമ സീയോനിൽ ഞാൻ അന്യനല്ല എൻ

മാറായെ മധുരമാക്കി തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ എൻ

മരുവിലെൻ ദൈവമെനിക്കധിപതിയേ
തരുമവൻ പുതുമന്നാ അതുമതിയേ എൻ

മനോഹരമായ കനാൻ ദേശമേ
അതെ! എനിക്കഴിയാത്തൊരവകാശമേ എൻ

ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമേ എൻ

എന്റെ ബലവും എന്റെ സംഗീതവും
എൻ രക്ഷയും യേശു അത്രേ ഹല്ലേലൂയ്യാ! എൻ

# 142

സർവ്വ പാപക്കറകൾ തീർത്തു നരരെ രക്ഷിച്ചീടുവാൻ
ഉർവ്വിനാഥൻ യേശുദേവൻ ചൊരിഞ്ഞ തിരുരക്തമേ

യേശുവോടീ ലോകർ ചെയ്തതോർക്ക നീയെന്നുള്ളമേ
വേദനയോടേശുദേവൻ ചൊരിഞ്ഞ തിരുരക്തമേ

കാട്ടുചെന്നായ് കൂട്ടമായൊരാടിനെ പിടിച്ചപോൽ
കൂട്ടമായ് ദുഷ്ടരടിച്ചപ്പോൾ ചൊരിഞ്ഞ രക്ഷിതാവിൻ രക്തമേ

മുള്ളുകൊണ്ടുള്ളോർ മുടിയാൽ മന്നവൻ തിരുത്തല-
യ്ക്കുള്ളിലും പുറത്തുമായി പാഞ്ഞ തിരുരക്തമേ

നീണ്ട ഇരുമ്പാണികൊണ്ടു ദുഷ്ടരാ കൈകാൽകളെ
താണ്ടിയ നേരം ചൊരിഞ്ഞ രക്ഷിതാവിൻ രക്തമേ

വഞ്ചക സാത്താനെ ബന്ധിച്ചന്ധകാരം നീക്കുവാൻ
അഞ്ചുകായങ്ങൾ വഴിയായ് പറഞ്ഞ തിരുരക്തമേ

# 143

ദേവേശാ! യേശുപരാ! ജീവനെനിക്കായ് വെടിഞ്ഞോ
ജീവനറ്റ പാപികൾക്കു നിത്യജീവൻ കൊടുപ്പാനായ് നീ മരിച്ചോ?

ഗതസമന പൂവനത്തിൽ അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും താതനിഷ്ടം നടപ്പതിനനുസരിച്ചു?

അന്നാസിൻ അരമനയിൽ മന്നവ! നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾ കൊണ്ടു മന്നാ! നിന്നെ അടിച്ചവർ പരിഹസിച്ചു

പീലാത്തോസെന്നവനും വിലമതിച്ചു കുരിശേല്പിച്ചു
തലയിൽ മുള്ളാൽ മുടിയും വച്ചു പലർ പല പാടുകൾ ചെയ്തു നിന്നെ

തിരുക്കരങ്ങൾ ആണികൊണ്ടു മരത്തോടു ചേർത്തടിച്ചു
ഇരുവശത്തും കുരിശുകളിൽ ഇരുകള്ളർ നടുവിൽ നീ മരിച്ചുവോ പരാ?

കഠിനദാഹം പിടിച്ചതിനാൽ കാടിവാങ്ങാനിടയായോ?
ഉടുപ്പു കൂടി ചീട്ടിട്ടു ഉടമ്പും കുത്തിത്തുറന്നു രുധിരം ചിന്തി

നിൻ മരണം കൊണ്ടവന്റെ വൻ നരകം നീയകറ്റി
നിൻ മഹത്വം തേടിയിനി - എൻ കാലം കഴിപ്പാൻ കൃപ ചെയ്യണമേ!

# 144

വാഴ്ത്തുക നീ മനമേ – എൻ പരനേ
വാഴ്ത്തുക നീ മനമേ

വാഴ്ത്തുക തൻ ശുദ്ധ നാമത്തെപ്പേർത്തു
പാർത്ഥിവൻ തന്നുപകാരത്തെയോർത്തു — വാഴ്ത്തുക

നിന്നകൃത്യം പരനൊക്കെയും പോക്കി
തിണ്ണമായ് രോഗങ്ങൾ നീക്കി നന്നാക്കി — വാഴ്ത്തുക

നന്മയാൽ വായ്ക്കവൻ തൃപ്തിയെ തന്നു
നവ്യമാക്കുന്നു നിൻ യൗവ്വനമിന്നു — വാഴ്ത്തുക

മക്കളിൽ കാരുണ്യം താതനെന്നോണം
ഭക്തരിൽ വാത്സല്യവാനവൻ നൂനം — വാഴ്ത്തുക

പുല്ലിനു തുല്യമീ ജീവിതം വയലിൽ
പൂവെന്ന പോലിതു പൂക്കുന്നതുലകിൽ — വാഴ്ത്തുക

തൻ നിയമങ്ങളെ കാത്തിടുന്നോർക്കും
തന്നുടെ ദാസർക്കും താൻ ദയ കാക്കും — വാഴ്ത്തുക

നിത്യരാജാവിവനോർക്കുകിൽ സർവ്വ
സൃഷ്ടികളും സ്തുതിയ്ക്കുന്ന യഹോവ — വാഴ്ത്തുക

# 145

വന്ദനം യേശുപരാ! നിനക്കെന്നും വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർതിരുനാമത്തിനാദരവായ്

ഇന്നു നിൻ സന്നിധിയിൽ അടിയാർക്കു – വന്നുചേരുവതിനായ്
തന്നതിന്നുന്നതമാം – കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നു — വന്ദനം

നിൻരുധിരമതിനാൽ – പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാ – വിൻ സന്നിധൗ വന്നിടാമേ സതതം — വന്ദനം

ഇത്ര മഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല നിന്റെ കൃപ – യെത്ര വിചിത്രമഹോ — വന്ദനം

വാനദൂതഗണങ്ങൾ മനോഹര – ഗാനങ്ങളാൽ സതതം
ഊനമെന്യെ പുകഴ്ത്തി സ്തുതിയ്ക്കുന്ന വാനവനെ നിനക്കു — വന്ദനം

മന്നരിൽ മന്നവൻ നീ മനുകുലത്തിനു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ – പിതാവിനു – സന്നിഭൻ നീയല്ലയോ — വന്ദനം

നീയൊഴികെ ഞങ്ങൾക്കു സുരലോകേയാരുള്ളു ജീവനാഥാ
നീയൊഴികെ ഇഹത്തിൽ മറ്റാരുമില്ലാശ്രയിപ്പാൻ പരനെ — വന്ദനം

# 146

ഉയിർപ്പിൻ ജീവനാൽ നിത്യജീവൻ നൽകും
കർത്താവിനോടുകൂടെ ഞാൻ നിത്യവാസമാമേൻ

അവനിടം വിട്ടു ശരീരബദ്ധനായ്
ലോകെ വലഞ്ഞലഞ്ഞു ഞാൻ വീടോടടുക്കുന്നേ

എൻ പ്രിയൻ പാർപ്പിടം മനോഹരഹർമ്മ്യം
മുത്തുകളാൽ നിർമ്മിതമാം പന്ത്രണ്ടു ഗോപുരം

കണ്ടാനന്ദിച്ചിടാം നിത്യമായ് വാണിടാം
എൻ ആത്മാവു വാഞ്ഛിയ്ക്കുന്നേ ഞാൻ എന്നു ചേരുമോ

എൻ ആത്മ വാസമോ തൻ പിതൃ ഗൃഹത്തിൽ
പൊൻ വാതിലുകൾ വിശ്വാസക്കൺകൾക്കെത്ര ശോഭനം

ശുദ്ധർ ശോഭനം അവകാശമാം ശാലേം
പ്രാപിപ്പാനാഗ്രഹത്താൽ വാഞ്ഛിക്കുന്നേ എന്നുള്ളം

കഷ്ടങ്ങൾ നഷ്ടങ്ങൾ പട്ടിണി പൈദാഹം
രോഗ ദുഃഖങ്ങൾ തീർന്നു പ്രിയൻ കൂടെ വാഴാമേ

കൂടാരമാകുന്ന എൻ ഭവനം വിട്ടാൽ
കൈകളാൽ തീർക്കാത്ത വീടെനിക്കുണ്ട് സ്വർഗ്ഗത്തിൽ

എൻ അല്ലൽ തീർന്നു ഞാൻ ഹല്ലേലുയ്യാ പാടും
വല്ലഭനാം എൻ യേശുവിനെ ഞാൻ എന്നു കണ്ടീടും

# 147

മണ്മയമാമീയുലകിൽ കാൺമതു മായ
വൻമഹിമ ധനം സുഖങ്ങൾ സകലവും മായ!

മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ — മൺ

ധാന്യം ധനം ലാഭം കീർത്തി ഹാ! നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനി പോകും — മൺ

ഏഴു പത്തു ഏറെയായാൽ എൺപതു മാത്രം
നീളുമായുസ്സതു നിനച്ചാൽ കഷ്ടത മാത്രം — മൺ

ലോകമരുഭൂവിൽ മർത്യനാശ്രയം തേടി
ശോകക്കൊടുംവെയിലിലയ്യോ വീഴുന്നു വാടി — മൺ

ദൈവമക്കൾ നമുക്കു സ്വർഗ്ഗം ഹാ സ്വന്തദേശം
കേവലമിപ്പാരിടമോ വെറും പരദേശം — മൺ

## 148

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-
ക്കേശു മഹാരാജ സന്നിധിയിൽ

ലോകം എനിക്കൊരു ശാശ്വതമല്ലന്നെൻ
സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർലോക നാട്ടുകാർക്കിക്ഷിതിയിൽ പല
കഷ്ടസങ്കടങ്ങൾ വന്നീടുന്നു ആനന്ദ

കർത്താവേ നീയെന്റെ സങ്കേതമാകയാൽ
ഉള്ളിൽ മനഃക്ലേശം ലേശമില്ല
വിശ്വാസക്കപ്പലിൽ സ്വർപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കണേ പൊന്നുനാഥാ ആനന്ദ

എന്നാത്മാവെ നിന്നിൽ ചാഞ്ചല്യമെന്തിഹെ
ബാഖായിൻ താഴ്വരയത്രെയിതു
സീയോൻപുരിതന്നിൽ വേഗം നമുക്കെത്തി
ട്ടാനന്ദക്കണ്ണുനീർ വീഴ്ത്തീടാമേ ആനന്ദ

കൂടാരവാസികളാകും നമുക്കിന്നു
വീടെന്നോ നാടെന്നോ ചൊൽവാനെന്ത്?
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ
മീതെ നമുക്കായി വച്ചിട്ടുണ്ട് ആനന്ദ

ഭാരം പ്രയാസങ്ങളേറും വനദേശ-
ത്താകുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി-
ട്ടേറ്റം കൃപ നൽകി പാലിച്ചീടും ആനന്ദ

കർത്താവേ നീ വേഗം വന്നീടണേ ഞങ്ങൾ-
ക്കോർത്താലിക്ഷോണിയിൽ മഹാദുഃഖം
എന്നാലും നിൻ മുഖ ശോഭയതിൻ മൂലം
സന്തോഷ കാന്തി പൂണ്ടാനന്ദിക്കാം ആനന്ദ

## 149

ആശ്വാസദായകനായ്
എനിക്കേശു അരികിലുണ്ട്
എന്തെന്തു ഭാരങ്ങൾ ഏറിവന്നാലും
എന്നെ കൈവിടാത്തവൻ

ആവശ്യ ഭാരങ്ങളാൽ ഞാൻ
ആകുലനായിടുമ്പോൾ

തന്റെ സാന്ത്വനം നൽകി വഴിനടത്തും
യേശു അരികിലുണ്ട് (2) ആശ്വാസ

ഭാരം പ്രയാസങ്ങളാൽ ഞാൻ
ആകുലനായിടുമ്പോൾ
എന്നെ താങ്ങി കരങ്ങളിൽ കാത്തിടും
യേശു അരികിലുണ്ട് (2) ആശ്വാസ

ലോകത്തിൻ കെടുതികളിൽ ഞാൻ
താളടിയാകാതെ
എന്നെ കാവൽ ചെയ്തീടും സ്നേഹിതനായ്
യേശു അരികിലുണ്ട് (2) ആശ്വാസ

## 150

ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവേ നേടുന്ന ദൈവം
ആഴത്തിൽ അനന്തമാം ദൂരത്തിൽ നിന്നെന്റെ
അന്തരംഗം കാണും ദൈവം (ആഴങ്ങൾ)

കരതെറ്റി കടലാകെ ഇളകുമ്പോൾ അഴലുമ്പോൾ
മറപറ്റി അണയുമെൻ ചാരെ
തകരുന്ന തോണിയും ആഴിയിൽ താഴാതെ
കരപറ്റാൻ കരം നൽകും ദൈവം (ആഴങ്ങൾ)

ഉയരത്തിൽ ഉലഞ്ഞീടും തരുക്കളിൽ ഒളിക്കുമ്പോൾ
ഉയർന്നെന്നെ ക്ഷണിച്ചിടും സ്നേഹം
കനിഞ്ഞെന്റെ വിരുന്നിനു മടിയാതെൻ ഭവനത്തിൽ
കടന്നെന്നെ പുണർന്നീടും ദൈവം (ആഴങ്ങൾ)

പതിർമാറ്റി വിളവേൽക്കാൻ യജമാനൻ എത്തുമ്പോൾ
കതിർകൂട്ടി വിധിയോതും നേരം
അവനവൻ വിതയ്ക്കുന്ന വിത്തിൻ പ്രതിഫലം
അവനായ് അളന്നീടും ദൈവം (ആഴങ്ങൾ)

മനംനൊന്തു കണ്ണുനീർ തരംഗമായ് തൂകുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മായ്ക്കും
മനംമാറ്റും ശുദ്ധമായ് ഹിമംപോലെ വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം (ആഴങ്ങൾ)

## 151

ആകാശമേ കേൾക്ക
ഭൂമിയെ ചെവി തരിക
ഞാൻ മക്കളെ പോറ്റി വളർത്തി
അവരെന്നോടു മത്സരിക്കുന്നു

കാള തന്റെയുടയവന്റെ
കഴുത തന്റെ യജമാനന്റെ
പുൽത്തൊട്ടി അറിയുന്നല്ലോ
എൻ ജനം അറിയുന്നില്ല ആകാശമേ

അകൃത്യഭാരം ചുമക്കും ജനം
ദുഷ്പ്രവർത്തിക്കാരുടെ മക്കൾ
വഷളായി നടക്കും ജനം
ദൈവമാരെന്നറിയുന്നില്ല ആകാശമേ

ആകാശത്തിൻ പെരുംഞാറയും
കൊക്കും മീവൽ പക്ഷിയും
അവ തന്റെ കാലമറിയും
എൻ ജനം അറിയുന്നില്ല ആകാശമേ

## 152

ഇന്നു പകൽ മുഴുവൻ കരുണയോടെന്നെ സൂക്ഷിച്ചവനെ
നന്ദിയോടെ തിരുനാമത്തിനു സദാ വന്ദനം ചെയ്തിടുന്നേൻ

അന്നവസ്ത്രാദികളും സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം പോറ്റീടുന്ന ഉന്നതൻ നീ പരനേ (ഇന്നു)

മന്നിടം തന്നിലിന്നും പലജനം ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനു സുഖം തന്ന കൃപ വന്ദനീയം പരനേ

തെറ്റു കുറ്റങ്ങളെന്നിൽ വന്നതളവറ്റ നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കേണമേ അടിയനെ ഉറ്റു സ്നേഹിപ്പവനെ

എൻ കരുണേശനുടെ ബലമെഴും തങ്കനാമമെനിക്കു
സങ്കേതപട്ടണമാം അതിലഹം ശങ്കയെന്യേ വസിക്കും

വല്ലഭൻ നീയുറങ്ങാതെ നിന്നെന്നെ നല്ലപോൽ കാത്തിടുമ്പോൾ
ഇല്ലരിപൂഗണങ്ങൾക്കധികാരമല്ലൽ പെടുത്തീടുവാൻ

ശാന്തതയോടു കർത്താ തിരുമുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ തിരുകാന്തി കണ്ടുല്ലസിപ്പാൻ

# 153

എന്നുടയോനെ നീയെന്നെ കണ്മണിപോൽ കാത്തീടണമേ
നിൻ ചിറകാലെ മറച്ചു പരീക്ഷയിൽ നിന്നെന്നെ കാക്കണമേ

ഒളിവായി നോക്കീടാതെന്റെ കണ്ണുകളെ നീ കാക്കണമേ
വഞ്ചന കേൾക്കാതടിയന്റെ കാതുകളേയും കാക്കണമേ

എന്നധരങ്ങൾക്കെന്നും നീ കാവലതായും നിൽക്കണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാനുള്ള വിചാരമുദിക്കരുതേ

കർത്താവേ നല്ല വിവേകം വർദ്ധിപ്പിക്കണമെന്നിൽ നീ
സൗരഭ്യത്താൽ നിന്നെയെനിക്കിമ്പപ്പെടുത്താനിടവരണേ

ഐഹിക നേട്ടത്തിനു പകരം നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീലോകം നിരസിപ്പാനും കൃപ ചെയ്ക.

# 154

എന്തതിശയമേ! ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ – അതു
ചിന്തയിലടങ്ങാ – സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ

ദൈവമേ! നിൻ മഹാ സ്നേഹമതിൻ വിധം
ആർക്കു ഗ്രഹിച്ചറിയാം – എനി –
ക്കാവതില്ലേ അതിൻ – ആഴമളന്നീടാൻ
എത്ര ബഹുലമത്? (എന്ത)

ആയിരമായിരം നാവുകളാലതു
വർണ്ണപ്പതിന്നെളുതോ! – പതി
നായിരത്തിങ്കലൊ – രംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ (എന്ത)

മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന ഏക –
ജാതനാമേശുവേ, പാതകർക്കായ് തന്ന
സ്നേഹമതിശയമേ (എന്ത)

പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ് – സ്നേഹ
പാപിയേ നീയെന്നെ – സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു (എന്ത)

ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ – എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും തവ –
സ്നേഹമതുല്യമഹോ (എന്ത)

## 155

എന്നേശു വന്നീടും എന്നാശ ഒന്നിതേ
അരുമയോടെൻ കരം പിടിച്ചു ശാന്തി ഏകീടാൻ
എൻ ദുഃഖം തീർത്തിടാൻ കണ്ണീർ തുടച്ചീടാൻ
എന്നേശു വീണ്ടും വന്നീടും

ഈ ലോക വാരിധിയിലോളങ്ങൾ ഏറീടുമ്പോൾ
താഴാതെ താങ്ങീടുന്നവൻ
കാർമേഘ തുല്യമാം കളങ്കങ്ങൾ നീക്കിയെന്നെ
തേജസ്സിൽ സ്വീകരിക്കുവാൻ എന്നേശു

സാറാഫിൻ ഗീതങ്ങളാൽ കാഹളനാദമോടെ
മേഘരൂഢനായി വരുമവൻ
രാജാധിരാജനേശു പൂർണ്ണ മഹിമകളിൽ
എന്നെയും ചേർത്തിടുവാനായി എന്നേശു

വിണ്ണിലെൻ വീടൊരുക്കി വേഗം വരാമെന്ന
വാഗ്ദത്തം തന്ന നാഥനായി
നാൾ തോറും കാത്തുപാർത്തു തൻ സേവ ചെയ്തു മോദാൽ
കാന്തനെ സ്വീകരിക്കും ഞാൻ എന്നേശു

## 156

എൻ യേശു അല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിലല്ലാതില്ലെനിയ്ക്കു വിശ്രമം വേറെ
ഈ പാരിലും പരത്തിലും നിസ്തുലൻ എൻ പ്രിയൻ

എൻ രക്ഷകാ എൻ ദൈവമേ നീ അല്ലാതില്ലാരും
എൻ യേശു മാത്രം മതിയെനിക്കേതുനേരത്തും

എൻ ക്ഷീണിത രോഗത്തിലും നീ മാത്രമെൻ വൈദ്യൻ
മറ്റാരെയും ഞാൻ കാണുന്നില്ലെൻ രോഗശാന്തിക്കായ്
നിൻ മാർവ്വിടം എൻ ആശ്രയം എൻ യേശു കർത്താവ് എൻ രക്ഷകാ

വൻ ഭാരങ്ങൾ പ്രയാസങ്ങൾ നേരിടും നേരത്തും
എൻ ചാരവേ ഞാൻ കാണുന്നുണ്ടെൻ സ്നേഹസഖിയായ്
ഈ ലോകസഖികളെല്ലാരും മാറിപ്പായോലും എൻ രക്ഷകാ

## 157

എല്ലാം നന്മക്കായി
സ്വർഗ്ഗതാതൻ ചെയ്തീടുന്നു
നിർണ്ണയമാം വിളി കേട്ടവർക്കും
ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും

ഭാരങ്ങളും പ്രയാസങ്ങളും
രോഗങ്ങളും എല്ലാ ദുഃഖങ്ങളും
എന്റെ താതൻ തന്നീടുമ്പോൾ
എന്നെ അവൻ സ്നേഹിക്കുന്നു.......... എല്ലാം

പ്രതികൂലങ്ങൾ ഏറെയെന്നാൽ
അനുകൂലമായ് യേശുവുണ്ട്
പതറുകില്ല, തളരുകില്ല
സ്വർഗ്ഗ സീയോനിൽ എത്തീടും ഞാൻ എല്ലാം

കഷ്ടതയോ, സങ്കടമോ
പട്ടിണിയോ, പരിഹാസങ്ങളോ
യേശുവിൻ സ്നേഹത്തിൽ നിന്നകറ്റാൻ
ഇവയിലൊന്നിനും സാദ്ധ്യമല്ല എല്ലാം

## 158

എന്നേശുവേ നീ ആശ്രയം
എന്നാളും മന്നിലീ സാധുവിന്
എല്ലാരും പാരിൽ കൈവിട്ടാലും
എന്നെ കരുതുന്ന കർത്താവു നീ

ആകുല നേരത്തെൻ ചാരത്തണഞ്ഞു
ഏകുന്നു സാന്ത്വനം നീയെനിക്ക്
ആകയാലില്ല തെല്ലു ഭയം
രാവും പകലും നീയഭയം

ചിന്തി നീ ചെന്നിണം ക്രൂശിലതാലെൻ
ബന്ധനം നീക്കി നിൻ സ്വന്തമാക്കി
എന്തൊരു ഭാഗ്യനിത്യബന്ധം സന്തതം
പാടും സന്തോഷമായ്

തുമ്പങ്ങളേറുമെൻ മാനസം തന്നിൽ
ഇമ്പം പകരുന്നു നിൻ മൊഴികൾ
എൻ മനം നിന്നിലാനന്ദിക്കും
നിൻ മാർവ്വിൽ ചാരി ആശ്വസിക്കും

എന്നു നീ വന്നീടും എന്നാത്മനാഥാ
വന്നല്ലാതെന്നാധി തീരുകില്ലാ
ഒന്നേയെന്നാശ നിന്നെ കാൺമാൻ
ആമേൻ കർത്താവേ വന്നീടണേ

# 159

എൻ പ്രിയനെപ്പോൽ സുന്ദരനായ്
ആരേയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ നിന്നെ പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ!
മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ

സർവ്വാംഗ സുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വ സുഖ സൗകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ സുന്ദരനാം

യെറുശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ സുന്ദരനാം

ലോക സുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടുകൂടിയെന്നെ മാടി വിളിച്ചാൽ സുന്ദരനാം

വെള്ളത്തിൻ കുമിള പോലെ മിന്നി വിളങ്ങീടുന്ന
ജഢീക സുഖങ്ങളെന്നെ എതിരേൽക്കുകിൽ സുന്ദരനാം

പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ സുന്ദരനാം

# 160

എന്റെ ദൈവം സ്വർഗ്ഗ സിംഹാസനം തന്നി-
ലെന്നിൽ കനിഞ്ഞെന്നെ ഓർത്തീടുന്നു!

അപ്പനും അമ്മയും വീടും ധനങ്ങളും
വസ്തു സുഖങ്ങളും കർത്താവത്രെ
പൈതൽ പ്രായം മുതൽക്കിന്നേവരെയെന്നെ
പോറ്റി പുലർത്തിയ ദൈവം മതി

ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടന്നറിഞ്ഞതിലുല്ലാസമേ

പിതാവില്ലാത്തോർക്കവൻ നല്ലോരു താതനും
പെറ്റമ്മയെ കവിഞ്ഞാർദ്രവാനും
വിധവയ്ക്കു കാന്തനും സാധുവിനപ്പവും
എല്ലാർക്കും എല്ലാമെൻ കർത്താവത്രെ

കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ
കാട്ടിലെ മൃഗങ്ങൾ ആറ്റിലെ മത്സ്യ-
ളെല്ലാം സർവ്വേശനെ നോക്കീടുന്നു.

കോടാകോടി ഗോളമെല്ലാം പടച്ചവ-
നെല്ലാറ്റിനും വേണ്ടതെല്ലാം നൽകി
സൃഷ്ടികൾക്കൊക്കെയുമാനന്ദ കാരണൻ
ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ

# 161

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും
യേശു മാത്രം സമ്പത്താകുന്നു

ചാവിനെവെന്നുയർത്തവൻ വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു (എന്റെ)

ക്രൂശിൽ മരിച്ചീശനെൻപേർക്കായ് - വീണ്ടെടുത്തെന്നെ
സ്വർഗ്ഗകനാൻ നാട്ടിലാക്കുവാൻ

പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നൽകി (എന്റെ)

തന്റെ പേർക്കായ് സർവ്വ സമ്പത്തും - യാഗമായ് വെച്ചി
ട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ്
തന്റെ വേല ചെയ്തുകൊണ്ടും എന്റെ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻ സേവയിൽ എൻ ആയുസ്സെല്ലാം കഴിച്ചീടും (എന്റെ)

എന്റെ രാജാവെഴുന്നെള്ളുമ്പോൾ തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ
മാർവ്വിലെന്നെ ചേർത്തിടും തൻ പൊന്നുമാർവ്വിൽ മുത്തിടും ഞാൻ
ഹാ! എനിക്കീ മഹാഭാഗ്യം ദൈവമെ നീ ഒരുക്കിയേ (എന്റെ)

# 162

കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയം പാടിടും
മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും

ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം
നന്ദിയോടടി വണങ്ങും

ആർപ്പോടു നിന്നെ ഘോഷിക്കും ഈ സീയോൻ യാത്രയിൽ
മുമ്പോട്ടു തന്നെ ഓടുന്നു എൻ വിരുതിനായി
ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു
ശത്രുക്കളാരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കയ്യിൽ നിന്നു
ദൂതന്മാരുടെ മദ്ധ്യത്തിൽ

എൻഭാഗ്യകാലമോർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാൻ ആ ഭാഗ്യം കണ്ടപ്പോൾ
നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടീടും
രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും
രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ
കോടി കോടി യുഗങ്ങളായി

മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നീടും
എൻ ക്ലേശമാകെ നീങ്ങിപ്പോം അവിടെയെത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിന്നതു എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ശ്രീയേശു രാജൻ മുമ്പാകെ

# 163

പൊന്നേശു തമ്പുരാൻ നല്ലൊരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു

സ്വർഗ്ഗ സിംഹാസനം താതന്റെ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻ പേർക്കായ്
ദാസനെപ്പോലെവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേറ്റിടുവാൻ!

തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കു തകരുന്നെൻ –
കണ്ണുനിറയുന്നെൻ രക്ഷകനേ!

എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപ സാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു നി –
ന്നോമനപ്പൈതലായ് തീർക്കേണമേ!

പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ!
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻ പുത്രന്റെ രാജ്യത്തിലായ്

ഭൂലോകമായയിൽ മോഹം പതിച്ചെന്റെ
കാലം പാഴിൽ കളഞ്ഞീടാതെന്നിൽ
സ്വർലോക രാജ്യത്തിൽ തങ്കക്കിരീടത്തി -
ലുല്ലാസമേകണേ പൊന്നേശുവേ

## 164

യേശു മഹോന്നതനേ നിനക്കു
സ്തോത്രമുണ്ടാകയെന്നേക്കും ആമേൻ

നീചരാം ഞങ്ങളെ വീണ്ടീടുവാൻ
വാനലോകം വെടിഞ്ഞോടി വന്നു
താണു നരാകൃതി പൂണ്ടതിനെ
കാണുവാൻ നീ കൃപ ചെയ്യേണമേ (യേശു)

വാനസേനാദികളിൻ സ്തുതിയും
ആനന്ദമാം സ്വർഗ്ഗഭാഗ്യമതും
ഹീനരായീടുമീ ഞങ്ങളുടെ
ഊനമകറ്റുവാനായ് വെടിഞ്ഞോ (യേശു)

ഭൂതലെ ചുറ്റി നീ സഞ്ചരിച്ചു
പാപികളെയരികെ വിളിച്ചു
നീതിയിൻ മാർഗ്ഗമെല്ലാമുരച്ചു
വേദനയേറ്റവും നീ സഹിച്ചു (യേശു)

പാപനിവാരണനായ നിന്മേൽ
പാപമശേഷവുമേറ്റുകൊണ്ട്
പാപബലിക്കു നിൻ ചോര ചിന്തി
പാരിൻ മദ്ധ്യേ കുരിശിൽ മരിച്ചു (യേശു)

ഈയുപകാരമെന്റെ മനസ്സിൽ
രാപ്പകലോർത്തു നിന്നോടണഞ്ഞു
ലോകയിമ്പങ്ങളെ തള്ളീടുവാൻ
നീ കൃപ ചെയ്ക ദിനം പ്രതി മേ (യേശു)

# 165

വന്നീടുവിൻ യേശുപാദം ചേർന്നീടുവിൻ
പാപത്തെ വിട്ടോടീടുവിൻ
വരുന്നാരെയും ഒരുനാളും ഞാൻ
തള്ളുകയില്ലെന്നുരച്ചു യേശു (വന്നീടു)

പാപത്തിൻ ശമ്പളം മരണമെ
അതു നിന്നെ നശിപ്പിക്കുമെ
ദൈവകൃപയോ ക്രിസ്തുവിൽ നിത്യ
ജീവനാണെന്ന് വിശ്വസിച്ചിട്ടു (വന്നീടു)

ഇന്നു നീ മരിച്ചാലെങ്ങു പോം?
ദൈവകോപം നീങ്ങിയോ
നിനക്കായ് യേശു കുരിശിൽ മരിച്ചു-
ഉയിർത്തെഴുന്നള്ളി മഹിമയിൽ (വന്നീടു)

മരണമെ നിനയാനേരമേ
അതു നിന്നെ സന്ധിക്കുമേ,
മരിച്ചോർ ദൈവപുത്രന്റെ ശബ്ദം
കേട്ടു ജീവിക്കും നേരമായല്ലോ (വന്നീടു)

ഇതാ ഞാൻ വേഗം വരുന്നുവെന്ന്
യേശുരാജൻ അരുളിയല്ലോ
യേശുവേ വേഗം മേഘത്തിൽ വന്നു
നിത്യരാജ്യത്തിൽ ചേർക്ക ഞങ്ങളെ (വന്നീടു

# 166

ദൈവമേ നിനക്കു സ്തോത്രം പാടിടും
ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും (2)
സന്താപകാലത്തും സന്തോഷകാലത്തും
എപ്പോഴും എന്റെ നാവ് നിന്നെ വാഴ്ത്തുമെ

നിന്നെയറിഞ്ഞിടാതെ പോയ പാതയിൽ
നീയെന്നെ തേടിവന്ന സ്നേഹമോർക്കുമ്പോൾ (2)
എൻ നാവതെങ്ങനെ മിണ്ടാതിരുന്നിടും
സ്തോത്രയാഗമെന്നുമർപ്പിച്ചീടും ഞാൻ ദൈവമേ

പാപച്ചെളിയിൽ നിന്നു വീണ്ടെടുത്തെന്നെ
പാറയാം ക്രിസ്തനിൽ സ്ഥിരപ്പെടുത്തി നീ (2)
എൻനാവിൽ തന്നു നീ - നവ്യ സങ്കീർത്തനം
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ഞാൻ ദൈവമേ

എന്നെയനുദിനം വഴി നടത്തണം
വീഴാതെയങ്ങു നിന്നടുക്കലെത്തീടാൻ (2)
ആലംബമായിടും ആത്മാവെ തന്നതാൽ
സ്തോത്രയാഗമെന്നുമർപ്പിച്ചീടും ഞാൻ ദൈവമേ

എൻ കണ്ണുനീരെല്ലാം തുടച്ചീടുന്നു നീ
കൺമണിപോലെ നിത്യം കാത്തിടുന്നെന്നെ (2)
വൻ കൃപയോർക്കുമ്പോൾ എന്നുള്ളം തുള്ളുന്നേ
സ്തോത്രയാഗമെന്നും അർപ്പിച്ചിടും ഞാൻ ദൈവമേ

# 167

നിൻദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു (2)

യേശുവേ എൻ ദൈവമേ
നീ എന്നും മതിയായവൻ (2)

യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ (2)
നന്ദികൊണ്ടെൻ മനം പാടിടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ (2)

ദൈവമെ നിന്റെ സ്നേഹം
എത്രനാൾ തള്ളി നീക്കി (2)
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാലിന്നോ ഞാൻ ധന്യനായ് (2)

എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല (2)
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശുതാൻ ഒരുക്കിയല്ലോ (2)

നിത്യതയോർത്തിടുമ്പോൾ എൻ
ഹൃത്തടം ആനന്ദിക്കും (2)
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടീടുന്നു (2)

# 168

യേശുനാഥാ! നീതി സൂര്യാ ഏകണം നിൻ ആത്മദാനം
ദാസരിലീ സമയത്തിൽ നാഥനെ
സർവ്വമാലൊഴിച്ചു ദിവ്യദാനം നൽകുക.

ഇന്നു നിന്റെ സന്നിധിയിൽ വന്നിരിക്കും ഞങ്ങളെ നീ
നിന്റെ ദിവ്യാശിഷം നൽകിപ്പാലിക്കാ – സർവ്വ
മായ ചിന്ത ദൂരെ നീക്കി കാക്കുക.

ഇത്രനാളും നിൻ കൃപയെ വ്യർത്ഥമാക്കി തീർത്തുപോയേ
അത്തലെല്ലാം നീക്കി നീ കൈ താങ്ങുക – നിന്റെ
സത്യബോധം ഞങ്ങളിൽ നീ നൽകുക.

ആത്മദാതാവായ നിന്നെ സ്വന്തമാക്കിത്തീർത്തിടുവാൻ
ആത്മദാഹം ഞങ്ങളിൽ നീ നൽകുക!– സർവ്വ
സ്വാർത്ഥചിത്തം ദൂരെ നീക്കി കാക്കുക!

നീ പൊഴിക്കും തേൻ മൊഴികൾ ഞങ്ങളുള്ളിലാക്കീടുവാൻ
പാരം കൊതി നൽകിടേണം ദൈവമേ– എല്ലാം
ചെയ്തു നല്ല ദാസരായ് തീരുവാൻ

# 169

യേശുവേ നിൻ പാദം കുമ്പിടുന്നേൻ
നിസ്തുല സ്നേഹത്താലെ ക്രിസ്തുവെ എന്നെയും നീ
നിൻ മകനാക്കുവാൻ തിന്മകൾ നീക്കുവാൻ
വിൺമഹിമ വെടിഞ്ഞു

ഹല്ലേലുയ്യാ ആമേൻ.....ഹാ ഹല്ലേലുയ്യാ

സ്നേഹത്തിന്നാഴിതന്നിൽ മുങ്ങിഞാനിന്നുമന്നിൽ
ആമയം മാറിയും ആനന്ദമേറിയും
വാഴുന്നു ഭീതിയെന്യേ ഹല്ലേലുയ്യാ

എന്നുമെ ഞാനിനിയും നിന്നുടെ സ്വന്തമത്രെ
ഒന്നുമെ ശക്തമല്ലീ ബന്ധം മാറ്റുവാൻ
എന്തൊരു ഭാഗ്യമിത് ഹല്ലേലുയ്യാ

ഭൂതലം വെന്തുരുകും താരങ്ങൾ മറയും
അന്നുമെന്നേശുവിൻ അൻപിൻ കരങ്ങളിൽ
സാധു ഞാൻ വിശ്രമിക്കും ഹല്ലേലുയ്യാ

# 170

കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായൊരു ശാശ്വതപാറ കാണുന്നു

സുസ്ഥിരമാനസനവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിലനുദിനം നാഥൻ

കാത്തിടുമവനെ നൽ സ്വസ്ഥതയോടെ
പാർത്തിവനവൻ തിരുകരങ്ങളിലെങ്ങും കാണുന്നു

ചെയ്കയില്ലവൻ നമ്മൾ പാപത്തിനൊത്തപോൽ
പ്രതിഫലമരുളുന്നില്ല കൃത്യങ്ങൾ ഗണിച്ചും
വാനമീഭൂവിൽ നിന്നുയർന്നിരിപ്പതുപോൽ
പരൻ ദയ ഭക്തർമേൽ വലിയതുതന്നെ കാണുന്നു

ഒടിയ്ക്കയില്ലവനേറ്റം ചതഞ്ഞതാം ഓട
കെടുക്കുകില്ലവൻ തിരി പുക വമിക്കുകിലും
നടത്തും തൻ വിധി ജയം ലഭിക്കും നാൾ വരെയും
തളരാതവൻ ഭൂവിൽ സ്ഥാപിക്കും ന്യായം കാണുന്നു

വഴുതീടാതവനെന്നെ കരങ്ങളിൽ കാത്തു
നിറുത്തും തൻ മഹിമയിൻ സവിധത്തിൽ നാഥൻ
കളങ്കമറ്റാനന്ദപൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമങ്ങവനെന്നും ആമേൻ കാണുന്നു

# 171

ബാലരാകുന്ന ഞങ്ങളെ യേശുതമ്പുരാൻ
കൈയിലേൽക്കണം
ബാലരാകുന്ന ഞങ്ങൾക്കും കൃപ തന്നു
മോക്ഷത്തിലാക്കണം.

സ്വർഗ്ഗരാജ്യത്തിൽ വന്നു ഞങ്ങളും
ഭാഗ്യശാലികളാകുവാൻ
തക്ക പാതയിലാക്കണം യേശു-
തമ്പുരാൻ കൃപയൊന്നിനാൽ.

പണ്ടു താൻ ഭൂവിൽ വന്ന കാലത്തു
ബാലരെ അണച്ചപോൽ
ഇന്നും ബാലരെ ചേർക്കുവാൻ
കരം നീട്ടണെ കൃപ നൽകണെ.

ബാലന്മാർ പലർ ലോകം വിട്ടു
നിൻ മാർവ്വിൽ ചേരുന്നു നിത്യമായ്
ബാലന്മാരേയും ഓർക്കണേ
നിന്റെ ആശ്വാസസ്ഥലവാസത്തിൽ.

എന്തു ഞങ്ങളാൽ ചെയ്‌വതിന്നു
സാദ്ധ്യമാമതിനപ്പനെ

ശക്തിയും നല്ല ബുദ്ധിയും നൽകി
രക്ഷകാ വഴികാട്ടണേ.

പൊന്നു നായകൻ വാനമേഘത്തിൽ
വന്നു മക്കളെ ചേർക്കുമ്പോൾ
ആശയോടു നിൻ മക്കളായ് ഞങ്ങൾ
അങ്ങു ചേരുമാറാകണം.

## 172

പ്രാർത്ഥന കേൾക്കണമേ കർത്താവേയെൻ
യാചന നല്കണമേ - കർത്താവേയെൻ

പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ-
ക്കുത്തരം തന്നരുളാമെന്നുള്ളോരു
വാഗ്ദത്തം പോൽ ദയവായ് (2) പ്രാർത്ഥന

താതനും മാതാവും നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ - വേറാരുമെൻ
ആതങ്കം നീക്കിടുവാൻ (2) പ്രാർത്ഥന

നിത്യതയിൽ നിന്നുള്ളത്യന്തസ്നേഹത്താൽ
ശത്രുതയേയകറ്റി - എനിക്കുനീ
പുത്രത്വം തന്നതിനാൽ (2) പ്രാർത്ഥന

ഭൃത്യരനേകരിൻ പ്രാർത്ഥനകേട്ടു നീ
ഉത്തരം നല്കിയതോ - ർത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ (2) പ്രാർത്ഥന

കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ല ദയ - യോർത്തിതാവന്നേൻ
നല്ലവനേ സദയം (2) പ്രാർത്ഥന

## 173

ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു (2)
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു (2)

യേശുവേ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു (2)
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു (2)

പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു (2)
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു (2)

സ്നേഹപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു (2)
ജീവനുമെന്റെ സർവ്വസ്വവും
മുമ്പിലണച്ചു കുമ്പിടുന്നു (2)

# 174

നിനക്കു വേണ്ടി ഞാൻ ധരയിലെന്തു വേണമോ
എനിക്കു വേറില്ലാശയൊന്നെന്നേശുമാത്രമേ

എവിടെപ്പോയ് ഞാൻ അവനായ് ജീവൻ വെയ്ക്കണം
അവിടെ തന്നെ പോകാൻ എനിക്ക് മനസ്സ് നൽകണേ

ദുരിതക്ലേശമോ വിവിധ പീഡ പേടിയോ
വരുകയില്ലെന്നരികിലേശു കരുണാസമുദ്രമേ

തരുന്ന ദൂതുകളാർക്കും ധൈര്യമോതീടാം
വരുന്നതെന്തും വരട്ടന്നല്ലാതെനിക്ക് പാടില്ല

ലോകരാജ്യങ്ങൾ ആകെയിളകി മാറിടും
ലോകമെങ്ങും യേശുവെന്ന നാമമായിടും

യേശു വരുന്നിഹെ തന്റെ രാജ്യം സ്ഥാപിപ്പാൻ
നാശമില്ലാ രാജ്യമതിലെ രാജനും തന്നെ

കുരിശിൽ തൂങ്ങിയോൻ വരുന്നു രാജരാജനായ്
ധരയിലവനു ചീയർ വിളിപ്പാനുള്ളം കൊതിക്കുന്നു

ജാതിഭേദമോ അവിടില്ലാരിലും തന്നെ
ജാതിഭേദമൊക്കെ യേശു നീക്കും സ്നേഹത്താൽ

ദേശം ദേശമായ് യേശു ഭരണം ചെയ്യുമ്പോൾ
മോശക്കാരെന്നിവിടെ കണ്ടോർക്കൂടെ വാണിടും

# 175

കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവയൊന്നെയെന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നു ചൊല്ലും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ഇത്രനൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യാ പാടും ഞാൻ ആർത്തുപാടി

തൻ സ്വന്ത ജീവൻ തന്ന രക്ഷകൻ
തള്ളുകയില്ലേതുദുഃഖനാളിലും
തൻതിരു കൈകളാൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊൽവാൻ പോരാവാക്കുകൾ ആർത്തുപാടി

വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിരപോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും ആർത്തുപാടി

എൻസ്വന്തബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിന്
കൈവിടില്ലെന്നു തൻ വാഗ്ദത്തമുണ്ടതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ ആർത്തുപാടി

വിശ്വാസം കാത്തു ഓട്ടം ഓടിയെൻ
ആയുസ്സെല്ലാം നല്ലപോർ നടത്തിടും
പിന്നെയെൻ യേശുവിൻ പാദമണഞ്ഞുഞാൻ
എന്നാളും സ്തോത്രഗീതം പാടും ഞാൻ ആർത്തുപാടി

## 176

ഒരിക്കൽ യേശുനാഥൻ - ഗലീലി കടൽത്തിരയിൽ
തോണിയേറി വല വീശിപ്പോണോരെ കണ്ടേ
അവരോടൊന്നുചൊല്ലി -സ്നേഹമോടെ ദൈവദൂതുകൾ

അലകടലിൽ - അലയും മുക്കുവരെ
ഒരുമയോടെ - വരുവിൻ കര കയറാം
വലകൾ മാറി മാറി - അലകടലിൽ വീശി നോക്കി
വെറുതെ തോണിയുമായവരുഴറുമ്പോൾ
ചെറുമീൻപോലുമില്ലാതവരലയുമ്പോൾ
വരുവിൻ - വലയെറിയിൻ - നിറയും വല വലിക്കിൻ
മനസ്സിന്റെയമരത്തെ ഗുരുവരുളുന്നു-
മാനവരെനേടുന്നോരായിരിക്കുക - ഇവിടെ
മാനവർക്കു മോക്ഷദീപമാക നിങ്ങൾ ഒരിക്കൽ

അലകൾ ചീറി വരും - ആ കടലിൽ ശിഷ്യഗണം
ഉലയും തോണി തുഴഞ്ഞിടറങ്ങി നീങ്ങുമ്പോൾ
തിരയിൽ തോണിയുലഞ്ഞവരലയുമ്പോൾ
അരുതേ-ഭയമരുതേ ഇരുളിൽ ഗുരുവരുളി
ജലരാശി ഗുരുവിന്റെ നടവഴിയായി
വിശ്വാസം ഉടയാത്തോനായിരിക്കുക
ഇനിയും പത്രോസെ ദൈവവാക്യം ഓർക്കുകയെന്നും ഒരിക്കൽ

## 177

ലോകമാം ഗംഭീരവാരിധിയിൽ
വിശ്വാസക്കപ്പലിലോടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടുകൂടെ വിശ്രമിപ്പാൻ.........

യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വെച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും.........

കാലം കഴിയുന്നു നാൾകൾ പോയ്
കർത്താവിൻ വരവു സമീപമായ്
മഹത്വ നാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്ക നിൻ ആത്മാവിനാൽ....... യാത്ര

പൂർവ്വ പിതാക്കളാം അപ്പോസ്തോലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണീ ലാഭം
അന്യരെന്നെണ്ണീയീ ലോകമതിൽ.......... യാത്ര

ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും....... യാത്ര

ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധ പളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊന്മുഖം മുത്തീടും ഞാൻ......... യാത്ര

## 178

(ഞങ്ങൾക്കുള്ള കർത്താവേ എന്ന രീതി)

സ്വർഗ്ഗസ്ഥ താതാ നാഥാ, സർവ്വചരാചരപാലകനെ
ഭൂസ്വർഗ്ഗങ്ങൾക്കുടയോനെ, ബലവാനെ ബഹു പരിശുദ്ധ
ഇക്ഷിതി രക്ഷിപ്പാൻ വന്ന് സത്യത്തിൻ വഴി കാണിച്ച്
ജീവപ്രദമാം അപ്പം തന്ന് സ്വർഗ്ഗം പൂകിയ ദൈവസുതാ

താതനിൽ നിന്നാത്മജനാലെ പ്രഷിതനാശ്വാസപ്രദനെ
സകലർക്കും ജീവൻ നൽകും റൂഹാ പരിശുദ്ധാത്മാവേ
ത്രിത്വേ ഏകത്വവുമതുപോൽ ഏകത്വേ ത്രിത്വവുമാകും
നാഥാ കർത്താവെ ഞങ്ങൾ നിന്നെ വന്ദിച്ചീടുന്നു.

കരുണയോടിത്തരുണം നാഥാ നിന്നരുമകുഞ്ഞുങ്ങളെ നീ
തൃക്കൺപാർത്തീ പ്രാർത്ഥനയെകർത്താവെ കൈക്കൊള്ളണമേ
തിരുസഭ തന്നുടെ അദ്ധ്യക്ഷൻ മോറോൻ മാർ ബസേലിയോസ്
താതനു ദിവ്യ നടത്തിപ്പും ദീർഘായുസ്സും നൽകണമേ.

മേൽപ്പട്ടക്കാർ, പട്ടക്കാർ ജനനീ ജനക ഗുരുക്കന്മാർ
സ്നേഹിതരെന്നിവരേയും നീ സന്തുഷ്ട്യാ പാലിക്കണമേ
ഞങ്ങളെ വാഴ്ത്തി കണ്ണിന്റെ കൃഷ്ണമണിക്കൊപ്പംകാത്ത്
യേശുമശിഹ ജീവന്റെ വഴിയിൽ കൂടി നടത്തണമേ.

തങ്കത്തെക്കാളും രമ്യം തേനിൻ കട്ടയിലും കാമ്യം
നിൻ കല്പനകളറിഞ്ഞെന്നും പാലിച്ചീടേണം ഞങ്ങൾ
ഈ ലോകത്തിൽ വെച്ചെങ്ങെ അറിവാനും സ്നേഹിപ്പാനും
പരലോകെ തവ മോക്ഷത്തെ നേടാനും വരമേകണമേ.

വാങ്ങിപ്പോയവരോട് ഒന്നിച്ചന്ത്യം ഞങ്ങൾ തിരുമുമ്പിൽ
പരിശുദ്ധ ഗണത്തോടുകൂടെ ആനന്ദിപ്പാറാകണമേ
കന്യകമറിയാം യൂഹാനോൻ മാർത്തോമ്മാ പരിശുദ്ധന്മാർ
ഇവരുടെ യാചനയാലും നിൻ സ്ലീബാ കൃപ ഇവയാലും താൻ

## 179

ആപത്തു വേളകളിൽ, ആനന്ദ വേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നേ ഞാൻ

കുശവന്റെ കൈയിൽ കളിമണ്ണുപോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞീടണമെ വാർത്തെടുക്കണേ
ദിവ്യഹിതം പോലെ ഏഴയാമെന്നെ (ആപത്തു)

എനിക്കായ് മുറിവേറ്റ തൃക്കരങ്ങൾ
എൻ ശിരസ്സിൽ വെച്ചാശീർവദിക്കണേ
അങ്ങയുടെ ആത്മാവിനാൽ ഏഴയെ
അഭിഷേകം ചെയ്തനുഗ്രഹിക്കണമേ (ആപത്തു)

കഷ്ടതയുടെ കൈപ്പുനീരിൻ പാത്രവും
അങ്ങ് എൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരേണമെ. (ആപത്തു)

എന്റെ ഹിതം പോലെ നടത്തരുതേ
തിരുഹിതം പോലെ നയിക്കേണമെ
ജീവിത പാതയിൽ പതറീടാതെ
സ്വർഗ്ഗ ഭവനത്തിൽ എത്തുവോളവും (ആപത്തു)

## 180

ഇടറി വീഴുവാൻ ഇട തരല്ലെ നീ യേശു നായകാ
ഇടവിടാതെ ഞാൻ നല്ലിടയനോടെന്നും പ്രാർത്ഥിക്കുന്നിതാ
മുൾക്കിരീടം ചാർത്തിയ ജീവദായകാ
ഉൾത്തടത്തിൻ തേങ്ങൽ നീ കേട്ടിട്ടില്ലയോ (ഇടറിവീഴുവാൻ)

മഹിയിൽ ജീവിതം മഹിതമാക്കുവാൻ
മറന്നുപോയ മനുജനല്ലോ ഞാൻ
അറിഞ്ഞിടാതെ ഞാൻ ചെയ്ത പാപമോ
നിറഞ്ഞ കണ്ണു നീർക്കണങ്ങളായ്
അന്ധകാര വീഥിയിൽ തള്ളിടല്ലേ രക്ഷകാ
അന്തരംഗം നൊന്തു കേണിതാ (ഇടറി വീഴുവാൻ)

വിശ്വമോഹങ്ങൾ ഉപേക്ഷിക്കുന്നു ഞാൻ
ചെയ്ത പാപ പ്രായശ്ചിത്തമായ്
ഉലകിൽ വീണ്ടും ഞാൻ ഉലഞ്ഞു പോകല്ലെ
ഉടഞ്ഞൊരു പളുങ്കുപാത്രം ഞാൻ
എന്റെ ശിഷ്ടജന്മമോ നിന്റെ പാദലാളനം
എന്നുമാശ്രയം നീ മാത്രമേ (ഇടറി വീഴുവാൻ)

## 181

എണ്ണി എണ്ണി തീരാത്ത നന്മകൾ
എന്റെ മേൽ ചൊരിഞ്ഞവനെ
എണ്ണമില്ലാത്ത നിൻ നന്മകൾ അഖിലം
പാരിതിൽ ഘോഷിക്കാൻ വരുന്നിതാ ഞാൻ

പാപക്കുഴിയിൽ നിന്നെന്നെ ഉയർത്തി
രാപലേകി നിൻ കൃപയാൽ
ഹൃദയത്തിൽ മലിനത നീക്കി നിതാന്തം
നിന്നെ കാണുവാനുൾക്കണ്ണു തുറന്നു

മനസ്സിൻ മുറിവുകൾ ഉണക്കാൻ
സ്നേഹത്തിൻ തൈലം പൂശി
കദനം നിറഞ്ഞൊരെൻ ജീവിത യാത്ര
ആമോദമാക്കി നീ തീർത്തു.

## 182

നിന്റെ വിശ്വാസത്തോണിയിൽ കർത്തനുണ്ടോ
അവൻ അമരത്തു തലവച്ചു മയങ്ങുകയോ
ഉണർത്തീടുക മനമേ ഉണർത്തീടുക
ദിനം പ്രതികൂല കാറ്റുകളടിച്ചീടുമ്പോൾ (നിന്റെ)

കഷ്ടത പ്രയാസങ്ങൾ പെരുകീടുമ്പോൾ
നിന്റെ ആശ്വാസദായകൻ അരികിലുണ്ട്
രോഗക്കിടക്കയിൽ സൗഖ്യമേകുവാൻ
ആണിപ്പഴുതുള്ള കരവുമായ് അരികിലുണ്ട് (നിന്റെ)

വീണ്ടും വരാമെന്നു വാക്കു തന്നവൻ
വാനിൽ കാഹള ധ്വനിയുമായ് വരുന്നനേരം
ഒരുങ്ങീട്ടുണ്ടോ – മനമെ ഒരുങ്ങീട്ടുണ്ടോ
പ്രിയൻകൂടെ വസിപ്പതിനായ് ഒരുങ്ങീട്ടുണ്ടോ (നിന്റെ)

## 183

കർതൃ കാഹളം യുഗാന്ത്യ കാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻനാൾ
പാർത്തലെ രക്ഷപ്പെട്ടോരക്കരെ കൂടിയാകാശെ
പേർ വിളിക്കുന്നേരം കാണും എൻ പേരും

പേർ വിളിക്കുന്നേരം കാണും (3)
പേർ വിളിക്കുന്നേരം കാണും എൻ പേരും

ക്രിസ്തനിൽ നിദ്രകൊണ്ടോരി ശോഭിത പ്രഭാതത്തിൽ
ക്രിസ്തൻ ശോഭ ധരിപ്പാനുയിർത്തു താൻ
ഭക്തർഭവനേ ആകാശമപ്പുറം കൂടിടുമ്പോൾ പേർ...

കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തങ്ങനെ
വാർത്ത ഞാൻ ചൊല്ലിടട്ടെ തൻ സ്നേഹത്തിൽ
പാർത്തലത്തിൽ എന്റെ വേല തീർത്തു ജീവിതാന്ത്യത്തിൽ പേർ

# 184

ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയല്ലോ

ലോകത്തിൽ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ
യൗസേപ്പിൻ ദൈവമെൻ കൂട്ടാളിയല്ലോ (ക്രിസ്തീയ)

അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയല്ലോ (ക്രിസ്തീയ)

ഇത്ര നല്ലിടയൻ ഉത്തമ സ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയായാൽ
എന്തിനി ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൽ കുഞ്ഞുങ്ങൾ പാട്ടുപാടും (ക്രിസ്തീയ)

കാഹള ശബ്ദങ്ങൾ കേട്ടിടാൻ നേരമായ്
കഷ്ടങ്ങൾ ഏറ്റ എൻ പ്രിയനെ കാണാറായ്
എന്നു നീ വന്നിടും എപ്പോൾ നീ വന്നീടും
എത്രനാൾ നോക്കി ഞാൻ പാർക്കണം പ്രിയനെ (ക്രിസ്തീയ)

# 185

ജയം ജയം ഹല്ലേലൂയ്യാ ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു ജയം ജയം എപ്പോഴും
പാപത്തേയും രോഗത്തെയും ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനേയും സൈന്യത്തേയും കാൽവറിയിൽ തോൽപ്പിച്ചു

ശത്രുഗണം ഒന്നാകവെ ചെങ്കടലിൽ മുങ്ങിപ്പോയ്
വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ

വാദ്യഘോഷങ്ങളോടു നാം ജയത്തിന്റെ പാട്ടുകൾ
ആഘോഷമായ് പാടിടുക ശുദ്ധിമാന്മാർ സഭയിൽ

രക്തം കൊണ്ടു മുദ്രയിടപ്പെട്ട ജനം ഒന്നിച്ചു
കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ

തകർക്കുന്ന രാജരാജൻ സൈന്യത്തിന്റെ മുമ്പിലായ്
നായകനായുള്ളതിനാൽ ജയം ജയം നിശ്ചയം

ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ജയമേ
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ആമേൻ

# 186

ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്
ജീവനും മരണവും ഒരുപോലെ കാൽവറി തന്നൊരു വൻധൈര്യം

ജീവൻ നൽകി ജീവൻ തന്ന, ജീവാരംഭമായവനേ
ജീവൻ, മരണം, ജീവനെന്ന പാവനവൃത്തം ഞാൻ തേടും

കാറ്റും കോളുമേറി വന്നാൽ – മരണം മാറ്റും ജീവൻ നീ
തോറ്റാലും നീ ജയിച്ചീടും – കാറ്റും കടലും താണ്ടീടും

ക്രൂശിൻ നാശം ഭാരമല്ല – ക്രൂശിൻ പൈതലായവന്
നാശം നീക്കും ഞായർദിനെ – യേശു വീണ്ടും ജീവൻ തരും

കാലമിനി ഏറെയില്ല കാലാതീതൻ വേഗം വരും
കാലാതീതാ നിത്യജീവൻ – കാലം തീരും മുമ്പേ നൽകാം

താതാ, പുത്ര, ആത്മാവേ, ത്രിത്വം നിത്യനായവനേ
നീ താനെന്റെ ജീവാത്മ – നീ താനെന്റെ പരമാത്മ

# 187

ദയ ലഭിച്ചോർ നാം സ്തുതിച്ചിടുവോം
അതിനു യോഗ്യൻ ക്രിസ്തു അത്രേ
മാധുര്യരാഗമാം ഗീതങ്ങളാലേ
അവനെ നാം പുകഴ്ത്തിടാം (ദയ)

നിൻ തിരുമേനിയറുക്കപ്പെട്ടു നിൻ
രുധിരത്തിൻ വിലയായ് വാങ്ങിയതാം
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ
ജാതികൾ സർവ്വവും ചേർത്തുകൊണ്ട് (ദയ)

പാപത്തിന്നധീനതയിൽ നിന്നീ
യടിയാരെ നീ വിടുവിച്ചു
അത്ഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയ താൻ (ദയ)

വീഴുന്നു പ്രിയനെ വാഴ്ത്തിടുവാൻ
സിംഹാസനവാസികളും താൻ
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കായ്
കിരീടങ്ങൾ താഴെയിടും (ദയ)

ദൈവകുഞ്ഞാടവൻ യോഗ്യനെന്നു
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത്
സ്തുതിച്ചിടാം വെള്ളത്തിന്നിരച്ചിൽ പോൽ
ശബ്ദത്താൽ പരിശുദ്ധയാം സഭയെ (ദയ)

യേശു താൻ വേഗം വരുന്നതിനായ്
മുഴങ്കാൽ മടക്കി നമസ്ക്കരിക്കാം
സ്നേഹിച്ച യേശുവേ കണ്ടിടുവോം നാം
ആനന്ദനാളതിലേ (ദയ)

## 188

ദൈവമുണ്ട് അങ്ങു പുത്രനുണ്ട്
ആത്മാവുണ്ട് ദൈവദൂതരുണ്ട്
കൂടാരമാകുന്ന എൻ ഭവനം
വിട്ടകന്നാലെനിക്കേറെ ഭാഗ്യം
കൈകളാൽ തീർക്കാത്ത മോക്ഷവീട്ടിൽ
തിട്ടമായിട്ടങ്ങു ചെന്നുചേരും (ദൈവ)

കർത്തനേശു തന്റെ പൊൻ കരത്താൽ
ചേർത്തിടുമായതിലെന്നെയെന്നും
ഒട്ടുനേരം കണ്ണുനീർ പെട്ടതെല്ലാം
പെട്ടെന്നു നീങ്ങുമേ തിട്ടമായ് (ദൈവ)

പോകാമെനിക്കെന്റെ രക്ഷകന്റെ
രാജ്യമതിനുള്ളിൽ വാസം ചെയ്‌വാൻ
രോഗം ദുഃഖം പീഡയൊന്നുമില്ല (ദൈവ)
ദാഹം വിശപ്പുമങ്ങൊട്ടുമില്ല

ഈവിധമായുള്ള വീട്ടിനുള്ളിൽ
പാർക്കുവാനെന്നുള്ളം വാഞ്ഛരിക്കുന്നു
എന്നു ഞാൻ ചെന്നങ്ങു ചേരുമതിൽ
പിന്നീടെനിക്കാപത്തൊന്നുമില്ല (ദൈവ)

നൊടിനേരത്തേക്കുള്ള ലഘു സങ്കടം
അനവധി തേജസ്സിൽ ഭാഗ്യം തന്നെ
കണ്ണിനു കാണുന്നതൊന്നുമില്ല
കാണപ്പെടാത്തൊരു ഭാഗ്യം തന്നെ (ദൈവ)

## 189

പെന്തിക്കോസ്തിൻ നാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ പിൻമഴ നൽക (2)

പിന്മഴ നൽകേണം മാലിന്യം മാറേണം (പെന്തി)
നിൻ ജനമുണർന്നു വേല ചെയ്യുവാൻ (2)

മുട്ടോളമല്ല അരയോളം പോരാ
വലിയോരു ജീവനദിയൊഴുകാം (2)
നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്ക നാഥാ (2) (പെന്തി)

ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ (2)
ചൈതന്യം നൽകേണം നവ ജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചീടാൻ (പെന്തി)

സൈന്യത്താലുമല്ല, ശക്തിയാലുമല്ല
ദൈവത്തിന്റെ ആത്മശക്തിയാലത്രെ (2)
ആർത്തു പാടി സ്തുതിക്കാം ഹല്ലേലുയ്യാ പാടാം
ആണിക്കല്ലുകയറ്റാം ദൈവസഭ പണിയാം (2) (പെന്തി)

# 190

പ്രതിഫലം തന്നിടുവാൻ – യേശുരാജൻ വന്നീടുവാൻ
അധികമില്ലിനിയും നാളുകൾ നമ്മുടെ –
യാധികൾ തീർന്നിടുവാൻ

ദൈവിക ഭവനമതിൽ – പുതു – വീടുകളൊരുക്കിയവൻ – വരും
മേഘമതിൽ നമ്മെ ചേർത്തിടുവാൻ നടു
വാനതിൽ ദൂതരുമായ് (പ്രതി)

തൻ തിരുനാമത്തിനായ് – മന്നിൽ നിന്ദകൾ സഹിച്ചവരെ
തിരുസന്നിധൗ ചേർത്തുതൻ കൈകളാലവരുടെ
കണ്ണുനീർ തുടച്ചിടുവാൻ (പ്രതി)

സ്വന്ത ജനത്തിനെല്ലാം – പല
പീഡകൾ ചെയ്തവരെ – വന്നു
ബന്ധിതരാക്കിയധർമ്മികളാമവ –
ർക്കന്തം വരുത്തീടുവാൻ (പ്രതി)

വിണ്ണിലുള്ളതുപോലെ യിനിമണ്ണിലും ദൈവഹിതം – പരി
പൂർണ്ണമായ് ദൈവിക രാജ്യമിപ്പാരിലും
സ്ഥാപിതമാക്കിടുവാൻ (പ്രതി)

കാലമെല്ലാം കഴിയും ഇന്നു കാണ്മതെല്ലാമഴിയും – പിന്നെ
പ്പുതുയുഗം വിരിയും തിരികെ വരാതെ നാം
നിത്യതയിൽ മറയും (പ്രതി)

## 191

യഹോവ ദൈവമാം വിശുദ്ധ ജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ

ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവമൊരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല (യഹോവ)

അവനീതലത്തിൽ അപമാനം നമു -
ക്കവകാശമെന്നോർത്തിടണം
അവനായ് കഷ്ടത ഏൽക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം (യഹോവ)

നിര നിര നിരയായ് അണി നിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതിടുവിൻ
ജയ വീരനാം യേശുവിന് (യഹോവ)

## 192

യാഹ് നല്ല ഇടയൻ എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ (2)

പച്ചയായ പുൽപ്പുറങ്ങളിൽ
സ്വച്ഛമാം നദിക്കരയിലും
ക്ഷേമമായ് പോറ്റുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ (യാഹ്)

കൂരിരുളിൻ താഴ്വരയതിൽ
ഏകനായ് സഞ്ചരിക്കിലും
ആധിയെന്യേ പാർത്തിടുന്നതും
ആത്മനാഥൻ കൂടെയുള്ളതാൽ (യാഹ്)

ശത്രുവിന്റെ പാളയത്തിലും
മൃഷ്ടഭോജ്യമേകീടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിന്തുടർന്നിടും (യാഹ്)

കഷ്ട നഷ്ട ശോധനകളിൽ
പൊൻമുഖം ഞാൻ നേരിൽ കണ്ടിടും

ശാശ്വത ഭുജങ്ങളിൻ മീതെ
നിർഭയനായ് ഞാൻ വസിച്ചിടും (യാഹ്)

## 193

യേശു എൻ പക്ഷമായ് തീർന്നതിനാൽ
എന്തൊരാനന്ദമീ ഭൂവിൽ വാസം
ഹാ! എത്ര മോദം പാർത്തലത്തിൽ ജീവിക്കും നാൾ

ലോകം വെറുത്തവരേശുവോട്
ചേർന്നിരുന്നെപ്പോഴും ആശ്വസിക്കൂ
ആ ഭാഗ്യകനാൻ ചേരുംവരെ കാത്തിടണം

ഈ ലോകരാക്ഷേപം ചൊല്ലിയാലും
ദുഷ്ടർ പരിഹാസം ഓതിയാലും
എൻ പ്രാണനാഥൻ പോയതായ പാത മതി

വേഗം വരാമെന്നുരച്ച നാഥാ
നോക്കി നോക്കി കൺകൾ മങ്ങീടുന്നേ
എപ്പോൾ വരുമോ പ്രാണപ്രിയാ കണ്ടീടുവാൻ

## 194

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാൻ
എൻ രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

മാട്ടിൻ തൊഴുത്തിൽ പിറന്ന മാന്യസുതനേ
ഹീനവേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ (വാ)

വേഷത്തിൽ മനുഷ്യനായ് കാണപ്പെട്ടോനെ
മനുഷ്യജന്മമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ (വാ)

പാതകർക്കായ് നീതിവഴി ഓതിത്തന്നോനെ
പാരിടത്തിൽ നിന്നെ ഓർത്തു വാഴ്ത്തിടുന്നു ഞാൻ (വാ)

ഗതസമനെ ശിഷ്യരുമായ് പ്രാർത്ഥിച്ചവനെ
രക്തവും വിയർത്തവനെ വാഴ്ത്തിടുന്നു ഞാൻ (വാ)

കുരിശെടുത്തു മലമുകളിൽ നടന്നു പോയോനെ
തൃപ്പാദം രണ്ടും ചുംബിച്ചിപ്പോൾ വാഴ്ത്തിടുന്നു ഞാൻ (വാ)

കുരിശിയിരുമ്പാണികളാൽ തറയ്ക്കപ്പെട്ടോനെ
ഏഴുമൊഴി ചൊന്നവനെ വാഴ്ത്തിടുന്നു ഞാൻ (വാ)

കുരിശിലേറി മരിച്ചുയർത്തു സ്വർഗ്ഗേപോയോനെ
നിത്യം ജീവിക്കുന്നവനെ വാഴ്ത്തിടുന്നു ഞാൻ (വാ)

ദൂതരുമായ് മേഘവാഹനേ വരുന്നോനെ
വേഗം നിന്നെ കാണ്മതിനായ് കാത്തിടുന്നു ഞാൻ (വാ)

എന്നുമേഘേ വന്നു കാണും രക്ഷകനെ ഞാൻ
നോക്കി നോക്കി കാത്തിടുന്നു നിൻ വരവിനായ് (വാ)

നിൻ വരവിൽ മുന്നണിയായ് നിന്നിടുമേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടുമേ നിൻ വരവിനായ് (വാ

# 195

ജയിക്കുമേ സുവിശേഷ ലോകം ജയിക്കുമേ
പേയുടെ ശക്തികൾ നശിക്കുമെ! സകല ലോകരും

കൂടുവിൻ സഭകളെ വന്നു പാടുവിൻ യേശുവിൻ കീർത്തി
കൊണ്ടാടുവിൻ സുവിശേഷം ചൊല്ലാൻ
ഓടൂ വൻ നിദ്രവിട്ടുണർന്നീടുവിൻ മനം
ഘോഷത്തോടുയർത്തീടേണം വേഗം

ഇടിക്കണം പേയിൻകോട്ട നാം ഇടിക്കണം ജാതിഭേദങ്ങൾ
മുടിക്കണെ സ്നേഹത്തിൻ കൊടി പിടിക്കണം
യേശു രാജന്റെ സുവിശേഷക്കൊടി
ഘോഷത്തോടുയർത്തീടേണം വേഗം

മരിച്ചു താൻ നമുക്കു മോക്ഷത്തെ
വരുത്തി താൻ വെളിച്ച മാർഗ്ഗത്തിൽ
ഇരുത്തി താൻ എളിയ കൂട്ടരെ ഉയർത്തി താൻ
യേശുദേവന്റെ രക്ഷയിൻ കൊടി
ഘോഷത്തോടുയർത്തീടേണം നമ്മൾ

ചെലവിടീൻ സുഖം ബലത്തെയും
ചെലവിടീൻ ബുദ്ധി ജ്ഞാനത്തേയും
ചെലവിടീൻ വസ്തു സമ്പത്തുകൾ
ചെലവിടീൻ യേശുരാജന്റെ മഹിമയിൻ കൊടി
ഏവരും ഉയർത്തീടേണം നമ്മൾ

യോഗ്യമേ ഇതു നമുക്കതിഭാഗ്യമേ രക്ഷിതാവിന്റെ
വാക്യമേ സ്വർലോകരോ-ടൈക്യമേ
യേശുരാജ്യ പ്രസിദ്ധിക്കായി നാം
ഏവരും പ്രയത്നിച്ചീടണമേ

## 196

സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ – ഹല്ലേലൂയ്യാ പാടി
സ്തുതിപ്പിൻ സ്തുപ്പിൻ യേശുദേവനെ
സ്തുതിപ്പിൻ ലോകത്തിൻ പാപത്തെ നീക്കുവാന–
ധിപനായ് വന്ന ദൈവകുഞ്ഞാടിനെ (സ്തുതിപ്പിൻ)

കരുണ നിറഞ്ഞ കണ്ണുള്ളോനവൻ – തൻ ജനത്തിൻ കരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ ലോകപാപച്ചുമടിനെ
ശിരസ്സുകൊണ്ടു ചുമന്നൊഴിപ്പതിന്നു
കുരിശെടുത്തു ഗോഗുൽഥാവിൽ പോയോനെ (സ്തുതിപ്പിൻ)

വഴിയും സത്യവും ജീവനുമവനെ അവനരുകിൽ വരുവിൻ
വഴിയുമാശ്വാസമേകുമേയവൻ പാപച്ചുമടൊഴിച്ചവൻ
മഴയും മഞ്ഞും പെയ്യുമ്പോലുള്ളിൽ കൃപ
പൊഴിയുമേ മേഘത്തൂണിൽ നിന്നു പാടി (സ്തുതിപ്പിൻ)

മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ ഭൂമിരാജാക്കന്മാരെ
ഭരിച്ചു വാഴുമേകനായകൻ – നമ്മെ സ്നേഹിച്ചവൻ തിരു
ച്ചോരയിൽ കഴുകി നമ്മെയെല്ലാം ശുദ്ധീ–
കരിച്ചു വിശ്വസ്ത സാക്ഷിയെ നിനച്ചു (സ്തുതിപ്പിൻ)

മന്നവമന്നനാകുന്ന മിശിഹായെ! മഹാസേനയിൽ കർത്തനെ
മണ്ണും വിണ്ണും പടച്ചവനെ മനുവേലാ – മനുനന്ദനെ പര –
നന്ദനനെ മേരി – നന്ദനനെ രാജാ
നന്ദനനെ നിങ്ങൾ നന്ദിയോടു പാടി (സ്തുതിപ്പിൻ)

ഹല്ലേലൂയ്യാ പാടി സ്തുതിപ്പിൻ യേശുവേ – യേശുനാമത്തിനു ജയം
അല്ലലെല്ലാമവനകലെ കളയുമെ – യേശുരാജാവിന്നോശാനാ
നല്ലവനാമേശു നാഥൻ വരും സർവ്വ
വല്ലഭാ! യേശുവേ വേഗം വരേണമേ (സ്തുതിപ്പിൻ)

## 197

സ്തോത്രമേശുവേ സ്തോത്രമേശുവേ നിന്നെ
മാത്രം നന്ദിയോടെയെന്നും വാഴ്ത്തിപ്പാടും ഞാൻ

ദാസനാമെന്റെ – നാശമകറ്റാൻ – നര
വേഷമായവതരിച്ച ദൈവജാതനെ... (സ്തോത്ര)

പാപത്തിന്നുടെ ശാപശിക്ഷയാം – ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞ ജീവനാഥനെ (സ്തോത്ര)

ശത്രുവാമെന്നെ നിൻ പുത്രനാക്കുവാൻ – എന്നിൽ
ചേർത്ത നിൻ കൃപയ്ക്കനന്ത സ്തോത്രമേശുവേ (സ്തോത്ര)

ആർത്തികൾ തീർത്ത കരുണാസമുദ്രമേ – നിന്നെ
സ്തോത്രം ചെയ്‌വാനെന്നെയെന്നും പാത്രമാക്കുക (സ്തോത്ര)

ജീവനാഥനെ ദേവനന്ദനാ – നിന്റെ
ജീവനെന്നിൽ തന്നതിന്നായ് സ്തോത്രമേശുവെ (സ്തോത്ര)

നാശലോകത്തിൽ ദാസനാമെന്നെ – സൽപ്ര–
കാശമായ് നടത്തിടേണമേശുനാഥനെ– (സ്തോത്ര)

## 198

ഹാ മനോഹരം യാഹെ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നു
ഹല്ലേലുയ്യാ പാടും ഞാൻ

ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ
തന്മക്കൾക്കെന്നും പരിചയാം
നന്മയൊന്നും മുടക്കുകയില്ല
നേരായ് നടപ്പവർക്ക്

ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽ പക്ഷിക്കും ചെറുകുരുകിലിനും
രാവിലെ നിൻ നന്മകളെ ഓർത്തു
പാടി സ്തുതിച്ചിടുന്നു (ദൈവം നല്ലവൻ)

ഞങ്ങൾ പാർത്തിടും നിത്യ നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കഴുമരമെല്ലാം
മാറും അനുഗ്രഹമായ് (ദൈവം നല്ലവൻ

## 199

ത്രിത്വേ വിളങ്ങുന്ന പരിശുദ്ധ റൂഹാ....
അതിർകവിഞ്ഞൊഴുകുന്നൊരാനന്ദധാര–
അലഞൊറിയുമതിരറ്റൊരാഴിക്കുമീതേ
ആവസിച്ചോരാത്മ ചൈതന്യമേ
ഒരു വെള്ളിമേഘമായ് നിഴലിട്ടു ഞങ്ങളിൽ
മരുഭൂമി മദ്ധ്യേ തുണയേകിടുന്നു നീ.

നെഞ്ചോടു ചേർത്തമ്മ പാടിയുറക്കുന്ന
കുഞ്ഞിന്റെയുള്ളിലെ ചൈതന്യവും
സീയോനിലിതളിട്ട ലില്ലിക്കുരുന്നിന്റെ–

യുള്ളിൽ തുടിക്കുന്ന ചൈതന്യവും
നീയാണു സത്യം പരമാത്മനേ....
ജീവ ചൈതന്യ ധാരയാം വിമലാത്മനേ....

പാഴ്മുളം തണ്ടിന്റെയുള്ളിലെ നാദവും
മുന്തിരിപ്പൂവിന്റെയഴകുള്ള ലഹരിയും....
നീയാണ് സർവവും പ്രാണനും പ്രണയവും
പൂവിട്ട നീലക്കടമ്പിലെ നേരഴകും
ഈ താള മർമ്മരം പാലിച്ചു ശ്രീയരുളും
ഊർജപ്രദായകം പരിശുദ്ധ റൂഹാ....

## 200

ഇടയന്റെ കാവൽ ലഭിച്ചീടുവാനായ്
അജഗണമായ് നാം മാറണം
ഇടയന്റെ സ്നേഹം നുകർന്നീടുവാനായ്
കുഞ്ഞാടായ് നീ മാറണം (2)

ചെന്നായ് വരുന്നത് കാണുന്ന നേരം
ഓടിപ്പോകില്ലെങ്ങും നിന്നിടയൻ (2)
കൂട്ടം മറന്നും ഞാൻ നിന്റെ ചാരെ
സ്നേഹം പകർന്നെന്റെ സൗഖ്യം തരാം
മാറിൽ ചേർത്തെന്റെ സ്വന്തമാക്കാം (ഇടയന്റെ)

പാപമുറിവുകൾ പേറും മനവുമായ്
കൂട്ടം പിരിഞ്ഞേകനായിടുമ്പോൾ (2)
കൂട്ടം മറന്നിട്ടും കൂടെ ഇരുന്നിട്ടും
നിന്നെ കാത്തിടും നല്ലിടയൻ
നിന്നെ കാത്തിടും നല്ലിടയൻ (ഇടയന്റെ)

# രോഗക്കിടക്കയിൽ പാടുന്നതിന്

രീതി: എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്ക് സുഗന്ധമതായ് അർപ്പിപ്പാനും കൃപ ചെയ്ക

എന്നെ പ്രതി വേദനയേറ്റ
യേശുമിശിഹാ കർത്താവേ
എന്നുടെ വേദനകൾ നീക്കി
സാന്ത്വനമരുളി കാക്കണമേ.

സൗഖ്യം നൽകും നൽവൈദ്യാ
സ്നേഹമോടെന്നെ കാത്തിടുക
വിശ്വാസത്തൊടു പ്രത്യാശ
നിത്യവും എന്നിൽ നിറയ്ക്കണമേ

നിന്നുടെ കൈപ്പണിയാമെന്നിൽ
പുതുതാക്കണമേ നിൻ രൂപം
ജീവൻ നൽകും തിരുരക്തം
എന്നുടെ സിരകളിലോടണമേ.

കർത്താവേ നിൻ കരുതലിനെ
നന്ദിയോടെന്നും ഞാനോർക്കും
അഗതികളായോർക്കെല്ലാം നീ
താതനുമമ്മയുമാണല്ലോ.

ആശ്വാസപ്രദനാം നാഥാ
നിന്നുടെ മാർവ്വിൽ ചാരി ഞാൻ
ആകുലചിന്തകൾ വേദനയും
ദൂരെയകറ്റും നിൻ കൃപയാൽ

എന്നുടെ സൗഖ്യ പ്രാപ്തിക്കായി
നൽകീടുന്ന മരുന്നുകളിൽ
നിൻ വചനത്തിൻ വീര്യത്താൽ
അത്ഭുതശക്തി നിറയ്ക്കണമേ.

കർത്താവേ എന്നുടെ കുറവും
ബലഹീനതയും നീക്കണമേ
പാപത്തിൻ മോചനമതിനാൽ
രോഗ വിമോചനമരുളണമേ.

രോഗികളായോർക്കെല്ലാം നിൻ
സ്വസ്ഥത നാഥാ നൽകണമേ
ഞങ്ങടെ പ്രാർത്ഥന തിരുമുമ്പിൽ
കാഴ്ച്ചയതായിത്തീരണമേ.

# പ്രദക്ഷിണ ഗീതങ്ങൾ

സ്വർഗ്ഗ രാജ്യ.... സിംഹാസനമേറി - സ്ഥിതി ചെയ്യുന്നവനെ
സർവ്വചരാചര പാലകനെ സ്വസുതനെ ഭൂവിലയച്ചവനെ
സുരവര സംഹിതനായകനെ സ്വജനത്തിനു വരദായകനെ
(ഓർക്കണമെ ഞങ്ങളെയെന്നാളും.....)
മംഗളമായി തീരണമീ റാസ.

ഗോൽഗോത്തായിൽ കുരിശുമരത്തിന്മേൽ ആണികൾ മൂന്നേറ്റു
പ്രാണൻ ഞങ്ങൾക്കായി വിട്ടു-ത്ഥാനം ചെയ്തഥവാനേറി
താതൻ തൻ വലമാർന്നവനെ, നാഥാ യേശു മഹേശ്വരനെ
(ഓർക്കണമെ ഞങ്ങളെയെന്നാളും......)
മംഗളമായി തീരണമീ റാസ.

താതോത്ഭവനെ ജീവദനാം നാഥാ ജനകാത്മജ തുല്യാ
പമാരാദ്ധ്യാ സംസ്തുത്യാ നിബിയാ ശ്ലീഹന്മാർ വഴിയായ്
ഭാഷിച്ചവനെ പാവനനെ ജീവനെഴും വിമലാത്മാവേ
(ഓർക്കണമെ ഞങ്ങളെയെന്നാളും.......)
മംഗളമായി തീരണമീ റാസ.

ബേത്‌ലഹേമിൽ കല്ലിൻ ഗുഹ തന്നിൽ ലോകത്തിൻ പതിയെ
പെറ്റവളെ ഗുണവിളനിലമെ, ശാശ്വത കന്യേ, ഭാഗ്യവതി
ഉടലോടംബരമാർന്നവളെ, എൻ മാതാവെ മറിയാമെ
(ഓർക്കണമെ ഞങ്ങളെയെന്നാളും........)
മംഗളമായി തീരണമീ റാസ.

ഇസ്രായേല്യൻ ദാവീദിൻ പുത്രൻ ശില്പകലാകാരൻ
കന്യകയുടെ കാവൽ പുരുഷൻ - വന്ദ്യവയോധിക മൗലിമണി
കർത്താവിന്റെ വളർത്തു പിതാവുത്തമശീലൻ യൗസേപ്പേ
(ഓർക്കണമെ ഞങ്ങളെയെന്നാളും.......)
മംഗളമായി തീരണമീ റാസ.

ലോകത്തിൻ പാപം പേറും ദൈവത്തിൻ കുഞ്ഞാടെന്നേവം
മശിഹായെ സാക്ഷിച്ചവനെ സ്ത്രീസംജാതരിലഗ്രിമനെ
മൗലിയെ ബലിയർപ്പിച്ചവെ, സ്നാപകമാർ യൂഹാനോനെ
(ഓർക്കണമെ ഞങ്ങളെയെന്നാളും........)
മംഗളമായി തീരണമീ റാസ.

യൗനോൻ തൻ തനയാ, ശ്ലീഹഗണപ്രമുഖാ
ഈശോ ദൈവസുതൻ
മിശിഹാ എന്നുര ചെയ്തവനേ - അനുതാപി മാർ പത്രോസേ

രാജ്യം ചുറ്റി വിജാതികളെ നേടിയ മാർ പൗലോസ് ശ്ലീഹാ
(ഓർക്കണമെ ഞങ്ങളെയെന്നാളും......)
മംഗളമായി തീരണമീ റാസ.

മൈലാപ്പൂരിൽ മശിഹായെ പ്രതി തൻ ജീവൻ വച്ചവനെ
നിരണം മുതലായവയേഴു - ഭവനം സംസ്ഥാപിച്ചവനെ
ഇൻഡ്യായുടെ കാവൽക്കാരാ മാന്യപിതാവേ മാർത്തോമ്മാ
(ഓർക്കണമെ ഞങ്ങളെയെന്നാളും.....)
മംഗളമായി തീരണമീ റാസ.

ശ്ലീഹന്മാർ കൈവെയ്പേകിയ ശെമ്മാശൻ സഹദേന്മാർ മുമ്പൻ
യൂദന്മാർക്കെതിരായ് വേദം വ്യാഖാനിച്ച മഹാജ്ഞാനി
എറിയുന്നോർക്കായ് പ്രാർത്ഥിച്ചോൻ - ദർശകനേ സ്തേഫാനോസേ
(ഓർക്കണമെ ഞങ്ങളെയെന്നാളും........)
മംഗളമായി തീരണമീ റാസ.

ശൈശവമതിലീശാ തൃക്കൈകളിലേന്തിപ്പരിലാളിച്ചവനെ
അന്ത്യോഖ്യായുടെ അദ്ധ്യക്ഷാ, ലേഖനമേഴു ചമച്ചവനെ
കേസരികൾക്കിരയായവനേ, ഇഗ്നാത്തിയോസഗ്നിമയാ
(ഓർക്കണമെ ഞങ്ങളെയെന്നാളും)
മംഗളമായി തീരണമീ റാസ.

പണ്ഡിതവൈദികനെ റൂഹായുടെ നാവെ, സത്തമനാമിടയാ
സോദരനാം ഗ്രീഗോറിയോസ് സഹിതം സഭയാം തോട്ടത്തിൽ
ദുർവചനക്കളകളെ നിത്യം-നീക്കിയ ബസ്സേലിയോസേ
(ഓർക്കണമെ ഞങ്ങളെയെന്നാളും......)
മംഗളമായി തീരണമീ റാസ.

ഉന്നതകുലജാതാ-ആത്മോന്നതി കരുതി-ഐഹിക സമ്പാദ്യം
സകലം വിട്ടതി ഭീതികരം-മിസ്രേം കാനനമാർന്നവനെ
ദയറാ ജീവിത വഴികാട്ടി-സിദ്ധൻ മാർ അന്തോനിയോസ്
(ഓർക്കണമെ ഞങ്ങളെയെന്നാളും........)
മംഗളമായി തീരണമീ റാസ.

രാജരാജന്നായ്-ജീവനുപേക്ഷിച്ചും-പാഷാണ്ഡന്മാരോ
ടതി ധീരതയോടാരാടിജ്ജയമകുടം പ്രാപിച്ചവനേ
സർപ്പത്തെ ഹിംസിച്ചവനേ-മാർ ഗീവറുഗീസാം-സഹദാ
(ഓർക്കണമെ ഞങ്ങളെയെന്നാളും.......)
മംഗളമായി തീരണമീ റാസ.

യൂലിത്തി എന്ന മുന്തിരി തലപെറ്റ-വാഴ്വിൻ പൂങ്കുലയേ,
വാദത്തിൽ ക്രിസ്തേതരനാം

മന്നവനെ വീഴ്ത്തിയ ശിശുവീരാ
ആദിയിലമ്മയ്ക്കതി ധൈര്യം നൽകിയ മാർ കുറിയാക്കോസേ
(ഓർക്കണമെ ഞങ്ങളെയെന്നാളും.....)
മംഗളമായി തീരണമീ റാസ.

പേർഷ്യാ രാജൻ സെൻഹറിബിൻ സുതനെ സോദരി സാറായും
നാല്പതു സഹദേന്മാരോപ്പം-സ്വർഗ്ഗമഹാഭാഗ്യം നേടാൻ
വിഗ്രഹസേവ വെടിഞ്ഞോനെ മഹിതൻ മാർ ബഹനാംസഹദാ
(ഓർക്കണമെ ഞങ്ങളെയെന്നാളും......)
മംഗളമായി തീരണമീ റാസ.

ലേയോന്യർക്കിടയിൽ കർക്കശപീഡയതിൽ സ്തുതി നേരായീടും
വിശ്വാസം സംരക്ഷിപ്പാൻ നിരവധി യാതനയേറ്റനിശം
മരുവും മലകാടും മേടും ചുറ്റിയ യാക്കോബു ബുർദാനോ
(ഓർക്കണമെ ഞങ്ങളെയെന്നാളും.....)
മംഗളമായി തീരണമീ റാസ.

ബാല്യത്തിൽ തന്നെ-ദൈവത്തിനുവേണ്ടി സ്വയമർപ്പിച്ചോനെ
ആജീവനുമനന്തരവും-ദിവ്യാത്ഭുതകരനേ, ദിവ്യ
പരനുടെ പരിമള ഭാജനമേ-പരുമലമരുവും തിരുമേനി
(ഓർക്കണമെ ഞങ്ങളെയെന്നാളും.......)
മംഗളമായി തീരണമീ റാസ.

ഒൻപതു വൃന്ദമതായ്-ദൈവസ്തുതി ചെയ്യും - മാലാഖമാരെ
പരനായ് ജീവിതമർപ്പിച്ച-നിരുപമ പരിശുദ്ധന്മാരെ
ശരണത്തോടെ യിഹം വിട്ട-ഭക്തരതാം വിശ്വാസികളെ
(ഓർക്കണമെ ഞങ്ങളെയെന്നാളും.......)
മംഗളമായി തീരണമീ റാസ.

## 2

ദൈവമേ അനുഗ്രഹിക്കാ അപേക്ഷ കൈക്കൊള്ളണമേ
പൊറുതിയും മനോഗുണവും ഞങ്ങൾക്കു നൽകണമേ
    രക്ഷിക്കയില്ലായെന്ന് ആരും കൂറ്ററുക്കല്ലേ
    നിനുവ രക്ഷപെട്ടു നമ്മളുമപേക്ഷിക്കാ.

മടി നമുക്കേയുള്ളു ദൈവം മടിക്കുന്നില്ല
അപേക്ഷ കിട്ടുമെന്ന് അരുളപ്പാടുണ്ടല്ലോ
    അപ്പം മക്കൾ ചോദിച്ചാൽ കല്ലുകൊടുക്കുന്നില്ല
    മീനിനു പകരം പാമ്പും ഇല്ലായെന്നരുളുണ്ടല്ലോ

ദിഷ്ടതിയപേക്ഷിച്ചാൽ മുടക്കുന്നില്ല ദൈവം
തോറ്റത്താലെ വിളിച്ചാൽ ദൈവം വാതിൽ തുറക്കും
ദാനിയേൽ വിളിച്ചപ്പോൾ മാലാഖ വന്നിറങ്ങി
അപേക്ഷയ്ക്ക് തുടസ്സം കുരിശിതാ നമുക്ക്

കർത്താവേ ഇടയനെപ്പോൽ നല്ല ശരണം ചെയ്ക
അപേക്ഷ കൈക്കൊള്ളണമേ അനുഗ്രഹിക്കേണമേ
ആവലാതിയാക്കല്ലേ ഈ നാടു മുടിക്കല്ലേ
വസന്ത വരുത്താതെ അരിശം നീക്കണമേ

കണ്ണുനീരപേക്ഷയ്ക്കു വേണം ദുഃഖം മനസ്സിൽ
ചുണ്ടു ചിരിക്ക വേണ്ട മാനസേകാന്തം വേണ്ടാ
വയസ്സൻമാർ പിഴച്ചാൽ പൈതങ്ങളപേക്ഷിക്ക
പൈതങ്ങളപേക്ഷിച്ചാൽ തിരുവുള്ളമുണ്ടല്ലോ

തേറുന്നു എന്നവനിൽ മാലാഖാമാർ തെളിയും
ഞങ്ങളുടെ ദോഷം കൊണ്ടു ഭൂമിയെ ശിക്ഷിക്കല്ലെ
പുണ്യവാൻമാരെക്കുറിച്ചു ശിക്ഷകൾ നീക്കണമേ
കയ്പു പെട്ട ദിനത്തിൽ ഞങ്ങളുടെ തല ചായിക്കല്ലെ

ശിക്ഷയും അരിശവും ഉണ്ടാകും കാലങ്ങളിൽ
ഞങ്ങളുടെ മുഖങ്ങളിൽ വാതലടപ്പിക്കല്ലെ
ദോഷക്കാർ ഞങ്ങളെന്നു കൊണ്ടാടുന്നിതാ ഞങ്ങൾ
കർത്താവേ തൃക്കൈ നീട്ടി വാഴ്ത്തുക ഈ ജനത്തെ

നല്ല നീ തണ്യവരീമേൽ കരുണ ചെയ്യണമേ
ശ്രീഭണ്ഡാരമടുത്ത് ഇതാ ഞങ്ങളടുത്തു
മനോഗുണക്കാരനേ വാതിൽ തുറക്കണമേ
പൊറുതിയും അനുഗ്രഹവും ഞങ്ങൾക്കു നൽകണമെ

വാതിലുകളെ നിങ്ങൾ തലയുയർത്തുവിൻ
ബഹുമാനങ്ങളുടെ രാജാവ് താൻപൂകട്ടെ
ശ്രീഭണ്ഡാരത്തിൽ നിന്നു മനോഗുണം വരട്ടെ
നല്ല ഉടയവനെ സങ്കടം കേൾക്കേണമേ

ആത്മാക്കൾ കരയുന്നു കടങ്ങൾ പൊറുക്കണമേ
ഇപ്പോഴുമെല്ലായ്പ്പോഴും എന്നേക്കുമെന്നന്നേക്കും
ഞങ്ങളെ മറക്കാതെ രക്ഷിച്ചുകൊള്ളേണമേ.

## മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ഓർമ്മപ്പെരുന്നാളിൽ ചൊല്ലാവുന്ന ഒരു

# പ്രദക്ഷിണ ഗീതം

"തൂറോദ് സീനായി ..................." എന്ന രീതി.

1. പ്രാർത്ഥിച്ചാലും - ഞങ്ങൾക്കായ് നിത്യം -
ഗീവറുഗീസഭിധൻ - ദീവന്നാസ്യോസ് തിരുമേനി -
പരിപാവനചരിതൻ താതാ
മലങ്കര സഭയുടെ സന്തതികൾ
നിൻ പെരുന്നാളാഘോഷിപ്പൂ
വാഴ്ത്തണമെ ഞങ്ങളെയെന്നാളും

2. മാർത്തോമ്മാശ്ലീഹാ - നട്ടുവളർത്തിയതാം
സഭയാം തോട്ടത്തെ - വൈരികളിന്നും രക്ഷിപ്പാൻ -
സ്വാതന്ത്ര്യത്തിൻ കോട്ട ചമ -
ച്ചായുധമേന്തിയടർചെയ്തോൻ - താതൻ നീണാൾ വിജയിപ്പൂ -
ഗീവറുഗീസ് മാർ ദീവന്നാസ്യോസ് -

3. കാപട്യംപൂണ്ടോ - രിടയന്മാരിന്നും -
വൈദേശികഭരണം - പാടെനീക്കി പാവനമാം -
പൂർവ്വപിതാക്കൾ പിൻമുറയായ് -
കാതോലിക സിംഹാസനവും - മലങ്കരസഭയിൽ സ്ഥാപിച്ചു -
ഗീവറുഗീസ് മാർ ദീവന്നാസ്യോസ് -

4. മലങ്കരയാംസഭയിൻ - ഭാസുരനെന്നേവം
കീർത്തിതനിത്താതൻ - വിശ്വാസത്തിൻ പടയാളി
പാതയിലന്ത്യംവരെയെത്തി -
ജീവകിരീടം പ്രാപിപ്പാൻ - അർഹതനേടിയ പരിശുദ്ധൻ -
ഗീവറുഗീസ് മാർ ദീവന്നാസ്യോസ് -

5. പകലോൻ കതിരേറ്റാൽ - പനിമതിയൊളിചിതറും -
പരമോന്നതപദമമരും - പരുമലമരുവും തിരുമേനി -
യ്ക്കരുമവളർന്നൊരു ശിഷ്യൻ താൻ -
ഗുരുവിനു തുല്യം മഹിമയോടേ - ബഹുമതിയാർന്നു വിരാജിപ്പൂ-
ഗീവറുഗീസ് മാർ ദീവന്നാസ്യോസ് -

6. നിസ്തുലമാം ഭക്തി – നിർമ്മല ജീവിതവും –
നോമ്പും പ്രാർത്ഥനയും – സാരം നിറയും ഭാഷണവും –
ബഹുമതിപാരം വിമതർക്കും – തോന്നും പ്രൗഢതയിൻ ഭാവം –
പരിശുദ്ധതയിൽ വിളനിലമായ് – കീർത്തിതനായ് –
മലങ്കരയാം സഭയിൻ –

7. ഭിന്നതകൂടാതെ – സഭയുടെ സ്വാതന്ത്ര്യം –
നിലനിർത്തീടാനായ് – പീഡകളനവധി താനേറ്റു –
കുത്സിതരുടെ പകപോക്കലിലും –
ശാന്തതതെല്ലും വെടിയാതെ – സഹനം ജയമായ് കരുതിയവൻ –
പുണ്യപിതാവിത്തിരുമേനിയഹോ –

8. ധനമോഹംമൂലം – പരിശുദ്ധാത്മവരം –
വിലയായ് നൽകീടാൻ – മടി കാട്ടാത്ത വിദേശികളെ –
കടലിന്നക്കരെ നിറുത്തീടാൻ –
അരയും തലയും മുറുക്കിക്കൊണ്ടെടരാടാൻ –
വിജയംവരെയും – കോടതിയിൻ വിധിതേടിപ്പോയോൻ

9. കൊലയാൽ, ഭീഷണിയാൽ – തന്നാശ്രിതവൃന്ദം –
വ്യഥയേൽപ്പതുകണ്ടും – ക്ഷീണിതമാനസനാകുമ്പോൾ –
അടിപണിയിക്കാമെന്നോർത്തോർ –
വൈരികളധികം ലജ്ജിതരായ് – താനോ ദൈവാശ്രയമതിനാൽ –
അധികതരം ബലമാർജ്ജിച്ചപ്പോൾ –

10. ബാല്യം മുതലെ – കർത്താവിനു വേണ്ടി –
ജീവിതമർപ്പിച്ചോൻ – വൈദിക വിദ്യാപഠനത്തിൽ –
മറുകരചേർന്ന മഹാചാര്യൻ –
മലങ്കരസഭയുടെ പാലകനായ – നിർമ്മലവിശ്വാസം കാത്തോ –
വിജയിപ്പൂ നീണാൾ തിരുമേനി –

11. കടലിലെ വൻ തിരയിൽ – പടകിൽ വലയുന്നോർ –
ശിഷ്യർക്കാശ്വാസം – കർത്താവരുളിയപോൽ നൂനം –
കലഹം വ്യവഹാരം മൂലം – പീഡിതരാം സഭയിൻ മക്കൾ –
ക്കാശ്വാസം നൽകീടാനായ് –
താൻമാത്രം പുണ്യപിതാവെന്നാൾ –

12. ദൈവിക ശാസ്ത്രജ്ഞർ – നീതിജ്ഞൻമാരും –
വിസ്മിതരാകും തൻ – ന്യായോക്തികളെ ശ്രവിക്കുമ്പോൾ –
ദുർഘടമാം പ്രതിസന്ധികളിൽ –

ചഞ്ചലമാസനനാകാതെ - സ്ഥൈര്യം തൻ മക്കൾക്കേകും -
പുണ്യപുമാൻ മാർ ദിവന്നാസ്യോസ് -

13. വൈരിയോടേൽക്കുമ്പോൾ - ശാന്തതവെടിയാതെ -
മൃഗരാജനുതുല്യം - ഭാവം പാരം ഗംഭീരം -
ദൃഢതരമാജ്ഞാശക്തിയതും -
പതറാതുള്ളൊരു മാനസവും - പരിശുദ്ധതയിൻ വിളനിലവും -
ചേർന്നൊരുവൻ മാർ ദിവന്നാസ്യോസ് -

14. പൂർവ്വപിതാക്കൻമാർ - സഭയുടെ സ്വാതന്ത്ര്യം -
പരിരക്ഷിച്ചീടാൻ - പാടുകളേറ്റതുമനവധിയായ് -
പാഴാകാതെ പിന്തുടരാൻ - ഭീഷണിയേതും കൂസാതെ -
ഭയവും ലവവും കൂടാതെ - അടർചെയ്‌വോൻ മാർ ദിവന്നാസ്യോസ്.

15. സഭയാം മാതാവി - ന്നടിമത്തം നീങ്ങി -
ത്തൻസുതരെന്നാളും - സ്വാതന്ത്ര്യത്തിൻ കൊടിയേന്താൻ -
പരമോന്നത പൗരോഹിത്യം - പിഴകൂടാതെ നിലനിൽപ്പാൻ -
മൃതിവരെയും താനടരാടി -
സുകൃതിമണി മാർ ദിവന്നാസ്യോസ് -

# English Hymns

## 1

He lives! He lives! Christ Jesus lives today.
He walks with me and talks with me
Along lifeís narrow way
He lives! He lives! salvation to impart
You ask me how! I know He lives
He lives within my heart.

## 2

Give me oil in my lamp
Keep me burning
Give me oil in my lamp I pray
Give me oil in my lamp
Keep me burning
Keep me burning till the break of day
Sing Hosana Sing Hosana

Sing Hosana to the King Kings
Sing Hosana Sing Hosana
Sing Hosana to the King.

## 3

Abide with me, fast falls the even tide
The darkness deepens Lord with me abide
When other helpers fail, and comforts flee
Help, of the helpless, Oh, abide with me

Swift to its close ebbs out lifeís little day
Earthís joys grow dim, its glories pass away
Change and decay in all around I see
O! Thou, who changest not, abide with me

I need Thy presence every passing hour
What but Thy grace can foil the tempterís power
Who like Thyself my guide and stay can be
Through cloud and sunshine, Lord abide with me

I fear no foe, with Thee at hand to bless
Ills have no weight and tears no bitterness
Where is deathís sting? Where grave, thy victory
I triumph still, if Thou abide with me.

Reveal Thyself before my closing eyes
Shine through the gloom, and point me to the shines
Heavenís morning breaks and earthís vain shadows flee
In life, in death, O Lord, abide with me.

## 4

What a friend we have in Jesus
　　All our sins and griefs to bear!

What a Privilege to carry
　　Everything to God in prayer!

Oh! what peace we often forfeit,
　　Oh! what needless pain we bear!

All because We do not carry
　　Everything to God in prayer.

Have We trials and temptations?
Is there trouble anywhere?
We should never be discouraged
Take it to the Lord in prayer
Can we find a friend so faithful
Who will all our sorrows share
Jesus knows our every weakness
Take it to the Lord in prayer.

Are we weak and heavy-laden
Cumbened with a load of care
Precious Saviour, still our refuge
Take it to the Lord in prayer
Do Thy friends despise, forsake thee
Take it to the Lord in prayer,
In His arms Heíll take and shield thee
Thou wilt find a solace there.

**5**

Lead, Kindly Light, amide the encircling gloom,
Lead Thou me on;
The night is dark, and I am far from home,
Lead Thou me on.
Keep Thou my feet; I do not ask to see
The distant scene; one step enough for me.

I was not ever thus, nor prayed that Thou
Shouldst lead me on;
I loved to choose and see my path
but now lead Thou me on.
I loved the garish day, and, spite of fears,
Pride ruled my will: remember not past years.

So long Thy power hath blest me, sure it still
Will lead me on
Oíer moor and fen, oíer crag and torrent till
The night is gone,

And with the morn those Angel faces smile,
Which I have loved long since, and lost a while.

## 6

When I survey the wondrous cross
On which the Prince of glory died
My richest gain I count but loss,
And pour contempt on all my pride.

For-bid it, Lord, that I should bcast,
Save in the cross of Christ my God.
All the vain things that charm me most
I sacrifice them to His blood.

See from His head, His hands His feet,
Sorrow and love flow mingled down;
Did eíer such love and sorrow meet,
Or Thorns compose so rich a crown

Where the whole, realm of nature mine
That were an offering far too small
Love so amazing, so divine,
Demands my soul, my life, my all!

## 7

Rolled away, rolled away, rolled away
Evíry burden of my heart rolled away
Evíry sin had to go neath the cleansing flow
(Halleluiah) Rolled away.....

നീങ്ങിപ്പോയ്, നീങ്ങിപ്പോയ്, നീങ്ങിപ്പോയ്
എൻ പാപഭാരമെല്ലാം നീങ്ങിപ്പോയ്
സർവ്വ പാപങ്ങളും യേശുവിൻ രക്തത്താൽ
നീങ്ങിപ്പോയ്........

## 8

More about Jesus would I know
More of His grace to others show;
More of His saving fulness see,
More of His love who died for me.

Ch: More, more about Jesus
More, more about Jesus;
More of His saving fulness see;
More of His love who died for me.

More about Jesus let me learn
More of His holy will discern;
Spirit of God, my Teacher be,
Showing the things of Christ to me.

More about Jesus in His word,
Holding communion with my Lord;
Hearing His voice in every line
Making each faithful saying mine.

More about Jesus on His throne,
Riches in glory all his own,
More of His kingdomís sure increase,
More of His coming, Prince of peace.

## 9

We are one in the spirit we are one in the Lord
We are one in the spirit we are one in the Lord
And we pray that our unity may one day be restored

Chorus: And Theyíll know we are christians by our love - by our love
Yes theyíll know we are christians by our love

We will walk with each other, we will walk hand in hand
We will walk with each other, we will walk hand in hand
And together weíll spread the news that God is in our land

We will work with each other, we will work side by side
We will work with each other, we will work side by side
And weíll guard each manís dignity and save each manís pride

And praise to the Father from whom all things come
And all praise to Christ - Jesus His only Son
And all praise to the Spirit who makes us one.

# പ്രാർത്ഥനകൾ

## പ്രഭാതത്തിൽ ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ

### 1

ദൈവമായ കർത്താവേ, പ്രഭാതത്തിൽ സർവ്വ ജീവജാലങ്ങൾക്കും ഉന്മേഷഭരിതരായി നിന്നെ ആരാധിക്കുവാൻ അവസരം നൽകുന്ന സ്യഷ്ടാവേ, തിരുസന്നിധിയിൽ സർവ്വസ്യഷ്ടിയേയും സംവഹിച്ചു കൊണ്ട് ഞങ്ങൾ അടുത്തു വരുന്നു. ദൈവമേ, എല്ലാ മനുഷ്യരിലും തിരുസാന്നിധ്യത്തെയും സൗന്ദര്യത്തെയും തിരയുവാനും അതിന്റെ പശ്ചാത്തലത്തിൽ സ്യഷ്ടിതങ്ങളായ സർവ്വത്തെയും മനസ്സിലാക്കാനും കൃപയും ജ്ഞാനവും തരേണമെ. എല്ലാ സഹോദരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ വിവിധങ്ങളായ പ്രയാസങ്ങളിൽ മനസ്സലിവ് കാണിക്കേണമേ. ഞങ്ങളുടെ ജീവിതം തിരുനാമ മഹത്വത്തിനായി തീരേണമേ. ത്രീയേക പ്രകാശമേ, ഞങ്ങൾ നിനക്ക് മഹത്വം കരേറ്റുന്നു. ആമ്മീൻ.

### 2

സ്നേഹവാനായ പിതാവേ, പ്രഭാതം സൂര്യന്റെ ഉദയത്തിനായി കാത്തു നിൽക്കുന്ന ഈ സമയത്ത് ഞങ്ങൾ തിരുമുമ്പിൽ അടുത്തു വരുന്നു. ഇന്നത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ അങ്ങയുടെ ശോഭയും ശക്തിയും പ്രതിഫലിക്കേണമെ. ദൈവമേ, സകല മനുഷ്യരെയും ഒന്നാക്കുന്ന അങ്ങയുടെ ദിവ്യമായ ശക്തിയുടെ സാന്നിധ്യം ഞങ്ങൾ അനുഭവിക്കുകയും അതിന്റെ വാഹകരായി തീരുകയും ചെയ്യുവാൻ ഇടയാകണമെ. സമസ്ത സ്യഷ്ടികളെയും സ്നേഹിക്കുന്ന ദൈവമെ, എല്ലാറ്റിലും അങ്ങയുടെ പ്രകാശം ഞങ്ങൾ ദർശിക്കുവാൻ ഇടവരണമെ.

### 3

ഭയങ്കരനും മഹത്വമുള്ളവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും ആയ അത്യുന്നതനായ കർത്താവേ! നിന്റെ ദാസരുടെ മേൽ നിന്റെ തിരുമുഖത്തെ പ്രകാശിപ്പിക്കേണമെ. നിന്റെ അനുഗ്രഹങ്ങളുടെ ബഹുത്വം പോലെ ഞങ്ങളോടു നീ കരുണ ചെയ്യേണമെ. കർത്താവേ ഞങ്ങളിൽ നിന്നു തിരുമുഖത്തെ നീ തിരിച്ചു കളയരുതേ. നിന്റെ കൃപയാൽ ഞങ്ങളോട് കരുണ ചെയ്തു രക്ഷിക്കേണമെ. കരുണയുള്ള കർത്താവേ, വീണ്ടും ഒരു പ്രഭാതത്തെ കാണത്തക്കവണ്ണം കഴിഞ്ഞ രാത്രിയിൽ ഞങ്ങൾക്കു ലഭിച്ച കാവലിനു വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ കർത്താവിനെ കണ്ടു കൊണ്ടും, തിരുവചനങ്ങൾ ഞങ്ങളുടെ ഉള്ളിൽ സംഗ്രഹിച്ചു കൊണ്ടും, ഈ ദിവസം ആരംഭിക്കുന്നതിനു സഹായിക്കേണമെ.

പിതാവാം ദൈവമെ, തന്റെ കരുണയാൽ എല്ലാവർക്കും ലഭിക്കുന്ന മഹാസന്തോഷവും സമാധാനവും ഇന്നു ഞങ്ങൾക്കു നൽകണമെ. ഞങ്ങളുടെ ഹൃദയത്തിന്റെ എല്ലാ കോണുകളും മൂലകളും ദിവ്യമായ പ്രകാശം കൊണ്ടും ഉന്മേഷം കൊണ്ടും നിറയത്തക്കവണ്ണം പരിശുദ്ധാത്മാവ് ഞങ്ങളുടെ ഉള്ളിൽ അധിവസിക്കേണമെ. അതിനാൽ ഇന്ന് ക്ഷീണിച്ചും ദുഃഖിച്ചും നിരാശപ്പെട്ടും ഇരിക്കുന്നവർക്ക് ധൈര്യത്തേയും പുതുജീവനേയും പ്രദാനം

ചെയ്യുവാൻ ഞങ്ങൾക്ക് കൃപയരുളേണമെ. കർത്താവേ, ഇന്നു ഞങ്ങളോടു കൂടെ ഇരുന്ന് ഞങ്ങളുടെ എല്ലാ പ്രവർത്തികളെയും നിയന്ത്രിക്കേണമെ. ഞങ്ങളുടെ എല്ലാ വേലകളും അനുഗ്രഹിച്ചു സഫലമാക്കേണമെ. ഇന്നു ഞങ്ങൾ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്ന എല്ലാ കൃത്യങ്ങളും കൃത്യനിഷ്ഠയോടും പരമാർത്ഥതയോടും ചെയ്യുന്നതിനു ഞങ്ങളെ ശക്തരാക്കേണമെ. പരമാർത്ഥതയോടും വിശ്വസ്തതയോടും ഞങ്ങൾ ചെയ്യുന്ന എല്ലാ വേലകളും ആദരിച്ച് അവയ്ക്കെല്ലാം മതിയായ പ്രതിഫലം തക്ക സമയത്തു നീ നൽകുമെന്നു ഞങ്ങൾ ഓർക്കുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന കഷ്ടതകളും നഷ്ടങ്ങളും നിമിത്തം നിരാശപ്പെടാതെ അവയെല്ലാം ശാന്തതയോടും ദൈവാശ്രയത്തോടും സഹിക്കുന്നതിനു ഞങ്ങളെ പ്രാപ്തിപ്പെടുത്തേണമെ. ഞങ്ങൾക്കു നേരിടുന്ന സകലവും ദിവ്യവിചാരണയാൽ ഞങ്ങളുടെ നന്മയ്ക്കും ആത്മീയ പ്രയോജനത്തിനും തൃക്കരങ്ങളിൽ വ്യാപരിക്കുന്നു എന്നുള്ള വിശ്വാസത്തിൽ ആശ്വസിക്കുന്നതിനും ഉറയ്ക്കുന്നതിനും കൃപ നൽകേണമെ.

സ്നേഹവും കരുതലുമുള്ള സ്വർഗ്ഗസ്ഥ പിതാവിന്റെ അറിവിലും ഭരണത്തിലും സകലതും സ്ഥിതി ചെയ്യുന്നു എന്നോർത്ത് എല്ലാറ്റിനും വേണ്ടി എപ്പോഴും സ്തോത്രം ചെയ്യുവാനും ഞങ്ങളെ പഠിപ്പിക്കേണമെ. സ്വർഗ്ഗസ്ഥ പിതാവിനെ മഹത്വപ്പെടുത്തുന്നതിനുള്ള അവസരങ്ങളെ ഇന്നു നഷ്ടപ്പെടുത്തുന്നതിന് ഞങ്ങൾക്ക് ഇടയാകരുതെ. ഞങ്ങളെ കാണുകയും ഞങ്ങളെ പരിചയമാകയും ചെയ്യുന്നവർ ഞങ്ങളിൽ കൂടെ ഞങ്ങളുടെ അരുമ രക്ഷകനെ കാണുന്നതിനും, തന്റെ സ്നേഹത്താൽ ആകർഷിക്കപ്പെടുന്നതിനും ഇടയാകത്തക്കവണ്ണം ലജ്ജിക്കാത്ത സാക്ഷികളായിട്ട് ഞങ്ങളെ പാലിക്കണമെ. സ്നേഹമുള്ള ദൈവമേ, ഞങ്ങളെ ദ്വേഷിക്കുന്നവരേയും, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ എതിരു പിടിച്ച് ഞങ്ങളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നവരേയും ഞങ്ങളുടെ വീഴ്ചയിലും നഷ്ടത്തിലും ആഹ്ലാദിക്കുന്നവരേയും, ഞങ്ങളോടു സ്നേഹമില്ലാത്ത എല്ലാവരേയും തിരുമുൻപാകെ ഓർക്കുന്നു. അവരുടെ കുറ്റങ്ങളെ അവർക്കു ബോദ്ധ്യമാക്കേണമെ. സത്യ അനുതാപവും സ്നേഹിക്കുന്നതിനുള്ള പുതിയ ഹൃദയവും അവർക്കു നൽകേണമെ. അവരുടെ കുറ്റങ്ങളെല്ലാം ഹൃദയപൂർവ്വം ക്ഷമിക്കുന്നതിനും അവരെ നിർവ്യാജം സ്നേഹിക്കുന്നതിനും ഞങ്ങളെ സഹായിക്കേണമെ. അവരുടെ നന്മയെ മാത്രം ആഗ്രഹിക്കുന്നതിനും, അവസരം ലഭിക്കുമ്പോൾ അവർക്ക് ഉപകാരം ചെയ്യുന്നതിനും, പരിശുദ്ധാത്മാവു മൂലം ഞങ്ങളെ പ്രാപ്തിപ്പെടുത്തേണമെ. നിനക്ക് ഇപ്പോഴും എപ്പോഴും എല്ലാ സമയത്തും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ആമ്മീൻ.

## 4

കർത്താവേ, കഴിഞ്ഞ രാത്രിയിൽ ഞങ്ങളെ ക്ഷേമത്തോടെ കാത്തുസൂക്ഷിച്ച് സുഖമായ ഉറക്കം തന്നതിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ദൈവമേ, ഈ പുതിയ ദിവസത്തെ കാണുവാൻ അനുവദിച്ച കൃപയ്ക്കായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. കർത്താവേ, ഈ പ്രഭാതത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമെ. ദൈവമേ, ഇന്നത്തെ പകൽ സമയം ഞങ്ങൾക്ക് വരാമാകുന്ന സകല ആപത്തിൽ നിന്നും രക്ഷിക്കേണമെ. പിതാവേ, അവിടുത്തെ ഇഷ്ടപ്രകാരം ഇന്നു ജീവിക്കുവാൻ സഹായിക്കേണമെ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്ന് തിരുവായ്മൊഴിഞ്ഞ് അരുളിച്ചെയ്ത നാഥാ! ഈ സമയം ഞങ്ങളുടെ സകല ഭാരത്തേയും തൃപ്പാദത്തിൽ വയ്ക്കുന്നു. കർത്താവേ, ഇന്നത്തെ ഞങ്ങളുടെ സകല ആവശ്യങ്ങളും അവിടുന്ന് അറിയുന്നല്ലോ, അവിടുത്തെ തൃക്കൈ

നീട്ടി അനുഗ്രഹിക്കേണമെ. കർത്താവേ ഞങ്ങൾക്കു നൽകിയിരിക്കുന്ന ജീവിതസൗകര്യങ്ങൾക്കു വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സാക്ഷാൽ ഞങ്ങളുടെ ഉടമസ്ഥനായ ദൈവത്തിന്റെ തിരുഹിതം ഗ്രഹിച്ച് ബുദ്ധിപൂർവ്വമായും വിശ്വസ്തതയോടും അവിടുന്നു ഞങ്ങളുടെ പക്കൽ ഏൽപിച്ചിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള കൃപ നൽകണമെന്ന് അപേക്ഷിയ്ക്കുന്നു. ആമ്മീൻ.

## 5

ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശ്ഹാതമ്പുരാനെ, നീ ലോകത്തിലേക്കു എഴുന്നള്ളിയത് ലോകത്തെ രക്ഷിപ്പാനല്ലാതെ വിധിപ്പാനായിട്ടല്ല. നിന്റെ വിശുദ്ധ കഷ്ടതകളാൽ രക്ഷപ്പെടുകയും നിന്റെ സ്വന്തരക്തത്താൽ വിലക്കു കൊള്ളപ്പെടുകയും ചെയ്തവരായ ഞങ്ങളെ അനുഗ്രഹിക്കേണമെ. കർത്താവേ! ഞങ്ങൾ നശിച്ചു പോകാതിരിപ്പാനായി ഞങ്ങളോടു കരുണ ചെയ്യേണമെ. നിന്റെ ദിവ്യപ്രകാശം ഞങ്ങളിൽ വസിക്കേണമെ. നിന്റെ വിശ്വസ്ത കൃപ ഞങ്ങളിൽ നിന്നു മറയരുതേ. മതിയാകുംവണ്ണം നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് ഞങ്ങൾക്കു ശക്തിയില്ല. സർവശക്തനും നിത്യനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, നിന്റെ പ്രിയ പുത്രന്റെ നാമത്തിൽ നിന്റെ മക്കളാകുന്ന ഞങ്ങൾ തിരുസന്നിധിയിൽ ചേർന്നു വരുന്നു. തിരുമുൻപാകെ ഞങ്ങൾ കഴിക്കുന്ന സ്തോത്രങ്ങളും അഭയയാചനകളും സ്വീകരിക്കേണമെ. കഴിഞ്ഞ രാത്രിയിൽ ഞങ്ങൾക്കു നൽകിയ സ്വസ്ഥതയ്ക്കു വേണ്ടിയും നല്ല ഉറക്കത്തിനു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ പുതിയ ദിവസത്തിനു വേണ്ടി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഈ പ്രഭാതത്തിൽ ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമെ. ഞങ്ങളുടെ പാപങ്ങളും കുറ്റങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഇന്നേദിവസം നീ ഞങ്ങളോടു കൂടെയിരുന്ന് ഞങ്ങളെ നടത്തണമെ.

ഞങ്ങളുടെ പ്രിയപ്പെട്ടവരെയും സ്നേഹിതരെയും ഈ സമയം തിരുസന്നിധിയിൽ ഓർക്കുന്നു. അവർക്കാവശ്യമായ എല്ലാ അനുഗ്രഹങ്ങളും ദാനം ചെയ്യണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. രോഗികളെയും ദുഃഖിതരെയും കഷ്ടതകളിൽ കൂടി തങ്ങളുടെ ദിവസങ്ങൾ കഴിക്കുന്നവരെയും ഞങ്ങൾ ഓർമ്മിക്കുകയും ആശ്വാസപ്രദനായ നിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്യുന്നു. അവരെ സുഖപ്പെടുത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്യണമെ. ഞങ്ങളുടെ കുറ്റങ്ങൾ ഓർക്കാതെ ഞങ്ങളുടെ യാചനകൾ കേൾക്കണമെന്നു ഞങ്ങളുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. ആമ്മീൻ.

## 6

സകലത്തിന്റെയും ഉടയവനും കൃപ നിറഞ്ഞവനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, “ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്നിൽ കൂടി അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല” എന്നരുളിച്ചെയ്ത ഞങ്ങളുടെ രക്ഷിതാവിന്റെ നാമത്തിൽ ഈ പ്രഭാതത്തിൽ ഞങ്ങൾ തിരുസന്നിധിയോടു സമീപിക്കുന്നു. കഴിഞ്ഞ രാത്രിയിൽ നിങ്കൽ നിന്നു ഞങ്ങൾ അനുഭവിച്ച സ്വസ്ഥതയ്ക്കു വേണ്ടിയും മറ്റെല്ലാ അനുഗ്രഹങ്ങൾക്കു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ പുതിയ പ്രഭാതത്തിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഈ പ്രഭാതത്തിൽ ഞങ്ങൾ കുടുംബമായി ഞങ്ങളുടെ ശരീരാത്മദേഹികളെ ജീവനുള്ള യാഗമായി തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. ഞങ്ങളെ സ്വീകരിക്ക

ണമെ. ഞങ്ങളെ ശുദ്ധീകരിച്ചു നിനക്കു വേണ്ടി ഞങ്ങളെ ഉപയോഗിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ എപ്പോഴും നിനക്കുള്ളവർ മാത്രമായിരിപ്പാൻ ഞങ്ങളെ മുദ്രയിടണമെ. ഈ ദിവസം മുഴുവൻ നീ ഞങ്ങളോടു കൂടെയിരുന്ന് ഞങ്ങളെ കാത്തുകൊള്ളേണമെ. ഞങ്ങളുടെ ഹൃദയങ്ങളിലെ നിനവുകളും വായിലെ വാക്കുകളും കൈകളുടെ പ്രവൃത്തികളും നിനക്കു സ്വീകാര്യമായിരിപ്പാൻ കൃപ ചെയ്യണമെ. ഞങ്ങളെ വിശുദ്ധിയിലും സ്നേഹത്തിലും കാത്തുകൊള്ളേണമെ.

ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും തന്ത്രങ്ങളോടു പോരാടുവാൻ നിന്റെ ദിവ്യായുധങ്ങൾ ഞങ്ങളെ ധരിപ്പിക്കുകയും ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമെ. ഞങ്ങൾ വേല ചെയ്യുന്നതായ എല്ലാ സ്ഥാപനങ്ങളിലും നീ കൂടെപ്പോരണമെ. ഞങ്ങളെ നീ ഏല്പിച്ചിരിക്കുന്ന ചുമതലകൾ വിശ്വസ്തതയോടും സന്തോഷത്തോടും കൂടെ നിനക്കു വേണ്ടി ചെയ്വാൻ ഞങ്ങളെ സഹായിക്കണമെ. അങ്ങനെ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നവരും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരുമായി തീരുമാറാകണമെ. ഞങ്ങൾക്കു നിന്നിലുള്ള വിശ്വാസവും പ്രത്യാശയും വർദ്ധിപ്പിച്ചു തരണമെ. നീ ഞങ്ങൾക്കു മതിയായവനെന്നും ഞങ്ങൾക്കുവേണ്ടി എപ്പോഴും കരുതുന്നവനെന്നുമുള്ള ബോധ്യം കൊണ്ടു നീ ഞങ്ങളെ ധൈര്യപ്പെടുത്തണമെ. ഞങ്ങളെയും ഞങ്ങളുടെ പ്രിയപ്പെട്ടവരെയും തൃക്കരങ്ങളിൽ ഭരമേല്പിക്കുന്നു. നിന്റെ സംരക്ഷണയാൽ മാത്രമാണു ഞങ്ങൾ കാക്കപ്പെടുന്നത് എന്നുള്ള ബോധ്യം ഞങ്ങൾക്കെല്ലാവർക്കും നൽകണമെ. വ്യസനകരമായ സംഭവങ്ങളിൽ നിന്നും വഞ്ചനയുള്ള വാക്കുകളിൽ നിന്നും ഭിന്നതയുളവാക്കുന്ന സംസാരത്തിൽ നിന്നും, അശുദ്ധിയുള്ള വ്യാപാരങ്ങളിൽ നിന്നും, മ്ലേച്ഛമായ വിചാരങ്ങളിൽ നിന്നും, ഇന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. കർത്താവേ, ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിച്ചു ഹൃദയങ്ങളെ പ്രകാശിപ്പിക്കണമേ. ഞങ്ങളെ വീണ്ടെടുത്തു പുതുസൃഷ്ടികളാക്കിത്തീർക്കുന്ന ദൈവമേ, ഈ ദിവസം ഞങ്ങളെ പുതുതാക്കണമേ. നിന്നിൽ കൂടുതൽ ശരണപ്പെടുവാൻ തക്കവണ്ണം ഞങ്ങളുടെ മനസ്സുകളെ നീ പുതുക്കണമേ. തിരുവചനത്തിൽ കൂടുതൽ സന്തോഷിക്കുന്നതിനും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ പിന്തുടരുന്നതിനും സഹായിക്കണമേ. ആമ്മീൻ.

## 7

സകല നന്മകളുടെയും ഉത്ഭവസ്ഥാനമായ ദൈവമേ, ഒരു പുതിയ ദിവസത്തിന്റെ ആരംഭം കൂടി കാണാൻ അനുവദിച്ചിരിക്കുന്നതിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നിൽ നിന്ന് അനുഭവിക്കുന്ന എല്ലാ നന്മകൾക്കും വേണ്ടി സ്തോത്രം ചെയ്തുകൊണ്ട് ഓരോ ദിവസവും ആരംഭിപ്പാൻ സഹായിക്കണമേ. നിന്റെ എല്ലാ ഉപകാരങ്ങളും ഓർമ്മിച്ചുകൊണ്ട് അവയുടെ ദാതാവായ നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. ഞങ്ങൾക്കു തൽക്കാലം പ്രയാസവും വിഷമവുമുള്ള അനുഭവങ്ങളിൽക്കൂടി നീ ഞങ്ങളെ നടത്തുമ്പോഴും അവയിൽക്കൂടിയും നിന്റെ സ്നേഹത്തെ കാണുന്നതിനു ഞങ്ങൾക്കു കൃപ ചെയ്യണമേ. ഞങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്കലേക്കു അധികം അടുപ്പിക്കുന്നതിനുമായി നീ ഉദ്ദേശിച്ചിട്ടുള്ള നിന്റെ വ്യാപാരങ്ങൾ ശരിയാംവണ്ണം മനസ്സിലാക്കി നിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടിരിപ്പാനുള്ള സന്നദ്ധത ഞങ്ങൾക്കു നൽകണമേ. നിന്റെ സ്നേഹത്തേയും, ഞങ്ങളോടുള്ള നിന്റെ സ്നേഹവ്യാപാരങ്ങളെയും കുറിച്ചു ഞങ്ങൾ അറിയുന്തോറും ഞങ്ങളുടെ അയോഗ്യതകളും കുറവുകളും ഞങ്ങൾ അധികമായി കാണുന്നതിനു സഹായിക്കണമേ. പാപവും പരീക്ഷയും നിറഞ്ഞ ലോകത്തിൽ നിന്നെ

ക്കൂടാതെ ജീവിതം നയിപ്പാൻ ഞങ്ങൾ ഉദ്യമിക്കാതെ നിന്നിൽ ശരണം വച്ചുകൊണ്ട്, എല്ലാ കാര്യത്തിലും ഏർപ്പെടുവാൻ കൃപ നൽകണമേ. നിന്റെ ഇഷ്ടത്തിനു ചേരാത്ത കാര്യങ്ങളിൽ നിന്നു ഞങ്ങൾ അകന്നു ജീവിപ്പാനും നീ സഹായിക്കണമെ.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവമെ, ഈ പ്രഭാതത്തിൽ ഞങ്ങളുടെ ഹൃദയങ്ങൾ നിങ്കലേക്ക് ഉയർത്തുന്നു. കഴിഞ്ഞ രാത്രിയിലെ നിദ്രമൂലം ഞങ്ങൾക്കു ലഭിച്ച വിശ്രമത്തിനു വേണ്ടിയും ഈ പുതിയ ദിവസത്തിന്റെ ആരംഭത്തിൽ നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന ഉന്മേഷത്തിനു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ജോലികളിലേക്കു പ്രവേശിക്കുന്നതിനു മുൻപ് ആവശ്യമായ ശക്തിയും കൃപാവരങ്ങളും നീ ഞങ്ങൾക്ക് നൽകണമെ എന്നു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ കർത്താവിന്റെ സ്നേഹവും സേവനാത്മാവും ഞങ്ങളെ ഭരിക്കുമാറാകണമെ. ഞങ്ങളുടെ വേലകൾ എത്ര പ്രയാസമേറിയവയായാലും അവ മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി ചെയ്യുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. ഈ ദിവസം മുഴുവനും ഞങ്ങളെ സമാധാനത്തിൽ പാലിച്ചുകൊള്ളണമെ. ഞങ്ങൾക്കെന്തെല്ലാം അനുഭവങ്ങൾ ഈ ദിവസത്തിൽ ഉണ്ടാകുമെന്നു ഞങ്ങൾ അറിയുന്നില്ല. എന്നാൽ നീ അവയെല്ലാം അറിയുന്നു എന്നും സർവ്വവും നന്മയ്ക്കായി വ്യാപരിക്കുന്നു എന്നും വിശ്വസിക്കുവാൻ നീ ഞങ്ങളെ സഹായിക്കണമെ. നാൾതോറും ഞങ്ങളുടെ കുരിശുകൾ വഹിച്ചു കൊണ്ട് നിന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ നീ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. ഞങ്ങൾ അപ്രകാരം ചെയ്യുന്നതിന് എപ്പോഴും സന്നദ്ധതയുള്ളവരായിരിപ്പാൻ കൃപ ചെയ്യണമെ. ഇന്നു ഞങ്ങൾ ചെയ്യുന്ന വലുതും ചെറുതുമായ എല്ലാ കാര്യങ്ങളിലും വിശ്വസ്തത പാലിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ദോഷത്തിനു പകരം ദോഷം ചെയ്യാതെ എല്ലാവരേയും സ്നേഹിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കേണമെ.

കരുണയുള്ള കർത്താവേ, നിനക്കു യോഗ്യമായിരിക്കുന്ന പ്രകാരം നിനക്കായി സേവനം ചെയ്യാൻ ഞങ്ങളെ പഠിപ്പിക്കണമെ. കണക്കു നോക്കാതെ കൊടുപ്പാനും, മുറിവുകൾ ഗണ്യമാക്കാതെ പോരാടുവാനും, സ്വസ്ഥതയ്ക്കായി കാംക്ഷിക്കാതെ അദ്ധ്വാനിപ്പാനും, ഞങ്ങൾ തിരുവിഷ്ടം ചെയ്യുന്നു എന്നറിയുന്നതൊഴികെ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ പ്രയത്നിപ്പാനും ഞങ്ങൾക്കു കൃപ തരണമെ. കർത്താവെ, ഈ സമയത്തു രോഗികൾക്കു വേണ്ടിയും കഷ്ടത അനുഭവിക്കുന്നവർക്കു വേണ്ടിയും ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. നിന്നോട് അവിശ്വസ്തത കാണിച്ചിട്ടുള്ളവരും പാപത്തിന് അധീനരുമായ എല്ലാവരോടും കരുണയുണ്ടാകണമെന്നു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. അവർ വീണു പോയ ലജ്ജാകരമായ കുഴിയിൽ നിന്നും അവരെ കയറ്റി രക്ഷിക്കേണമെ. ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുമശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ. ആമ്മീൻ.

## 8

ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, ഈ പുതിയ പ്രഭാതത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇത്രത്തോളം നിങ്കൽ നിന്നു അനുഭവിച്ച എല്ലാ അനുഗ്രഹങ്ങൾക്കായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. അവയിൽ ഒന്നിനു പോലും ഞങ്ങൾ യോഗ്യതയുള്ളവരല്ലെന്നു തിരുസന്നിധിയിൽ ഞങ്ങൾ സമ്മതിക്കുന്നു. നിന്റെ സ്നേഹിതന്മാരെ എപ്പോഴും നന്ദിയോടെ ഓർക്കുന്നതിനും നിന്നെ മഹത്വപ്പെടുത്തുന്നതിനും ഞങ്ങൾക്കു സഹായിക്കേണമെ. ഈ പ്രഭാതത്തിൽ തിരുസന്നിധിയിൽ ഞങ്ങളെ സമർപ്പിക്കുന്നു. നിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ശരിയായ ബോധ്യത്തോടു കൂടെ ഞങ്ങളെ ഏല്പിച്ചിരിക്കുന്ന

ജോലികൾ ശരിയായി ചെയ്വാൻ ഞങ്ങളെ സഹായിക്കേണമെ. ഹൃദയകാഠിന്യം ഞങ്ങളിൽ നിന്ന് അകറ്റണമെ. സ്നേഹിതരോടും അയൽക്കാരോടും സഹതാപത്തിലും സഹകരണത്തിലും ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും പരിപൂർണ്ണ പരമാർത്ഥത പാലിപ്പാൻ കൃപയരുളണമെ. ആവശ്യമില്ലാത്ത ഭയങ്ങളിൽ നിന്നും ആകുലചിന്തകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങളെ വേദനപ്പെടുത്തുന്നവരെ സ്നേഹിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും ഞങ്ങൾക്കു താല്പര്യം നൽകണമെ. മറ്റുള്ളവരെ ദുഷിച്ചു സംസാരിക്കാതിരിപ്പാൻ ഞങ്ങളുടെ പ്രയാസത്തിലും ഐശ്വര്യത്തിലും സന്തോഷങ്ങളിലും സന്താപങ്ങളിലും ജയങ്ങളിലും തോൽവികളിലും ആയുസ്സിന്റെ എല്ലാ നാളുകളിലും ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കൂടെ ഇരിക്കണമെ. 'ഞാൻ വേഗം വരുന്നു' എന്നരുളിച്ചെയ്തു കൊണ്ട് സ്വർഗ്ഗത്തിലേക്കു കരേറിപ്പോയ കർത്താവേ! നിന്റെ ആഗമനത്തിങ്കൽ നിന്നെ എതിരേല്ക്കുന്ന ആ ഭാഗ്യാവസ്ഥയിൽ ഞങ്ങളും പങ്കാളികളായിത്തീരത്തക്കവണ്ണം ഒരുങ്ങിയും ഉണർന്നും ഇരിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. അതിനായി നിന്റെ വിശുദ്ധിയാൽ ഞങ്ങളും വിശുദ്ധരായി ജീവിപ്പാൻ ഇടയാകണമെ. വിധവമാരെയും അനാഥരെയും താങ്ങിക്കൊള്ളണമെ. സുബോധമില്ലാത്തവരെയും, കുരുടരെയും ഊമരെയും, ചെകിടരെയും നിന്റെ സന്നിധിയിൽ ഞങ്ങൾ ഓർമ്മിക്കുന്നു. അവരുടെ ദയനീയാവസ്ഥയിൽ അവരെ കരുതുകയും സഹായിക്കുകയും ചെയ്യണമെ. ഞങ്ങളുടെ ദൈവവും രാജാവുമെ, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. എല്ലാ ദിവസവും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യും. നിന്റെ നാമത്തെ എന്നന്നേക്കും സ്തുതിക്കും. കർത്താവു വലിയവനും അത്ഭുതമേറിയവനും സ്തുതിക്കപ്പെടുവാൻ യോഗ്യനുമത്രേ. കർത്താവ് എല്ലാവരോടും ദയാലുവത്രേ. അവന്റെ കരുണ അവന്റെ പ്രവർത്തികളിന്മേലുണ്ട്. നിന്റെ രാജ്യം നിത്യ രാജ്യമാകുന്നു. നിന്റെ ആധിപത്യം എന്നേക്കും നിലനിൽക്കുന്നു. ഞങ്ങളുടെ വായ് കർത്താവിന്റെ സ്തുതിയെ അറിയിയ്ക്കും. സകല ജഡവും തന്റെ വിശുദ്ധനാമത്തിന് എന്നന്നേക്കും സ്തോത്രം ചെയ്യട്ടെ. ആമ്മീൻ.

## 9

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, ഈ പ്രഭാതത്തിലും തൃപ്പാദത്തിങ്കൽ അടുത്തുവന്ന് തിരുമുഖത്തേക്കു നോക്കുന്ന ഈ നിന്റെ മക്കളോടു കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമെ. നിന്റെ പുത്രനിൽ കൂടി നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന നിത്യരക്ഷയ്ക്കു വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വേണ്ടവണ്ണം നിന്നോടു പ്രാർത്ഥിക്കുന്നതിനു ഞങ്ങൾക്കറിഞ്ഞു കൂടാ. ഞങ്ങളുടെ ആവശ്യങ്ങൾ മുഴുവനും നീ നല്ലവണ്ണം അറിയുന്നുവല്ലോ. കർത്താവേ, ഞങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് നിന്റെ ദാനങ്ങൾ ഞങ്ങൾക്കു ധാരാളമായി നൽകണമെ. ഞങ്ങളെ ഈ പ്രഭാതത്തിൽ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. ഞങ്ങളുടെ ഈ സ്ഥാപനം എന്നും നിന്റെ പാർപ്പിടമായിരിപ്പാൻ കൃപയുണ്ടാകണമെ. ഇതു കാണുന്നവരും ഇതിൽ പ്രവേശിക്കുന്നവരും നിന്നെ കാണ്മാനും നിന്റെ സ്നേഹം അനുഭവിപ്പാനും സഹായിക്കണമെ.

കർത്താവേ, നീ ഞങ്ങളിൽ ആരംഭിച്ച പ്രവർത്തനങ്ങളെ ഓർക്കണമെ. നിന്റെ വേലയ്ക്കായി നീ ഞങ്ങളെ വിളിച്ചിരിക്കുന്നതു കൊണ്ട് ആ വിളിക്കു യോഗ്യമാംവണ്ണം ഞങ്ങൾ ജീവിപ്പാൻ സഹായിക്കണമെ. ഞങ്ങളുടെ ചഞ്ചലഹൃദയങ്ങൾക്ക് സ്വസ്ഥത നൽകണമെ. നിന്റെ പ്രകാശം അനുഭവിച്ച് ഞങ്ങൾ പ്രകാശിതരാകുന്നതിനും നിന്റെ സന്തോഷവും സമാധാനവും ഞങ്ങളിൽകൂടി കവിഞ്ഞൊഴുകുന്നതിനും അവ മറ്റുള്ളവർ സമൃദ്ധിയായി

അനുഭവിക്കുന്നതിനു ഞങ്ങൾ മുഖാന്തരമാകുന്നതിനും കൃപ ചെയ്യണമെ. സ്വാർത്ഥത ഞങ്ങളിൽ നിന്നും അശേഷം നീങ്ങി നിന്റെ ഇഷ്ടം ചെയ്യുന്നതു ഞങ്ങളുടെ ഭക്ഷണവും പാനീയവും ആയിത്തീരുമാറാകണമെ. ഞങ്ങളുടെ കർത്താവേ, എല്ലാ ഭവനങ്ങളിന്മേലും നിന്റെ അനുഗ്രഹങ്ങളും വാഴ്വുകളും സമൃദ്ധിയായി പകരണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാ ഭവനങ്ങളും നിന്നെ നായകനായി സ്വീകരിക്കുമാറാകണമെ. കുഞ്ഞുങ്ങളെ നിന്റെ അടുക്കലേക്കു കൊണ്ടുവരുന്നതിന് അമ്മമാരെ പഠിപ്പിക്കണമെ. നിന്റെ പ്രകാശവും സ്നേഹവും എല്ലാ ഭവനങ്ങളിലും വർദ്ധിച്ചു വരണമെ. കർത്താവെ, ഞങ്ങളുടെ രാജ്യത്തിന്റെ സംരക്ഷണവും നന്മയും മുൻനിറുത്തി വിഷമകരങ്ങളായ ജോലികളിൽ നിയമിതരായിരിക്കുന്നവർക്കു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ പ്രയാസമേറിയ വേലകളിൽ നീ അവരോടു കൂടെയിരുന്ന് അവരെ സഹായിക്കണമെ. ഞങ്ങളുടെ ചുറ്റുപാടുകളിൽ നിന്ന് ദൂരസ്ഥലങ്ങളിൽ പോയി പാർക്കുന്നവർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. സകല ആപത്തുകളിൽ നിന്നും സകല മാലിന്യങ്ങളിൽ നിന്നും നീ അവരെ കാത്തുകൊള്ളണമെ. അന്ത്യം വരെയും ഞങ്ങളോടു കൂടെ ഇരിക്കാമെന്നു വാഗ്ദത്തം ചെയ്തിട്ടുള്ള കർത്താവേ, ഈ ദിവസത്തിൽ നീ ഞങ്ങളോടു കൂടെയിരുന്ന് ഞങ്ങളെ കാത്തു പരിപാലിച്ചുകൊള്ളണമെ. യേശുമശിഹാ മൂലം ഞങ്ങളുടെ യാചനകൾ കേൾക്കണമെ. ആമ്മീൻ.

## 10

ഞങ്ങളുടെ രക്ഷിതാവായ ദൈവമെ, നിന്റെ എല്ലാ വഴികളും പരിപൂർണ്ണവും വിശുദ്ധവും ആകുന്നുവല്ലോ. കഴിഞ്ഞ രാത്രിയിൽ ഞങ്ങൾക്കു ലഭിച്ച നിന്റെ കാവലിനും സംരക്ഷണത്തിനും വേണ്ടി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഇന്നത്തെ ഞങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടു കൂടെ നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും മുഴുവനായി ഞങ്ങൾ തിരുമുൻപിൽ കാഴ്ചവയ്ക്കുന്നു. കർത്താവെ, ഞങ്ങളെ കൈക്കൊണ്ടു നിന്റെ ഇഷ്ടപ്രകാരം നടത്തേണമെ. പിശാചിന്റെ എല്ലാ പരീക്ഷകളിന്മേലും ഞങ്ങൾ വിജയം പ്രാപിപ്പാൻ നീ ഞങ്ങളോടു കൂടെ ഇരിക്കണമെ. ഞങ്ങളുടെ ചുമതലകളും ഭാരങ്ങളും വഹിക്കുന്നതിനു ഞങ്ങൾ അശക്തരെന്നു തോന്നുമ്പോഴും ഞങ്ങളുടെ പാതകൾ ദുർഘടമായി കല്ലുകളാലും മുള്ളുകളാലും നിറയപ്പെട്ടതായി കാണുമ്പോഴും ഞങ്ങളുടെ ജീവിതത്തിലെ ആശ അസ്തമിച്ചതായി തോന്നുമ്പോഴും ഞങ്ങളുടെ ചുറ്റുപാടുകൾ പ്രതികൂലങ്ങളായി അനുഭവപ്പെടുമ്പോഴും കർത്താവെ, ഞങ്ങളുടെ കൂടെയിരിക്കേണമെ. പ്രതികൂലങ്ങൾ അഭിമുഖീകരിക്കുവാൻ ഞങ്ങൾക്കു ധൈര്യം നൽകണമെ. ഞങ്ങൾക്കു മുമ്പു ജീവിതത്തിലെ പ്രതികൂല ശക്തികളോടു മല്ലടിച്ചു ജയിച്ചിട്ടുള്ള നിന്റെ വിശ്വസ്ത ഭൃത്യരുടെ ജീവിതാനുഭവങ്ങളിൽ നിന്നു പ്രചോദനം പ്രാപിക്കുവാൻ നീ ഞങ്ങൾക്കിടയാക്കണമെ. ഞങ്ങളോടൊരുമിച്ചു ജീവിതപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാവരെയും സമാശ്വസിപ്പിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനു ഞങ്ങൾ മുഖാന്തരമായിത്തീരണമെന്ന് അപേക്ഷിക്കുന്നു. കർത്താവേ, നിനക്കു വേണ്ടി കഷ്ടതയും പട്ടിണിയും അനുഭവിക്കുന്ന എല്ലാ നിന്റെ ഭക്തർക്കു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

സകലത്തിന്റെയും ഉടയവനായ ദൈവമേ! നന്മയായിട്ടും ഗുണമായിട്ടും ഉള്ള യാതൊന്നും തിരുമുമ്പാകെ ഞങ്ങൾ ചെയ്യാതിരുന്നിട്ടും അയോഗ്യരായ ഞങ്ങളെ നിന്റെ കൃപയാലും കരുണയുടെ ബഹുത്വത്താലും ഇതുവരെ കാത്തുസൂക്ഷിച്ചതിനായിട്ട് നിനക്കു

സ്തോത്രം ചെയ്യുന്നു. കരുണയുള്ളവനും അലിവുള്ളവനുമായ കർത്താവേ! നിന്റെ അനുഗ്രഹങ്ങൾ നിമിത്തം ഞങ്ങളോട് കരുണ ചെയ്യണമെ. നിന്റെ കൃപയാൽ ശക്തിപ്പെടുത്തി സഹായിക്കേണമെ. ഞങ്ങളുടെ ശുശ്രൂഷ നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ പ്രാർത്ഥന നിന്റെ തിരുവിഷ്ടത്തിനും ആയിത്തീരുവാനും ഞങ്ങളുടെ യാചനകളും അപേക്ഷകളും നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ കൈക്കൊള്ളപ്പെടുവാനും ആയിട്ടു നിന്റെ കരുണയാൽ ഞങ്ങളെ യോഗ്യരാക്കേണമെ, ആമ്മീൻ.

## 11

കാരുണ്യവാനും കൃപ നിറഞ്ഞവനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു, എന്നിൽകൂടി അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല' എന്നരുളിച്ചെയ്ത രക്ഷിതാവിന്റെ നാമത്തിൽ ഈ പ്രഭാതത്തിൽ ഞങ്ങൾ തിരുസന്നിധിയോടു സമീപിക്കുന്നു. കഴിഞ്ഞരാത്രിയിൽ നിങ്കൽ നിന്നു പ്രാപിച്ച സ്വസ്ഥതയ്ക്കു വേണ്ടിയും എല്ലാ അനുഗ്രഹങ്ങൾക്കു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ പുതിയ പ്രഭാതത്തിനായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഈ പ്രഭാതത്തിൽ ഞങ്ങൾ കൂട്ടമായി ഞങ്ങളുടെ ശരീരാത്മ ദേഹികളെ ജീവനുള്ള യാഗമായി തൃപ്പാദത്തിൽ സമർപ്പിക്കുന്നു. ഞങ്ങളെ സ്വീകരിക്കേണമെ. ഞങ്ങളെ ശുദ്ധീകരിച്ചു നിനക്കുവേണ്ടി ഞങ്ങളെ ഉപയോഗിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ എപ്പോഴും നിനക്കുള്ളവർ മാത്രമായിരിപ്പാൻ ഞങ്ങളെ മുദ്രയിടണമെ. ഈ ദിവസം മുഴുവൻ നീ ഞങ്ങളോടു കൂടെയിരുന്നു ഞങ്ങളെ കാത്തുകൊള്ളണമെ. ഹൃദയങ്ങളിലെ നിനവുകളും വായിലെ വാക്കുകളും കൈകളുടെ പ്രവൃത്തികളും നിനക്കു സ്വീകാര്യമായിരിപ്പാൻ കൃപ ചെയ്യണമെ. ഞങ്ങളെ വിശുദ്ധിയിലും സ്നേഹത്തിലും കാത്തുകൊള്ളണമെ. ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും തന്ത്രങ്ങളോടു പോരാടുവാൻ നിന്റെ ദിവ്യായുധവർഗം ഞങ്ങളെ ധരിപ്പിക്കുകയും ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമെ. ഞങ്ങൾ വേല ചെയ്യുന്ന എല്ലാ സ്ഥാനങ്ങളിലും നീ കൂടെപ്പോരണമെ. ഞങ്ങളെ നീ ഏല്പിച്ചിരിക്കുന്ന ചുമതലകൾ വിശ്വസ്തതയോടും സന്തോഷത്തോടും കൂടി നിനക്കു വേണ്ടി ചെയ്വാൻ ഞങ്ങളെ സഹായിക്കണമെ. അങ്ങനെ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നവരും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരുമായി തീരുമാറാകണമെ. ഞങ്ങൾക്ക് നിന്നിലുള്ള വിശ്വാസവും പ്രത്യാശയും വർദ്ധിപ്പിച്ചുതരേണമെ. നീ ഞങ്ങൾക്കു മതിയായവനെന്നും ഞങ്ങൾക്കു വേണ്ടി എപ്പോഴും കരുതുന്നവനെന്നുമുള്ള ബോദ്ധ്യം കൊണ്ടു നീ ഞങ്ങളെ ധൈര്യപ്പെടുത്തണമെ.

കർത്താവേ! ഞങ്ങളുടെ ചുറ്റുമുള്ള എല്ലാവരെയും കരുണയോടെ നോക്കണമെ. ഞങ്ങളുടെ രാജ്യത്തെയും ഞങ്ങളുടെ ഭരണകർത്താക്കളെയും നീ തന്നെ നയിച്ചു സകലവും തിരുഹിതപ്രകാരവും ബഹുജനങ്ങളുടെ പ്രയോജനത്തിന് ഉതകത്തക്കവിധത്തിലും ക്രമീകരിപ്പാൻ അവരെ സഹായിക്കണമെ. ഞങ്ങൾക്ക് ബന്ധവും പരിചയവുമുള്ള എല്ലാ കുടുംബങ്ങൾക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ കുടുംബങ്ങളുമായി ഇടപെടുന്നവർ അവയിലെ അംഗങ്ങളുടെ നല്ല ഗുണങ്ങളും നല്ല പ്രവർത്തികളും കണ്ട് നിങ്കലേക്ക് അടുക്കുന്നതിന് ഇടയാകണമെ. ഇടർച്ചയ്ക്കോ അസമാധാനത്തിനോ കാരണമാകാവുന്ന കാര്യങ്ങൾ ഞങ്ങൾ ഉപേക്ഷിപ്പാൻ സഹായിക്കണമെ.

കർത്താവെ! ഞങ്ങളുടെ ഗമനത്തെയും ആഗമനത്തെയും ആപത്തുകളിൽ നിന്നു കാത്തുകൊള്ളണമെ. പിൻമാറ്റത്തിന്റെ ചായ്‌വുകളിൽ നിന്നും അലസതയിൽ നിന്നും

ഞങ്ങളെ വിടുവിച്ചു ഏല്പിച്ചിരിക്കുന്ന ശുശ്രൂഷ വിശ്വസ്തതയോടും സ്ഥിരോത്സാഹത്തോടും കൂടെ നിർവ്വഹിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെ. എല്ലാ പ്രയാസങ്ങളിലും നീ ഞങ്ങളുടെ വഴികാട്ടിയും എല്ലാ പരീക്ഷകളിലും നീ ഞങ്ങളുടെ അഭയസ്ഥാനവും ആയിരിക്കണമെ. ബലഹീനതയിൽ നീ ഞങ്ങൾക്കു ശക്തി തരണമെ. ക്ഷീണിതരാകുമ്പോൾ നിന്നിൽ ഞങ്ങൾ സ്വസ്ഥത കണ്ടെത്തുമാറാകണമെ. നിന്റെ പരിശുദ്ധാത്മാവിനാൽ ലോകത്തോടുള്ള ബന്ധത്തിൽ നിന്നും മനുഷ്യസഹജമായ ബലഹീനതകളിൽ നിന്നും വിമുക്തരായി ഒടുവിൽ നിത്യമായ സന്തോഷവും സമാധാനവുമുള്ള നിന്റെ സന്നിധിയിൽ ഞങ്ങൾ ചേർക്കപ്പെടുവാൻ നിനക്കു തിരുവുള്ളമുണ്ടാകണമെന്നു പ്രാർത്ഥിക്കുന്നു. എല്ലാം യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. കൃപയോടെ കേൾക്കണമെ. ആമ്മീൻ.

## 12

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവമേ, ഈ പ്രഭാതത്തിൽ ഞങ്ങളുടെ ഹൃദയങ്ങൾ നിങ്കലേക്ക് ഉയർത്തുന്നു. കഴിഞ്ഞ രാത്രിയിലെ നിദ്രമൂലം ഞങ്ങൾക്കു ലഭിച്ച വിശ്രമത്തിനു വേണ്ടിയും ഈ പുതിയ ദിവസത്തിന്റെ ആരംഭത്തിൽ നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന ഉന്മേഷത്തിനു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ജോലികളിലേക്കു പ്രവേശിക്കുന്നതിനു മുൻപ് ആവശ്യമായ ശക്തിയും കൃപാവരങ്ങളും നീ ഞങ്ങൾക്കു നൽകണമെന്നു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ കർത്താവിന്റെ സ്നേഹവും സേവനാത്മാവും ഞങ്ങളെ ഭരിക്കുമാറാകണമെ. ഞങ്ങളുടെ വേലകൾ എത്ര പ്രയാസമേറിയവയായാലും അവ മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി ചെയ്യുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. ഈ ദിവസം മുഴുവൻ ഞങ്ങളെ സമാധാനത്തിൽ പാലിച്ചുകൊള്ളണമെ. ഞങ്ങൾക്കെന്തെല്ലാം അനുഭവങ്ങൾ ഈ ദിവസത്തിൽ ഉണ്ടാകുമെന്നു ഞങ്ങൾ അറിയുന്നില്ല. എന്നാൽ നീ അവയെല്ലാം അറിയുന്നു എന്ന് വിശ്വസിക്കുവാൻ നീ ഞങ്ങളെ സഹായിക്കണമെ. നാൾതോറും ഞങ്ങളുടെ കുരിശുകൾ വഹിച്ചുകൊണ്ടു നിന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ നീ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. ഞങ്ങൾ അപ്രകാരം ചെയ്യുന്നതിന് എപ്പോഴും സന്നദ്ധതയുള്ളവരായിരിപ്പാൻ കൃപ ചെയ്യണമെ. ഇന്നു ഞങ്ങൾ ചെയ്യുന്ന വലുതും ചെറുതുമായ എല്ലാ കാര്യങ്ങളിലും വിശ്വസ്തത പാലിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ദോഷത്തിനു പകരം ദോഷം ചെയ്യാതെ എല്ലാവരേയും സ്നേഹിപ്പാൻ പ്രാപ്തരാക്കണമെ. കരുണയുള്ള കർത്താവേ! നിനക്കു യോഗ്യമായിരിക്കുന്ന പ്രകാരം നിനക്കായി സേവനം ചെയ്യാൻ ഞങ്ങളെ പഠിപ്പിക്കണമെ. കണക്കു നോക്കാതെ കൊടുപ്പാനും മുറിവുകൾ ഗണ്യമാക്കാതെ പോരാടുവാനും സ്വസ്ഥതയ്ക്കായി കാംക്ഷിക്കാതെ അദ്ധ്വാനിപ്പാനും ഞങ്ങൾ തിരുവിഷ്ടം ചെയ്യുന്നു എന്നറിയുന്നതൊഴികെ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ പ്രയത്നിപ്പാനും ഞങ്ങൾക്കു കൃപ തരണമെ.

കർത്താവേ ഈ സമയത്തു രോഗികൾക്കു വേണ്ടിയും കഷ്ടത അനുഭവിക്കുന്നവർക്കു വേണ്ടിയും ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. അവർക്കു രോഗശാന്തിയും പാപമോചനവും സമാധാനവും പ്രദാനം ചെയ്യണമെ. അവരെ ശുശ്രൂഷിക്കുന്ന എല്ലാ ആളുകൾക്കു വേണ്ടിയും ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. നിന്റെ വേല ചെയ്യുന്നു എന്ന ബോധം അവർക്കു കൊടുക്കണമെ. ആതുരസേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിന്റെ ശുശ്രൂഷകർക്കു വേണ്ട പ്രോത്സാഹനവും സഹായവും നൽകുമാറാകണമെ.

ഞങ്ങളുടെ വാക്കുകളിലും സംഭാഷണങ്ങളിലും ഞങ്ങളെത്തന്നെ നിയന്ത്രിപ്പാനും അന്യരെ ദുഃഖിപ്പിക്കുന്നവയോ അവരെ മുറിപ്പെടുത്തുന്നവയോ ആയ വാക്കുകൾ ഞങ്ങളിൽ നിന്നു വരാതെ സൂക്ഷിപ്പാനും ഞങ്ങൾക്കു കൃപ തരണമെ. ആശ്വാസവും ധൈര്യവും ആവശ്യമുള്ളവരെ സഹായിക്കുന്ന വചനങ്ങൾ തക്കസമയത്ത് അവരോടു പറയുവാൻ ഞങ്ങളെ ഒരുക്കണമെ.

നീ വിലമതിക്കുന്ന കാര്യങ്ങൾ വിലമതിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കണമെ. ലോകം വിലമതിക്കുന്ന സംഗതികളാൽ ഞങ്ങൾ ആകർഷിക്കപ്പെടാതെ നീ ഞങ്ങൾക്കു കാണിച്ചു തന്നിട്ടുള്ള ഉന്നതമായ ലക്ഷ്യങ്ങൾ സാധിക്കുന്നതിനും സാധിപ്പിക്കുന്നതിനുമായി ഞങ്ങൾ ജീവിപ്പാൻ സഹായിക്കണമെ. എല്ലാ കാര്യങ്ങളും ഞങ്ങൾ നിന്നിൽ ഭരമേല്പിക്കുന്നു. നിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയും നടത്തിപ്പിനെപ്പറ്റിയുമുള്ള ബോദ്ധ്യം ഇന്നു പകൽ മുഴുവനും ഞങ്ങൾക്കുണ്ടായിരിക്കണമെ. യേശുമിശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ആമ്മീൻ.

## 13

മനസലിവുള്ളവനും സ്നേഹസമ്പൂർണ്ണനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, ഈ പുതിയ പ്രഭാതത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇത്രത്തോളം നിങ്കൽ നിന്ന നുഭവിച്ച എല്ലാ അനുഗ്രഹങ്ങൾക്കായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. അവയ്ക്കൊന്നിനും ഞങ്ങൾ യോഗ്യതയുള്ളവരല്ലെന്നു തിരുസന്നിധിയിൽ സമ്മതിക്കുന്നു. നിന്റെ സ്നേഹാതിരേകത്തെ എപ്പോഴും നന്ദിയോടെ ഓർക്കുന്നതിനും നിന്നെ മഹത്വപ്പെടുത്തുന്നതിനും ഞങ്ങളെ സഹായിക്കണമെ. ഈ പ്രഭാതത്തിൽ തിരുസന്നിധിയിൽ ഞങ്ങളെ സമർപ്പിക്കുന്നു. നിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ശരിയായ ബോധ്യത്തോടു കൂടി ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലികൾ ശരിയായി ചെയ്‌വാൻ ഞങ്ങളെ സഹായിക്കണമെ. ഹൃദയ കാഠിന്യം ഞങ്ങളിൽ നിന്ന് അകറ്റണമെ. സ്നേഹിതരോടും അയൽക്കാരോടും സഹതാപത്തിലും സഹകരണത്തിലും ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും പരിപൂർണ്ണ പരമാർത്ഥത പാലിപ്പാൻ കൃപയരുളണമെ. ആവശ്യമില്ലാത്ത ഭയങ്ങളിൽ നിന്നും ആകുല ചിന്തകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളെ വേദനപ്പെടുത്തുന്നവരെ സ്നേഹിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഞങ്ങൾക്കു താൽപര്യം നൽകണമെ. ദുഷിച്ചു സംസാരിക്കാതിരിപ്പാൻ ഞങ്ങളുടെ നാവുകളെ നിയന്ത്രിക്കണമെ. ഞങ്ങളുടെ പ്രയാസത്തിലും ഐശ്വര്യത്തിലും സന്തോഷങ്ങളിലും, സന്താപങ്ങളിലും, ജയങ്ങളിലും, തോൽവികളിലും, ആയുസ്സിന്റെ എല്ലാ നാളുകളിലും ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കൂടെ ഇരിക്കണമെ.

ഇന്നു പകലിലെ ഞങ്ങളുടെ ജീവിതത്തിൽ ഈ മഹാസ്നേഹത്തിനു യോജിക്കാത്ത യാതൊരു നിലയും നടപടിയും കൈക്കൊള്ളാതിരിപ്പാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ വാക്കുകളും വിചാരങ്ങളും ആലോചനകളും നിന്റെ ആത്മാവു തന്നെ നിയന്ത്രിക്കത്തക്കവണ്ണം ഞങ്ങൾ നിനക്ക് പൂർണ്ണമായി കീഴ്പ്പെട്ടിരിപ്പാൻ കൃപ നൽകണമെ.

ഞങ്ങൾ ഇന്നു വിവിധ തരത്തിലുള്ള ആളുകളോട് ഇടപെടുമ്പോൾ ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവാനും, ബലഹീനരെ താങ്ങുവാനും, എല്ലാവരോടും ദീർഘക്ഷമ കാണിപ്പാനും, ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ, എല്ലാവർക്കും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പാനും ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ ജോലികളിലോ ഏർപ്പാടുകളിലോ ഞങ്ങളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും വിപരീതമായി സംഗ

തികൾ പോകുവാൻ ഇടയാകുന്നു എങ്കിൽ അത് ക്ഷമയോടു കൂടെ നേരിടാനും പ്രതിവിധിക്കായി നിങ്കലേക്കു തിരിയുവാനും ഉള്ള ശക്തി തരണമെ. ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി നിനക്കു പ്രസാദമില്ലാത്ത യാതൊരു മാർഗ്ഗവും ഉപയോഗിപ്പാൻ ഇടയാകരുതെ.

ഇന്നു പകലിൽ ഞങ്ങൾ വീട്ടിലോ, ജോലിസ്ഥലത്തോ, മറ്റേതെങ്കിലും സ്ഥലത്തോ ആയിരുന്നാലും ഇടവിടാതെ നിന്നോടുള്ള സംസർഗ്ഗത്തിൽ ഇരിപ്പാൻ ഞങ്ങളെ ഒരുക്കണമെ. യേശുമിശിഹാ മൂലം ഞങ്ങളുടെ എല്ലാ അപേക്ഷകളും കൈക്കൊള്ളണമെ. ആമ്മീൻ.

## 14

സർവ്വശക്തിയും സ്നേഹവും നിറഞ്ഞ പിതാവാം ദൈവമേ, ഞങ്ങളെ സൃഷ്ടിച്ചതിനായും ഞങ്ങൾക്കു തന്നിരിക്കുന്ന ബുദ്ധിശക്തിക്കായും ശരീരസുഖത്തിനായും നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട യേശുവേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. താഴ്മയുള്ള ഹൃദയങ്ങളിൽ വസിപ്പാൻ ഇഷ്ടപ്പെടുന്ന പരിശുദ്ധാത്മാവേ, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ത്രിയേക ദൈവമേ, നിന്റെ സ്നേഹം, ശക്തി, കരുണ ഇവ ഓർത്തു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഈ പുതിയ ദിവസത്തിൽ ഞങ്ങൾ അനുഭവിക്കുന്ന എല്ലാ കൃപകൾക്കായിട്ടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കഴിഞ്ഞ രാത്രിയിൽ ഞങ്ങളെ കാത്തതിനായിട്ടും ഇന്നു പ്രഭാതത്തിൽ ക്ഷേമത്തോടെ ഉണർത്തിയതിനായിട്ടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇന്നത്തെ സകല കൃത്യങ്ങളും സന്തോഷത്തോടും വിശ്വസ്തതയോടും നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമെ. കഴിഞ്ഞ കാലങ്ങളിൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്താതെയും അനുസരിക്കാതെയും ഇരുന്നിട്ടുള്ളതെല്ലാം ഞങ്ങളോടു ക്ഷമിക്കണമെ. ഇന്നത്തെ കൃത്യങ്ങൾ അരംഭിക്കുന്നതിനു മുമ്പായി ഞങ്ങളുടെ ഹൃദയങ്ങൾ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കണമെ. നിന്റെ സ്നേഹത്താൽ ഞങ്ങൾക്കു ചെയ്യുന്ന കൃപകളിൽ ഒന്നു പോലും മറക്കാതെ നന്ദിയുള്ള ഹൃദയങ്ങളോടു കൂടി ജീവിപ്പാൻ സഹായിക്കണമെ.

സ്വാർത്ഥത, സംശയം, ഭയം, നിഗളം ഇവയ്ക്ക് അധീനരാകാതെ നിന്നോടു ചേർന്നു ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളിൽ നിന്ന് അകലെ താമസിക്കുന്ന എല്ലാ പ്രിയപ്പെട്ടവരെയും ഞങ്ങൾ തിരുസന്നിധിയിൽ ഓർക്കുന്നു. അവരും നിനക്ക് അപമാനം വരുത്താതെ പാപത്തോടു പോരാടുന്നവരും നന്മ പിന്തുടരുന്നവരും ആകണമെ. ഞങ്ങളുടെ അയൽക്കാരെ എല്ലാവരെയും അനുഗ്രഹിക്കണമെ. ദയയോടും സ്നേഹത്തോടും അവരോടു പെരുമാറുവാൻ ഞങ്ങളെ അഭ്യസിപ്പിക്കണമെ.

വ്യസനകരമായ സംഭവങ്ങളിൽ നിന്നും വഞ്ചനയുള്ള വാക്കുകളിൽ നിന്നും ഭിന്നതയുളവാക്കുന്ന സംസാരത്തിൽ നിന്നും അശുദ്ധിയുള്ള വ്യാപാരങ്ങളിൽ നിന്നും മ്ലേച്ഛമായ വിചാരങ്ങളിൽ നിന്നും ഇന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. കർത്താവെ, ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിച്ച് ഹൃദയങ്ങളെ പ്രകാശിപ്പിക്കണമെ.

ഞങ്ങളെ വീണ്ടെടുത്തു പുതുസൃഷ്ടികളാക്കിത്തീർക്കുന്ന ദൈവമെ, ഈ ദിവസം ഞങ്ങളിലുള്ള സകലവും പുതുതാക്കേണമെ. നിന്നിൽ കൂടുതൽ ശരണപ്പെടുവാൻ തക്കവണ്ണം ഞങ്ങളുടെ മനസ്സുകൾ നീ പുതുക്കേണമെ. തിരുവചനത്തിൽ കൂടുതൽ സന്തോഷിക്കുന്നതിനും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ പിന്തുടരുന്നതിനും ഞങ്ങളെ സഹായിക്കണമെ.

## 15

നിത്യനായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, നിന്റെ എല്ലാ വഴികളും പരിപൂർണ്ണവും വിശുദ്ധവും ആകുന്നുവല്ലോ. കഴിഞ്ഞ രാത്രിയിൽ ഞങ്ങൾക്കു ലഭിച്ച നിന്റെ കാവലിനും സംരക്ഷണത്തിനും വേണ്ടി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഇന്നത്തെ ഞങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും മുഴുവനായി ഞങ്ങൾ തിരുമുൻപിൽ കാഴ്ചവെയ്ക്കുന്നു. കർത്താവെ, ഞങ്ങളെ കൈക്കൊണ്ടു നിന്റെ ഇഷ്ടപ്രകാരം ഉപയോഗിക്കണമെ. പിശാചിന്റെ എല്ലാ പരീക്ഷകളിന്മേലും ഞങ്ങൾ വിജയം പ്രാപിക്കാൻ നീ ഞങ്ങളോടുകൂടെ ഇരിക്കണമെ. ഞങ്ങളുടെ ചുമതലകളും ഭാരങ്ങളും വഹിക്കുന്നതിനു ഞങ്ങൾ അശക്തരെന്നു തോന്നുമ്പോഴും, ഞങ്ങളുടെ പാതകൾ ദുർഘടമായി കല്ലുകളാലും മുള്ളുകളാലും നിറയപ്പെട്ടതായി കാണുമ്പോഴും, ഞങ്ങളുടെ ജീവിതത്തിലെ ആശ അസ്തമിച്ചതായി തോന്നുമ്പോഴും ഞങ്ങളുടെ ചുറ്റുപാടുകൾ പ്രതികൂലങ്ങളായി അനുഭവപ്പെടുമ്പോഴും കർത്താവേ, ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിക്കണമെ.

സകലത്തിനും ഉടയവനായ ദൈവമേ, ഒരു പുതിയ ദിവസത്തിന്റെ ആരംഭം കൂടെ കാണ്മാൻ ഞങ്ങളെ അനുവദിച്ചിരിക്കുന്നതിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നിൽ നിന്ന് അനുഭവിക്കുന്ന എല്ലാ നന്മകൾക്കു വേണ്ടിയും സ്തോത്രം ചെയ്തുകൊണ്ട് ഞങ്ങൾ ഓരോ ദിവസവും ആരംഭിപ്പാൻ സഹായിക്കണമെ. നിന്റെ എല്ലാ ഉപകാരങ്ങളും ഓർമ്മിച്ചുകൊണ്ട് അവയുടെ ദാതാവായ നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ. ഞങ്ങൾക്കു തൽക്കാലം പ്രയാസവും വിഷമവുമുള്ള അനുഭവങ്ങളിൽ കൂടി നീ ഞങ്ങളെ നടത്തുമ്പോഴും അവയിൽക്കൂടിയും നിന്റെ സ്നേഹത്തെ കാണുന്നതിന് ഞങ്ങൾക്ക് കൃപ ചെയ്യണമെ. ഞങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്കലേക്കു അധികം അടുപ്പിക്കുന്നതിനുമായി നീ ഉദ്ദേശിച്ചിട്ടുള്ള നിന്റെ വ്യാപാരങ്ങൾ ശരിയാംവണ്ണം മനസ്സിലാക്കി നിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടിരിപ്പാനുള്ള സന്നദ്ധത ഞങ്ങൾക്കു നൽകണമെ. നിന്റെ സ്നേഹത്തേയും ഞങ്ങളോടുള്ള നിന്റെ സ്നേഹവ്യാപാരങ്ങളെയും കുറിച്ചു ഞങ്ങൾ അറിയുന്തോറും ഞങ്ങളുടെ അയോഗ്യതകളും കുറവുകളും ഞങ്ങൾ അധികമായി കാണുന്നതിനു സഹായിക്കണമെ. പാപവും പരീക്ഷയും നിറഞ്ഞ ലോകത്തിൽ നിന്നെക്കൂടാതെ ജീവിതം നയിപ്പാൻ ഞങ്ങൾ ഉദ്യമിക്കാതെ, നിന്നിൽ ശരണം വച്ചുകൊണ്ട് എല്ലാ കാര്യത്തിലും ഏർപ്പെടുവാൻ കൃപ നൽകണമെ. നിന്റെ ഇഷ്ടത്തിനു ചേരാത്ത കാര്യങ്ങളിൽ നിന്നു ഞങ്ങൾ അകന്നു ജീവിപ്പാനും നീ സഹായിക്കണമെ. ആമ്മീൻ.

## 16

ഞങ്ങളുടെ പരമപിതാവേ, ഈ പുതിയ പകലിനു വേണ്ടിയും, കഴിഞ്ഞ രാത്രിയിലെ വിശ്രമത്തിനു വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സൃഷ്ടി മുഴുവൻ നിന്റെ ശക്തിയെയും, നിന്റെ ജ്ഞാനത്തെയും ധാരാളമായി സാക്ഷിക്കുന്നു. കർത്താവേ, ഇന്നേദിവസം ഞങ്ങളുടെ ജീവിതരംഗങ്ങളിൽ നിന്നെ ശരിയായി സാക്ഷിപ്പാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളെ ദർശിക്കണമെ. നിന്റെ ദർശനം ഞങ്ങൾക്കു ശക്തിയും സന്തോഷവും സമാധാനവും നൽകുന്നതാകുന്നു എന്ന് ഞങ്ങൾ അറിയുന്നു. കർത്താവേ, നിന്നോടൊരുമിച്ചു നടപ്പാൻ ഞങ്ങൾക്കു കൃപ നൽകണമെ. ഞങ്ങളുടെ ഹൃദയങ്ങളെ നീ പുതുക്കുകയും, ഞങ്ങളുടെ ജഢികേച്ഛകളെ ഇല്ലാതാക്കയും, നിന്റെ ആത്മാവു ഞങ്ങളെ മുഴുവ

നായി ഭരിക്കയും ചെയ്യുമാറാകണമെ. കർത്താവേ, നീ സാക്ഷാൽ മുന്തിരിവള്ളി ആകുന്നുവല്ലോ. ഞങ്ങൾ നിന്നിൽ വസിക്കുന്ന കൊമ്പുകളായും, ആ വിശിഷ്ട ബന്ധത്തിൽ കൂടി സൽഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കുന്നവരായും തീരണമെ. നീ നിഗളികളെ താഴ്ത്തുകയും താഴ്മയും മനോവിനയവും ഉള്ളവരെ ഉയർത്തുകയും ചെയ്യുന്നവനാകുന്നുവല്ലോ. കർത്താവേ, ഞങ്ങളെ അധികം താഴ്മയുള്ളവരാക്കിത്തീർക്കണമെ. ഞങ്ങളുടെ ഹൃദയങ്ങളുടെ കേന്ദ്രങ്ങളിൽ നിന്റെ സിംഹാസനം സ്ഥാപിക്കയും ചെയ്യണമെ.

സകലത്തിന്റെയും ഉടയവനായ ഞങ്ങളുടെ പിതാവായ ദൈവമേ, ഈ സമയത്തോളം ഞങ്ങളെ ക്ഷേമത്തോടെ കൊണ്ടുവന്നിരിക്കുന്നതിനായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയാൽ ഇന്നേ ദിവസം പാപവും ആപത്തും കൂടാതെ ഞങ്ങളെ കാത്തു നീതിയിൽ ഞങ്ങളെ പാലിച്ചുകൊള്ളണമെ. നിന്റെ പരിശുദ്ധാത്മദാനം ഇന്നു ഞങ്ങളിൽ പുതുക്കണമെ. ഞങ്ങൾ സ്നേഹമുള്ളവരും ഞങ്ങളിൽ തന്നെ സന്തോഷമുള്ളവരും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നവരും ആയിത്തീരുവാൻ സഹായിക്കണമെ. സമാധാനം അനുഭവിക്കുന്നവരും ദീർഘക്ഷമയും ദയയും ഉള്ളവരുമായി ജീവിക്കുന്നതിനു ഞങ്ങൾക്കു കൃപ നല്കണമെ. ഇന്നു ഞങ്ങൾക്കു ഓരോരുത്തർക്കും ചെയ്വാനുള്ള ജോലികൾ ഞങ്ങൾ വിശ്വസ്തതയോടെ ചെയ്വാൻ കൃപ നൽകണമെ. എല്ലാ അലസതയിൽ നിന്നും അവിവേകത്തിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. മറ്റുള്ളവരുടെ വ്യക്തിത്വത്തെ ആദരിപ്പാനും എല്ലാവരോടും യോഗ്യമായി പെരുമാറുവാനും ഞങ്ങളെ സഹായിക്കണമെ. ദൈവീക പ്രമാണങ്ങൾ മുൻനിർത്തി എല്ലാ കാര്യങ്ങളും ചെയ്വാൻ വേണ്ട കൃപ നൽകണമെ. ഞങ്ങളുടെ പിതാവേ, നീ തന്നെ ഞങ്ങളുടെ നായകനായിരുന്നു ഞങ്ങളെ വഴി നടത്തണമെ. ആമ്മീൻ.

## 17

സർവ്വശക്തിയും സ്നേഹവും നിറഞ്ഞ പിതാവാം ദൈവമേ, ഞങ്ങളെ സൃഷ്ടിച്ചതിനായും ഞങ്ങൾക്കു തന്നിരിക്കുന്ന ബുദ്ധിശക്തിക്കായും ശരീരസുഖത്തിനായും നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട യേശുവേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. താഴ്മയുള്ള ഹൃദയങ്ങളിൽ വസിപ്പാൻ ഇഷ്ടപ്പെടുന്ന പരിശുദ്ധാത്മാവേ, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ത്രീയേക ദൈവമേ, നിന്റെ സ്നേഹം, ശക്തി, കരുണ ഇവ ഓർത്ത് നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഈ പുതിയ ദിവസത്തിൽ ഞങ്ങൾ അനുഭവിക്കുന്ന എല്ലാ കൃപകൾക്കായിട്ടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കഴിഞ്ഞ രാത്രിയിൽ ഞങ്ങളെ കാത്തതിനായിട്ടും ഇന്നു രാവിലെ ക്ഷേമത്തോടെ ഉണർത്തിയതിനായിട്ടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇന്നത്തെ സകല കൃത്യങ്ങളും സന്തോഷത്തോടും വിശ്വസ്തതയോടും നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമെ.

കഴിഞ്ഞ കാലങ്ങളിൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്താതെയും അനുസരിക്കാതെയും ഇരുന്നിട്ടുള്ളതെല്ലാം ഞങ്ങളോടു ക്ഷമിക്കണമെ. ഇന്നത്തെ കൃത്യങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കണമെ. നിന്റെ സ്നേഹത്താൽ ഞങ്ങൾക്കു ചെയ്യുന്ന കൃപകളിൽ ഒന്നു പോലും മറക്കാതെ നന്ദിയുള്ള ഹൃദയങ്ങളോടു കൂടി ജീവിപ്പാൻ സഹായിക്കണമെ.

പിതാവേ, കഴിഞ്ഞ രാത്രിയിലെ ഉറക്കത്തിനായും ഈ പുതിയ ദിവസത്തിനായും

ഞങ്ങളുടെ മുമ്പാകെ ഇരിക്കുന്ന അവസരങ്ങൾക്കായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. പ്രഭാതത്തിൽ നിന്നെ സ്തുതിപ്പാൻ പാപനിദ്രയിൽ നിന്നു ഞങ്ങളെ ഉണർത്തണമെ.

കർത്താവേ! നിന്നോടടുത്തു ജീവിക്കുന്നതിനാൽ ഉളവാകുന്ന സന്തോഷവും സമാധാനവും ഇന്നു ഞങ്ങൾക്കു തരണമെ. പരിശുദ്ധാത്മാവു ഞങ്ങളിൽ വസിച്ച് ഹൃദയത്തിന്റെ എല്ലാ കോണുകളിലും നിന്റെ പ്രകാശവും കൃപയും നിറയുമാറാകണമെ. എല്ലാ വിഷമതകളെയും ധൈര്യത്തോടും സന്തോഷത്തോടും കൂടെ എതിരിടുവാനും എല്ലായ്പ്പോഴും എല്ലാറ്റിനും സ്തോത്രം ചെയ്വാനും കൃപ തരണമെ.

അനാഥരോടു സഹതാപം തോന്നണമെ. നിന്റെ കൃപയാൽ അവർക്കായി തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങൾക്കു വേണ്ടി സ്തോത്രം ചെയ്യുന്നു. എല്ലാ അഗതികൾക്കും സഹായം ലഭിക്കത്തക്കവണ്ണം പ്രവർത്തിപ്പാനും ദാനം ചെയ്വാനും ദൈവമക്കളെ ഉണർത്തണമെ. ആമ്മീൻ.

## 18

മനസ്സലിവുള്ളവനും സ്നേഹസമ്പൂർണ്ണനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, ഈ പുതിയ പ്രഭാതത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇത്രത്തോളം നിങ്കൽ നിന്ന് അനുഭവിച്ച എല്ലാ അനുഗ്രഹങ്ങൾക്കായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. അവയ്ക്കൊന്നിനും ഞങ്ങൾ യോഗ്യതയുള്ളവരല്ലെന്നു തിരുസന്നിധിയിൽ സമ്മതിക്കുന്നു. നിന്റെ സ്നേഹാതിരേകത്തെ എപ്പോഴും നന്ദിയോടെ ഓർക്കുന്നതിനും നിന്നെ മഹത്വപ്പെടുത്തുന്നതിനും ഞങ്ങളെ സഹായിക്കണമെ. ഈ പ്രഭാതത്തിൽ തിരുസന്നിധിയിൽ ഞങ്ങളെ സമർപ്പിക്കുന്നു. നിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ശരിയായ ബോദ്ധ്യത്തോടു കൂടി ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലികൾ ശരിയായി ചെയ്വാൻ ഞങ്ങളെ സഹായിക്കണമെ. ഹൃദയകാഠിന്യം ഞങ്ങളിൽ നിന്ന് അകറ്റണമെ. സ്നേഹിതരോടും അയൽക്കാരോടും സഹതാപത്തിലും സഹകരണത്തിലും ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും പരിപൂർണ്ണ പരമാർത്ഥത പാലിപ്പാൻ കൃപയരുളേണമെ. ആവശ്യമില്ലാത്ത ഭയങ്ങളിൽ നിന്നും ആകുലചിന്തകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളെ വേദനപ്പെടുത്തുന്നവരെ സ്നേഹിക്കുന്നതിനു ഞങ്ങൾക്കു താല്പര്യം നൽകണമേ. ദുഷിച്ചു സംസാരിക്കാതിരിപ്പാൻ ഞങ്ങളുടെ നാവുകളെ നിയന്ത്രിക്കണമെ. ഞങ്ങളുടെ പ്രയാസത്തിലും ഐശ്വര്യത്തിലും സന്തോഷങ്ങളിലും സന്താപങ്ങളിലും ജയങ്ങളിലും തോൽവികളിലും ആയുസ്സിന്റെ എല്ലാ നാളുകളിലും ഞങ്ങളുടെ കർത്താവേ, ഞങ്ങളോടുകൂടെ ഇരിക്കണമെ.

നിരന്തരമായി നിങ്കൽ നിന്നു ഞങ്ങൾ അനുഭവിക്കുന്ന എല്ലാ നന്മകൾക്കുമായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ശരീരസുഖം, ആരോഗ്യം, സമാധാനം ഇവ എല്ലാം നിന്റെ ദാനമത്രേ. ജീവിത സൗകര്യങ്ങളും സ്നേഹമുള്ള മാതാപിതാക്കന്മാരും നിങ്കൽ നിന്നത്രേ. ജീവിതത്തിൽ മറ്റുള്ളവരിൽ നിന്നു ഞങ്ങൾക്കു ലഭിക്കുന്ന എല്ലാ സഹകരണത്തിനും ഞങ്ങളെ നന്ദിയുള്ളവരാക്കണമെ. ആഹാരസാധനങ്ങൾക്കായും അവയിൽ നിന്നു ലഭിക്കുന്ന സന്തോഷത്തിനും പോഷണത്തിനുമായും സ്തോത്രം ചെയ്യുന്നു.

കർത്താവെ, യന്ത്രശാലകളിലും മറ്റു പണിശാലകളിലും തങ്ങളുടെ ജീവൻ ആപത്തിലും അപകടത്തിലും ആകാവുന്ന സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരെ കടാക്ഷിക്കണമെ.

കഠിനാദ്ധ്വാനം ചെയ്തിട്ടും ഉപജീവനത്തിന് ഇല്ലാത്തവരും, മറ്റുള്ളവരുടെ അനീതിയിൽ സങ്കടം അനുഭവിക്കുന്നവരുമായവർക്ക് സ്നേഹവാനായ നീ ആശ്വാസം നൽകണമെ.

ഈ പ്രഭാതത്തിൽ ഞങ്ങൾ തിരുസന്നിധിയിൽ അഭയം പ്രാപിക്കുന്നു. പാപം കൂടാതെ ഞങ്ങളെ കാത്തുകൊള്ളണമെ. ഇന്നത്തെ ഞങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടും, അദൃശ്യനായ നീ കാണുന്നു എന്നുള്ള ഓർമ്മയോടും കൂടെ ചെയ്വാൻ സഹായിക്കണമെ. പഠിക്കുന്ന കുട്ടികൾക്കു ജ്ഞാനവും പരമാർത്ഥതയും ക്ഷമയും നൽകണമെ. പ്രവർത്തനത്തിൽ ഉൾപ്പെട്ടിരിക്കുന്നവരെ വിശ്വസ്തത ധരിപ്പിക്കണമെ. ഞങ്ങളുടെ ഭവനങ്ങളെ സത്യത്തിലും സ്നേഹത്തിലും പാലിക്കണമെ. വീഴ്ച കൂടാതെയുള്ള അവിടുത്തെ ദിവ്യ വിചാരണയിൽ ഇന്നു മുഴുവൻ ഞങ്ങളെ കാത്തുകൊള്ളണമെന്ന് യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. ആമ്മീൻ.

## 19

സകലത്തിന്റെയും ഉടയവനും ദൈവവുമായുള്ളോവേ, ഈ പ്രഭാതത്തിന്റെ ശാന്തതയ്ക്കുവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ലോകത്തിനു തരുന്നതിനോ എടുത്തു കളയുന്നതിനോ കഴിയാത്ത സമാധാനം ഇന്നു നീ ഞങ്ങൾക്കു നൽകണമെ. വ്യസനകരമായ സംഭവങ്ങളിൽ നിന്നും, വഞ്ചനയുള്ള വാക്കുകളിൽ നിന്നും, ഭിന്നതയുളവാക്കുന്ന സംസാരത്തിൽ നിന്നും, അശുദ്ധിയുള്ള വ്യാപാരങ്ങളിൽ നിന്നും, മ്ലേച്ഛമായ വിചാരങ്ങളിൽ നിന്നും, ഇന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. കർത്താവേ, ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിച്ചു ഹൃദയങ്ങളെ പ്രകാശിപ്പിക്കണമെ.

ഞങ്ങളെ വീണ്ടെടുത്തു പുതുസൃഷ്ടികളാക്കിത്തീർക്കുന്ന ദൈവമേ, ഈ ദിവസം ഞങ്ങളെ പുതുതാക്കണമെ. തിരുവചനത്തിൽ കൂടുതൽ സന്തോഷിക്കുന്നതിനും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ പിന്തുടരുന്നതിനും സഹായിക്കണമെ. കഴിഞ്ഞ രാത്രിയിലെ ഉറക്കത്തിനും വിശ്രമത്തിനും തന്മൂലം ലഭിച്ചിരിക്കുന്ന പുതിയ ശക്തിക്കും വേണ്ടി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങൾക്കു തന്നിരിക്കുന്ന വേലകൾക്കായും അവ നിർവ്വഹിക്കുന്നതിനുള്ള ശരീരബലവും മനഃശക്തിയും താലന്തുകളും തന്നിരിക്കുന്നതിനായും സ്തോത്രം.

ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ, ഞങ്ങളോടു കരുണയുണ്ടാകണമെ. ദൈവത്തിന്റെ പുത്രാ, നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമെ. ഇന്നു മുഴുവൻ ദൈവസാന്നിദ്ധ്യബോധത്തോടെ ജീവിക്കുവാൻ ഞങ്ങൾക്ക് ഇടയാകണമെ. ഞങ്ങളോട് ഇടപെടുന്ന ആളുകൾ പ്രയാസം കൂടാതെ ഞങ്ങൾ നിനക്കുള്ളവർ എന്ന് അറിയത്തക്കവണ്ണം നിന്റെ ചിന്തയും ഭാവവും ഞങ്ങൾക്കു തരണമെ. ഞങ്ങൾ ഏർപ്പെട്ടിരിക്കുന്ന ചുമതലകൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിനുള്ള കഴിവു ഞങ്ങൾക്ക് ഓരോരുത്തർക്കും തരണമെ. ജോലിക്കായി ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരെ അനുഗ്രഹിക്കണമെ. നിന്റെ പ്രകാശവും നടത്തിപ്പും അവർക്കു കൊടുക്കണമെ. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സു വയ്ക്കാതെയിരിക്കുവാൻ അവരെ സഹായിക്കണമെ. വസ്തുവകകളുടെ പെരുപ്പമല്ല ജീവന് ആധാരമായിരിക്കുന്നത് എന്നുള്ള ഓർമ്മയോടു കൂടെ വസ്തുമയമായ സംഗതികളോട് ഇടപെടുവാൻ ഞങ്ങളെ സഹായിക്കണമെ. മുമ്പെ ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിച്ച് അതോടു കൂടെ മറ്റെല്ലാം അനുഭവിപ്പാൻ കൃപ നൽകണമെ. കർത്താവിന്റെ നാമത്തിൽ ഇന്നു ഞങ്ങൾ ഞങ്ങളുടെ വേലയ്ക്കായി ഒരുങ്ങുന്നു. നീ തന്നെ ഞങ്ങളുടെ അദ്ധ്വാനങ്ങൾ എല്ലാം വിശുദ്ധീകരിക്കേണമെ.

ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും തിരുമുമ്പിൽ പ്രസാദമുള്ളവയായി ത്തീരുമാറാകണമെ. തൃക്കരത്താൽ ഞങ്ങളെ ഇന്നു മുഴുവൻ നിയന്ത്രിച്ചു നടത്തണമെന്ന് യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. ആമ്മീൻ.

## ആശുപത്രി ജീവനക്കാർക്കും, ആശുപത്രി പഠന പരിപാടിയിലെ വിദ്യാർത്ഥികൾക്കും ഉപയോഗിക്കാവുന്ന പ്രഭാത പ്രാർത്ഥനകൾ

സ്വർഗ്ഗീയ പിതാവായ ഞങ്ങളുടെ നാഥാ, ഈ പുതിയ പ്രഭാതത്തിൽ സഹായത്തിനും പ്രകാശത്തിനുമായി ഞങ്ങൾ തിരുസന്നിധിയിൽ അടുത്തുവരുന്നു. അങ്ങയുടെ സേവന ത്തിനായി ഈ ദിവസങ്ങളെ വിശുദ്ധീകരിക്കുന്നതിനും ആവശ്യമായ എല്ലാ ശാന്തിയും ശക്തിയും അങ്ങയിൽ തന്നെ കണ്ടെത്തുന്നതിനും ഞങ്ങളെ സഹായിക്കേണമെ. ആത്മാ വിലും സത്യത്തിലും അങ്ങയെ സേവിക്കുന്നതിനും ഈ ദിവസത്തിലെ ജോലികൾക്ക് ഒരു നല്ല അടിസ്ഥാനമിടുന്നതിനുമായി അവിടുത്തോടുള്ള ഞങ്ങളുടെ ഭക്തിയെ ജ്വലിപ്പിക്കേ ണമെ. ഒരു പുതിയ ദർശനത്തോടും പുതിയ തീരുമാനത്തോടും പുതിയ ശക്തിയോടും കൂടെ അവിടുത്തെ വേല ആരംഭിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ.

എല്ലാ ദാനങ്ങളുടെ ഉറവയും സൗഖ്യദാതാവും നീ മാത്രമാകുന്നു. രോഗശാന്തിക്കുള്ള ശക്തി ഔഷധങ്ങളിൽ നിക്ഷേപിച്ചവൻ നീ ആകുന്നു. വൈദ്യശാസ്ത്രവും സാങ്കേതിക ജ്ഞാനവും, ആതുര ശുശ്രൂഷ ചെയ്യുന്ന ഏവരുടേയും വിവിധ കഴിവുകളും സേവന സന്നദ്ധതയുമെല്ലാം നിന്റെ ദാനങ്ങളാകുന്നു. ഞങ്ങൾ എല്ലാവരും ജന്മസിദ്ധമായ ശക്തി യിലും സാമർത്ഥ്യത്തിലും മാത്രം ആശ്രയിക്കാതെ നിന്നിൽ ആശ്രയിച്ചുകൊണ്ട് സ്നേഹ ത്തോടും മനസ്സലിവോടും ക്ഷമയോടും കൂടി വേല ചെയ്യുവാൻ ഞങ്ങളെ സഹായിക്കേ ണമെ. അങ്ങനെ രോഗികളുടെ സുഖപ്രാപ്തിക്കും നിന്റെ സ്നേഹപരമായ ഉദ്ദേശ്യങ്ങളുടെ നിർവ്വഹണത്തിനും ഈ സ്ഥാപനം ഒരു മുഖാന്തിരമായി തീരണമെ. സ്നേഹത്തിന്റേയും സേവനത്തിന്റേയും ദൈവാശ്രയത്തോടുകൂടിയ കാര്യമായ പ്രവർത്തനത്തിന്റേയും ഐക്യ ത്തിന്റേയും അന്തരീക്ഷം ഇവിടെ വളർന്ന് വരുവാനും നിലനില്ക്കുവാനും നീ ഇടയാ ക്കണമെ. ഇവിടെ വരുന്ന രോഗികളും, ഇവരുടെ ബന്ധുമിത്രാദികളും ഈ സ്ഥാപനത്തോട് ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടുവാനിടയാകുന്ന എല്ലാവരും നിന്റെ സ്നേഹത്തെ കാണുവാനും നിന്നെ വിശ്വസിക്കുവാനും തക്കവണ്ണം ഇതിന്റെ പ്രവർത്തനത്തെ അവിടുന്ന് ഒരു മുഖാന്തിരമാക്കിത്തീർക്കണമെ.

ഇപ്പോൾ നിന്റെ വേല ആരംഭിക്കുവാൻ ഒരുങ്ങി വന്നിരിക്കുന്ന ഞങ്ങളെ എല്ലാവ രേയും നീ അനുഗ്രഹിച്ച് വിശുദ്ധീകരിക്കേണമെ. നിന്റെ വേല ആന്തര വിശുദ്ധിയോടും തിരുവിഷ്ട പ്രകാരവും ആരംഭിപ്പാനും നിറവേറ്റുവാനും നീ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ ദിവസങ്ങളും പ്രയത്നങ്ങളും നിഷ്ഫലമാകാതിരിപ്പാൻ നിന്റെ കരുണയുടെ കോട്ട ഞങ്ങളെ ചുറ്റിക്കൊള്ളണമെ. നിന്നിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങൾ പരിശ്രമി ക്കുന്നു. തിരുവിഷ്ടപ്രകാരമുള്ള ഫലം തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമെ. ഞങ്ങൾ ഞങ്ങളേയും ഞങ്ങളുടെ പ്രയത്നങ്ങളേയും ഈ സ്ഥാപനത്തേയും ഇവിടെയുള്ള രോഗികളേയും തൃപ്പാദത്തിൽ സമർപ്പിക്കുന്നു. കൃപയോടെ അനുഗ്രഹിക്കേണമെ.

## 2

സ്വർഗ്ഗീയ പിതാവും, സർവ്വശക്തനായി സകലത്തിന്റേയും ഉടയവനും, സകലത്തേയും പോറ്റി പുലർത്തുന്ന മഹാ കാരുണ്യവാനും ആയ ദൈവമേ, നീ ഞങ്ങൾക്ക് ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ സകല കൃപകൾക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ആകാശത്തെ മേൽക്കട്ടി പോലെ വിരിച്ച ശക്തിമാനും മഹത്വമുള്ളവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ ആജ്ഞക്ക് സകല പ്രകൃതികളും കീഴടങ്ങുന്നുവല്ലോ. നീ സാക്ഷാൽ ദൈവമായിരിക്കെ കാലത്തികവിങ്കൽ ശരീര പ്രകാരം ലോകത്തിലേയ്ക്ക് ഇറങ്ങിവന്നു. മനുഷ്യവർഗ്ഗത്തെ സാത്താന്റെ ദാസ്യത്തിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി വന്ന നീ, ശരീരത്തിലും മനസ്സിലും ആത്മാവിലും രോഗികളായവരെ സൗഖ്യപ്പെടുത്തുകയും ചെയ്തു. നിന്റെ ദൈവത്വത്തിന് യോഗ്യമായ അധികാരം വി: സഭയെ നീ ആയുധമായി ധരിപ്പിച്ചുകൊണ്ട് 'നിങ്ങൾ രോഗികളെ സൗഖ്യമാക്കുവീൻ. ഭൂതങ്ങളെ പുറത്താക്കുവീൻ. ദാനമായി നിങ്ങൾക്ക് ലഭിച്ചു. ദാനമായി നിങ്ങൾ കൊടുപ്പിൻ. യാതൊന്നും നിങ്ങളെ പരാജയപ്പെടുത്തുകയില്ല' എന്ന് നീ അരുളിച്ചെയ്തുവല്ലോ.

ഇപ്പോൾ കർത്താവേ, നിന്റെ കല്പന പ്രകാരം പ്രവർത്തിക്കുവാൻ നിന്റെ അടിയാരായ ഞങ്ങൾ വിനയപൂർവ്വം തിരുസന്നിധിയിലേയ്ക്ക് അടുത്തുവരുന്നു. ഞങ്ങളുടെ പ്രാർത്ഥനകൾക്കും അപേക്ഷകൾക്കും നിന്റെ കരുണയുടെ വാതിൽ തുറന്നു തരേണമെ. നിന്റെ തിരുവിഷ്ടപ്രകാരം പ്രവർത്തിപ്പാനുള്ള ശക്തി നല്കേണമെ.

ഈ സ്ഥാപനത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന രോഗികളെ ഞങ്ങൾ തിരുമുൻപാകെ സ്മരിക്കുന്നു. ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവരെ ഞങ്ങൾ പ്രത്യേകമായി തിരുമുൻപാകെ സമർപ്പിക്കുന്നു. നിന്റെ സാന്നിദ്ധ്യം അവരോട് കൂടിയും ഉണ്ടായിരിക്കേണമെ. ഈ രോഗികൾക്കും ഇവരുടെ ബന്ധുമിത്രാദികൾക്കും നീ ആശ്വാസവും സമാധാനവും മനോധൈര്യവും പ്രദാനം ചെയ്യേണമെ.

സാക്ഷാൽ ഉത്തമ വൈദ്യനും നല്ല ദാനങ്ങളുടെ ഉറവയുമായ കർത്താവേ, നിന്റെ കരുണയുടെ സഹായത്തിലല്ലാതെ ഞങ്ങളുടെ ജന്മസിദ്ധമായ സ്വന്തശക്തികൊണ്ടു മാത്രം പ്രവർത്തിപ്പാൻ ഞങ്ങൾ പ്രാപ്തരല്ലാത്തതിനാൽ ഞങ്ങളുടെ പ്രവർത്തനങ്ങളിലും പ്രവർത്തനമണ്ഡലങ്ങളിലും ഞങ്ങളുടെ വലങ്കൈ കൊണ്ടും ഇടങ്കൈ കൊണ്ടും ചെയ്യുന്ന സകലത്തിലും നിന്റെ കൃപ ഞങ്ങൾക്ക് കൂട്ടും സഹായവുമായിരിക്കേണമെ. സ്നേഹത്തോടും മനസ്സലിവോടും ക്ഷമയോടും കൂടി വേല ചെയ്യുവാൻ ഞങ്ങളെ സഹായിക്കേണമെ. ഈ സ്ഥാപനം നിന്റെ ദൈവികോദ്ദേശ്യങ്ങളുടെ നിർവ്വഹണത്തിന് ഒരു മുഖാന്തിരമാക്കിത്തീർക്കണമെ. സ്വർഗ്ഗീയ സ്നേഹത്തിന്റേയും സേവനത്തിന്റേയും പരസ്പര സഹായത്തിന്റേയും അന്തരീക്ഷം ഇതിൽ നിലനിർത്തുവാൻ ഞങ്ങളെ സഹായിക്കേണമെ. ഇതിൽ പ്രവർത്തിക്കുന്ന ഞങ്ങളും ഇവിടെ വരുന്ന രോഗികളും ഈ സ്ഥാപനത്തോട് ബന്ധപ്പെടുന്ന എല്ലാവരും നിന്റെ സ്നേഹത്തെ കാണുവാനും നിന്നിൽ വിശ്വസിക്കുവാനും സംഗതിയാക്കണമെ.

## 3

പ്രകാശത്തിന്റെ സ്യഷ്ടാവും, നിർമ്മാതാവുമായ കർത്താവേ, സകല ജോലികൾക്കും മുമ്പായി ഈ പ്രഭാത സമയത്ത് ഞങ്ങൾ തിരുമുമ്പാകെ വന്ന് നിന്നെ സ്തുതിക്കുന്നു. നിന്റെ പ്രകാശം ഞങ്ങളുടെ ഹൃദയത്തിൽ ഉദിപ്പിക്കേണമെ. നിന്റെ കൃപയിൻപ്രകാരം

ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ പ്രാർത്ഥന നിന്റെ സന്തോഷത്തിനും ഞങ്ങളുടെ ശുശ്രൂഷ നിന്റെ പ്രീതിക്കും ആക്കിത്തീർക്കുമാറാകേണമെ.

ഞങ്ങളുടെ കർത്താവേ, ഞങ്ങൾ അയോഗ്യരെങ്കിലും നിന്റെ ധാരാളമായ കരുണകളാൽ ഇതുവരെയും നീ ഞങ്ങളെ കാത്തുസൂക്ഷിച്ചുവല്ലോ. മിശിഹാ തമ്പുരാനെ, നിന്നെ സ്തുതിപ്പാനും നിന്റെ ശുശ്രൂഷ ചെയ്യുവാനും തക്കവണ്ണം നിന്റെ കരുണയാൽ ഇപ്പോഴും ഞങ്ങളെ നിന്റെ സന്നിധിയിൽ നിർത്തിയിരിക്കുന്നുവല്ലോ. കർത്താവേ, ഞങ്ങൾ അയോഗ്യരെങ്കിലും നിന്നോടുള്ള സ്നേഹവും ഭക്തിയും ഞങ്ങൾക്ക് തരേണമെ. നിന്റെ നല്ല തിരുവിഷ്ട പ്രകാരം ഞങ്ങളെ നടത്തേണമെ.

കാരുണ്യവാനും മനുഷ്യ സ്നേഹമുള്ളവനുമായ ഞങ്ങളുടെ ദൈവമെ, ഇപ്പോൾ നിന്റെ വേല ആരംഭിക്കുവാൻ ഞങ്ങൾ ഒരുങ്ങിവന്നിരിക്കുന്നു. നിന്നോട് ചേർന്ന് നിന്റെ ഇഷ്ടം പ്രവർത്തിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. നിന്നോടുള്ള ഭക്തിയോടെ നിന്റെ സന്നിധിയിൽ നില്പാനും പ്രകാശ ബോധത്തോടും വിശുദ്ധിയോടും നിന്റെ ശുശ്രൂഷ ചെയ്വാനും നിന്റെ നല്ല തിരുവിഷ്ടം അനുസരിച്ച് പ്രവർത്തിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ. 'വിളിപ്പീൻ ഞാൻ വിളി കേൾക്കുമെന്നും, മുട്ടുവീൻ ഞാൻ തുറന്നു തരുമെന്നും' നീ കല്പിച്ചിട്ടുണ്ടല്ലോ. ആകയാൽ കർത്താവെ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിലും പ്രവർത്തന മണ്ഡലങ്ങളിലും നിന്റെ ദിവ്യസാന്നിദ്ധ്യം ഞങ്ങൾക്ക് സഹായമായിരിക്കേണമെ. നിന്റെ സർവ്വശക്തിയിലും മഹാകരുണയിലും ആശ്രയിച്ചുകൊണ്ട് ഞങ്ങൾ പരിശ്രമിക്കുന്നു. തിരുവിഷ്ടപ്രകാരമുള്ള ഫലം തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമെ. നിന്റെ കൃപയാൽ ഞങ്ങളുടെ പ്രാർത്ഥന കേട്ട് നിന്റെ ദയയാൽ ഞങ്ങളെ സഹായിക്കുമാറാകേണമെ.

## 4

സ്വർഗ്ഗീയ പിതാവായ ഞങ്ങളുടെ ദൈവമെ, കഴിഞ്ഞ രാത്രിയിൽ ഞങ്ങൾക്ക് ലഭിച്ച വിശ്രമത്തിനും സംരക്ഷണത്തിനുമായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഇന്നുവരെ ഞങ്ങളെ കാത്തുകൊണ്ടതിനായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഈ ദിവസത്തെ പ്രകാശത്തിലേക്ക് ഞങ്ങളെ ആനയിച്ചതിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ഇന്നേദിവസത്തേക്ക് ഞങ്ങൾക്ക് ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും കൃപകളും പ്രദാനം ചെയ്യേണമെ.

കരുണാസമ്പൂർണ്ണനും സ്നേഹസമ്പന്നനുമായ യേശുവേ, ആത്മത്യാഗത്തിന്റേയും സ്നേഹത്തിന്റേയും മഹത്വം ഞങ്ങളെ പഠിപ്പിക്കുവാനായി നീ ലോകത്തിലേക്ക് വന്നുവല്ലോ. ആതുരശുശ്രൂഷയ്ക്കായി വേർതിരിച്ച ഞങ്ങൾ ഈ ജോലിയിൽ നിന്റെ സഹപ്രവർത്തകരാണെന്ന് എപ്പോഴും സ്മരിച്ചുകൊണ്ട് വേല ചെയ്യുവാൻ ഞങ്ങളെ സഹായിക്കേണമെ.

കർത്താവേ, നീ ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി ഞങ്ങൾക്ക് ഒരു ഭാരമാകാതെ ഉല്ലാസകരമായി അനുഭവപ്പെടത്തക്കവണ്ണം നിന്നോടുള്ള സ്നേഹബന്ധത്തിൽ ഞങ്ങളെ ഉറപ്പിക്കുകയും ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന് ചെയ്യുന്നതെല്ലാം നിനക്ക് ചെയ്യുന്നതാണെന്ന ബോധം ഞങ്ങളിൽ നിലനിർത്തുകയും ചെയ്യേണമെ. കർത്താവേ ദാസന്മാരെപ്പോലെ ദാസ്യത്വത്തിന്റെ ആത്മാവോടു കൂടിയോ നിർബന്ധത്തിന്റെ പേരിലോ ഞങ്ങൾ നിന്റെ വേല ചെയ്യുവാൻ ഇടയാകരുതെ. പിന്നെയോ മക്കളെ പോലെ, നിന്നോടുള്ള സ്നേഹത്തിലും നന്ദിയിലും നിറഞ്ഞ്, നിന്നോടുള്ള കടപ്പാടുകളെ നിറവേറ്റുന്നു എന്ന ബോധ

ത്തോടും, ഉത്സാഹത്തോടും ആഹ്ലാദത്തോടും സൂക്ഷ്മതയോടും സഹിഷ്ണതയോടും സേവനം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് സംഗതിയാകേണമെ.

ലോകം തരുന്ന സന്തോഷത്തേക്കാൾ നീ തരുന്ന ആനന്ദമാണ് അളവില്ലാത്തതെന്ന് ഗ്രഹിക്കുവാൻ ഞങ്ങൾക്ക് സംഗതിയാക്കേണമെ. ഇപ്പോൾ അവിടുത്തെ വേല ആരംഭിക്കുവാൻ ഒരുങ്ങിവന്നിരിക്കുന്ന ഞങ്ങൾ എല്ലാവരേയും അനുഗ്രഹിച്ച് വിശുദ്ധീകരിക്കേണമെ. നിന്റെ വേല ആന്തര വിശുദ്ധിയോടും തിരുവിഷ്ട പ്രകാരവും ആരംഭിക്കുവാനും നിറവേറ്റുവാനും ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ വിനീത ശ്രമവും ഞങ്ങളുടെ ആയുസ്സിലുള്ള മറ്റെല്ലാ പ്രയത്നങ്ങളും തൃപ്പാദത്തിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഉത്തരമരുളേണമെ.

## 5

സർവ്വശക്തനായ ദൈവമേ, അവിടുത്തെ അനുഗ്രഹപുത്രനായ യേശുമശിഹാ നന്മകൾ ചെയ്തുകൊണ്ട് ചുറ്റിനടക്കുകയും ജനങ്ങളുടെ എല്ലാവിധത്തിലുള്ള രോഗങ്ങളേയും അസുഖങ്ങളേയും സുഖപ്പെടുത്തുകയും ചെയ്തുവല്ലോ. കൃപാപൂർണ്ണമായ ആ പ്രവർത്തി ഞങ്ങളിലൂടെ വിവിധ സ്ഥലങ്ങളിലുള്ള എല്ലാ ആശുപത്രികളിലും തുടരുവാൻ കൃപ ചെയ്യേണമെ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. കഷ്ടപ്പെടുന്നവരെ ആശ്വസിപ്പിയ്ക്കുകയും സുഖപ്പെടുത്തുകയും ചെയ്യേണമെ. എല്ലാ പ്രവർത്തകർക്കും ആവശ്യമായ കൃപയും ശക്തിയും കൊടുക്കേണമെ. പ്രത്യേകിച്ച് ഡോക്ടേഴ്സിന് ആവശ്യമായ അറിവും വൈദഗ്ധ്യവും സിസ്റ്റേഴ്സിന് ആവശ്യമായ ജാഗ്രതയും ക്ഷമയും, ടെക്നീഷ്യൻസിന് ആവശ്യമായ ബുദ്ധികൂർമ്മതയും വിവേകവും അങ്ങ് പ്രദാനം ചെയ്യേണമെ.

കർത്താവേ, ഞങ്ങളുടെ ജോലിയെ അഭിവൃദ്ധിപ്പെടുത്തുകയും അതിനു വേണ്ടി ഞങ്ങളുടെ താലന്തുകളെ വിനിയോഗിക്കുകയും അവയെ അവിടുന്ന് അനുഗ്രഹിക്കുകയും ചെയ്യേണമെ.

സാക്ഷാൽ ഉത്തമ വൈദ്യനും നല്ല ദാനങ്ങളുടെ ഉറവയുമായ കർത്താവേ നിന്റെ കരുണയുടെ സഹായത്തിലല്ലാതെ ഞങ്ങളുടെ ജന്മസിദ്ധമായ ശക്തി കൊണ്ട് മാത്രം പ്രവർത്തിപ്പാൻ ഞങ്ങൾ പ്രാപ്തരല്ലാത്തതിനാൽ ഞങ്ങളുടെ പ്രവർത്തനങ്ങളിലും പ്രവർത്തന മണ്ഡലങ്ങളിലും ഞങ്ങളുടെ വലകൈ കൊണ്ടും ഇടകൈ കൊണ്ടും ചെയ്യുന്ന സകലത്തിലും നിന്റെ കൃപ ഞങ്ങൾക്ക് കൂട്ടും സഹായവുമായിരിക്കേണമെ. സ്നേഹത്തോടും മനസ്സലിവോടും ക്ഷമയോടും കൂടി അവിടുത്തെ വേല ചെയ്യുവാൻ സഹായിക്കേണമെ. ഈ ആതുരാലയം അവിടുത്തെ ദൈവീകോദ്ദേശ്യങ്ങളുടെ നിർവ്വഹണത്തിന് ഒരു മുഖാന്തിരമായിത്തീരേണമെ. സ്വർഗ്ഗീയ സ്നേഹത്തിന്റേയും പരസ്പര സഹായത്തിന്റേയും അന്തരീക്ഷം ഇതിൽ നിലനിർത്തുവാൻ ഞങ്ങളെ സഹായിക്കേണമെ. ഇതിൽ പ്രവർത്തിക്കുന്ന ഞങ്ങളും ഇവിടെ വരുന്ന രോഗികളും ഈ ആതുരാലയത്തോട് ബന്ധപ്പെടുന്ന എല്ലാവരും നിന്റെ സ്നേഹത്തെ കാണുവാനും നിന്നിൽ വിശ്വസിക്കുവാനും തക്കവണ്ണം ഇതിന്റെ പ്രവർത്തനത്തെ ഒരു മുഖാന്തിരമാക്കിത്തീർക്കണമെ. രോഗം സംബന്ധിച്ച് നിന്റെ അടിയാരായ ഞങ്ങൾ നടത്തുന്ന പരിശോധനകളും ചികിത്സകളും രോഗത്തിന് വിപരീതമായി ഭവിക്കാതിരിപ്പാൻ നിന്റെ കൃപ ഞങ്ങൾക്ക് കൂട്ടായിരിക്കേണമെ. ഞങ്ങൾക്കും രോഗികൾക്കും ആത്മശരീര മനസ്സുകളുടെ സൗഖ്യം നൽകേണമെ.

## 6

പ്രകാശത്തിന്റെ സ്യഷ്ടാവും നിർമ്മാതാവുമായ കർത്താവേ, സകല ജോലികൾക്കും മുൻപായി ഈ പ്രഭാതസമയത്ത് ഞങ്ങൾ നിന്റെ അടുക്കൽ വന്ന് നിന്നെ സ്തുതിക്കുന്നു. നിന്റെ പ്രകാശം ഞങ്ങളുടെ ഹ്യദയങ്ങളിൽ ഉദിപ്പിക്കേണമെ. നിന്റെ ക്യപയിൻ പ്രകാരം ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ പ്രാർത്ഥന നിന്റെ സന്തോഷത്തിനും ഞങ്ങളുടെ ശുശ്രൂഷ നിന്റെ പ്രീതിയ്ക്കും ആക്കിത്തീർക്കേണമെ.

ഞങ്ങളുടെ കർത്താവേ, ഞങ്ങൾ അയോഗ്യരെങ്കിലും നിന്റെ ധാരാളമായ കരുണയാൽ ഇതുവരെയും നീ ഞങ്ങളെ കാത്തുരക്ഷിച്ചുവല്ലോ. മിശിഹാ തമ്പുരാനെ നിന്നെ സ്തുതിപ്പാനും നിന്റെ ശുശ്രൂഷ ചെയ്യുവാനും തക്കവണ്ണം നിന്റെ കരുണയാൽ ഇപ്പോഴും നിന്റെ തിരുസന്നിധിയിൽ നിർത്തിയിരിക്കുന്നുവല്ലോ. കർത്താവേ, ഞങ്ങൾ അയോഗ്യരെങ്കിലും നിന്നോടുള്ള സ്നേഹവും ഭക്തിയും ഞങ്ങൾക്ക് തരേണമെ. നിന്റെ നല്ലതായ തിരുവിഷ്ടപ്രകാരം ഞങ്ങളെ നടത്തേണമെ.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ, ജീവന്മേലും മരണത്തിന്മേലും അധികാരം അങ്ങേക്കു മാത്രമായിരിക്കുന്നുവല്ലോ. സേവനത്തിനായ് വിളിയ്ക്കപ്പെട്ടിരിക്കുന്ന അങ്ങയുടെ ദാസരായ ഞങ്ങൾക്ക് എല്ലാവർക്കും ശക്തിയും വിവേകവും സൗമ്യതയും നൽകേണമെ. രോഗം സുഖപ്പെടുത്തുവാൻ മാത്രമല്ല, അവിടുത്തെ സാന്നിദ്ധ്യം സംവഹിച്ചുകൊണ്ട് അനുഗ്രഹങ്ങൾ നൽകുന്നതിനും ക്ലേശത്തിന്റെയും ഭയത്തിന്റെയും കറുത്തിരുണ്ട വിനാഴികകളിൽ പ്രത്യാശയുടെ ദീപങ്ങളായി ജ്വലിക്കുന്നതിനും ഞങ്ങൾക്ക് ക്യപ നൽകേണമെ. ഞങ്ങളുടെ ജീവിതത്തിന്റെ സൗന്ദര്യത്തിലൂടെ അനേകം രോഗികളുടെ ആത്മാക്കളെ തിരുസന്നിധിയിലേക്ക് അടുപ്പിക്കാൻ ആവശ്യമായ ക്ഷമയും സൗമ്യതയും സ്നേഹവും നയവും ഞങ്ങൾക്ക് നൽകേണമെ. രോഗികൾ സുഖം പ്രാപിച്ച് ആരോഗ്യം വീണ്ടെടുത്ത് നിന്റെ മഹത്വത്തിനായി സ്വയം പ്രതിഷ്ഠിച്ച് ജീവിക്കുവാൻ സംഗതിയാക്കേണമെ.

# മദ്ധ്യാഹ്നത്തിൽ ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ

## 1

ലോകത്തിനു മുഴുവൻ പ്രകാശവുമായി മണ്ണിൽ പിറന്ന നിത്യസൂര്യനായ കർത്താവേ,

സൂര്യൻ അതിന്റെ പ്രകാശത്തെയും ചൂടിനെയും ഏറ്റവും ശക്തിയായി മനുഷ്യന്റെ മേലും സൃഷ്ടിയുടെ മേലും ആവസിപ്പിക്കുന്ന ഈ മദ്ധ്യാഹ്ന സമയത്ത് ഞങ്ങൾ തിരുമുമ്പിൽ അടുത്തു വരുന്നു. നാഥാ, അങ്ങയുടെ പ്രകാശത്തെ, ബോധപൂർവ്വം ആവഹിക്കുവാനുള്ള പ്രചോദനം ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ കണ്ണും, കാതും, ത്വക്കും മറ്റ് എല്ലാ ഇന്ദ്രിയങ്ങളും അങ്ങയുടെ ദിവ്യമായ പ്രകാശത്തെ ആവാഹിക്കുവാൻ കഴിവുറ്റതാക്കി രൂപാന്തരപ്പെടുത്തേണമേ. അങ്ങയുടെ ആത്മാവിനെ ഞങ്ങളുടെമേൽ അയയ്ക്കേണമേ.

## 2

നിരന്തരമായി പിതാവിന്റെ വലത്തുഭാഗത്തിരുന്നു കൊണ്ട് ജാതിമതഭേദമെന്യേ സകലർക്കും വേണ്ടി പ്രാർത്ഥിക്കുന്ന കർത്താവേശുമശിഹാ രോഗികൾക്കുവേണ്ടിയും ആരോഗ്യത്തിലിരിക്കുന്നവർക്കു വേണ്ടിയും നീ പ്രാർത്ഥിക്കുന്നു. നിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയോട് ചേർന്ന് ലോകത്തിന് വേണ്ടി പ്രാർത്ഥിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമെ.

ഒരു മനുഷ്യൻ സർവ്വ ലോകവും നേടുകയും സ്വന്ത ജീവനെ നഷ്ടപ്പെടുത്തുകയും ചെയ്താൽ എന്ത് പ്രയോജനമെന്നരുളിച്ചെയ്ത കർത്താവേ, എല്ലാറ്റിലും ഉപരിയായി ഞങ്ങളുടെ ആത്മീയ രക്ഷയ്ക്കുവേണ്ടി നീ പ്രാർത്ഥിക്കുന്നു. സ്വാർത്ഥതയിൽ നിന്ന് വിടുതൽ പ്രാപിച്ചു നിസ്സ്വാർത്ഥവും സ്വയപരിത്യാഗവുമായ സ്നേഹത്തിൽ നിറയുന്നതിന് ഞങ്ങളെയും ഏവരെയും സഹായിക്കേണമെ. തൽഫലമായി സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവകൊണ്ട് ഞങ്ങളെ നിറയ്ക്കേണമെ. എല്ലാ പ്രതികാരബുദ്ധിയും അസൂയയും അഹങ്കാരവും അശുദ്ധിയും നിന്നോടും നിന്റെ മക്കളോടുമുള്ള സ്നേഹത്തിൽ കൂടി ജയിക്കുവാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ.

പ്രകൃതിക്ഷോഭം കൊണ്ടോ, രോഗാണുക്കൾ മൂലമോ, അപകടങ്ങൾ മൂലമോ, കഷ്ടതകളും രോഗവും ഉണ്ടാകുമ്പോൾ അവയെല്ലാം നിന്നിൽ ആശ്രയിക്കുകയും സമർപ്പിക്കുകയും ചെയ്യുമ്പോൾ അവ ഞങ്ങളുടെ പരമമായ നന്മയ്ക്കായി തീരുമെന്ന പ്രത്യാശയും ധൈര്യവും ഞങ്ങൾക്ക് നൽകേണമെ. അതേ സമയത്ത് രോഗ നിവാരണത്തിനായി പരമാവധി പരസ്പരം സഹായിക്കുന്നതിനും ഞങ്ങൾക്ക് സംഗതിയാക്കേണമെ. "നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ നന്മയ്ക്കായി ശിക്ഷിക്കുന്നു" എന്ന് എബ്രായ ലേഖന കർത്താവ് പറഞ്ഞത് സദാ സ്മരിക്കുവാനും പ്രത്യാശയോടെ മുമ്പോട്ടു പോകുവാനും ഞങ്ങൾക്ക് സംഗതിയാക്കേണമെ.

മനുഷ്യന്റെ ശ്രദ്ധക്കുറവുകൊണ്ടും പാപം കൊണ്ടും പല രോഗങ്ങളും ഉണ്ടാകാമെങ്കിലും മിക്ക രോഗങ്ങളും അജ്ഞാതമായ ഇതര കാരണങ്ങളാൽ ഉണ്ടാകുന്നെന്നും അതെല്ലാം ദൈവം നന്മക്കാക്കി തീർക്കുമെന്ന് ഓർത്ത് രോഗികളെ ദൈവാനുഗ്രഹമില്ലാത്തവരായി ദർശിക്കാതിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ.

"ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എനിക്കാകുന്നു ചെയ്യുന്നതെന്ന്" അന്ത്യന്യായവിധിയിൽ അരുളിച്ചെയ്യുമെന്ന് കൽപിച്ച കർത്താവേ, നിന്നോടുള്ള സ്നേഹത്തെ പ്രതി നീ ചെയ്തു തന്നുകൊണ്ടിരിക്കുന്ന സകല കൃപകളുടെയും അനുഗ്രഹങ്ങളുടെ നന്ദിപ്രകടനമായി രോഗികളെയും കഷ്ടപ്പെടുന്നവരെയും സഹായിപ്പാനും ആശ്വസിപ്പിക്കുവാനും ഞങ്ങൾക്ക് സംഗതിയാക്കണമെ.

ഈ ആതുരാലയത്തിൽ ശരീരത്തിന്റേയും മനസ്സിന്റെയും സൗഖ്യം മാത്രമല്ല ആത്മാവിന്റെ സൗഖ്യവും പ്രാപിക്കുവാൻ ഇതിന്റെ പ്രവർത്തകരെ എല്ലാവരെയും സഹായിക്കണമെ. ആത്മീയ സൗഖ്യത്തിന് വേണ്ടത് പ്രവർത്തിക്കുവാനുള്ള ചുമതല ആത്മീയ പ്രവർത്തനത്തിനായി നിയമിച്ചിരിക്കുന്നവരുടെ മാത്രം ചുമതലയായി കരുതാതെ എല്ലാവരും കഴിവത് പ്രവർത്തിപ്പാൻ സഹായിക്കണമെ.

ഏതെങ്കിലും രോഗികൾ ദീർകാല രോഗത്തിൽ കഴിയുന്നതിനോ മരിക്കുന്നതിനോ അങ്ങ് നിശ്ചയിക്കുന്നെങ്കിൽ അതും സന്തോഷത്തോടെ സ്വീകരിക്കത്തക്ക അർപ്പണ മനോഭാവം രോഗികൾക്കും അവരുടെ ബന്ധുമിത്രാദികൾക്കും നൽകണമെ. സൗഖ്യം പ്രാപിക്കുന്നവർ നിന്നോടുള്ള നന്ദി കൊണ്ട് നിറയുന്നതിനും നിന്റെ മഹത്വത്തിനും രോഗത്തിലും കഷ്ടതയിലും ഇരിക്കുന്നവരുടെ ആശ്വാസത്തിനുമായി തുടർന്ന് പ്രവർത്തിക്കുവാനും സംഗതിയാക്കണമെ.

ഈ ആശുപത്രിയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും വേണ്ടി പ്രവർത്തിച്ചിട്ടുള്ളവരായി ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ എല്ലാവരേയും വാഴ്ത്തി അനുഗ്രഹിക്കേണമെ. അവരുടെ കുടുംബങ്ങളേയും അനുഗ്രഹിക്കേണമെ.

# സന്ധ്യയിൽ ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ

## 1

പ്രകാശത്തിന്റെ സ്യഷ്ടാവും ഞങ്ങളുടെ ജീവന്റെ ഉറവിടവുമായ പിതാവാം ദൈവമേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു. സകലത്തിനും ആധാരമായിരിക്കുന്ന പ്രകാശവും നീ തന്നെ. "സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായ" നിന്റെ ഏകപുത്രനെ നീ കാരുണ്യപൂർവ്വം ലോകത്തിലേയ്ക്ക് അയച്ചു. അവൻ മൂലം ഞങ്ങൾ ദൈവിക മഹത്വത്തിനും ജീവനും അവകാശികളായി തീർന്നു. ഞങ്ങൾക്കും നിന്റെ സകല സൃഷ്ടിക്കും വേണ്ടി നീ സ്നേഹപൂർവ്വം വർഷിച്ചു തന്നതായ നല്ല ദാനങ്ങൾക്കു വേണ്ടി ഞങ്ങൾ നന്ദിയോടെ നിന്നെ സ്തോത്രം ചെയ്യുന്നു. എളിയവരും പാപികളുമായ ഞങ്ങൾ വിനയപൂർവ്വം (ഈ ചെറിയ ദീപങ്ങൾ തെളിയിച്ച്) നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നു. അനന്തമായ ആകാശവിതാനത്തിൽ പ്രകാശഗോളങ്ങൾ അവയുടെ ശോഭയാൽ നിന്നെ സ്തുതിക്കുന്നതു പോലെ ബലഹീനരായ ഞങ്ങളും ഞങ്ങളുടെ ആത്മശരീരമനസുകളെ (ഈ ദീപങ്ങളോടൊപ്പം) ഉയർത്തി നിന്നെ പുകഴ്ത്തുന്നു. കർത്താവേ, ഞങ്ങൾ കൊളുത്തിയ (ഈ) ദീപങ്ങൾ അണഞ്ഞു പോവുകയും ഇരുട്ടു ഞങ്ങളെ മൂടുകയും ചെയ്യുമ്പോൾ നിന്റെ പരിശുദ്ധാത്മാവിന്റെ അണയാത്ത നാളങ്ങൾ ഞങ്ങളിൽ ജ്വലിപ്പിക്കേണമെ. നിന്റെ മക്കളിൽ പുതിയ പ്രകാശവും ആനന്ദകരമായ ജീവനും ചൊരിയണമേ. വറ്റിപ്പോകാത്ത എണ്ണയായ ദിവ്യസ്നേഹത്താൽ നിന്റെ സഭയുടെ ജീവനെ നീ ദീപ്തമാക്കണമേ. സമർപ്പണബോധവും ത്യാഗചിന്തയും ഞങ്ങളിൽ വളർത്തി ഞങ്ങളുടെ സഹോദരങ്ങളായ മനുഷ്യരുടെ നന്മയ്ക്കു വേണ്ടി ജീവിയ്ക്കുവാൻ ഞങ്ങളെ ഒരുക്കേണമെ. ദാരിദ്ര്യത്തിലും രോഗത്തിലും മനഃക്ലേശങ്ങളിലും അനീതിയിലും മരണത്തിന്റെ ഇരുണ്ട നിഴലിലും പാർക്കുന്ന നിന്റെ മക്കൾക്കെല്ലാം നീതിയുടെയും സൗഖ്യത്തിന്റെയും വെളിച്ചം നൽകുന്ന വിളക്കുകളായി ഞങ്ങളെ നീ രൂപാന്തരപ്പെടുത്തേണമേ. ഞങ്ങൾ ഒരുമിച്ച് വിശുദ്ധന്മാരുടെ സർവ്വ സംഘത്തോടും ചേർന്ന് നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധാത്മാവിനെയും അനവരതം സ്തുതിച്ച് മഹത്വപ്പെടുത്തുന്നു.

## 2

ജീവന്റെ ശ്വാസമായ പരിശുദ്ധാത്മാവേ, സകല നന്മകളുടെയും പ്രചോദകനായ ദൈവമേ, ഞങ്ങളിൽ ആവസിച്ച് ഞങ്ങളുടെ ആത്മാവിന്റെ അഗ്നിയെ ഊതിത്തെളിപ്പിക്കേണമെ.

സൃഷ്ടിയെ പരിപോഷിപ്പിക്കുന്നവനായ പരിശുദ്ധാത്മാവേ, ഞങ്ങളെ നിന്റെ സൃഷ്ടിയുടെ രഹസ്യങ്ങളിലേക്ക് നയിക്കേണമെ. അലസമായ ഞങ്ങളുടെ മനസിനെയും ബുദ്ധിയെയും നിന്റെ ദിവ്യമായ സർഗ്ഗശക്തിയാൽ ഉണർത്തി, സ്നേഹപൂർവ്വം മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കുവാൻ ഞങ്ങളെ സന്നദ്ധരാക്കണമെ.

ഓരോ പ്രഭാതത്തിലും ഞങ്ങൾ ഉണരുമ്പോൾ നിന്റെ സൃഷ്ടിയുടെ സൗന്ദര്യം ദർശിക്കുവാനും അമേയമായ നിന്റെ ജ്ഞാനത്തിന്റെ പ്രകാശകിരണങ്ങൾ സ്വീകരിക്കുവാനും ഞങ്ങളെ ഒരുക്കേണമെ. പരിശുദ്ധാത്മാവാം ദൈവമേ, നീ ഞങ്ങൾ വിളിക്കുമ്പോൾ ഉത്തരം നൽകുന്നവനും ഞങ്ങളുടെ സഹായകനായി അടുത്തുവരുന്ന സഹായകനുമാകുന്നുവല്ലോ. വിശ്വാസത്തോടെയും ആഴമായ പ്രത്യാശയോടെയും നിന്നെ വിളിക്കുവാൻ കൃപയരുളേണമെ.

ഞങ്ങളുടെ ബലഹീനമായ മാനുഷികാവസ്ഥയിൽ ഞങ്ങൾ പൂർണ്ണതയ്ക്കായി അഭിവാഞ്ചിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന്റെ അപരിമേയമായ മഹത്വം കാണുവാൻ പാപികളായ ഞങ്ങൾ വെമ്പുന്നു. ദൈവത്തിന്റെ ആർദ്രമായ കരുണ മാത്രമാകുന്നു ഞങ്ങൾക്കാശ്രയം. ഉണ്ടായിട്ടുള്ളതും ഉണ്ടാകാനുള്ളതുമായ സകലത്തെയും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവേ, തിന്മയുടെ അടിമത്വത്തിൽ നിന്നും ഞങ്ങളെ മോചിപ്പിച്ച്, നന്മയുടെ വഴിയിൽ ഞങ്ങളെ പൂർത്തീകരിക്കേണമെ. സത്യത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ദൈവഭക്തിയുടെയും ഉന്നതങ്ങളിലേക്ക് ഞങ്ങളെ നടത്തേണമെ. വിശുദ്ധ ത്രിത്വത്തിന്റെ അനിർവചനീയമായ പ്രകാശത്തിലേക്കും സ്നേഹത്തിന്റെ പാരസ്പര്യത്തിലേക്കും ഞങ്ങളെ ഉപനയിക്കേണമെ. ഞങ്ങൾ നിനക്കും നീ ആരിൽ നിന്നും പുറപ്പെടുന്നുവോ ആ പിതാവിനും ആരിൽ നിന്നും എടുക്കുന്നുവോ ആ പുത്രനും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ആമ്മീൻ.

## 3

ദൈവമായ കർത്താവേ, ക്ഷീണിതമായ എന്റെ ശരീരത്തെയും മനസിനെയും ആത്മാവിനെയും തിരുസന്നിധിയിലേക്ക് ഈ സന്ധ്യാ സമയം ഉയർത്തുന്നു. അങ്ങയുടെ ദിവ്യവും അപരിമേയവുമായ ശക്തിയെ പകർന്നു നൽകി ബലഹീനമായ എന്റെ ശരീരാത്മ മനസുകളുടെ തളർച്ചയെ അകറ്റേണമെ.

നല്ലവനും എല്ലാറ്റിന്റെയും നന്മയ്ക്കായി ജനിച്ച് മരിച്ച് ഉയിർത്ത് സർവ്വ മനുഷ്യരെയും സർവ്വ സൃഷ്ടിയെയും പിതാവാം ദൈവത്തിന്റെ മഹൽ സന്നിധിയിലേക്ക് ഉപനയിച്ച എന്റെ നാഥാ, എന്റെ ശരീരാത്മ മനസുകളെ അങ്ങയുടെ ശരീരാത്മ മനസുകളുമായി സംയോജിപ്പിക്കേണമെ. അങ്ങയുടെ ഇച്ഛയിൽ എന്റെ ഇച്ഛയെ ലയിപ്പിക്കുവാൻ കൃപ തരണമെ.

സകല മനുഷ്യരെയും, വിശിഷ്യാ രോഗികളെ, മാനസികവും ആത്മീകവുമായ സംഘർഷങ്ങളാൽ പ്രയാസമനുഭവിക്കുന്നവരെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. അവർക്ക് പൂർണമായ സൗഖ്യവും ആശ്വാസവും പകർന്നു നൽകേണമെ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്വം കരേറ്റുന്നു.

## 4

പ്രകാശത്തിന്റെ സ്യഷ്ടാവും പകലിനെയും രാത്രിയേയും തമ്മിൽ വേർതിരിച്ച സൃഷ്ടിയുടെ നാഥനുമായ ദൈവമേ, വീണ്ടും ഒരു പകലിന്റെ അദ്ധ്വാനങ്ങളിൽ നിന്ന് ഞങ്ങളെ ശാന്തമായ സന്ധ്യയിലേക്ക് നീ ആനയിച്ചിരിക്കുന്നു. നിന്റെ വിശ്രാന്തിയും സമാധാനവും ഞങ്ങളിൽ വസിക്കുവാൻ കൃപയരുളണമെ. നിന്റെ തേജസാകുന്ന പ്രകാശം ഞങ്ങളെ വഴി നടത്തേണമെ. നിന്റെ വചനം ഞങ്ങളുടെ കാലുകൾക്ക് ദീപമായിരിക്കേണമെ. അന്ധകാരപൂർണമായ ഈ ലോകയാത്രയിൽ സത്യത്തിന്റെയും നീതിയുടെയും വെളിച്ചം തേടുവാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ ശരീരങ്ങളും മനസുകളും ഹൃദയങ്ങളും നന്മയുടെ പ്രകാശത്താൽ ശോഭിതമായിത്തീർന്ന് ഞങ്ങൾ നിന്നെയും നിന്റെ ഏകജാതനെയും നിന്റെ പരിശുദ്ധാത്മാവിനെയും അനവരതം സ്തുതിക്കുമാറാകണമെ.

## 5

സൃഷ്ടിയുടെ നാഥനും ഞങ്ങളുടെ പിതാവുമായ ദൈവമേ, പകൽ വെളിച്ചം അവ

സാനിക്കുകയും രാത്രി വന്നണയുകയും ചെയ്യുന്ന ഈ നാഴികയിൽ, നീ തന്നെ ഞങ്ങൾക്ക് സൂര്യനും പ്രകാശവുമായിരിക്കേണമെ. നിന്റെ ഏകജാതൻ മുഖാന്തിരം ഞങ്ങൾക്കും സകല സൃഷ്ടിക്കും ലഭിച്ചതായ ജീവന്റെ ദാനത്തെ ഓർത്തുകൊണ്ട് നിന്നെ രാവിലും പകലിലും അനവരതം സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. രക്ഷാകരമായ സ്ലീബായുടെ അടയാളത്താൽ ഈ രാവിൽ ഞങ്ങളെ കാത്തുകൊള്ളുകയും നിന്റെ പരിശുദ്ധാത്മാവിന്റെ നൽവരങ്ങളെ ഞങ്ങളിൽ ജ്വലിപ്പിക്കുകയും ചെയ്യേണമെ. സകലത്തിനും ആദികാരണമായ ത്രീയേക പ്രകാശമായ നിന്നെയും നിന്റെ ഏകജാതനായ പുത്രനെയും നിന്റെ പരിശുദ്ധാത്മാവിനെയും ഞാൻ എന്നുമെന്നും വാഴ്ത്തി നമിക്കുന്നു.

## 6

കരുണാമയനായ ദൈവമേ, ഞങ്ങൾ ഇതാ സമാധാനത്തോടും ആശ്വാസത്തോടും കൂടി പിതാവിന്റെ സന്നിധിയിലേക്ക് അടുത്തു വരുന്നു. വിവിധ വേലകളിലും ചുമതലകളിലും നിന്ന് വിരമിച്ച് നിദ്രയ്ക്ക് പുറപ്പെടുന്നതിനു മുമ്പ് ഇതാ ഞങ്ങൾ തിരുമുമ്പാകെ വണങ്ങുന്നു. ദൈവത്തിന്റെ മക്കളെന്നതിനാൽ ഞങ്ങളോടു നിന്റെ അതിരില്ലാത്ത കരുണയ്ക്കും വാത്സല്യത്തിനുമായി ഞങ്ങൾ അവിടുത്തെ വാഴ്ത്തുന്നു. ഇന്നു പകലിലുള്ള ഞങ്ങളുടെ ജീവിതത്തിൽ ഞങ്ങളെ സൂക്ഷിച്ചതിനു വേണ്ടി നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ കർത്താവെ! "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു, ഞാൻ അവയെ അറിയുന്നു. അവ എന്നെ പിന്തുടരുകയും ചെയ്യുന്നു. അവ ഒരു നാളും നശിച്ചു പോകയുമില്ല" എന്നിങ്ങനെ കല്പിച്ചിട്ടുള്ളതിനെ ഈ രാത്രിയിൽ ഞങ്ങൾ ഓർക്കുന്നു. ക്രിസ്തുവിന്റെ ദിവ്യ സമാധാനം ഞങ്ങളുടെ ഹൃദയത്തിലുള്ള ഭയത്തേയും പരിഭ്രമത്തേയും അശേഷം നീക്കിക്കളയേണമെ.

കർത്താവേ! ഞങ്ങൾ ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിയാനും കർത്താവിന്റെ ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകാനും കൃപയരുളേണമെ. മനസലിവുള്ള സ്വർഗ്ഗസ്ഥ പിതാവെ! ഞങ്ങൾ ബലഹീനതയോടെ ഇന്നു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെ വാഴ്ത്തി അനുഗ്രഹിക്കേണമെ. ഞങ്ങളുടെ ഭാവിപ്രവർത്തനങ്ങളെ അവിടുത്തെ ദിവ്യവിചാരണയാൽ ക്രമപ്പെടുത്തി തരേണമെ. സ്വന്തം ശക്തിയിൽ ആശ്രയിച്ചു ജീവിക്കാൻ ബദ്ധപ്പെട്ടു പോയ ഞങ്ങളുടെ ദോഷത്തെ ക്ഷമിക്കേണമെ. ബുദ്ധിഹീനരും ആത്മീയക്ഷീണരുമായ ഞങ്ങളെ പുനർജീവിപ്പിച്ച് ക്രൂശിക്കപ്പെട്ട ഞങ്ങളുടെ രക്ഷിതാവിനെ കാണ്മാൻ ഞങ്ങളുടെ കണ്ണുകളെ തുറക്കേണമെ. കുരിശിന്റെ ചുവട്ടിലേക്ക് നിത്യവും വരുന്നതിനും കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങൾക്കുള്ള നിത്യദാനത്തെപ്പറ്റി ഏതവസ്ഥയിലും ചിന്തിക്കുന്നതിനും തുണയ്ക്കേണമെ. ഞങ്ങൾക്കു ദൈവം കൃപയായി നൽകിയിട്ടുള്ള അവസരങ്ങളെ ലോകോല്ലാസത്തിനും ജഡേച്ഛകൾക്കുമായി ചെലവഴിക്കുവാൻ അവിടുന്ന് അനുവദിക്കരുതേ. ഞങ്ങളുടെ ഭവനത്തേയും ഞങ്ങളുടെ ഹൃദയങ്ങളേയും നീ ശുദ്ധീകരിച്ച് നിന്റെ സ്ഥിരവാസ സ്ഥാനമാക്കേണമെ. ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും ദൈവേഷ്ടം വിവേചിച്ചറിഞ്ഞ് ആ മാർഗ്ഗത്തിൽ നടക്കുന്നതിനു ഞങ്ങൾക്കിടയാകുമാറാകേണമെ. ആമ്മീൻ.

## 7

ദൈവമായ കർത്താവെ, ഈ കഴിഞ്ഞ പകലിൽ അയോഗ്യരാകുന്ന ഞങ്ങളുടെമേൽ വർഷിച്ചിട്ടുള്ള എല്ലാ കൃപകൾക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ

നിന്റെ വാസത്തിനു നിർമ്മലതയുള്ള ആലയങ്ങളും നിന്റെ ബഹുമാനത്തിന് വാസസ്ഥലങ്ങളും നിന്റെ ശുശ്രൂഷയ്ക്കു സന്നദ്ധരാക്കപ്പെട്ടിരിക്കുന്നവരും നിന്റെ ജീവന്റെ മണവറയിലേക്കു ക്ഷണിക്കപ്പെട്ടവരും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. നിന്റെ കല്പനകളെ ആചരിപ്പാനും നിന്റെ ഊടുവഴികളിൽ കൂടി നടപ്പാനും നിന്റെ ജ്ഞാനവും അറിവും ഞങ്ങളിൽ വസിക്കേണമെ. സ്വർഗ്ഗസ്ഥ പിതാവെ, ഇന്നു പകലിലെ ജീവിതത്തിൽ വന്നുപോയ എല്ലാ കുറവുകളും, അറിഞ്ഞുകൊണ്ടും അറിവില്ലാതെയും ഞങ്ങൾ ചെയ്തിട്ടുള്ള സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ. ഞങ്ങൾ ഓരോരുത്തരും ചെയ്യേണ്ടിയിരുന്ന കൃത്യങ്ങളിൽ പല വീഴ്ചകളും അലസതകളും വന്നുപോയിട്ടുണ്ട്. ദൈവമക്കൾ എന്നുള്ള അഭിമാനത്തോടെ എല്ലാ കാര്യങ്ങളിലും ഏറ്റവും ഉത്തമമായി ഞങ്ങൾ പ്രവർത്തിച്ചിട്ടില്ല. ഞങ്ങളുടെ വാക്കിലും പ്രവൃത്തിയിലും പല തെറ്റുകളും വന്നുപോയിട്ടുണ്ട്. സ്നേഹമുള്ള പിതാവേ, ഇവയെല്ലാം ഞങ്ങളോടു ക്ഷമിക്കേണമെ. കർത്താവേ, ഞങ്ങൾ പാപസ്വഭാവമുള്ളവരാകുന്നു. സ്നേഹപൂർണ്ണനായ നിന്നേക്കാൾ പണത്തേയും ലോകമഹിമകളേയും ഞങ്ങൾ കൂടുതൽ സ്നേഹിക്കുന്നു. വഞ്ചനയും ദ്രവ്യാഗ്രഹവും ഞങ്ങളിൽ സ്ഥാനം പിടിക്കുന്നു.

രക്ഷിതാവിനെ സാക്ഷിക്കയും ഏറ്റുപറയുകയും ചെയ്യേണ്ട സ്ഥാനങ്ങളിൽ ഭയത്താലും ഭീരുത്വത്താലും തള്ളിപ്പറയുന്നതിന് ഞങ്ങൾ മടിക്കുന്നില്ല. കൂടെ നിന്ന് സാക്ഷിക്കുകയും സഹിക്കുകയും ചെയ്യുന്നതിനു പകരം കുരിശിന്റെ പാത വിട്ട് ഞങ്ങൾ അകന്നു പോകയും ലോകമാർഗങ്ങളിൽ ലോകമനുഷ്യരോടു കൂടെ സഞ്ചരിക്കയും ചെയ്യുന്നു. ആ തെറ്റ് ഞങ്ങളോടു ക്ഷമിക്കേണമെ. കർത്താവേ, ഈ രാത്രിയിൽ ഞങ്ങളേയും, അടുത്തും അകലെയുമുള്ള ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ടവരേയും നിന്റെ കാവലിനും പരിപാലനത്തിനും വേണ്ടി തൃക്കരങ്ങളിൽ ഞങ്ങൾ ഭരമേല്പിക്കുന്നു. "യിസ്രായേലിന്റെ പരിപാലകൻ" അരികെ ഉണ്ടെന്നുള്ള ചിന്തയോടെ ഉറങ്ങുന്നതിനു ഞങ്ങളെ സഹായിക്കേണമെന്നു അപേക്ഷിയ്ക്കുന്നു.

## 8

ദൃഢതയുള്ളവയും സ്വാഭാവികങ്ങളുമായ ന്യായപ്രമാണങ്ങളെയും കല്പനകളെയും മനുഷ്യർക്കു നൽകിയ അത്യുന്നതനും നല്ലവനും സർവ്വവല്ലഭനുമായ ഞങ്ങളുടെ കർത്താവേ! പകലിനെയും രാവിനെയും ഭരിക്കേണ്ടതിനു സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നീ ആരംഭത്തിലെ നിയമിച്ചു. നിന്റെ സൃഷ്ടികളിന്മേലുള്ള നിന്റെ സകല താല്പര്യങ്ങൾക്കും കൃപകൾക്കും വേണ്ടി ഈ സന്ധ്യാ സമയത്തിൽ നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ തിരുവിഷ്ടത്തിനു പ്രസാദമായിരിക്കുന്ന പ്രകാരം പകലിൽ എന്ന പോലെ ചൊവ്വായി ഞങ്ങൾ നടക്കേണ്ടതിനു നിന്റെ ഉപദേശങ്ങളുടെ പ്രകാശത്താൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ കർത്താവേ, വന്ദിക്കപ്പെട്ടതും പരിശുദ്ധതയുള്ളതും, ബഹുമാനമുള്ളതും ആയ നിന്റെ തിരുനാമ മഹത്വത്തിനായി പാപത്തിന്റെ സകല മലിനതകളുടെ കറയേയും ഞങ്ങളുടെ ആത്മാക്കളിൽ നിന്നും ശരീരങ്ങളിൽ നിന്നും നീ അകറ്റുമാറാകണമെ. ആമ്മീൻ.

ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ! ഈ രാത്രിയിലും ഞങ്ങൾ തിരുസന്നിധിയിലേക്ക് അടുത്തു വരുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ നിങ്കലേക്കു ആകർഷിക്കേണമെ. ഇന്നു പകൽ ഞങ്ങളിൽ വന്നുപോയിട്ടുള്ള എല്ലാ വീഴ്ചകളേയും പാപങ്ങളേയും രക്ഷിതാവിനെ ഓർത്തു ഞങ്ങളോടു ക്ഷമിക്കേണമെ. പല നന്മകളെ ഞങ്ങൾ ചെയ്യാതെ വിട്ടതും വിചാ

രത്തിലും വാക്കിലും പ്രവർത്തിയിലും ഞങ്ങളിൽ വന്നുപോയ എല്ലാ തെറ്റുകളും ഞങ്ങളോടു മോചിക്കേണമെ. മേലാൽ ഇവ ഒന്നും ഞങ്ങളിൽ വരാതിരിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കേണമെ. സ്നേഹം കൊണ്ടും സമാധാനം കൊണ്ടും ഞങ്ങളുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കേണമെ. ഇന്നു ഞങ്ങൾ ചെയ്ത എല്ലാ പ്രയത്നങ്ങളെയും അഭിവൃദ്ധിപ്പെടുത്തണമെ. സകല കാര്യങ്ങളിലും തിരുഹിതപ്രകാരം പ്രവർത്തിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവിനെപ്പോലെ വിശുദ്ധരും കളങ്കമില്ലാത്തവരുമായി ഞങ്ങളെ ആക്കിത്തീർക്കേണമെ. ഇന്നു പകൽ ഞങ്ങൾക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എന്നും നന്ദിയോടെ ഇരിപ്പാൻ നിന്റെ സഹായം ഞങ്ങൾക്കു തരേണമെ.

ഇന്നു പകലിൽ കഠിന പരീക്ഷയോ കഷ്ടതയോ നേരിട്ടിട്ടുള്ള എല്ലാവർക്കും വേണ്ടി ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. അവരെ ആശ്വസിപ്പിച്ച് ബലപ്പെടുത്തി അവരുടെ ഹൃദയങ്ങൾക്കു സമാധാനം നല്കണമെ. ആത്മാക്കളുടെ രക്ഷയ്ക്കും പഠിപ്പില്ലാത്തവരുടെ അഭ്യസനത്തിനും ചെറുപ്പക്കാരുടെ പഠനത്തിനും സാധുക്കളുടെ സംരക്ഷണയ്ക്കും വേണ്ടി അദ്ധ്വാനിക്കുന്ന ഏവരുടേയും പ്രയത്നങ്ങളെ ഫലപ്രദമാക്കേണമെ. ക്രിസ്തുവിന്റെ ആത്മാവിൽ സകലവും ചെയ്‌വാൻ അവർക്കു കൃപ നൽകേണമെ. നിന്നിലുള്ള സന്തോഷവും ശക്തിയും അനുഭവിച്ച് മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ അവരെയും ഞങ്ങളെയും എല്ലാവരേയും പഠിപ്പിക്കേണമെ. ഈ രാത്രിയിൽ ഞങ്ങളുടെ പാർപ്പിടത്തെ കാത്തുകൊള്ളേണമെ. സുഖകരമായ ഉറക്കവും സ്വസ്ഥഹൃദയവും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കർത്താവും വാഴ്ത്തപ്പെട്ട രക്ഷിതാവുമായ യേശുമ്ശിഹാ മൂലം, പിതാവേ ഞങ്ങളെ ചെവിക്കൊള്ളേണമെ. ആമ്മീൻ.

## 9

സ്വർഗ്ഗസ്ഥനായ പിതാവെ, ഞങ്ങളുടെ രക്ഷകന്റെ നാമത്തിൽ ഞങ്ങൾ ഈ രാത്രിയിലും നിന്റെ സന്നിധിയിൽ അടുത്തു വരുന്നു. ഞങ്ങളെ കരുണയോടെ കടാക്ഷിക്കണമെ. ഇന്നു നീ ഞങ്ങൾക്കു നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സ്നേഹനിധിയായ സ്വർഗ്ഗസ്ഥ പിതാവേ, ഈ ദിവസത്തിന്റെ അവസാനത്തിലേക്കു നീ ഞങ്ങളെ ക്ഷേമത്തോടു കൂടി കൊണ്ടുവന്നിരിക്കുന്നു. നിന്റെ തൃക്കൈകളിൽ നിന്നു ഞങ്ങൾ അനുഭവിക്കുന്ന എല്ലാ കൃപകൾക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും മുഴുവനായി നിന്റെ മുമ്പാകെ വെളിവായിരിക്കുന്നു. ഞങ്ങളുടെ വീഴ്ചകളും കുറ്റങ്ങളും നീ കാണുന്ന പ്രകാരം ഞങ്ങൾ കാണുന്നതിന്, ഞങ്ങളുടെ മനസ്സും കണ്ണുകളും നീ പ്രകാശിപ്പിക്കണമേ. ഞങ്ങളുടെ നല്ല ഉദ്ദേശ്യങ്ങളും ആവശ്യങ്ങളും ആദർശങ്ങളും നിന്നിൽ നിന്നുള്ളവയാണെന്നു ഞങ്ങൾ അറിയുന്നു. അവ ഉപേക്ഷിപ്പാൻ ഞങ്ങളെ നിരന്തരമായി ഞെരുക്കിക്കൊണ്ടിരിക്കുന്ന പ്രതികൂല സാഹചര്യങ്ങൾ നിന്റെ ശക്തിയാൽ ജയിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമേ.

നിന്നോടുള്ള ദൃഢമായ സ്നേഹം കൊണ്ട് ഞങ്ങൾ നിറയപ്പെട്ട് മറ്റുള്ളവരെ സ്നേഹിപ്പാനും ശുശ്രൂഷിപ്പാനും ഞങ്ങൾ കഴിവുള്ളവരായിത്തീരണമെ. ഞങ്ങളിൽ കൂടി മറ്റുള്ളവർ നിന്നെ കാണുന്നതിനും, നിന്റെ രക്ഷ അനുഭവിക്കുന്നതിനും ഇടയാകുമാറാകണമെ. നിന്നെ ആരാധിക്കുന്നതിനും നിന്നോടു പ്രാർത്ഥിക്കുന്നതിനും താല്പര്യമില്ലാതെ നിന്നെക്കൂടാതെ ജീവിക്കുന്ന ജനങ്ങൾക്കു വേണ്ടിയും ഞങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു, ശരിയായ മാനസാന്തരവും നിന്റെ സ്നേഹത്തെപ്പറ്റിയുള്ള ദർശനവും അവർക്കു നൽക

ണമെ. ഭവനവും ഭക്ഷണവും വസ്ത്രവുമില്ലാതെ കഷ്ടപ്പെടുന്ന അനേകായിരങ്ങളെ ഈ സമയത്തു ഞങ്ങൾ ഓർമ്മിക്കുന്നു. ആകാശത്തിലെ പറവകളെ പോറ്റുന്നവനും അവയ്ക്ക് വാസസ്ഥലങ്ങൾ ഒരുക്കുന്നവനും വയലിലെ താമരകളെ ഭംഗിയായി അണിയിക്കുന്നവനും നീയാകുന്നുവല്ലോ. നിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും കഷ്ടത അനുഭവിക്കുന്നവരുമായ നിന്റെ ജനങ്ങളോടു കരുണ തോന്നണമെ. അവരുടെ ആവശ്യങ്ങൾ നീ തന്നെ നിറവേറ്റണമെ. ആത്മാവിന്റെ ഐക്യതയിലും, സമാധാനബന്ധത്തിലും നിന്നോടും തമ്മിൽ തമ്മിലും, ഞങ്ങൾ അടുത്തു വരുവാനും നിന്നെ സാക്ഷിപ്പാനും നിനക്കു വേണ്ടി പ്രവർത്തിപ്പാനും കൃപ ചെയ്യണമെ. പിതാവേ, നീ പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ ഒന്നായിരിക്കുന്ന പ്രകാരം ഞങ്ങളെ എല്ലാവരെയും നിന്നിൽ ഒന്നാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ രാത്രിയിൽ ഞങ്ങളെയും ഞങ്ങൾക്കുള്ള എല്ലാവരെയും ക്ഷേമമായി കാത്തുകൊള്ളണമെ. തിരുവിഷ്ടമായാൽ അടുത്ത പ്രഭാതം കണ്ട് ഉണരുവാനും നിനക്കു വേണ്ടി ജീവിപ്പാനും കൃപ ചെയ്യണമെന്ന് ഞങ്ങളുടെ രക്ഷകന്റെ നാമത്തിൽ വിനയമായി അപേക്ഷിച്ചുകൊള്ളുന്നു. കൃപയോടെ ഉത്തരമരുളണമെ. ആമ്മീൻ.

## 10

സകലത്തിന്റെയും ഉടയവനായ സ്വർഗ്ഗസ്ഥ പിതാവേ! നിങ്കലേക്കു ഞങ്ങളുടെ കണ്ണുകൾ ഉയർത്തുന്നു. രാത്രിയും പകലും നിനക്ക് ഒരുപോലെയാകുന്നുവല്ലോ. അന്ധകാരം ഭൂലോകത്തെ മൂടുന്ന ഈ സമയത്തു നിന്റെ കുഞ്ഞുങ്ങളാകുന്ന ഞങ്ങൾ തിരുസന്നിധിയിലേക്ക് അടുത്തു വരുന്നു. ഞങ്ങൾ അർപ്പിക്കുന്ന സ്തോത്രയാഗങ്ങൾ കരുണയോടെ സ്വീകരിക്കണമെ. നിങ്കൽ ശാന്തിയും വിശ്രമവും ഉണ്ടെന്നു ഞങ്ങളറിയുന്നു. ഈ കഴിഞ്ഞ പകലിലെ ജോലികൾ മൂലം ക്ഷീണിച്ചവരായ ഞങ്ങൾ ആശ്വാസത്തിനായി നിന്റെ അടുക്കലേക്കു വരുന്നു. തളർന്നിരിക്കുന്ന ശരീരങ്ങൾക്കും ഭാരപ്പെട്ടിരിക്കുന്ന ഹൃദയങ്ങൾക്കും ശക്തിയും സമാധാനവും നീ നൽകണമെ. ഞങ്ങളെത്തന്നെ ഈ സമയത്തു പരിശോധിപ്പാൻ ഞങ്ങൾക്കു കൃപ തരണമെ. ഞങ്ങളിൽ വ്യസനത്തിനുള്ള വഴികൾ ഉണ്ടോ എന്നു നീ നോക്കണമെ. ഞങ്ങൾക്ക് ഇന്നു നേരിട്ട തോൽവികളും തെറ്റുകളും ദയ തോന്നി ക്ഷമിക്കേണമേ. ഞങ്ങളുടെ ആത്മാക്കൾക്ക് സംഭവിച്ചുപോയ മുറിവുകളും ചതവുകളും നീ സുഖപ്പെടുത്തണമെ. ഈ സന്ധ്യയിങ്കൽ നിന്റെ സമാധാന വാക്കുകൾ കൊണ്ട് ഞങ്ങളെ ആശ്വസിപ്പിക്കണമെ. മേലാൽ നിന്റെ സന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കുന്നതിനു ഞങ്ങൾക്കിടയാകരുതെ.

കർത്താവേ! ഞങ്ങളെ നിത്യജീവന്റെ അവകാശികളാക്കിയിരിക്കയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ ഞങ്ങൾ സ്ഥിരതയുള്ളവരായിരിപ്പാൻ കൃപ ചെയ്യണമെ. ലോകത്തിന്റെ ആകർഷണത്താലോ ജീവിതത്തിന്റെ ഞെരുക്കങ്ങളാലോ ഞങ്ങൾ നിങ്കൽ നിന്നു മാറിപ്പോകാതെ നിന്റെ സുവിശേഷത്തിന്റെ സത്യത്തിൽ നിലനിന്നുകൊണ്ടു നല്ല പോർ പൊരുതുവാനും നിന്റെ പേർക്ക് വേല ചെയ്യുവാനും ഞങ്ങളുടെ ഓട്ടം സന്തോഷത്തോടെ പൂർത്തിയാക്കുവാനും കൃപയരുളേണമെ. ഈ രാത്രിയുടെ അന്ധകാരവേളയിൽ ഞങ്ങളേയും ഞങ്ങൾക്കുള്ളവരേയും കാത്തുകൊള്ളണമെ. കർത്താവേ, നിന്റെ സാമീപ്യം എല്ലായിടത്തുമുണ്ടല്ലോ. ഇപ്പോൾ അകലെ താമസിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരെ കരുണയോടെ കടാക്ഷിക്കണമെ. അവരുടെ എല്ലാ വഴികളിലും അവരെ കാത്തു രക്ഷിച്ചു പരിപാലിച്ചുകൊള്ളണമെ.

രക്ഷകനെ, ഞങ്ങളുടെ അയൽക്കാർക്കു വേണ്ടിയും ഞങ്ങൾ നിന്നോടു പ്രാർത്ഥി

ക്കുന്നു. അവരുടെ മുൻപാകെ ഞങ്ങൾ പ്രകാശമുള്ള വിളക്കുകളായി ശോഭിപ്പാൻ കൃപ നൽകണമെ. അവരെ ആരോഗ്യത്തിലും ഐശ്വര്യത്തിലും സൂക്ഷിച്ചുകൊള്ളണമെ. ഞങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടിയും ഞങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. 'ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്ക കൊണ്ട് ഇവരോടു ക്ഷമിക്കണമെ' എന്നു പ്രാർത്ഥിച്ച കർത്താവേ, ഞങ്ങളുടെ ശത്രുക്കളെ കൂടുതലായി സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനും അങ്ങനെ അവരെ നിങ്കലേക്ക് അടുപ്പിക്കുന്നതിനും ഇടയാക്കണമെ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹായുടെ നാമത്തിൽ യാചിക്കുന്നു. കൃപയോടെ കേൾക്കേണമെ. ആമ്മീൻ.

## 11

സർവ്വത്തിന്റെയും ഉടയവനും, കാരുണ്യവാനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവെ, ഈ കഴിഞ്ഞ പകലിൽ ഞങ്ങളെ സുഖത്തോടും ക്ഷേമത്തോടും കൂടെ പരിപാലിച്ച നിന്റെ അളവില്ലാത്ത സ്നേഹത്തിനു വേണ്ടി നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ഇന്നത്തെ ജീവിതത്തിൽ പല തെറ്റുകളും കുറ്റങ്ങളും വന്നു പോയിട്ടുണ്ട്. മഹാപാപികളും ദോഷികളുമായ ഞങ്ങളോടു കരുണ തോന്നി എല്ലാ കുറവുകളും ക്ഷമിച്ചു വീണ്ടും നിന്നോടുള്ള കൂട്ടായ്മയിലേക്കു ഞങ്ങളെ ചേർത്തുകൊള്ളണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ രാത്രിയിൽ ഞങ്ങൾക്കാവശ്യമായ വിശ്രമവും ശാന്തതയും നൽകണമെ. നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന ഈ പാർപ്പിടം കരുണയോടെ സന്ദർശിച്ചു ശത്രുവിന്റെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളെ സമാധാനത്തിൽ സൂക്ഷിക്കുന്നതിനു നിന്റെ ദൂതന്മാരെ ഇവിടെ പാർപ്പിക്കണമെ. ഈ രാത്രി ദുഃഖത്തിലോ, രോഗത്തിലോ, കഷ്ടതയിലോ ചെലവഴിക്കുന്നവർക്ക് ആശ്വാസവും ആരോഗ്യവും ശക്തിയും നൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

ഞങ്ങളുടെ പ്രിയപ്പെട്ടവരേയും ചാർച്ചക്കാരെയും സ്നേഹിതരെയും അയല്ക്കാരെയും ബലമേറിയ നിന്റെ തൃക്കരങ്ങളിൽ ഈ സമയത്തു ഞങ്ങൾ ഭരമേല്പിക്കുന്നു. അവരെയും നിന്റെ സ്നേഹസംരക്ഷണയിൽ കാത്തുകൊള്ളണമെ. നിന്റെ വിശ്വാസികളെ ബലപ്പെടുത്തി സ്ഥിരപ്പെടുത്തണമെ. നിന്നിൽ നിന്നു പിന്മാറി ജീവിക്കുന്നവരെ തിരികെ വരുത്തണമെ. വീണു പോയിട്ടുള്ളവരെ എഴുന്നേല്പിക്കണമെ. രോഗികൾക്കു സൗഖ്യം നൽകണമെ. മരണത്തോടു സമീപിച്ചിരിക്കുന്നവർക്കു സമാധാനം കല്പിക്കണമെ. പ്രിയപ്പെട്ടവരുടെ വേർപാടു മൂലം ദുഃഖത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കണമെ. നിന്റെ രാജ്യവർദ്ധനവിനു തടസ്സമായിരിക്കുന്ന എല്ലാറ്റിനെയും മാറ്റണമെ. അങ്ങനെ നിന്റെ വിശുദ്ധനാമം എന്നും മഹത്വപ്പെടുമാറാകണമെ. അനാഥരുടെ മാതാവും പിതാവും അഗതികളുടെ സങ്കേതവുമായ ഞങ്ങളുടെ കർത്താവേ! ലോകത്തിലുള്ള എല്ലാ അനാഥരെയും അഗതികളെയും ഈ സമയത്തു നിന്റെ തിരുമുമ്പാകെ ഞങ്ങൾ ഓർക്കുന്നു. അവരെ നിന്റെ കരുണയിൽ കാത്ത് അവരുടെ ജീവിതത്തിൽ പ്രകാശം കണ്ടെത്തുവാൻ നീ അവരെ സഹായിക്കണമെ. എല്ലാ അനാഥശാലകളെയും ആതുരശാലകളെയും അവയിൽ വേല ചെയ്യുന്ന നിന്റെ ശുശ്രൂഷക്കാരെയും ഇപ്പോൾ ഞങ്ങൾ തിരുസന്നിധിയിൽ കൊണ്ടു വരുന്നു. ആ സ്ഥാപനങ്ങളെ നീ അനുഗ്രഹിക്കണമെ. അവർക്ക് ആവശ്യമായ ധനസഹായം ചെയ്യുന്നതിനു വേണ്ട ഔദാര്യ മനസ്സ് നിന്റെ ജനങ്ങൾക്കു നൽകണമെ. അവയിൽ പ്രവർത്തിക്കുന്ന നിന്റെ മക്കളെ നീ കൃപയോടെ അനുഗ്രഹിക്കയും ചെയ്യണമെ. 'ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എല്ലാം എനിക്കു ചെയ്തു' എന്നുള്ള നിന്റെ

തിരുവായ്മൊഴി എപ്പോഴും അവരുടെ ചെവികളിൽ മുഴങ്ങുമാറാകണമെ. ഈ രാത്രിയിലും ഞങ്ങളെ ഭദ്രമായി സൂക്ഷിച്ചുകൊള്ളേണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. കൃപയോടെ കേൾക്കേണമെ. ആമ്മീൻ.

## 12

ഞങ്ങളുടെ ദൈവവും രാജാവുമായ സ്വർഗ്ഗസ്ഥ പിതാവെ, കഴിഞ്ഞ പകലിലെ അദ്ധ്വാനത്തിന്റെയും പ്രയത്നങ്ങളുടെയും ശേഷം വിശ്രമത്തിനായും ശാന്തതയ്ക്കായും നിന്റെ അടുക്കലേക്കു ഞങ്ങൾ വരുന്നു. ഞങ്ങളെ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു. ഈ കഴിഞ്ഞ പകലിനു വേണ്ടി നിന്നെ സ്തുതിക്കുന്നു. ഞങ്ങൾക്കു നീ നൽകിയ ഭക്ഷണപാനീയങ്ങൾക്കും വസ്ത്രങ്ങൾക്കും ആരോഗ്യത്തിനും ജീവിതത്തിലെ ഉന്മേഷത്തിനും വേണ്ടി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. മറ്റുള്ളവരെ സ്നേഹിക്കുന്നതിനും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നതിനും നീ നൽകിയ സന്ദർഭങ്ങൾക്കു വേണ്ടിയും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. കർത്താവേ! ഞങ്ങളെ ഏല്പിച്ചിരിക്കുന്ന താലന്തുകൾ കഴിഞ്ഞ പകലിൽ ഞങ്ങൾ വിശ്വസ്തയോടെ ഉപയോഗിക്കാതിരുന്നതിൽ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളുടെ അവിശ്വാസം ഞങ്ങളോടു പൊറുക്കയും ഞങ്ങൾ വിശ്വാസത്തിൽ വളർന്നു വരുവാൻ സഹായിക്കയും ചെയ്യണമെ. ഞങ്ങൾ എല്ലായ്പോഴും നിന്നെ പരിപൂർണ്ണമായി  സ്നേഹിപ്പാനും ബഹുമാനിപ്പാനും കൃപയരുളണമെ. നിന്നോടൊരുമിച്ചു ജീവിതം നയിക്കുന്നതിനുള്ള കൃപ ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ ഹൃദയങ്ങളും ഭവനങ്ങളും നീ ശുദ്ധീകരിച്ചു നിന്റെ സ്ഥിരമായ വാസസ്ഥലമാക്കിത്തീർക്കണമെ.

## 13

ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, നിന്റെ സ്നേഹത്തിൽ ആശ്രയിച്ചു കൊണ്ട് തിരുസന്നിധിയിൽ ഈ സന്ധ്യാസമയത്ത് ഞങ്ങൾ അടുത്തു വരുന്നു. അയോഗ്യരും പാപികളുമായ ഞങ്ങൾ നിങ്കൽ നിന്നു കഴിഞ്ഞ പകൽ അനുഭവിച്ച എല്ലാവിധ അനുഗ്രഹങ്ങൾക്കും കൃപകൾക്കുമായി നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ തിരുമുമ്പാകെ അർപ്പിക്കുന്ന സ്തോത്രയാഗം സുഗന്ധവാസനയായി കൈക്കൊള്ളണമെ. നീ ഞങ്ങൾക്കു നല്കിയിരിക്കുന്ന വിലയേറിയ ആയുസ്സിനു വേണ്ടിയും നിന്റെ പുത്രനിൽ കൂടി ലഭിക്കുന്ന രക്ഷാനുഭവത്തിനു വേണ്ടിയും ആശ്വാസപ്രദനായ പരിശുദ്ധാത്മാവിന്റെ കൂട്ടായ്മക്കുവേണ്ടിയും നീതിവഴിയിൽ നടക്കുന്നതിന് ഞങ്ങളെ ഗുണദോഷിക്കുന്ന നിന്റെ ദിവ്യവചനങ്ങൾക്കു വേണ്ടിയും, ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശയ്ക്കു വേണ്ടിയും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

ഞങ്ങളുടെ ഹൃദയങ്ങളുടെ അന്തർഭാഗത്തെ സ്ഥിതി പോലും ആരാഞ്ഞറിയുന്ന ഞങ്ങളുടെ കർത്താവേ! ഈ സമയത്തു ഞങ്ങളോടു ദയ തോന്നി ഞങ്ങളുടെ കുറ്റങ്ങളെ ക്ഷമിച്ച് ഞങ്ങളെ ശുദ്ധീകരിച്ചു ആശ്വസിപ്പിക്കേണമെ. ഈ രാത്രിയിലും ഞങ്ങളുടെ ഭവനത്തിൽ പാർത്ത് ഞങ്ങളെ കാത്തുകൊള്ളണമെ. കർത്താവേ, എല്ലാവർക്കും വേണ്ടി നിന്നോട് അഭയയാചന കഴിക്കുന്ന മഹത്തായ ശുശ്രൂഷ ഞങ്ങളെ ഏല്പിച്ചിരിക്കുന്നതു കൊണ്ട് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാ രാജ്യങ്ങളും ദൈവരാജ്യപ്രമാണം അനുസരിച്ച് ഭരിക്കപ്പെടുവാൻ നിനക്കു തിരുവുള്ളമുണ്ടാകണമെ.

ഞങ്ങളുടെ കർത്താവേ, അവശരായ സഹോദരീ സഹോദരന്മാരെ കരുണയോടെ കടാക്ഷിക്കണമെ. അവരുടെ ഉന്നമനത്തിനു വേണ്ടിയും ആത്മീയദർശനത്തിനു വേണ്ടിയും

ചെയ്യപ്പെടുന്ന എല്ലാ വേലകളും നീ സഫലമാക്കണമെ. അന്ധവിശ്വാസത്തിൽ നിന്നും നാശകരങ്ങളായ പാരമ്പര്യങ്ങളിൽ നിന്നും അവരെ വിടുവിച്ചു നിന്നിലുള്ള വിശ്വാസത്തിലും നിന്നോടുള്ള സംസർഗ്ഗത്തിലും അവരെ പരിപാലിച്ചുകൊള്ളണമെ. ഉയർന്നവരെന്നഭിമാനിക്കുന്ന ഏവരും സ്വാർത്ഥതയും സ്നേഹമില്ലായ്മയും അഹങ്കാരവും വിട്ടിട്ടു സഹതാപത്തോടും സ്നേഹത്തോടും കൂടെ അധഃസ്ഥിതിയിലിരിക്കുന്നവരോടു വർത്തിപ്പാൻ നീ കൃപ ചെയ്യണമെ. സകല വർഗ്ഗീയ വിദ്വേഷവുമില്ലാതാക്കണമെ. എല്ലാ അസമത്വങ്ങളും ഇല്ലാതാക്കുവാനും താണവരെ ഉയർത്തുവാനുമുള്ള ആഗ്രഹം ഞങ്ങൾക്ക് ഏവർക്കും നൽകണമെ. എല്ലാ സാധുക്കളോടും കരുണ തോന്നി സമാധാനവും പ്രത്യാശയും കൊണ്ട് അവരെ അനുഗ്രഹിക്കയും അവരുടെ ദുഃഖങ്ങൾക്കു പരിഹാരമുണ്ടാക്കി കൊടുക്കയും ചെയ്യണമെ. ദൈവമേ! നിന്നെ ഒഴിച്ച് മറ്റൊരുത്തരെയും ഞങ്ങൾ അറിയരുതേ. യോഗ്യമായിരിക്കുന്നപ്രകാരം നിനക്കു സ്തോത്രം ചെയ്‌വാനായിട്ട് ഞങ്ങൾക്കു ബോധം തരണമെ. വേണ്ടവിധം നിന്നിൽ ഞങ്ങൾക്കു വിശ്വാസമുണ്ടാകുമാറാകേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വി. റൂഹായിക്കും എന്നേക്കും സ്തുതി കരേറ്റും. ആമ്മീൻ.

## 14

മഹാകരുണയും മനസ്സലിവുമുള്ള ദൈവമായ കർത്താവേ! ഈ രാത്രി സമയത്തു ഞങ്ങൾ തിരുസന്നിധിയിൽ ചേർന്നുവരുമ്പോൾ നിന്റെ എല്ലാ കൃപകൾക്കും വേണ്ടി നിന്നെ സ്തുതിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നീ ഞങ്ങളെ സഹായിക്കുകയും, ഞങ്ങളുടെ പ്രതികൂല ബുദ്ധിയും അനുസരണക്കേടും മറന്നു ഞങ്ങളെ നിങ്കലേക്ക് ആകർഷിക്കയും, നിന്റെ കൃപാവരങ്ങളുടെ അനുഭവക്കാരാക്കിത്തീർക്കയും നിന്റെ പക്ഷത്തു നിന്നു തെറ്റി അകന്നു പോകാതിരിപ്പാൻ ഞങ്ങളെ നിരന്തരം സൂക്ഷിക്കയും ചെയ്ത വലിയ കരുണയ്ക്കായി ഞങ്ങൾ നിന്റെ പരിശുദ്ധ നാമത്തെ മഹത്വപ്പെടുത്തുന്നു. ഇന്നു ഞങ്ങൾ ചെയ്തിട്ടുള്ള ജോലികളും, നിറവേറ്റിയിട്ടുള്ള ചുമതലകളും തൃപ്പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു. അവയിൽ അയോഗ്യമോ ദോഷസമ്മിശ്രമോ ആയതു നിന്റെ ദിവ്യവിചാരണയാൽ ശരിപ്പെടുത്തി ശുദ്ധീകരിക്കണമെ. ഞങ്ങളുടെ തെറ്റു മൂലം അന്യർക്കു നഷ്ടവും സങ്കടവും വന്നു പോയിട്ടുണ്ടെങ്കിൽ അവയെല്ലാം ഞങ്ങളോടു ക്ഷമിക്കയും നീ തന്നെ അവ പരിഹരിച്ചു കൊടുക്കയും ചെയ്യണമെ. ഇങ്ങനെയുള്ള തെറ്റുകളും കുറ്റങ്ങളും ഇനിയും ആവർത്തിക്കാതിരിപ്പാൻ ഞങ്ങളെ ജാഗ്രതയുള്ളവരാക്കണമെ. ഓരോ ദിവസത്തിന്റെയും അവസാനത്തിൽ കുറ്റമില്ലാത്ത മനഃസാക്ഷിയോടു കൂടി എല്ലാ പ്രവർത്തികളും തിരുമുമ്പാകെ സമർപ്പിക്കാൻ ഞങ്ങൾക്കു കൃപ നൽകണമെ.

കഴിഞ്ഞ പകലിൽ നീ ഞങ്ങൾക്കു നൽകിയ എല്ലാ നല്ല ദാനങ്ങൾക്കായും വിശിഷ്ടാനുഭവങ്ങൾക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ആത്മാക്കൾക്ക് എതിരായി പ്രവർത്തിക്കുന്ന എല്ലാ ശക്തികളെയും നീ ഇല്ലാതാക്കണമെ. ഞങ്ങളെത്തന്നെ വിശുദ്ധിയിൽ പാലിക്കുന്നതിനു ഞങ്ങൾ അശക്തരാകുന്നു എന്നു നീ അറിയുന്നുവല്ലോ. പഴകിപ്പോയ പല ദുസ്വഭാവങ്ങളെയും ഞങ്ങളിൽ നിന്നു എന്നേക്കുമായി നീക്കം ചെയ്യണമെ. കാൽവറിയിലെ സ്നേഹത്തെപ്പറ്റി ശരിയായ ദർശനം ഞങ്ങൾക്കു നൽകണമെ. കപടഭക്തിയിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കണമെ. ഞങ്ങളുടെ ജീവിതം കണ്ടു മറ്റുള്ളവരും നിന്നെ സ്വീകരിപ്പാൻ തക്കവണ്ണം ഞങ്ങളെ നിന്റെ പരമാർത്ഥ ശിഷ്യന്മാരാക്കിത്തീർക്കുകയും ചെയ്യണമെ. ഈ സമയത്തു ലോകത്തിലുള്ള എല്ലാ കുഞ്ഞുങ്ങളെയും തിരുസന്നിധിയിൽ ഞങ്ങൾ ഓർമ്മിക്കുന്നു. കുഞ്ഞുങ്ങളോടു നിനക്കുള്ള അനുകമ്പയ്ക്കായി

നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. അവരുടെ നന്മയ്ക്കെതിരായുള്ള എല്ലാ കാര്യങ്ങളെയും നീ തടയണമെ. കർത്താവേ! കുഞ്ഞുങ്ങളെ നിന്റെ വകയായും സൽഗുണമുള്ളവരായും വളർത്തുന്നതിനു മാതാപിതാക്കന്മാർക്കു വേണ്ട കൃപ ധാരാളമായി നൽകണമെ. കുഞ്ഞുങ്ങൾ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്ക് നയിക്കപ്പെടുവാൻ തക്കവണ്ണം പരിശുദ്ധാത്മാവിന്റെ പ്രകാശം നൽകണമെ.

## 15

സ്നേഹവാനായ കർത്താവെ! ഈ സന്ധ്യാസമയത്തു ഞങ്ങൾ നിന്റെ അടുക്കൽ ചേർന്നു വരുമ്പോൾ നീ ഞങ്ങളുടെ മദ്ധ്യത്തിലുണ്ടെന്നുള്ള ബോദ്ധ്യം ഞങ്ങൾക്കു തരണമെ. കുഞ്ഞുങ്ങൾ പിതാവിന്റെ അടുക്കൽ വരുന്നതുപോലെ സ്വതന്ത്രമായി ഞങ്ങൾ അടുത്തു വന്ന് ഞങ്ങളുടെ ഹൃദയങ്ങളിലെ വിചാരങ്ങളും ആശകളും ഭയങ്ങളും ആഗ്രഹങ്ങളും നിന്റെ മുമ്പാകെ സമർപ്പിക്കുന്നതിനു ഞങ്ങളെ സഹായിക്കണമെ. നിനക്കു ഞങ്ങളോടുള്ള വലിയ സ്നേഹത്തെപ്പറ്റി അറിവാൻ ഞങ്ങളുടെ ഹൃദയം നിന്റെ ആത്മാവു മൂലം പ്രകാശിപ്പിക്കണമെ. നിന്റെ സ്നേഹമേറിയ ഹൃദയത്തിനു സങ്കടം വരുത്തിയിട്ടുള്ളതു ഞങ്ങളോടു ക്ഷമിക്കണമെ. കഴിഞ്ഞ പകലിലെ ജീവിതത്തിൽ നിനക്കു വിരോധമായും ഞങ്ങളോട് ഇടപെട്ടവർക്കു വിരോധമായും ഞങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന ജനസമൂഹത്തിന്റെ പൊതുനന്മയ്ക്ക് വിരോധമായും ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകുറ്റങ്ങളും ഞങ്ങൾ ഓർത്തു ദുഃഖിക്കുന്നു.

കർത്താവെ! പാപങ്ങളിലേക്ക് ഞങ്ങളെ നടത്തുന്ന ശക്തികളെ ഞങ്ങൾ വിവേചിച്ചറിഞ്ഞ് അവയുടെ പ്രേരണകളിൽ നിന്ന് ഒഴിഞ്ഞു മാറി നില്പാൻ നിന്റെ പരിശുദ്ധാത്മാവു മൂലം കൃപ നൽകണമെ. ഞങ്ങളെ കുടുംബമായും ആളാംപ്രതിയായും അനുഗ്രഹിക്കണമെ. ഞങ്ങളുടെ കുടുംബജോലികളും ചുമതലകളും നിർവ്വഹിപ്പാൻ ഞങ്ങളെ സഹായിക്കുന്നവർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങൾ എല്ലാവരും ചേർന്നു നിനക്കു പ്രസാദകരമായ ജീവിതം നയിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെ. പാപവും അശുദ്ധിയുമുള്ള ഈ ലോകത്തിലെ ഞങ്ങളുടെ ജീവിതം പരിപാവനമായി സൂക്ഷിക്കുന്നതിനു വേണ്ട ശ്രദ്ധയും കരുതലും ഞങ്ങളുടെ പിതാവേ, നീ തന്നെ ഞങ്ങൾക്കു നൽകണമെ. ഈ ദിവസത്തിന്റെ അവസാനത്തിൽ ഞങ്ങളെത്തന്നെ ഞങ്ങൾ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. പാപക്ഷമയും നിന്നിൽ നിന്നുള്ള സമാധാനവും ശാന്തിയും ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു, കേൾക്കണമെ. ആമ്മീൻ.

## 16

സർവ്വവല്ലഭനും കാരുണ്യവാനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, കഴിഞ്ഞുപോയ ദിവസത്തിനു വേണ്ടിയും അതിൽ ഞങ്ങൾക്കു ലഭിച്ച എല്ലാ കൃപകൾക്കു വേണ്ടിയും ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. മറ്റെല്ലാ ദിവസങ്ങളെയും പോലെ ഈ ദിവസവും തിരികെ വരാതവണ്ണം കടന്നുപോയിരിക്കുന്നു. ഇന്നു ഞങ്ങൾ ചെയ്യേണ്ടവ ചെയ്യാതെ വിട്ടുപോയതും, ചെയ്യരുതാത്തവ ചെയ്തതും നിന്റെ കരുണയാൽ ഞങ്ങളോടു ക്ഷമിക്കണമെ.

ഞങ്ങൾ ദൈവരാജ്യത്തിന്റെ പൗരന്മാരാകുന്നു എന്നും ദൈവകുടുംബത്തിന്റെ അംഗങ്ങളാകുന്നു എന്നുമുള്ള ബോദ്ധ്യം ഞങ്ങൾക്കു തരണമെ. നീ ഞങ്ങളുടെ രാജാവും

അതേ സമയത്തു ഞങ്ങളുടെ പ്രിയപ്പെട്ട പിതാവും ആകുന്നുവല്ലോ. ഞങ്ങളുടെ ശാശ്വത ഭവനം ഇവിടെയല്ലെന്നും ഇവിടെ ഞങ്ങൾ കുറെക്കാലം മാത്രം താമസിപ്പാനുള്ളവരാണെന്നുമുള്ള ബോദ്ധ്യം ഞങ്ങൾക്ക് എപ്പോഴുമുണ്ടായിരിക്കണമെ. ഈ ലോകത്തിൽ ജീവിപ്പാൻ നീ ഞങ്ങളെ അനുവദിക്കുന്ന കാലത്തു ഞങ്ങൾ ലോകത്തോട് അനുരൂപപ്പെടാതെ ദൈവരാജ്യ പ്രമാണങ്ങൾക്ക് അനുസരണമായി ജീവിപ്പാൻ ആവശ്യമുള്ള കൃപ ഉയരത്തിൽ നിന്നു തരണമെ. നിന്റെ പ്രമാണങ്ങൾ വീട്ടുവീഴ്ച വരുത്തി ലോകഗതിക്കനുരൂപമായി പ്രവർത്തിക്കുന്നതിനുള്ള പരീക്ഷ ഞങ്ങൾക്കുണ്ടാകുമ്പോൾ അവയെ ജയിപ്പാനുള്ള ശക്തിക്കായി ഞങ്ങൾ നിങ്കലേക്ക് തിരിയുമാറാകണമെ. അതിൽ നിന്നുണ്ടാകാവുന്ന നഷ്ടവും പ്രയാസവും സഹിപ്പാനും ഞങ്ങളെ ശക്തിപ്പെടുത്തണമെ.

അനാഥരുടെ മാതാവും പിതാവും, അഗതികളുടെ സങ്കേതവുമായ ഞങ്ങളുടെ കർത്താവേ! എല്ലാ അനാഥരെയും അഗതികളെയും ഈ സമയത്തു തിരുമുമ്പാകെ ഞങ്ങൾ ഓർക്കുന്നു. അവരെ നിന്റെ കരുണയിൽ കാത്ത് അവരുടെ ജീവിതത്തിൽ പ്രകാശം കണ്ടെത്തുവാൻ നീ അവരെ സഹായിക്കണമെ. എല്ലാ അനാഥശാലകളെയും ആതുരശാലകളെയും അവയിൽ വേല ചെയ്യുന്ന നിന്റെ ശുശ്രൂഷക്കാരെയും ഇപ്പോൾ ഞങ്ങൾ തിരുസന്നിധിയിൽ കൊണ്ടുവരുന്നു. ആ സ്ഥാപനങ്ങളെ നീ അനുഗ്രഹിക്കണമെ.

അവർക്ക് ആവശ്യമായ ധനസഹായം ചെയ്യുന്നതിനു വേണ്ട ഉദാരമനസ്സു നിന്റെ ജനങ്ങൾക്കു നൽകണമെ. അവയിൽ പ്രവർത്തിക്കുന്ന നിന്റെ മക്കളെ നീ കൃപയോടെ അനുഗ്രഹിക്കയും ചെയ്യണമെ. 'ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നത് എല്ലാം എനിക്കു ചെയ്തു' എന്നുള്ള നിന്റെ തിരുവായ്മൊഴി എപ്പോഴും അവരുടെ ചെവികളിൽ മുഴങ്ങുമാറാകണമെ. ഈ രാത്രിയിലും ഞങ്ങളെ ഭദ്രമായി സൂക്ഷിച്ചുകൊള്ളണമെ.

ഇന്നു പകലിൽ ഞങ്ങളുടെ കൃത്യനിർവ്വഹണത്തിലും മറ്റുള്ളവരുമായി നടത്തിയ ഇടപാടുകളിലും അറിഞ്ഞും അറിയാതെയും വന്നുപോയിട്ടുള്ള എല്ലാ കുറവുകളും നിന്റെ കരുണയാൽ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങൾക്കും ഞങ്ങളിൽ നിന്ന് അകന്നിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർക്കും ഇന്നു രാത്രി സ്വസ്ഥതയും സമാധാനവും നൽകണമെ. യേശുമശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ആമ്മീൻ.

# 17

സ്നേഹമുള്ള ദൈവമേ, ഈ പകൽ കൂടി ലോകത്തിൽ ജീവിക്കുന്നതിനു ഞങ്ങളെ അനുവദിച്ചതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ തൃക്കരങ്ങളിൽ നിന്നു ഞങ്ങൾ അനുദിനം അനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കു വേണ്ടിയും തിരുനാമത്തെ മഹത്വപ്പെടുത്തുന്നു.

ഞങ്ങളെ സംബന്ധിച്ചു നിനക്കുള്ള ഉദ്ദേശ്യത്തിനു ചേരാത്ത രീതിയിൽ ഞങ്ങൾ ചിന്തിക്കയോ സംസാരിക്കയോ പ്രവർത്തിക്കയോ ചെയ്തുപോയിട്ടുണ്ടെങ്കിൽ അതെല്ലാം ഞങ്ങളോടു ക്ഷമിക്കണമെ. നീ ഞങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം ജീവിതത്തിന്റെ എല്ലാ വശങ്ങളും ക്രമപ്പെടുത്തി നിനക്ക് സാക്ഷ്യം വഹിക്കുന്നതിനു ഞങ്ങളെ ശക്തിപ്പെടുത്തണമെ.

നീ ഞങ്ങൾക്കു തന്നിട്ടുള്ള കഴിവും സൗകര്യങ്ങളും നിന്റെ തിരുനാമ മഹത്വത്തിനായി ഉപയോഗപ്പെടുത്തുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു എന്ന് എപ്പോഴും ഓർമിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. സ്വയസന്തുഷ്ടിക്കായോ സ്വാഭിലാഷപ്രാപ്തിയ്ക്കായോ

ഞങ്ങൾ ബദ്ധപ്പെടാതെ നിന്റെ ഇഷ്ടം ലോകത്തിൽ നിറവേറ്റുന്നതിനു വേണ്ടി നിന്റെ കൈയിൽ ആയുധമായി തീരത്തക്കവണ്ണം ഞങ്ങളെത്തന്നെ നിനക്കു കീഴ്പ്പെടുത്തുവാൻ ഞങ്ങൾക്കു കൃപ നൽകണമെ.

ദൈവമേ, നിന്റെ വിളിക്കു യോഗ്യരായി ഞങ്ങളെ എണ്ണി വിശുദ്ധിയിലുള്ള വളർച്ചയ്ക്കായുള്ള താല്പര്യവും, വിശ്വാസത്തിന്റെ പ്രവൃത്തികളും ഞങ്ങളിൽ പൂർണ്ണമാക്കി തരണമെന്നു നിന്നോടു പ്രാർത്ഥിക്കുന്നു. അതിനു തടസ്സമായി ഞങ്ങളിൽ മറഞ്ഞുകിടക്കുന്ന ചായ്‌വുകളേയും വാസനകളെയും നീ തന്നെ ഇല്ലാതെയാക്കണമെ. ഞങ്ങൾ നിന്നിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി നിന്റെ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാൻ ഞങ്ങളെ സഹായിക്കണമെ. നിന്റെ മഹാസ്നേഹത്തെപ്പറ്റി ഗ്രഹിക്കുക മാത്രമല്ല, ആ സ്നേഹം ഞങ്ങളുടെ ജീവിതത്തിൽ പ്രവേശിച്ചു ഞങ്ങളെ ശുദ്ധീകരിക്കുന്നതിനും അങ്ങനെ ഞങ്ങൾ നിന്റെ ഹിതത്തിനു വിധേയമായി ജീവിക്കുന്നതിനും ഞങ്ങളെ സഹായിക്കണമെ.

ഞങ്ങളെയും അടുത്തും അകലെയുമുള്ള ഞങ്ങളുടെ പ്രിയപ്പെട്ടവരെയും, നിന്റെ സ്നേഹത്തിന്റെ ഐക്യത്തിലും ബന്ധത്തിലും നീ പരിപാലിച്ചുകൊള്ളണമെ. എല്ലാ പാപങ്ങളിൽ നിന്നും, ദോഷങ്ങളിൽ നിന്നും അവരും ഞങ്ങളും സൂക്ഷിക്കപ്പെടുകയും ഒടുവിൽ ഞങ്ങൾ എല്ലാവരും തിരുസന്നിധിയിൽ കാണപ്പെടുകയും ചെയ്‌വാൻ തിരുവിഷ്ടമുണ്ടാകണമെ. ആമ്മീൻ.

## 18

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, ഈ രാത്രി സമയത്തു ഞങ്ങൾ തിരുസന്നിധിയിൽ ചേർന്നുവരുമ്പോൾ നിന്റെ എല്ലാ കൃപകൾക്കും വേണ്ടി നിന്നെ സ്തുതിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നീ ഞങ്ങളെ സഹായിക്കുകയും ഞങ്ങളുടെ പ്രതികൂല ബുദ്ധിയും അനുസരണക്കേടും മറന്നു ഞങ്ങളെ നിങ്കലേക്ക് ആകർഷിക്കയും നിന്റെ കൃപാവരങ്ങളുടെ അനുഭവക്കാരാക്കിത്തീർക്കയും നിന്റെ പക്ഷത്തു നിന്നു തെറ്റി അകന്നു പോകാതിരിപ്പാൻ ഞങ്ങളെ നിരന്തരം സൂക്ഷിക്കയും ചെയ്ത വലിയ കരുണയ്ക്കായി ഞങ്ങൾ നിന്റെ പരിശുദ്ധനാമത്തെ മഹത്വപ്പെടുത്തുന്നു.

ഇന്നു ഞങ്ങൾ ചെയ്തിട്ടുള്ള ജോലികളും നിറവേറ്റിയിട്ടുള്ള ചുമതലകളും തൃപ്പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു. അവയിൽ അയോഗ്യമൊ ദോഷസമ്മിശ്രമോ ആയതു നിന്റെ ദിവ്യവിചാരണയാൽ ശരിപ്പെടുത്തി ശുദ്ധീകരിക്കണമെ. ഞങ്ങളുടെ തെറ്റു മൂലം അന്യർക്കു നഷ്ടവും സങ്കടവും വന്നുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം ഞങ്ങളോടു ക്ഷമിക്കയും നീ തന്നെ അവ പരിഹരിച്ച് കൊടുക്കയും ചെയ്യണമെ. ഇങ്ങനെയുള്ള തെറ്റുകളും കുറ്റങ്ങളും ഇനിയും ആവർത്തിക്കാതിരിപ്പാൻ ഞങ്ങളെ ജാഗ്രതയുള്ളവരാക്കണമെ. ഓരോ ദിവസത്തിന്റെയും അവസാനത്തിൽ കുറ്റമില്ലാത്ത മനഃസാക്ഷിയോടു കൂടെ എല്ലാ പ്രവർത്തികളും തിരുമുമ്പാകെ സമർപ്പിക്കാൻ ഞങ്ങൾക്കു കൃപ നൽകണമെ.

സ്നേഹവും മനസ്സലിവുമുള്ള സ്വർഗ്ഗസ്ഥ പിതാവേ, സ്നേഹമില്ലാത്ത ഞങ്ങളുടെ ഹൃദയങ്ങൾ നിന്റെ മുമ്പാകെ പകരുന്നു. ഞങ്ങളുടെ സഹതാപമില്ലാത്ത പെരുമാറ്റങ്ങൾ ക്ഷമിക്കണമെ. ഞങ്ങളുടെ അടുക്കൽ സഹായത്തിനായി വന്നിട്ടുള്ളവരെ ഞങ്ങൾ സഹായിക്കാതെയിരുന്നിട്ടുള്ളതും അവരുടെ നേരേ ഈർഷ്യയുള്ള ഭാവം കാണിച്ചതും ഞങ്ങളോടു ക്ഷമിക്കണമെ. തമ്മിൽതമ്മിൽ ഭാരങ്ങൾ വഹിപ്പാനും, വിധവമാർ, അനാഥർ, അഗതികൾ,

നിസ്സഹായർ എന്നിവരോടു മനസലിവോടെ വർത്തിപ്പാനും ഞങ്ങൾക്കു കൃപ ചെയ്യണമെ.

ഞങ്ങൾ ഒരുമിച്ച് നിന്റെ മുമ്പാകെ അടുത്തുവരുന്നു. എല്ലാ സൃഷ്ടികളെയും നിന്റെ സ്വർഗ്ഗീയ സ്നേഹത്തിൽ ബന്ധിക്കണമെ. ഞങ്ങളെ വിശുദ്ധരും സത്യസന്ധരും വിശ്വസ്തരും ആക്കണമെ. ഏതു സ്ഥിതിയിലും നിന്നിൽ നിന്നുള്ള സമാധാനം ഞങ്ങളെ ഭരിക്കുമാറാകണമെ.

ഞങ്ങൾക്ക് ഈ രാത്രി സമാധാനമുള്ള ഉറക്കവും സ്വസ്ഥതയും നൽകണമെ. അശുദ്ധ വിചാരങ്ങളിൽ നിന്നും ഭയങ്ങളിൽ നിന്നും ഞങ്ങളെ കാത്തു സൂക്ഷിക്കണമെ. രാത്രിസമയത്ത് ഉണരുമ്പോൾ ഞങ്ങൾ നിന്റെ ദിവ്യസ്നേഹത്തെപ്പറ്റിയും നിന്റെ കൃപയുടെ വ്യാപാരങ്ങളെപ്പറ്റിയും ഓർത്ത് ധ്യാനിപ്പാൻ സഹായിക്കണമെ. കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ആമ്മീൻ.

## 19

സ്നേഹമുള്ള സ്വർഗസ്ഥ പിതാവെ, നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ ചേർന്നു വന്നിരിക്കുന്ന ഈ സമയത്തു ഞങ്ങളുടെ അശുദ്ധിയെപ്പറ്റി ശക്തിയായ ബോധ്യം തരണമെ. പാപികളായ ഞങ്ങളോട് കരുണയുണ്ടാകണമെ എന്നു നുറുങ്ങിയ ഹൃദയത്തോടു കൂടെ പ്രാർത്ഥിച്ചു കൊണ്ട് ഞങ്ങൾ ഓരോരുത്തരും നിന്റെ അടുക്കൽ ചേർന്നുവരുന്നു. നിന്നിൽ നിന്നു പ്രാപിച്ചിട്ടുള്ള വെളിച്ചത്തിനു എതിരായി ഞങ്ങൾ ചിന്തിക്കയോ പറയുകയോ, പ്രവർത്തിക്കുകയൊ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ഞങ്ങളോടു ക്ഷമിക്കണമെ. നിന്റെ ഹൃദയത്തിനു സങ്കടവും മറ്റുള്ളവർക്ക് ദോഷവും ഞങ്ങൾക്കു തന്നെ ധാർമ്മികമായ താഴ്മയും വരുത്തുന്നതായ ഞങ്ങളുടെ നടത്തയേയും മനോഭാവത്തേയും ഉപേക്ഷിപ്പാൻ ഞങ്ങളോടു കൃപ ചെയ്യണമെ.

നിന്റെ ഇഷ്ടം അറിയുന്നതിനും അതിൻപ്രകാരം ജീവിക്കുന്നതിനും ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ ആഗ്രഹങ്ങളും വ്യാമോഹങ്ങളും നിന്റെ ഇഷ്ടമാണെന്നു തെറ്റിദ്ധരിച്ചു വഴിതെറ്റിപ്പോകാതെ ഇരിക്കാൻ നിന്നോടും നിന്റെ മക്കളോടുമുള്ള സംസർഗ്ഗം ഞങ്ങൾ എപ്പോഴും പാലിപ്പാൻ സഹായിക്കണമെ. ഈ ആത്മീയ സംസർഗ്ഗത്തിനു ഹാനി വരുത്തുന്ന എല്ലാ സ്വാർത്ഥപരമായ നിലയിൽ നിന്നും പ്രവർത്തിയിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

പൊറുക്കാവ്യാധികളാലും പകർച്ചവ്യാധികളാലും കഷ്ടപ്പെടുന്നവരെ ഞങ്ങൾ സഹതാപപൂർവ്വം ഓർക്കുന്നു. അവരുടെ ആശ്വാസത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആശുപത്രികൾ, ആതുരശാലകൾ എന്നിവയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കുഷ്ഠരോഗികളെയും, ക്ഷയരോഗികളെയും, അതിവേദനയോടെ രാപ്പകൽ കഴിക്കുന്ന ക്യാൻസർ രോഗികളെയും കടാക്ഷിക്കണമെ. ക്രൂശിലെ അതിവേദനകൾ ക്ഷമയോടെ സഹിച്ചവനെ, ഇവർക്കും സഹിഷ്ണുതയും ക്ഷമയും കൊടുക്കണമെ. ആശുപത്രികൾക്കു സഹായം ചെയ്യുന്ന എല്ലാ സമൂഹങ്ങളെയും വ്യക്തികളെയും നന്ദിയോടെ ഓർമ്മിച്ചു സ്തോത്രം ചെയ്യുന്നു. അവർക്കെല്ലാം ആവശ്യമുള്ള സഹായങ്ങളും നടത്തിപ്പുകളും നൽകണമെ. സഹായം ആവശ്യപ്പെടുന്നവരെ നിരസിയ്ക്കുവാൻ ഇടയാകരുതെ.

ദൈവസാന്നിദ്ധ്യ ബോധത്തോടെ ജീവിക്കുവാൻ ഞങ്ങൾക്ക് ഇടയാകണമെ. ഞങ്ങളോടു ഇടപെടുന്ന ആളുകൾ ഞങ്ങൾ നിനക്കുള്ളവർ എന്ന് അറിയുവാൻ തക്കവണ്ണം നിന്റെ ചിന്തയും ഭാവവും ഞങ്ങൾക്കു തരണമെ.

ഞങ്ങൾ ഏർപ്പെട്ടിരിക്കുന്ന ചുമതലകൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിനുള്ള കഴിവ് ഞങ്ങൾക്ക് ഓരോരുത്തർക്കും തരണമെ. ജോലിക്കായി ദൂരെ സ്ഥലങ്ങളിൽ താമസിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരെ അനുഗ്രഹിക്കണമെ. നിന്റെ പ്രകാശവും നടത്തിപ്പും അവർക്കു കൊടുക്കണമെ. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സു വയ്ക്കാതെയിരിക്കുവാൻ അവരെ സഹായിക്കണമെ. വസ്തുവകകളുടെ പെരുപ്പമല്ല ജീവനാധാരമായിരിക്കുന്നത് എന്നുള്ള ഓർമ്മയോടു കൂടി വസ്തുമയമായ സംഗതികളോട് ഇടപെടുവാൻ ഞങ്ങൾക്കെല്ലാവർക്കും സഹായിക്കണമെ. മുമ്പെ ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിച്ച് അതോടു കൂടെ മറ്റെല്ലാം അനുഭവിപ്പാൻ കൃപ നൽകണമെ. ദൈവാശ്രയത്തിൽ ഇന്നു ഞങ്ങൾ വേലയ്ക്കായി പുറപ്പെട്ടു പോകുന്നു. നീ തന്നെ ഞങ്ങളുടെ അദ്ധ്വാനങ്ങൾ എല്ലാം വിശുദ്ധീകരിക്കണമെ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവർത്തികളും തിരുമുമ്പിൽ പ്രസാദമുള്ളവയായിത്തീരണമെ. തൃക്കരത്താൽ ഞങ്ങളെ ഇന്നു മുഴുവൻ നിയന്ത്രിച്ചു നടത്തണമെന്നു അപേക്ഷിക്കുന്നു, ആമ്മീൻ.

## 20

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾ നൽകുന്നവനുമായ സ്വർഗ്ഗസ്ഥപിതാവേ! നിങ്കലേക്കു ഞങ്ങൾ ഞങ്ങളുടെ കണ്ണുകൾ ഉയർത്തുന്നു. രാത്രിയും പകലും നിനക്ക് ഒരു പോലെയല്ലോ. അന്ധകാരം ഭൂലോകത്തെ മൂടുന്ന ഈ സമയത്തു നിന്റെ കുഞ്ഞുങ്ങളാകുന്ന ഞങ്ങൾ തിരുസന്നിധിയിലേക്ക് അടുത്തുവരുന്നു. ഞങ്ങൾ അർപ്പിക്കുന്ന സ്തോത്രയാഗങ്ങൾ കരുണയോടെ സ്വീകരിക്കണമെ. നിങ്കൽ ശാന്തിയും വിശ്രമവും ഉണ്ടെന്നു ഞങ്ങളറിയുന്നു. ഈ കഴിഞ്ഞ പകലിലെ ജോലികൾ മൂലം ക്ഷീണിച്ചവരായ ഞങ്ങൾ ആശ്വാസത്തിനായി നിന്റെ അടുക്കലേക്കു വരുന്നു. തളർന്നിരിക്കുന്ന ശരീരങ്ങൾക്കും ഭാരപ്പെട്ടിരിക്കുന്ന ഹൃദയങ്ങൾക്കും ശക്തിയും സമാധാനവും നല്കണമെ.

ഞങ്ങളുടെ ദൈവമായ കർത്താവേ, നീ ചെയ്ത അത്ഭുതപ്രവർത്തികളും ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നുവല്ലോ. നിന്നോടു സദൃശൻ ആരുമില്ല. ഞങ്ങൾ അവയെ വിസ്തരിച്ചു പ്രസ്താവിക്കുമായിരുന്നു. എന്നാൽ അവ എണ്ണിക്കൂടാത വണ്ണം അധികമാകുന്നു. ഞങ്ങളുടെ കർത്താവായ യഹോവെ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സ് വച്ചിരിക്കുന്നു. മഹത്വത്തിന്റെ രാജാവായ ദൈവമേ, ഈ വൈകുന്നേരം ഞങ്ങൾ നന്ദിയോടും അനുതാപത്തോടും കൂടെ അടുത്തു വരുന്നു. കഴിഞ്ഞ പകലിൽ ഞങ്ങളിൽ വളരെ വീഴ്ചകൾ വന്നു പോയിട്ടുണ്ട്. ഞങ്ങളെപ്പോലെ തന്നെ ഞങ്ങളുടെ അയൽക്കാരെ സ്നേഹിക്കണം എന്ന കല്പന ഞങ്ങൾ അനുസരിച്ചിട്ടില്ല. മറ്റുള്ളവരുടെ ആവശ്യത്തിനു നേരെ ഞങ്ങളുടെ കണ്ണും അവരുടെ നിലവിളിക്കു ഞങ്ങളുടെ കാതും അറിയാത്തവരെപ്പോലെ ജീവിച്ചതും ക്ഷമിക്കണമെ. രോഗികളെ ചെന്നു കാണുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്വാനുള്ള അവസരങ്ങൾ ഞങ്ങൾ ഉപയോഗിച്ചില്ല. ഞങ്ങൾ കോപിച്ചതും മറ്റുള്ളവരെ കോപിപ്പിച്ചതും ഓർത്തു ദുഃഖിക്കുന്നു. ഞങ്ങളുടെ മര്യാദകേടും അലക്ഷ്യതയും സഹതാപമില്ലായ്മയും ആർക്കെങ്കിലും വേദനാജനകമായിരുന്നിട്ടുണ്ടെങ്കിൽ അതു ഞങ്ങളോടു ക്ഷമിക്കയും അവരുടെ മുറിവിനെ സൌഖ്യമാക്കുകയും ചെയ്യണമെ.

പിതാവേ, കഴിഞ്ഞ പകലിലും പൈതൃകമായ കാവലും കരുതലും ഞങ്ങൾക്കുണ്ടായിരുന്നത് ഓർത്ത് ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ലഭിച്ച ഭക്ഷണത്തിനും വസ്ത്ര

ത്തിനും ആരോഗ്യത്തിനും മറ്റുള്ളവരുടെ സഹായത്തിനും കൂട്ടായ്മയ്ക്കും വേണ്ടി സ്തോത്രം ചെയ്യുന്നു.

സർവ്വശക്തനും നിത്യനുമായ ദൈവമേ, ദുഃഖിതരുടെ ആശ്വാസവും കഷ്ടപ്പെടുന്നവരുടെ ബലവും ആയുള്ളോവേ, രോഗത്താലും ദാരിദ്ര്യത്താലും മറ്റുള്ളവരുടെ അന്യായമായ പെരുമാറ്റത്താലും കഷ്ടത അനുഭവിക്കുന്ന നിന്റെ മക്കളുടെ നിലവിളിക്കു ചെവി ചായിച്ച് അവരുടെ കഷ്ടതയിൽ നിന്റെ കരുണയും ആശ്വാസവും വിടുതലും നൽകണമെ. കർത്താവേ, ഈ രാത്രിയിൽ ഉറക്കമില്ലാതെ വിഷമിക്കുന്നവരോട് കരുണയുണ്ടാകണമെ. സമാധാനവും സന്തോഷവും ഉള്ള ചിന്തകൾ അവർക്കു കൊടുക്കുകയും പ്രാർത്ഥനയിൽ ഹൃദയം നിങ്കലേക്കുയർത്തുവാൻ അവരെ സഹായിക്കയും ചെയ്യണമെ. ഉറക്കമിളച്ചു ചെയ്യേണ്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരെ ഞങ്ങൾ ഓർക്കുന്നു. ഏകാന്തതയിൽ അവർക്കു തിരുസാന്നിദ്ധ്യബോധം കൊടുക്കണമെ. ഉറക്കത്താൽ അവരുടെ കണ്ണുകൾ ഭാരപ്പെടുമ്പോൾ സ്വർഗ്ഗീയ ചിന്തയും നിന്നോടുള്ള സ്നേഹത്തിൽ സകലവും ചെയ്‌വാൻ തക്കവണ്ണമുള്ള കൃപയും അവർക്കു കൊടുക്കണമെ.

കർത്താവേ, ഈ രാത്രി ഞങ്ങളെ എല്ലാവരേയും തൃക്കൈയിൽ ഭരമേല്പിക്കുന്നു. ദുഷ്ടനായവന്റെ എല്ലാ കെണികളിൽ നിന്നും ഞങ്ങളെ കാക്കുകയും നിന്റെ വിശുദ്ധ ദൂതന്മാർ ഞങ്ങൾക്കു കാവൽ ആയിരിക്കയും ചെയ്യണമെ. യേശുമശിഹാ മൂലം അപേക്ഷിക്കുന്നു, കൃപയോടെ കേൾക്കണമേ. ആമ്മീൻ.

## 21

അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, ഈ സന്ധ്യാസമയം നന്ദി നിറഞ്ഞ ഹൃദയങ്ങളോടു കൂടെ ഞങ്ങൾ അവിടുത്തെ സന്നിധിയിൽ വണങ്ങി നമസ്ക്കരിക്കുന്നു. നീ ഞങ്ങൾക്കു വേണ്ടി ചെയ്യുന്ന അത്ഭുത പ്രവർത്തികളും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു. അവ വിവരിച്ചു പ്രസ്താവിപ്പാൻ ഞങ്ങൾക്കു പ്രാപ്തിയില്ലാത്തവണ്ണം എണ്ണത്തിൽ അധികമാകുന്നു. നാവു കൊണ്ടു മാത്രമല്ല, ജീവിതം കൊണ്ടും നിന്റെ സ്തുതിയെ വർണ്ണിപ്പാൻ ഞങ്ങളെ പ്രാപ്തിപ്പെടുത്തണമെ. നീ തരുന്ന നന്മകൾ അനുഭവിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന ആരോഗ്യം, മനഃസമാധാനം, സന്തുഷ്ടി ഇവയ്ക്കായി സ്തോത്രം ചെയ്യുന്നു.

ഭക്തമാർ ഇല്ലാതെയും വിശ്വസ്തമാർ കുറഞ്ഞും പോകുന്ന ഈ കാലത്തു ഞങ്ങളെ നിന്നിലും നിനക്കായിട്ടും കാത്തുകൊള്ളണമെ. ചുറ്റുപാടുമുള്ള ദോഷചായ്‌വുകൾക്കു ഞങ്ങൾ വശംവദരാകാതെ പാപത്തെ വെറുക്കുവാനും പിശാചിനോട് എതിർത്തു നില്പാനും അവന്റെ തീയമ്പുകളെ കെടുത്തുന്ന വിശ്വാസമാകുന്ന പരിച ധരിച്ചുകൊണ്ട് ഏതു നേരവും ഒരുങ്ങി നില്പാനും ഞങ്ങളെ പ്രാപ്തിപ്പെടുത്തണമെ. എല്ലായ്പോഴും പ്രാർത്ഥനയിൽ ജാഗരിപ്പാൻ അഭ്യസിപ്പിക്കണമെ.

ഞങ്ങളിൽ വന്നിട്ടുള്ള എല്ലാ പാപങ്ങളും വീഴ്ചകളും ക്ഷമിക്കണമെ. പ്രകാശം കൊടുക്കേണ്ട സ്ഥാനത്തു ഇരുളായിരുന്നതും ആശ്വാസം നൽകേണ്ടിടത്തു അധൈര്യവും സംശയവും ജനിപ്പിക്കത്തക്കവിധത്തിൽ പെരുമാറിയിട്ടുള്ളതും എല്ലാ അവിവേകവും അജ്ഞതയും ഞങ്ങളോടു ക്ഷമിക്കണമെ. നിന്നെ ഭയപ്പെടുകയും സ്നേഹിക്കയും ചെയ്യുന്നവർക്കുള്ള അവകാശം നീ ഞങ്ങൾക്ക് തരണമെ. നീ ഞങ്ങൾക്കു ചുറ്റും മതിലും കോട്ടയുമായിരുന്ന് ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും കാവൽ ചെയ്യണമെ. പാഴ്നഷ്ടങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ദുഷ്ടമനുഷ്യരിൽ നിന്നും ദുരാത്മാക്കളിൽ നിന്നും

ഞങ്ങളെ കാത്തുകൊള്ളണമെ. ദൂരസ്ഥരേയും നിന്റെ സ്നേഹമുള്ള സന്നിധിയിൽ കാത്തു കൊള്ളണമെ. ദുരാദായങ്ങൾ വെറുക്കുവാനും എന്നേക്കും നിലനിൽക്കുന്ന ദൈവേഷ്ടം പിന്തുടരുവാനും വക്രതയും കോട്ടവുമുള്ള തലമുറയിൽ നിന്റെ ഭാഗത്തു നില്പാനും അവർക്കു കൃപ നൽകണമെ.

കർത്താവെ, അഹങ്കാരത്തിൽ നിന്നും, നിന്നെ വിട്ടുമാറുവാനുള്ള പരീക്ഷകളിൽ നിന്നും ഞങ്ങളെ എല്ലാവരേയും കാത്തുകൊള്ളണമെ. കഷ്ടതയിൽ ക്ഷമയും ഐശ്വ ര്യത്തിൽ വിനയബുദ്ധിയും പാകതയും സുബോധവും നൽകണമെ. ഞങ്ങളെ സഹായി ക്കുന്ന എല്ലാവരേയും ഇന്ന് അനുഗ്രഹിക്കണമെ. അവരുടെ ക്ഷീണിച്ച ശരീരങ്ങളെ ഉറ ക്കത്താലും വിശ്രമത്താലും ബലപ്പെടുത്തണമെ. നാളത്തെ കൃത്യങ്ങൾക്കായി ഞങ്ങളെ എല്ലാവരെയും പ്രാപ്തരാക്കണമെ.

ഇന്നു പകലിൽ ഞങ്ങളുടെ കൃത്യനിർവഹണത്തിലും മറ്റുള്ളവരുമായി നടത്തിയ ഇട പാടുകളിലും അറിഞ്ഞും അറിയാതെയും വന്നുപോയിട്ടുള്ള എല്ലാ കുറവുകളും നിന്റെ കരുണയാൽ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങൾക്കും ഞങ്ങളിൽ നിന്ന് അകന്നിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർക്കും ഇന്നു രാത്രി സ്വസ്ഥതയും സമാധാനവും നൽകണമെ. യേശുമശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ, ആമ്മീൻ.

## 22

മഹാകാരുണ്യവാനും മനസ്സലിവുള്ളവനുമായ കർത്താവേ, ഈ രാത്രി സമയത്തു ഞങ്ങൾ തിരുസന്നിധിയിൽ ചേർന്നുവരുമ്പോൾ നിന്റെ എല്ലാ കൃപകൾക്കും വേണ്ടി നിന്നെ സ്തുതിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നീ ഞങ്ങളെ സഹായിക്കുകയും, ഞങ്ങളുടെ പ്രതി കൂല ബുദ്ധിയും അനുസരണക്കേടും മറന്നു ഞങ്ങളെ നിങ്കലേക്ക് ആകർഷിക്കുകയും, നിന്റെ കൃപാവരങ്ങളുടെ അനുഭവക്കാരാക്കിത്തീർക്കയും നിന്റെ പക്ഷത്തു നിന്നു തെറ്റി അകന്നുപോകാതിരിപ്പാൻ ഞങ്ങളെ നിരന്തരം സൂക്ഷിക്കയും, ചെയ്ത വലിയ കരുണ യ്ക്കായി ഞങ്ങൾ നിന്റെ പരിശുദ്ധ നാമത്തെ മഹത്വപ്പെടുത്തുന്നു.

ഇന്നു ഞങ്ങൾ ചെയ്തിട്ടുള്ള ജോലികളും, നിറവേറ്റിയിട്ടുള്ള ചുമതലകളും തൃപ്പാദ ത്തിൽ സമർപ്പിച്ചുകൊള്ളുന്നു. അവയിൽ അയോഗ്യമൊ ദോഷസമ്മിശ്രമോ ആയതു നിന്റെ ദിവ്യവിചാരണയാൽ ശരിപ്പെടുത്തി ശുദ്ധീകരിക്കണമെ. ഞങ്ങളുടെ തെറ്റു മൂലം അന്യർക്കു നഷ്ടവും സങ്കടവും വന്നുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം ഞങ്ങളോടു ക്ഷമിക്കയും നീ തന്നെ അവ പരിഹരിച്ചുകൊടുക്കയും ചെയ്യണമെ. ഇങ്ങനെയുള്ള തെറ്റുകളും കുറ്റങ്ങളും ഇനിയും ആവർത്തിക്കാതിരിപ്പാൻ ഞങ്ങളെ ജാഗ്രതയുള്ളവരാക്കണമെ. ഓരോ ദിവസ ത്തിന്റെയും അവസാനത്തിൽ കുറ്റമില്ലാത്ത മനഃസാക്ഷിയോടു കൂടി എല്ലാ പ്രവൃത്തികളും തിരുമുമ്പാകെ സമർപ്പിക്കാൻ ഞങ്ങൾക്കു കൃപ നൽകണമെ.

രോഗത്തിന്റെ വേദനയാലും, ദാരിദ്ര്യത്തിന്റെ ക്ലേശത്താലും, കിടപ്പാടം ഇല്ലാത്തതിനാലും, പ്രിയപ്പെട്ടവരുടെ വേർപാടിനാലും, ഏകാന്തതയിലും അനാഥാവസ്ഥയിലും കണ്ണുനീരിൽ ഈ രാത്രി ചെലവഴിക്കുന്നവരെയും കടാക്ഷിക്കണമെ. ദൈവമേ, നിന്റെ വീണ്ടെടുപ്പിൻ വേലയിൽ ഞങ്ങളെ പങ്കാളികളാക്കണമെ. സ്വർഗ്ഗത്തിൽ നിന്നു നോക്കി ഈ രാജ്യത്തിലെ അന്ധകാരം നിന്റെ സ്വർഗ്ഗീയ വെളിച്ചത്താൽ നീക്കണമെ. വെളിച്ചത്തിന്റെ മക്കളിൽ നിന്ന് ഇരുളിന്റെ പ്രവൃത്തികൾ അകറ്റിക്കളയണമെ. ഞങ്ങളുടെ ചാർച്ചക്കാരെയും സ്നേഹിത രെയും അയൽക്കാരെയും ഞങ്ങൾ തൃക്കൈകളിൽ ഭരമേല്പിക്കുന്നു. ഞങ്ങളെ ഉപദ്രവി

ക്കുന്നവരെയും ഞങ്ങളോടു സഹതാപമില്ലാത്തവരെയും നിന്റെ സ്നേഹത്തിൽ ഭരമേല്പിക്കുന്നു. യേശുമ്ശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമെ. കൃപയോടെ കേൾക്കണമെ. ആമ്മീൻ.

# ആശുപത്രി ജീവനക്കാർക്കും, ആശുപത്രി പഠന പരിപാടിയിലെ വിദ്യാർത്ഥികൾക്കും ഉപയോഗിക്കാവുന്ന സന്ധ്യാ പ്രാർത്ഥനകൾ

സാക്ഷാൽ ഉത്തമ വൈദ്യനും ആത്മാവിന്റേയും ശരീരത്തിന്റേയും മനസ്സിന്റേയും എല്ലാ വേദനകളും ശമിപ്പിക്കുന്നവനുമായ ദൈവംതമ്പുരാനെ ബലഹീനതയിൽ സ്ഥിതി ചെയ്യുന്നവരും രോഗികളുമായി ഈ ആതുരാലയത്തിൽ താമസിക്കുന്നവരും വന്നുപോകുന്നവരുമായ എല്ലാ രോഗികൾക്കും വേണ്ടി നിന്റെ കരുണയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ബലഹീനരും പാപികളുമായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ. തിരുസന്നിധിയിൽ ഞങ്ങൾ സവിനയം സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ഈ നിന്റെ ദാസർക്ക് സൗഖ്യം കൊടുക്കേണമെ. ഇവരുടെ അരിഷ്ടതകളെ നീക്കികളയേണമെ. വേദനകളെ ശമിപ്പിക്കേണമെ. ഇവരുടേയും ഞങ്ങളുടേയും പാപങ്ങളെ നീ മായിച്ച് കളയേണമെ. "മുട്ടുവീൻ ഞാൻ തുറന്നു തരും. യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കും എന്ന് അരുളി ചെയ്തിട്ടുണ്ടല്ലോ." നാഥാ നിന്റെ കരുണയുടെ വാതിൽ ഞങ്ങൾ മുട്ടി വിളിക്കുന്നു. ഈ നിന്റെ ദാസീദാസന്മാരുടെ മേൽ മനസ്സലിവ് തോന്നേണമെ. ഇവരുടെ മ്ലാനതയെ മാറ്റി സൗഖ്യ പ്രാപ്തിയാൽ ഇവരെ സന്തോഷിപ്പിക്കേണമെ. ഇവർ സൗഖ്യത്തോടെ എഴുന്നേറ്റ് നിന്റെ കൃപയെ മുടക്കം കൂടാതെ സ്തുതിക്കുവാൻ സംഗതി ആക്കേണമെ. നീ ദയാലുവും കാരുണ്യവാനും സാക്ഷാൽ ഉത്തമ വൈദ്യനുമാകുന്നുവല്ലോ.

## 2

തന്നോടപേക്ഷിക്കുന്നവരെ സൗജന്യമായി സൗഖ്യപ്പെടുത്തുന്ന മഹാവൈദ്യനായ ദൈവമേ, നിന്റെ ദയവിന്റെ കരുണയിൽ അഭയം പ്രാപിക്കുന്ന ഈ നിന്റെ ദാസരെ നീ സുഖപ്പെടുത്തണമെ. ഇവരുടെ കുറ്റങ്ങളെ മോചിച്ച് രോഗങ്ങളെ നീക്കിക്കളയുകയും അവയവങ്ങളെ ബലപ്പെടുത്തി രോഗകിടക്കയിൽ നിന്ന് എഴുന്നേല്പിക്കുകയും ചെയ്യേണമെ. ഉപദ്രവകരമായ സകല ശിക്ഷകളിൽ നിന്നും സങ്കടങ്ങളിൽ നിന്നും ഇവരെ സ്വസ്ഥരാക്കേണമെ. മശിഹാ തമ്പുരാനെ ഇവരോടുള്ള സർവ്വ കൃപകൾക്കും വേണ്ടി ഇവർ എന്നേയ്ക്കും നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് ഇവരുടേയും ഞങ്ങളുടേയും പാപങ്ങളേയും കുറ്റങ്ങളേയും പരിഹരിച്ച് മോചിക്കേണമെ.

അത്യുന്നതനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും ആദ്യന്തമില്ലാത്തവനുമായ ദൈവമെ, ഈ നിന്റെ ദാസരുടെ അപേക്ഷയെ കൈക്കൊള്ളണമെ. ഇവരുടെ പാപങ്ങളേയും കുറ്റങ്ങളേയും നീ ഓർക്കരുതേ. കർത്താവെ നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥന നീ കേട്ടതുപോലെ ഞങ്ങളുടെ പ്രാർത്ഥനയും കേൾക്കേണമെ. യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കുമെന്ന് നീ കല്പിച്ച് വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലോ. കർത്താവെ ഈ നിന്റെ ദാസരുടെ വഴിയെ ശരിപ്പെടുത്തുകയും ദയവോടെ ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമെ. ഞങ്ങളുടെ മുമ്പിൽ നിന്ന് എല്ലാ എതിർ ശക്തികളേയും നീക്കി കളയേണമെ. കർത്താവെ

നിന്റെ ആയുധവും പരിചയും പിടിച്ച് ഞങ്ങളെ സഹായിക്കാൻ നിൽക്കുകയും സകല ദുഃഖങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമെ. ഭയത്തിന്റേയും വ്യസനത്തിന്റേയും സകല ചിന്തകളും സർവ്വ ഞെരുക്കങ്ങളും ഞങ്ങളിൽ നിന്ന് നീക്കിക്കളയേണമെ. നിന്റെ വിശുദ്ധ അറിവിൻ പ്രകാശത്താൽ ഞങ്ങളുടെ ദേഹത്തേയും ദേഹിയേയും ആത്മാവിനേയും നീ പ്രകാശിപ്പിക്കേണമെ. ഞങ്ങൾ നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും എന്നാളും മഹത്വപ്പെടുത്തുവാൻ സംഗതി ആക്കുകയും ചെയ്യുമാറാകേണമെ.

## 3

സ്വർഗ്ഗീയ പിതാവായ ദൈവമേ, പ്രശാന്തമായ രാത്രിയിൽ പ്രകാശം പരത്തുവാൻ ചന്ദ്രനേയും നക്ഷത്രജാലങ്ങളേയും സൃഷ്ടിച്ചവനെ, അന്ധകാരത്തിന്റെ നാഴികകളിൽ അവിടത്തെ കുഞ്ഞുങ്ങളെ സ്നേഹത്തിൽ കാത്തുസൂക്ഷിക്കേണമെ. നാളത്തെ പകൽ വെളിച്ചത്തിൽ ജോലി ചെയ്യുന്നതിനായി അങ്ങയുടെ പ്രകാശം വിളിച്ചുണർത്തുന്നതുവരെയും സ്വച്ഛമായ ഉറക്കം നീ ഞങ്ങൾക്കു നൽകേണമേ. അങ്ങയെ ദുഃഖിപ്പിക്കുന്ന വിധത്തിൽ ഇന്ന് ഞങ്ങൾ എന്തെങ്കിലും ചിന്തിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ഞങ്ങളോട് ക്ഷമിക്കേണമെ. അങ്ങയുടെ ശക്തി മൂലം ഞങ്ങൾക്ക് ചെയ്യുവാൻ കഴിഞ്ഞിട്ടുള്ള എല്ലാ നന്മകൾക്കും വേണ്ടി ഞങ്ങൾ നന്ദി പറയുന്നു.

നാളെ കുറെക്കൂടി ഉത്തമമായ വിധത്തിൽ നിന്റെ തിരുഹിതം പ്രവർത്തിക്കുന്നതിന് ഞങ്ങളെ സഹായിക്കേണമെ. അവിടത്തെ തിരുനാമ മഹത്വത്തിനായി ഈ ആശുപത്രിയേയും ഞങ്ങളുടെ ഭവനങ്ങളേയും രോഗത്തിലും കഷ്ടതയിലും ഇരിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കേണമെ.

## 4

സ്വർഗ്ഗീയ പിതാവേ, ഈ സന്ധ്യാസമയത്ത് ഞങ്ങൾ ഞങ്ങളെത്തന്നെ തൃക്കൈയ്യിൽ ഏല്പിക്കുന്നു. ഈ രാത്രിയിൽ ഞങ്ങൾക്ക് സംരക്ഷണം നൽകേണമെ. സമാധാനപൂർവ്വം ഉറങ്ങുവാനും സുരക്ഷിതമായി ഉണരുവാനും ഞങ്ങളെ സഹായിക്കേണമെ. ദുഃഷ്ടവും പൈശാചികവുമായ യാതൊന്നും ഞങ്ങളുടെ വാസസ്ഥലത്തെ സമീപിക്കുവാൻ അനുവദിക്കരുതേ. ഞങ്ങളുടെ ആത്മാക്കളിലും ശരീരങ്ങളിലും ഞങ്ങൾ വസിക്കുന്ന സ്ഥലങ്ങളിലും അവിടുന്ന് എന്നുമെന്നും സമീപസ്ഥനായിരിക്കേണമെ.

ഞങ്ങൾ ഉണരുന്നതു ഈ ലോകത്തിലോ പരലോകത്തിലോ എവിടെയായിരുന്നാലും ഞങ്ങൾ അങ്ങയോട് കൂടെയിരിക്കുവാൻ തക്കവിധം ഉറക്കത്തിലും ഉണർവ്വിലും ഞങ്ങളുടെ ചിന്തകൾ അങ്ങയെക്കുറിച്ചായിരിക്കട്ടെ. ഈ ജീവിതത്തിൽ ഇനിയും ഞങ്ങൾ ഉണരുന്നെങ്കിൽ, ഞങ്ങളുടെ ശരീരങ്ങളെ ഉദയസൂര്യൻ പ്രകാശപൂർണ്ണമാക്കുന്നതുപോലെ, ഞങ്ങളുടെ ആത്മാക്കളെ അങ്ങയുടെ ആത്മാവ് പ്രകാശപൂർണ്ണമാക്കേണമെ. ഞങ്ങൾ ഉണരുന്ന നിമിഷത്തിലും ദിവസം മുഴുവനും അവിടുന്ന് തന്നെ ഞങ്ങളുടെ ചിന്തയുടെ വിഷയമായിരിക്കേണമെ. ഞങ്ങളുടെ ചിന്തകളെ നിർമ്മലമാക്കി സൂക്ഷിക്കുന്നതിനും ഞങ്ങൾ സ്വാർത്ഥതയുടെ വഴിയിലൂടെ നടക്കാതെ, സ്വാർത്ഥപൂർണ്ണമായ സന്തോഷങ്ങൾ അന്വേഷിക്കാതെ, സ്വയത്തിന്റെ വാക്ക് സംസാരിക്കാതെ, അങ്ങയുടെ വഴിയിലൂടെ മാത്രം നടക്കുന്നതിനും ഞങ്ങൾക്ക് ശക്തി നൽകേണമെ.

## 5

സർവ്വശക്തിയുള്ള പിതാവാം ദൈവമെ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സ്വീകാര്യമായ സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ കരേറ്റുവാൻ തക്കവണ്ണം ഞങ്ങളെ നീ ശുദ്ധീകരിച്ചുകൊള്ളേണമെ.

പിതാവാം ദൈവമെ, നീ ഞങ്ങളുടെ സ്രഷ്ടാവാകുന്നു. നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. മിശിഹാ തമ്പുരാനെ നീ ഞങ്ങളുടെ വീണ്ടെടുപ്പുകാരനും രക്ഷിതാവുമാകുന്നു. നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. വിശുദ്ധാത്മാവായ ദൈവമെ നീ ഞങ്ങളെ ശുദ്ധീകരിക്കുകയും നടത്തുകയും പുണ്യപ്പെടുത്തുകയും പൂർണ്ണപ്പെടുത്തുകയും ചെയ്യുന്നവനാകുന്നു. നിന്നെ ഞങ്ങൾ വണങ്ങുന്നു.

കർത്താവേ, നിന്നെ അറിയുവാൻ തക്ക ഹൃദയത്തെ നീ ഞങ്ങൾക്കു തന്നതിനായി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നിന്നെ സ്നേഹിക്കാൻ തക്ക ഹൃദയത്തെ ഒരുക്കിക്കൊള്ളേണമെ. ഞങ്ങളുടെ നേരെ നീ കാണിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കുമായി നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. ഈ സ്ഥാപനത്തേയും ഇതിന്റെ എല്ലാ പ്രവർത്തകരേയും നീ വാഴ്ത്തി അനുഗ്രഹിക്കേണമെ. ഇവിടെയുള്ള എല്ലാ രോഗികളേയും അവരെ ശുശ്രൂഷിക്കുന്നവരേയും അനുഗ്രഹിച്ച് ആശ്വാസത്തോടും സമാധാനത്തോടും കൂടി ഈ രാത്രി കഴിച്ചുകൂട്ടുവാൻ നീ കൃപ അരുളണമെ.

## 6

സകലത്തിന്റെയും നിർമ്മാതാവും സകലത്തേയും ക്രമപ്പെടുത്തുന്നവനുമായ ദൈവമെ! ഈ സന്ധ്യാസമയത്ത് നിന്റെ അടുക്കലേക്ക് ഞങ്ങളുടെ ആന്തരീക കണ്ണുകൾ ഉയർത്തുന്നു. ഈ സമയം വരെയും നീ ഞങ്ങളെ അനുഗ്രഹിക്കുകയും കാത്തുകൊള്ളുകയും ചെയ്തതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങളുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനും ആകുന്നുവല്ലോ. ഭയവും ആകുലതയും കൂടാതെ ഈ രാത്രി കഴിച്ചുകൂട്ടുവാൻ നിന്റെ സാന്നിദ്ധ്യം ഞങ്ങളോടു കൂടെ ഉണ്ടായിരിക്കേണമെ. രോഗികളായി നിന്റെ ദയയിലും കരുണയിലും ആശ്രയിച്ചുകൊണ്ട് നോക്കിപ്പാർക്കുന്ന നിന്റെ ദാസർക്ക് ആശ്വാസവും സ്വസ്ഥതയും നീ പ്രദാനം ചെയ്യേണമെ.

രോഗികളെ ശുശ്രൂഷിക്കുന്നതിന്നായി ഉണർന്നിരിക്കുന്ന നിന്റെ ദാസരെ തൃക്കരങ്ങളിൽ താങ്ങിക്കൊള്ളേണമെ. ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ രോഗാവസ്ഥയിൽ വ്യാകുലരായിരിക്കുന്നവർക്ക് ആശ്വാസവും സമാധാനവും നീ നൽകണമെ. ഞങ്ങൾ എല്ലാവരേയും ഈ സ്ഥാപനത്തേയും വാഴ്ത്തി അനുഗ്രഹിക്കേണമെ.

# പൊതുവായ പ്രാർത്ഥനകൾ

പിതാവേ, അങ്ങയുടെ തിരുസമാധാനത്തിന്റെ ഉപകരണമായി എന്നെ ആക്കിത്തീർക്കേണമെ. വിദ്വേഷമെവിടെയുണ്ടോ, അവിടെ സ്നേഹത്തിന്റെ വിത്തു വിതയ്ക്കുവാൻ എന്നെ അനുവദിക്കണമെ. മുറിവേൽക്കുന്നിടത്തു ക്ഷമയും, സംശയമുള്ളിടത്തു വിശ്വാസവും, നിരാശയുള്ളിടത്തു പ്രതീക്ഷയും, അന്ധകാരമുള്ളിടത്തു പ്രകാശവും, വേദനയുള്ളിടത്ത് സന്തോഷവും പകരുവാൻ എന്നെ പ്രാപ്തനാക്കേണമെ.

സ്വർഗ്ഗീയ പിതാവേ, സമാശ്വസിപ്പിക്കുന്നതിനു വേണ്ടി ആശ്വാസവും, പഠിപ്പിയ്ക്കുന്ന

തിനു വേണ്ടി വിജ്ഞാനവും, സ്നേഹിക്കുന്നതിനു വേണ്ടി സ്നേഹവും, എനിക്ക് പ്രദാനം ചെയ്യേണമേ. നൽകുന്നതിലാണ് ലഭിക്കുന്നതെന്നും, ക്ഷമിക്കുന്നതിലാണ് ക്ഷമിക്കപ്പെടുന്നതെന്നും, മരണത്തിലൂടെയാണ് നിത്യജീവിതത്തിലേക്ക് വീണ്ടും ജീവിയ്ക്കപ്പെടുന്നതെന്നും ഞങ്ങൾ അറിയുന്നല്ലോ.

**– വി. ഫ്രാൻസീസ് ഓഫ് അസീസി**

## 2

കർത്താവേ! നീ തിരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ട് ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവത്സരത്തിന്റെ പന്ത്രണ്ട് മാസങ്ങളെയും കൃപയോടെ വാഴ്ത്തണമെ. വേനലും വർഷവും നിയമപ്രകാരം അതാതു കാലത്ത് ക്രമമായിട്ടുണ്ടാവുകയും സ്വർഗ്ഗീയ നന്മകളും ഭൂമിയുടെ വിളവുകളും ഞങ്ങൾക്ക് ലഭിക്കുകയും ചെയ്യണമെ. കർത്താവേ! ഫലങ്ങൾ വളരുകയും അഗതികളും ദരിദ്രന്മാരും ഭക്ഷിച്ച് നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്‌വാൻ തക്കവണ്ണം വാഴ്‌വിന്റെ മഴകളെയും ചാറൽ മഴകളെയും നീ പെയ്യിക്കണമെ.

(നിത്യപ്രാർത്ഥനാക്രമത്തിൽ നിന്ന്)

## രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന

തന്നോട് അപേക്ഷിക്കുന്നവരെ വൃഥാ സൗഖ്യപ്പെടുത്തുന്ന മഹാ വൈദ്യനേ! നിന്റെ കൃപയുടെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുന്ന ഈ നിന്റെ ദാസനെ (ദാസിയെ) നീ സൗഖ്യപ്പെടുത്തേണമെ. ഇവന്റെ (ഇവളുടെ) അവയവങ്ങളെ നീ ബലപ്പെടുത്തി രോഗങ്ങളെ അകറ്റിക്കളയണമേ. ഇവന്റെ അകൃത്യങ്ങളെ മായിച്ചു രോഗക്കിടക്കയിൽ നിന്ന് ഇവനെ എഴുന്നേല്പിക്കേണമെ. കഠിനമായ സകല ഉപദ്രവങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും ഇവനെ നീ സൗഖ്യമാക്കേണമെ. ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! ഇവന്റെ നേരെയുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി ഇവൻ നിന്നെ സ്തോത്രം ചെയ്‌വാനായിട്ടു നിന്റെ കൃപയുടെ അനുഗ്രഹങ്ങളാൽ ഇവന്റെ പാപങ്ങളെയും അകൃത്യങ്ങളെയും നീ പരിഹരിച്ച് ഇല്ലായ്മ ചെയ്യേണമേ, ആമ്മീൻ.

തന്റെ വചനത്താൽ തന്റെ ശക്തിയെ അറിയിക്കുകയും തന്റെ പ്രവൃത്തിയാൽ തന്റെ വ്യാപാരങ്ങളെ കാണിക്കുകയും സഹായങ്ങളും മരുന്നുകളും ചുമന്നുകൊണ്ടു ഞങ്ങളുടെ രോഗങ്ങളുടെ അടുക്കലേക്കു എഴുന്നെള്ളുകയും ചെയ്ത ഉത്തമ വൈദ്യനായിരിക്കുന്ന സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! നിന്റെ കൃപയുടെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുന്ന ഈ നിന്റെ ദാസനെ നീ സൗഖ്യമാക്കണമേ. ഇവന്റെ അവയവങ്ങളെ നീ ബലപ്പെടുത്തി, രോഗങ്ങളെ അകറ്റിക്കളയണമേ. ഇവന്റെ കടങ്ങളേയും പാപങ്ങളേയും നീ പരിഹരിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഇവന്റെ നേരേയുള്ള നിന്റെ സഹായങ്ങൾക്കു വേണ്ടി നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് രോഗക്കിടക്കയിൽ നിന്നു നിന്റെ ശക്തിയാൽ ഇവനെ നീ എഴുന്നേല്പിക്കണമേ, ആമ്മീൻ.

## 2

കർത്താവേ! ഞെരുക്കത്തിലിരിക്കുന്നവരെ കൃപയോടെ ദർശിക്കുകയും രോഗികളെ കരുണയോടെ സുഖപ്പെടുത്തുകയും ദുഃഖിതരെ ദയാപൂർവ്വം ആശ്വസിപ്പിക്കുകയും ചെയ്യണമെ. ദാഹിച്ചും വലഞ്ഞും നിന്റെ കരുണയ്ക്കും ദയവിനും വേണ്ടി യാചിച്ചുകൊണ്ടിരിക്കുന്ന സകല ആത്മാക്കൾക്കും പ്രത്യേകാൽ രോഗിയായിരിക്കുന്ന ഈ നിന്റെ ദാസനും

(ദാസിക്കും) പിതൃപുത്ര പരിശുദ്ധാത്മാവായ നിന്നെ സ്തോത്രം ചെയ്യുവാൻ ശരീരാത്മ സ്വസ്ഥത നൽകുകയും ചെയ്യണമെ.

ബലഹീനാത്മാക്കളെ ദർശിക്കുന്നവനും രഹസ്യങ്ങളെ പരിശോധിക്കുന്നവനും ഉത്തമ യാചനകൾക്ക് ഉത്തരം നൽകുന്നവനും വിലപിച്ചിരിക്കുന്നവർക്ക് ആശ്വാസവും ദുഃഖിച്ചിരിക്കുന്നവർക്ക് മനോധൈര്യവും കൊടുക്കുന്നവനും ബലഹീനന്മാരെ താങ്ങുകയും രോഗികൾക്ക് സ്വസ്ഥത നൽകുകയും ചെയ്യുന്നവനും അനുതപിക്കുന്നവരെ ശിഷ്യപ്പെടുത്തി സ്വീകരിക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്യുന്നവനുമായ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങൾക്കുവേണ്ടിയും സത്യവിശ്വാസത്തോടു കൂടി ഞങ്ങളുടെ ബലഹീന മദ്ധ്യസ്ഥ പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുള്ളവരും ആവശ്യപ്പെടുന്നവരുമായവർക്കു വേണ്ടിയും നിന്നോട് കടങ്ങളുടെ പരിഹാരവും പാപമോചനവും ഞങ്ങൾ അപേക്ഷിക്കുന്നു.

സാക്ഷാൽ ഉത്തമ വൈദ്യനും ആത്മശരീരങ്ങളുടെ രഹസ്യവും പരസ്യവുമായ എല്ലാ വേദനകളും തനിക്ക് ലഘുവും, പ്രയാസമേറിയ രഹസ്യപരസ്യങ്ങളെല്ലാം തനിക്ക് നിഷ്പ്രയാസവും ആയിരിക്കുന്ന ദൈവമായ കർത്താവേ! ബലഹീനതയിൽ സ്ഥിതിചെയ്യുന്നവനും രോഗത്തിൽ വീണിരിക്കുന്നവനും നിന്റെ കരുണയിൽ അഭയം തേടുന്നവനും നിന്റെ വരങ്ങളാകുന്ന സഹായത്തിന് നോക്കിപ്പാർത്തിരിക്കുന്നവനും ആയ ഈ ദാസന് (ദാസിക്ക്) ബലഹീനരും പാപികളുമായ ഞങ്ങളുടെ മാദ്ധ്യസ്ഥം മൂലം കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും രോഗത്തിന് ആശ്വാസവും അവയവങ്ങൾക്ക് സ്വസ്ഥതയും നിന്നോട് യാചിക്കുന്നു. ഇവനു (ഇവൾക്കു) വേണ്ടി ഇപ്പോൾ നിന്റെ കരുണയോട് ഞങ്ങൾ അപേക്ഷിക്കുന്നു. കാരുണ്യവാനായ കർത്താവേ! നീ ബലഹീനരെ ശക്തിപ്പെടുത്തുന്നവനും പാപികൾക്ക് മോചനം നൽകുന്നവനും അനുതാപികളുടെ സഹായിയും പ്രയാസത്തിലിരിക്കുന്നവരുടെ ശക്തിയും സകല വിശ്വാസികൾക്കും അഭയസ്ഥാനവും ആകുന്നുവല്ലോ. ഇവന്റെ കടങ്ങൾ ക്ഷമിക്കുകയും പാപങ്ങൾ പരിഹരിക്കുകയും ചെയ്യണമെ. ഈ നിന്റെ ദാസന്റെ വേദനകൾ ശമിപ്പിക്കുകയും രോഗത്തെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. ഇവന്റെ രോഗത്തെ ശമിപ്പിക്കുകയും അരിഷ്ടതകളെ നീക്കിക്കളയുകയും ചെയ്യണമെ. ഇവന്റെ ബലഹീനതയ്ക്കു നീ താങ്ങായിരിക്കണമെ. പരിശോധനയിൽ ഇവന് ശക്തി നൽകണമെ. ഇവന്റെ മ്ലാനതയെ മാറ്റി സുഖപ്രാപ്തിയാൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. ഇവൻ എഴുന്നേറ്റ് നിന്റെ കൃപകൾക്കും സഹായങ്ങൾക്കുമായിട്ട് നിന്നെ സ്തോത്രം ചെയ്യുവാനിടയാകണമെ. എന്തെന്നാൽ നീ ഉത്തമനും ദയാലുവും കാരുണ്യവാനും കൃപയുള്ളവനും ആത്മശരീരങ്ങളുടെ യഥാർത്ഥ വൈദ്യനും ആകുന്നുവല്ലോ. പിതാവാം ദൈവമേ! നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

## 3

ദൈവമായ കർത്താവേ! നീ സകലവിധ വൈദ്യത്തിന്റെയും നാഥനും, കൃപകളും വിശുദ്ധികളും നൽകുന്നവനും ആശ്വാസദായകനും മനുഷ്യായുസ്സിൽ സദാ താല്പര്യമുള്ളവനും തന്റെ ദൈവീക സഹായങ്ങൾ ഞങ്ങളിൽ നിന്ന് തടയാത്തവനും ആകുന്നുവല്ലോ. കർത്താവേ! കരുണയും ദയയും സ്വസ്ഥതയും ആശ്വാസവും ധൈര്യവും സഹായവും നിറഞ്ഞതായ നിന്റെ വലതുകൈ ആത്മശരീരങ്ങളുടെ സ്വസ്ഥതയും ആശ്വാസവും യാചിക്കുന്ന ഈ ദാസനിൽ (ദാസിയിൽ) ആവസിപ്പിച്ച് ഇവനിൽ (ഇവളിൽ) നിന്ന് രോഗവും വേദനയും അവശതയും നീക്കിക്കളയണമെ. പ്രതികൂലതയും ഉപദ്രവങ്ങളും ഇവനിൽ

നിന്ന് ദൂരീകരിക്കണമെ. ദുർവികാരങ്ങളും പ്രലോഭനങ്ങളും ഇവനിൽ നിന്ന് നീക്കി ശക്തിയും ആരോഗ്യവും രക്ഷയും വീണ്ടെടുപ്പും ഇവനെ ധരിപ്പിക്കണമെ. ബലം പ്രാപിച്ച് എഴുന്നേൽക്കത്തക്കവണ്ണം ഇവനെ താങ്ങിക്കൊള്ളണമെ. ബലമുള്ളതായ നിന്റെ വലതു കൈയാൽ ഇവനു സഹായം നല്കണമെ. ഇവന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ. ഇവൻ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും സ്തോത്രം ചെയ്ത് വന്ദിക്കത്തക്കവണ്ണം നിന്റെ മഹാകരുണയാലും ദയയാലും ഉത്തമമായ അടയാളം ഇവന് കാണിച്ചു കൊടുക്കണമെ.

സാക്ഷാൽ ഉത്തമ വൈദ്യനും രഹസ്യവും പരസ്യവുമായ സകല വേദനകളും തനിക്ക് ലഘുവായിരിക്കുന്നവനും ആയ മിശിഹാതമ്പുരാനേ! രോഗത്തിൽ കിടക്കുന്നവനും നിന്റെ ദയവിൽ അഭയം തേടുന്നവനും രോഗത്തിന് ആശ്വാസവും അവയവങ്ങൾക്ക് സ്വസ്ഥതയും നിന്റെ കരുണയോടു യാചിക്കുന്നവനുമായ ഈ ദാസനു വേണ്ടി ഇപ്പോൾ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവേ! ഇവൻ എഴുന്നേറ്റ് നിന്റെ കരുണകൾക്കായി നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും സ്തോത്രം ചെയ്യത്തക്കവണ്ണം ഇവന്റെ വേദനകളെ തടയുകയും രോഗത്തെ സുഖപ്പെടുത്തുകയും ഞെരുക്കങ്ങളെ കെടുത്തിക്കളയുകയും ചെയ്യണമെ.

## രോഗിയുടെ പ്രാർത്ഥന

ദൈവത്തിന്റെ ഏകജാതനേ! എന്റെ കടങ്ങളും അകൃത്യങ്ങളും ഏറ്റവും വർദ്ധിച്ചിരിക്കയാൽ നിന്റെ ദയയിൻ സമുദ്രത്തിലേക്കു ഞാൻ സൂക്ഷിക്കുന്നു. വെടിപ്പുള്ള നിന്റെ സോപ്പാ എന്റെ മേൽ നീ തളിക്കയും എന്റെ കണ്ണുനീരുകളാൽ എന്നെ നീ വെൺമയാക്കുകയും ചെയ്യണമേ. എന്റെ കർത്താവേ! നിന്റെ പിതാവിന്റെ സ്നേഹത്താൽ നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്റെ വിരോധികൾ എന്നിൽ ആനന്ദിക്കരുതെ. അന്യായത്തിൽ നിന്നു തിരിയുന്ന ഒരു പാപിയെപ്പറ്റി മാലാഖമാർ സന്തോഷിക്കുകയും, അനുതാപികൾക്കു രാത്രിയിലും പകലിലും തന്റെ വാതിലിനെ തുറന്നു കൊടുക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് അവർ പറയുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

ഞങ്ങളുടെ കർത്താവേ! ഞാൻ വളരെ പാപം ചെയ്തു നിന്നെ കോപിപ്പിക്കയും ആരിൽ ഞാൻ സങ്കേതപ്പെടേണ്ടു എന്ന് അറിയാതിരിക്കയും ചെയ്യുന്നതിനാൽ എന്റെ ബലഹീനതയിലേക്കു സൂക്ഷിച്ചുനോക്കണമെ. വൈദ്യന്മാരുടെ അടുക്കൽ ഞാൻ പോയി, അവരുടെ മരുന്ന് എനിക്കു യാതൊരു പ്രയോജനവും ചെയ്തില്ല. രോഗം കഠിനമായിരിക്കുന്നു. സൗഖ്യമാക്കുന്നവൻ ഇല്ലാതെയുമിരിക്കുന്നു. ഉത്തമനായ വൈദ്യനേ! നിനക്കു വളരെ മരുന്നുകൾ ഉണ്ടെന്നും നിന്റെ അടുക്കൽ വരുന്നവൻ സഹായങ്ങൾ പ്രാപിക്കുന്നു എന്നും ഞാൻ കേട്ടിരിക്കുന്നു. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മാതാവിന്റെ അപേക്ഷയാലും എന്റെ കടങ്ങളെ നീ ക്ഷമിക്കേണമെ.

എന്റെ കർത്താവേ! എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നിനക്ക് ഏറ്റം പ്രീതികരമായ കണ്ണുനീരുകളെ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നു. കാളകളെയോ, കുഞ്ഞാടുകളെയോ, മുട്ടാടുകളെയോ, പ്രാവിൻ കുഞ്ഞുങ്ങളെയോ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നില്ല. ശെമഓന്റെ ഭവനത്തിൽ വന്ന പാപിയായ സ്ത്രീയെപ്പോലെ എന്റെ രണ്ടു കണ്ണുകളിൽ നിന്നും ഉള്ള കണ്ണുനീരുകളെ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നു. അവയെ കൈക്കൊണ്ട് എന്നെ അനുഗ്രഹിക്കണമെ. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മറിയാമ്മിന്റെ അപേക്ഷയാലും എന്റെ കടങ്ങളെ നീ ക്ഷമിക്കണമെ.

# 1

## രോഗികളെ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥനകൾ

(വി. ലൂക്കോ. 9:1- 6, യാക്കോ. 5:13 - 18, 2. രാജാ. 20:1- 11, സങ്കീ. 20)

ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ അനുഭവത്തിലും പങ്കുചേരുകയും, ഞങ്ങളുടെ സന്തോഷങ്ങളെയും സന്താപങ്ങളേയും ഞങ്ങളുടെ പരമമായ നന്മയ്ക്കാക്കി തീർക്കുന്ന കർത്താവേശുമശിഹാ, രോഗത്തിലും അവശതയിലുമിരിക്കുന്ന ഈ നിന്റെ ദാസനെ (ദാസിയെ) തൃക്കൺ പാർക്കണമെ. അവിടുന്ന് അനുവദിക്കാതെ യാതൊന്നും ഞങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല എന്ന സത്യം മനസ്സിലാക്കുവാനും നിന്നിൽ ആശ്രയിച്ചുകൊണ്ട് നിന്നിൽ നിന്ന് സൗഖ്യം പ്രാപിക്കുവാനും ഈ നിന്റെ മകന് (മകൾക്ക്) സംഗതിയാക്കണമെ. ഞങ്ങളുടെ പാപം നിമിത്തവും അല്ലാതെയും രോഗം വരുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. സ്വയംപരിശോധനയുടെയും സമർപ്പണത്തിന്റേയും അവസരമായി ഈ കാലഘട്ടത്തെ ഉപയോഗിക്കുവാൻ നിന്റെ ദാസനെ സഹായിക്കേണമെ. രോഗാവസ്ഥയിൽ കൂടെ അവിടുന്ന് ഞങ്ങൾക്ക് ആത്മശുദ്ധീകരണം നൽകുന്നെന്ന് മനസ്സിലാക്കി വിനയത്തിലും പ്രത്യാശയിലും നിറയുന്നതിനും ഞങ്ങൾക്ക് സംഗതിയാക്കണമെ.

സാക്ഷാൽ ഉത്തമ വൈദ്യനും, ആത്മശരീര മനസ്സുകളുടെ എല്ലാ രോഗങ്ങളും നിഷ്പ്രയാസം മാറ്റുവാൻ പ്രാപ്തനുമായ കർത്താവേ, ബലഹീനതയിൽ സ്ഥിതി ചെയ്യുന്നവനും, രോഗത്തിൽ വീണിരിക്കുന്നവനും, നിന്റെ കരുണയിൽ അഭയം തേടുന്നവനുമായ ഈ നിന്റെ ദാസനുവേണ്ടിയുള്ള പ്രാർത്ഥന കേൾക്കേണമെ. വൈദ്യന്മാർക്ക് അറിവു കൊടുക്കുന്നവനും, ഔഷധങ്ങൾക്ക് ശക്തി കൊടുക്കുന്നവനും അങ്ങനെ ചികിത്സയിൽ കൂടി സൗഖ്യം നൽകുന്നവനും നീ ആകുന്നു. ചികിത്സ കൂടാതെ സൗഖ്യം നൽകുവാനും നിനക്ക് സാധിക്കുന്നു. ഈ നിന്റെ ദാസനിൽ നടത്തുന്ന എല്ലാ പരിശോധനയിലും ചികിത്സയിലും നിന്റെ നടത്തിപ്പും കാവലും ഉണ്ടായിരിക്കേണമെ. രോഗത്തിന്റെ യഥാർത്ഥ അവസ്ഥയും, മൂലകാരണങ്ങളും, തക്ക പ്രതിവിധികളും കണ്ടുപിടിക്കുന്നതിന് ഡോക്ടർമാർക്ക് ബുദ്ധിയും, വിവേകവും നൽകേണമെ. ശുശ്രൂഷിയ്ക്കുന്ന സിസ്റ്റേഴ്സിനും, കൂടെ നിന്ന് സഹായിക്കുന്നവർക്കും ക്ഷമയും, വിശ്വാസവും, പ്രത്യാശയും വർദ്ധിപ്പിക്കേണമെ.

കനാന്യ സ്ത്രീയുടെ വിശ്വാസപൂർണ്ണമായ അപേക്ഷയിൽ നീ സന്തോഷിച്ച് അവളുടെ മകൾക്ക് സൗഖ്യം നൽകിയല്ലോ. പക്ഷവാതക്കാരനെ കൊണ്ടുവന്നവരുടെ വിശ്വാസം ദർശിച്ച് അവൻ കട്ടിലെടുത്തുകൊണ്ട് പോകത്തക്കവണ്ണം നീ സൗഖ്യം നൽകിയല്ലോ. തിരുവായ് മൊഴിഞ്ഞ വചനങ്ങൾ കൊണ്ടും തൃക്കൈയ്യുടെ സ്പർശനം കൊണ്ടും അനേകം രോഗികൾക്ക് നീ സൗഖ്യം കൊടുത്തു. വിശ്വാസത്തോടെ തിരുസന്നിധിയിലേക്ക് വന്ന ഒരുവനും, വെറും കൈയ്യായി പോയില്ല. ഇപ്പോൾ കർത്താവേ, വിശ്വാസപൂർവ്വം ഞങ്ങളുടെ ഈ രോഗിയെ തിരുസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നാഥാ, നീ തന്നെ വൈദ്യനും ഔഷധവുമാകുന്നു. സർവ്വ ആശ്വാസവും നൽകുന്ന പരിപാലകനേ, തൃക്കൈ വേലയാകുന്ന ഈ നിന്റെ ദാസനിൽ മനസ്സലിയേണമെ. ഇവനിലും ഞങ്ങളിലും വന്നുപോയ കുറ്റങ്ങളും ക്ഷമിക്കണമെ. ഞങ്ങളുടെ വിശ്വാസത്തെ പൂർത്തീകരിക്കണമെ. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ലെന്ന്" അരുളിച്ചെയ്ത നാഥാ, ഞങ്ങളുടെ എളിയ അപേക്ഷ കേട്ട് ഉത്തരമരുളേണമെ. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ, എന്നാൽ അത് നിങ്ങൾക്കുണ്ടാകും' എന്ന് അരുളിച്ചെയ്ത കർത്താവേ, ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കേണമെ.

'കഴിയുമെങ്കിൽ ഈ പാനപാത്രം നീക്കിത്തരണമെന്നും എങ്കിലും പിതാവേ എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു പ്രാർത്ഥിച്ച കർത്താവേ, നിന്റെ തിരുഹിതം എന്തു തന്നെ ആയിരുന്നാലും അത് ഞങ്ങളുടെ പരമമായ നന്മയ്ക്ക് ഉതകുമെന്ന ഉറപ്പോടു കൂടി, തിരുഹിതത്തിന് പൂർണ്ണ മനസ്സോടെ വിധേയപ്പെടുവാൻ നീ നിന്റെ ദാസനെ സഹായിക്കേണമെ.

കരുണയുള്ളവനേ, നിന്റെ വാതിലിൽ ഞങ്ങൾ മുട്ടി വിളിക്കുന്നു. ഈ നിന്റെ ദാസന്റെ നേരെ മനസ്സലിവ് തോന്നേണമെ. ഇവന്റെ ബലഹീനതയ്ക്ക് നീ താങ്ങായിരിക്കേണമെ. പരിശോധനയിൽ ഇവനെ ശക്തിപ്പെടുത്തേണമെ. ഇവന്റെ മ്ലാനതയെ നീക്കി സന്തോഷിപ്പിക്കേണമെ. ഇവന്റെ സൗഖ്യപ്രാപ്തിയാൽ ഞങ്ങളെ സന്തോഷിപ്പിക്കേണമെ. ഇവൻ സൗഖ്യത്തോടെ എഴുന്നേറ്റ്, നിന്റെ കൃപയെ മുടക്കം കൂടാതെ സ്തുതിക്കുമാറാകേണമെ. നീ ദയാലുവും കാരുണ്യവാനും സാക്ഷാൽ ഉത്തമ വൈദ്യനുമാകുന്നുവല്ലോ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായേയും എന്നാളും മഹത്വപ്പെടുത്തുവാൻ സംഗതിയാക്കുകയും ചെയ്യേണമെ. ആമ്മീൻ.

## ഓപ്പറേഷനു വിധേയമാകുന്നവർക്കു വേണ്ടി

(സങ്കീ. 23, 121)

സകല ചരാചരങ്ങളെയും തന്റെ ഉള്ളംകൈയ്യിൽ വഹിക്കുന്നവനും ഓരോരുത്തരുടേയും ആവശ്യങ്ങളും കഷ്ടതകളും പ്രത്യേകം പ്രത്യേകമായി അറിഞ്ഞ് എല്ലാവരേയും പരിപാലിക്കുന്നവനുമായ ദൈവം തമ്പുരാനേ, ഇന്നുവരെ ഞങ്ങളെ കാത്തുപരിപാലിച്ച അവിടുത്തെ കൃപകളെക്കുറിച്ച് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോട് കൂടെയുണ്ടെന്നരുളിച്ചെയ്ത കർത്താവേ, ആത്മീയ കണ്ണുകൾ കൊണ്ട് അവിടുത്തെ സാന്നിദ്ധ്യത്തേയും ശക്തിയേയും ദർശിക്കുവാൻ ഈ സമയത്ത് ഞങ്ങളെ യോഗ്യരാക്കണമെ. വൈദ്യന്മാർ അവിടുത്തെ കൈയ്യിലെ ആയുധങ്ങൾ മാത്രമാകുന്നുവല്ലോ. ഓപ്പറേഷന്റെ വിജയം അവിടുത്തെ കരുണയിൽ ആശ്രയിച്ചിരിക്കുന്നു. അവിടുന്നു തന്നെ ഓപ്പറേഷനിൽ സംബന്ധിക്കുന്ന എല്ലാവരിലും കൂടി പ്രവർത്തിക്കേണമെ. ആവശ്യമായ ബുദ്ധിയും, വിവേകവും വിപദിധൈര്യവും വൈദഗ്ധ്യവും എല്ലാവർക്കും നൽകണമെ.

അവിടുന്ന് ഞങ്ങളുടെ സങ്കേതവും ബലവും കോട്ടയുമാകുന്നു. കഷ്ടങ്ങളിൽ അവിടുന്ന് ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതിനാൽ കൂരിരുൾ താഴ്വരയിലും അവിടുത്തെ സാന്നിദ്ധ്യം ദർശിക്കുന്നതിനും, വിശ്വാസത്തോടും പ്രത്യാശയോടും കൂടെ തന്നെ തൃക്കരങ്ങളിൽ ഭരമേല്പിക്കുന്നതിനും ഈ ദാസനെ സഹായിക്കേണമെ. ശാരീരികവും മാനസ്സികവുമായ അനേക പ്രയാസങ്ങളിൽ കൂടി കടന്നുപോകയും അവയെ ജയിക്കുകയും ചെയ്ത കർത്താവേ, അവിടുന്ന് സകല കഷ്ടതയിലും വഴിനടത്തുവാൻ പ്രാപ്തനാകുന്നു. "സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു, എന്റെ സമാധാനം നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കുകയുമരുത്" എന്നരുളിച്ചെയ്ത ആർദ്രത നിറഞ്ഞ കർത്താവേ, തിരുമാർവ്വിൽ ഈ നിന്റെ ദാസനെയും അണച്ചുകൊള്ളണമെ. ഓപ്പറേഷനിൽ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും വേണ്ടതുപോലെ ഫലപ്രദമായിത്തീരണമെ.

ഈ നിന്റെ ദാസൻ സുഖം പ്രാപിച്ച് ആരോഗ്യം വീണ്ടെടുത്ത്, അവിടുത്തെ എല്ലാ കൃപകളെക്കുറിച്ചും സ്തോത്രം ചെയ്വാനും തിരുനാമ മഹത്വത്തിനായി ശിഷ്ടായുസ്സ്

പ്രതിഷ്ഠിക്കുവാനും സംഗതിയാക്കണമെ. ഞങ്ങളും ഈ നിന്റെ ദാസനും, നിന്നേയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായേയും ഇന്നും എന്നും മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## ഓപ്പറേഷന് മുമ്പ് തീയറ്ററിൽ

രാപകൽ വ്യത്യാസമില്ലാതെ ഓരോരുത്തർക്കും ആവശ്യമായ കഴിവുകൾ നൽകി അവരെക്കൊണ്ട് നന്മ ചെയ്യിക്കുന്ന കർത്താവേ, ഇന്ന് ഇവിടെ നടത്തുവാൻ പോകുന്ന ശസ്ത്രക്രിയകളിൽ നിന്റെ പ്രത്യേകമായ നടത്തിപ്പ് ഉണ്ടായിരിക്കേണമെ. നീ തന്ന കഴിവുകളും നീ തന്ന അറിവും നീ തന്ന വൈദഗ്ധ്യവും മാത്രമേ ഞങ്ങൾക്കുള്ളൂ. അനുനിമിഷമുള്ള നിന്റെ നടത്തിപ്പ് ഇല്ലെങ്കിൽ ഞങ്ങളുടെ പ്രയത്നങ്ങൾ വ്യഥാവായി തീരുമെന്നുള്ളതിനാൽ നിന്റെ തുടർച്ചയായ ശക്തീകരണത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിന് സാദ്ധ്യമാണെന്ന് അരുളിച്ചെയ്ത കർത്താവേ, ഇന്നത്തെ എല്ലാ പ്രവർത്തനങ്ങളും തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്നു. എല്ലാ പ്രവർത്തകർക്കും ആവശ്യമായ ബുദ്ധിയും വിവേകവും വൈദഗ്ധ്യവും വിപദി ധൈര്യവും നിന്നിലുള്ള വിശ്വാസവും നിന്നിലുള്ള ആശ്രയവും നൽകണമെ. രോഗികൾക്ക് നിന്നിലുള്ള വിശ്വാസവും പ്രത്യാശയും ധൈര്യവും നൽകണമെ. രോഗികൾ സൗഖ്യം പ്രാപിച്ച് അവിടുത്തെ കൃപകളെക്കുറിച്ച് സ്തോത്രം ചെയ്‌വാനും തിരുനാമ മഹത്വത്തിനായി തുടർച്ചയായി പ്രവർത്തിപ്പാനും സഹായിക്കണമെ. ഞങ്ങൾ നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും ഇപ്പോഴും എല്ലായ്പോഴും എന്നേയ്ക്കും മഹത്വപ്പെടുത്തുവാൻ സംഗതിയാക്കുകയും ചെയ്യണമെ. ആമ്മീൻ.

## രോഗശമനത്തിന് സ്തോത്രം

(സങ്കീ. 103:1-13, ലൂക്കോ. 17:11-19)

എല്ലാ നന്മകളുടെയും, അനുഗ്രഹങ്ങളുടെയും സൗഖ്യത്തിന്റെയും ഉറവിടമായ കർത്താവേ, ഈ നിന്റെ ദാസന് കൊടുത്തിരിക്കുന്ന ആശ്വാസത്തിനും സൗഖ്യത്തിനും വേണ്ടി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഞങ്ങൾ അയോഗ്യരും പാപികളും ആകുന്നു എങ്കിലും അവിടുന്ന് ഞങ്ങളുടെ കുറ്റങ്ങൾക്കും കുറവുകൾക്കും തക്കവണ്ണം ഞങ്ങളെ ശിക്ഷിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാതെ ഞങ്ങളെ അനുഗ്രഹിച്ചതിനായി ഞങ്ങൾ അവിടുത്തെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നു. പൂർണ്ണമായ ആരോഗ്യവും ശക്തിയും വീണ്ടെടുക്കുന്നതുവരെ അവിടുത്തെ പ്രത്യേക അനുഗ്രഹം ഉണ്ടായിരിക്കേണമെ. ഈ നിന്റെ ദാസന്റെ അവയവങ്ങളെ ബലപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും ചെയ്യേണമെ. ശാരീരികവും മാനസ്സികവും, ആദ്ധ്യാത്മികവുമായ എല്ലാ അനുഗ്രഹങ്ങളും നൽകണമെ.

ലോകാവസാനത്തോളം കൂടെയുണ്ടായിരിക്കുമെന്ന് ശിഷ്യന്മാരോട് അരുളി ചെയ്യുകയും അവർ പോയ എല്ലാ സ്ഥലങ്ങളിലും അവരോടുകൂടെയിരിക്കുകയും ചെയ്ത കർത്താവേ, ഈ നിന്റെ ദാസൻ പോകുന്ന എല്ലാ സ്ഥലങ്ങളിലും അവിടുത്തെ തൃക്കരം ഈ നിന്റെ ദാസനെ കാവലായിരിക്കേണമെ. നിന്നോടുള്ള നന്ദി നിറഞ്ഞ ഹൃദയത്തോടെ കഷ്ടതയിലും രോഗത്തിലും ഇരിക്കുന്ന അനേകരെ ആശ്വസിപ്പിപ്പാനും കഴിയുന്ന സഹായം ചെയ്‌വാനും ഈ നിന്റെ ദാസനെ സഹായിക്കേണമെ. അങ്ങനെ ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പ. റൂഹായേയും എന്നാളും മഹത്വപ്പെടുത്തുമാറാകണമെ. ആമ്മീൻ.

## പ്രസവാനന്തരം മാതാവിനും ശിശുവിനും വേണ്ടി

(വി. ലൂക്കോ. 1:57, 58, 66-80)

"എൻ മനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വ അന്തരംഗവുമെ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103:1-2). എല്ലാ നന്മകളുടെയും അനുഗ്രഹങ്ങളുടെയും ഉറവിടമായ കർത്താവേ, ഈ നിന്റെ ദാസിക്ക് കൊടുത്തിരിക്കുന്ന എല്ലാ സംരക്ഷണത്തിനും അനുഗ്രഹങ്ങൾക്കുമായും ഞങ്ങൾക്ക് ദാനം ചെയ്തിരിക്കുന്ന ഈ ശിശുവിനുവേണ്ടിയും ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടി ശിശുവായി ജനിക്കുകയും ശിശുക്കളെ മാറോടണച്ച് അനുഗ്രഹിക്കുകയും ചെയ്ത കർത്താവേ, ഈ ശിശുവിനേയും നിന്റെ മാറോടണച്ച് അനുഗ്രഹിക്കേണമെ. യാതൊരു മാലിന്യവും പറ്റാതെ നിന്റെ പൈതലായി ഈ ശിശുവിനെ വളർത്താൻ ഞങ്ങളെ സഹായിക്കേണമേ. "(നീ എനിക്കുവേണ്ടി) എന്റെ കുഞ്ഞാടുകളെ മേയ്ക്കാ" എന്ന് പത്രോസ് ശ്ലീഹായോട് അരുളി ചെയ്ത കർത്താവേ, ഈ ശിശുവിനെ നിന്റെ കല്പന അനുസരിച്ച് വളർത്താൻ ഞങ്ങളെ സഹായിക്കണമേ. നിനക്കും നിന്റെ സഭയ്ക്കും വേണ്ടി വേല ചെയ്യുന്നതിന് ഇടയാക്കത്തക്കവണ്ണം ഈ ശിശുവിനെ വളർത്തിയെടുക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമെ. "പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു. ആത്മാവിൽ ബലപ്പെട്ടു. ദൈവത്തിന്റെ കൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" എന്ന് നിന്റെ പൈതൽ പ്രായത്തെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ ഈ ശിശുവിന്റെയും ആത്മശരീര മനസ്സുകൾക്ക് ആവശ്യമായ കൃപയും, ശക്തിയും വളർച്ചയും കൊടുക്കണമെ. ഞങ്ങളും, ഈ ശിശുവും നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും എന്നും മഹത്വപ്പെടുത്തുവാൻ സംഗതിയാക്കണമെ. ആമ്മീൻ.

## മരണാസന്നർക്കുവേണ്ടി

(സങ്കീ. 23)

ഞങ്ങളുടെ രക്ഷയുടെ ദൈവമായി നാൾ തോറും ഞങ്ങളുടെ ഭാരങ്ങളെ വഹിക്കുന്ന കർത്താവേ, പരലോകത്തെക്കുറിച്ചുള്ള നിന്റെ വാഗ്ദത്തങ്ങളെ ഓർക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ, എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടുന്നതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളുമെന്ന്" (യോഹ. 14:1-3) അരുളിച്ചെയ്ത കർത്താവേ, നിന്റെ പിതാവിന്റെ ഭവനത്തിന്റെ മഹത്വം ദർശിക്കുവാൻ ഈ സമയത്ത് ഞങ്ങളെ യോഗ്യരാക്കണമെ. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളതിനെ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല (1 കൊരി. 2:9) എന്ന് വി. പൗലോസ് അതിനെ വർണ്ണിക്കുന്നു. തന്റെ ഭക്തന്മാർ ദൈവത്തിന്റെ ആലയത്തിൽ തന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് രാപകൽ ആരാധിക്കും, ഇനി അവർക്ക് വിശക്കുകയുമില്ല, ദാഹിക്കുകയുമില്ല. വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയില്ല. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേയ്ക്ക് നടത്തുകയും, ദൈവം താൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചുകളയുകയും ചെയ്യും (വെളി. 7:5-17) എന്ന് യോഹന്നാൻ ശ്ലീഹായും സാക്ഷിക്കുന്നു. കർത്താവേ ലോകസ്ഥാപനം

മുതൽ ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം (മത്താ. 25:34) അവകാശിക്കുവാനായി ഈ നിന്റെ ദാസന്റെ ആത്മാവ് നിന്റെ അടുക്കലേക്ക് വരാൻ ഒരുങ്ങുന്ന ഈ സമയത്ത് പരലോകത്തിലെ മഹത്വങ്ങളെ ദർശിക്കുവാൻ സഹായിക്കേണമെ. ഈ നിന്റെ ദാസന് ആവശ്യമായ സമാധാനവും പ്രത്യാശയും ധൈര്യവും കൊടുക്കണമെ.

ഇവന്റെ ബാല്യം മുതലുള്ള സകല പാപങ്ങളെയും ക്ഷമിക്കേണമെ. മുടിയനായ പുത്രനെ പിതാവ് സ്വീകരിച്ചതുപോലെ, ഈ നിന്റെ ദാസനേയും സ്വീകരിക്കേണമെ. പതിനൊന്നാം മണി നേരത്തെ വേലക്കാരെപ്പോലെ, ഈ നിന്റെ ദാസനും പ്രതിഫലം നൽകേണമെ. പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയ്യിൽ ഭരമേല്പിക്കുന്നു എന്നു പറഞ്ഞ് തന്നെത്തന്നെ സമർപ്പിപ്പാൻ, ഈ ദാസനെ സഹായിക്കേണമെ. വലത്തുഭാഗത്തെ കള്ളനെയെന്നപോലെ ഇവനെയും പറുദീസായിൽ ചേർത്തുകൊള്ളേണമെ. സമാധാനത്തിന്റെ മാലാഖമാരെ അയച്ച് നിന്റെ ദാസനെ ധൈര്യപ്പെടുത്തണമെ. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ലെന്ന് അരുളിച്ചെയ്ത കർത്താവേ, ഒരു വ്യവസ്ഥയും കൂടാതെ നീ ഏവരേയും കൈക്കൊള്ളുന്നവല്ലോ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ. 11:28) എന്നരുളിച്ചെയ്ത കർത്താവേ, ഈ നിന്റെ ദാസന് പാപമോചനത്തിന്റെ ഉറവും, നിന്റെ സമാധാനവും, സന്തോഷവും നൽകേണമെ. ഞങ്ങളും ഈ നിന്റെ ദാസനും നിന്റെ മഹത്വ പ്രത്യക്ഷതയിൽ നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായേയും അന്തമില്ലാതെ മഹത്വപ്പെടുത്തുമാറാകേണമെ. ആമ്മീൻ.

## മരണത്തിൽ ദുഃഖിക്കുന്നവർക്കുവേണ്ടി

(വി. യോഹ. 11:32-35, 2. കൊരി. 5:1-10, വെളി. 7:9-17)

മനസ്സലിവുള്ള പിതാവും, സർവ്വാശ്വാസവും നൽകുന്ന ദൈവവും, ലാസറിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്ത കർത്താവും, ആശ്വാസപ്രദനായ പരിശുദ്ധ റൂഹായുമായ ദൈവമേ, തിരുസന്നിധിയിലേയ്ക്ക് ദുഃഖത്തിന്റെയും കഷ്ടതയുടെയും മദ്ധ്യത്തിൽ ഞങ്ങൾ അടുത്തുവരുന്നു. ഞങ്ങൾക്ക് ആശ്വാസം നൽകണമെ. സർവ്വത്തിലും പാപമൊഴികെ ഞങ്ങൾക്ക് തുല്യം പരീക്ഷിക്കപ്പെട്ട കർത്താവേ, ഞങ്ങളുടെ വേദനകളും സങ്കടങ്ങളും നീ അറിയുന്നുവല്ലോ. നിന്നിൽ തന്നെ ഞങ്ങൾ സങ്കേതപ്പെടുന്നു. 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിയ്ക്കുമെന്ന്' നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ' എന്ന് വി. പത്രോസും ഞങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ഞങ്ങളുടെ ഈ കഷ്ടതകളെല്ലാം തിരുമുമ്പാകെ സമർപ്പിച്ച് തിരുഹിതത്തിന് ഞങ്ങൾ കീഴ്പെടുമാറാകണമെ. അവിടുന്ന് ഇതെല്ലാം ഞങ്ങളുടെ പരമമായ നന്മക്കാക്കി തീർക്കുമെന്ന വിശ്വാസവും, ഉറപ്പും ഞങ്ങൾക്ക് നൽകണമെ. നിന്റെ ദാസന്റെ വേർപാട് മൂലം ഈ കുടുംബത്തിൽ ഉണ്ടായിട്ടുള്ള വിടവിനെ നിന്റെ ദിവ്യസാന്നിദ്ധ്യം മൂലം പരിഹരിക്കേണമെ.

കർത്താവേ, ശരീരപ്രകാരം ഞങ്ങളിൽ നിന്ന് വേർപെട്ട നിന്റെ ദാസന്റെ (ദാസിയുടെ) ആത്മാവ്, സദാ ഞങ്ങളോടു കൂടെ ഉണ്ടെന്നും, രാപ്പകൽ നിന്നെ ആരാധിക്കുന്നവരുടെ സമൂഹത്തിലാണെന്നും ഞങ്ങൾക്കുവേണ്ടി രാപ്പകൽ പ്രാർത്ഥിക്കുന്നുണ്ടെന്നും ഓർത്ത് സമാധാനം കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കേണമെ. കർത്താവേ, നിന്റെ മറുരൂപ സമയത്ത് മോശയും ഏലിയാവും പ്രത്യക്ഷപ്പെട്ട്, യെറുശലേമിൽ നിനക്കു വരാൻ പോകുന്ന

നിര്വാണത്തെക്കുറിച്ച് സംസാരിച്ചതുപോലെ ഞങ്ങളുടെ ആവശ്യങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ആത്മാക്കൾ അറിഞ്ഞ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവല്ലോ.

കർത്താവേ, വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന ഈ നിന്റെ ദാസരുടെ പ്രയാസങ്ങളിൽ പങ്കുചേരുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും എല്ലാവർക്കും സന്മനസ്സ് നൽകണമെ. പ്രയാസത്തിലിരിക്കുന്ന ഏതൊരുവനും ചെയ്യുന്ന സഹായം നിനക്ക് ചെയ്യുന്നതാണെന്ന ബോധം എല്ലാവർക്കും നൽകണമെ.

നിന്റെ ദാസന്റെ ഇഹലോക ജീവിതകാലത്ത് നിന്റെ കുടുംബത്തിനും, സഭയ്ക്കും, നാടിനും ചെയ്ത എല്ലാ നന്മകൾക്കും വേണ്ടി, ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ആ നല്ല മാതൃക പിന്തുടരുവാൻ ഞങ്ങളെ സഹായിക്കേണമെ. അദ്ദേഹം ചെയ്തുകൊണ്ടിരുന്ന നല്ല പ്രവർത്തനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് കുടുംബാംഗങ്ങളെ സഹായിക്കണമെ.

നിന്റെ ദാസൻ നിന്നോടു കൂടെ വസിച്ച് നിന്റെ പ്രകാശം ലഭിച്ച്, കൂടുതൽ വിശുദ്ധിയിൽ വളരുന്നതിന് സംഗതിയാക്കണമേ. നിന്നെ തുടർച്ചയായി പ്രസാദിപ്പിക്കുന്നതിനും രാപ്പകൽ നിന്നെ ആരാധിക്കുന്നതിനും കൃപ നൽകണമെ.

കർത്താവേ, ഈ ലോകത്തിൽ അവശേഷിക്കുന്ന ഞങ്ങൾ നിന്റെ സന്നിധിയിലേയ്ക്കു വരുന്നതിനായി സദാ ഒരുങ്ങുന്നതിന് സഹായിക്കേണമെ. എപ്പോഴോ, എവിടെയോ, എങ്ങിനെയോ, നീ തിരുമനസ്സാകുന്ന പ്രകാരം ഞങ്ങളുടെ ഇഹത്തിൽ നിന്നുമുള്ള യാത്ര സംഭവിക്കുമാറാകണമെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവീൻ ലോക സ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശിച്ചുകൊൾവിൻ എന്ന സന്തോഷപ്രദമായ ശബ്ദം കേൾപ്പാൻ ഞങ്ങളുടെ വാങ്ങിപ്പോയവരേയും ഞങ്ങളെയും യോഗ്യരാക്കണമെ. ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും ഒരുമിച്ച്, എന്നാളും നിന്നെ മഹത്വപ്പെടുത്തുവാൻ യോഗ്യരായിതീരുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## ജന്മദിന സ്തോത്രപ്രാർത്ഥന

(സങ്കീ. 90:12, എഫേ. 5:16, വി. യോഹ. 9:4, വി. മത്താ. 25:1-13)

ജീവദാതാവായ സ്വർഗ്ഗസ്ഥ പിതാവേ, ഈ ദാസന്റെ (ദാസിയുടെ, ദാസരുടെ) ജന്മദിനത്തിൽ ഇവന് ഇന്നുവരെ നൽകിയ എല്ലാ അനുഗ്രഹത്തിനും ദിവ്യനടത്തിപ്പിനും വേണ്ടി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഈ നിന്റെ ദാസന്റെ ജീവിതകാലം മുഴുവനും, നിന്റെ പ്രീതിവാത്സല്യവും സംരക്ഷണവും ഇവന് ഉണ്ടായിരിക്കേണമെ. ഭാവിയിൽ ഇവന് നേരിടാവുന്ന എല്ലാ പരീക്ഷകളിലും നീ ഇവന് സഹായിയും കാവൽക്കാരനുമായിരിക്കേണമെ. സകല ആപത്തുകളിൽനിന്നും രോഗങ്ങളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഇവനെ സംരക്ഷിച്ചുകൊള്ളേണമെ. ആത്മശരീരങ്ങളുടെ ദുഃഖങ്ങളെ ഇവനിൽ നിന്നും മാറ്റിക്കളയേണമെ. പിശാചുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും ദുഷ്ട മനുഷ്യരുടെ പീഡനങ്ങളിൽ നിന്നും, നിന്റെ കൃപ ഇവനെ മറച്ചുകൊള്ളണമെ. അന്ധകാര ശക്തികളിൽ നിന്നും, എല്ലാ പ്രതികൂലതകളിൽ നിന്നും കാവൽ മാലാഖ മൂലം കാത്ത് പ്രകാശത്തിന്റെ മകനായി വളർത്തിക്കൊള്ളണമെ.

ഇവന്റെ ആയുസ്സിന്റെ നാളെല്ലാം സമാധാനത്തോടും സന്തുഷ്ടിയോടും നിന്റെ ദിവ്യപരിപാലനത്തിൽ ഇവനെ സൂക്ഷിച്ചുകൊള്ളണമെ. ഇവന്റെ മനസ്സ് നിന്നിൽ സ്ഥിരമായിരിപ്പാനും നിന്നിലുള്ള വിശ്വാസം ബലപ്പെട്ട് ദിവ്യസ്നേഹത്താൽ ജ്വലിക്കുവാനും ഇവന് കൃപ

നൽകേണമെ. ഇവന്റെ ഇടതു കൈയ്യും വലതു കൈയ്യും സമ്പാദിക്കുന്ന സകലത്തേയും നീ വാഴ്ത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യേണമെ. സുകൃത ജീവിതത്താൽ ഇവനെ അലങ്കരിക്കേണമെ. നിന്റെ രാജ്യത്തിന് അവകാശിയായി ജീവിപ്പാൻ ഇവന് സംഗതിയാക്കണമെ. ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്ന ഈ അവസരത്തിൽ, പുതിയ തീരുമാനങ്ങളോടും ദർശനത്തോടും കൂടി പുതിയ വർഷത്തിലേക്ക് പ്രവേശിപ്പാൻ ഇവനെ സഹായിക്കണമെ. ഞങ്ങളും ഇവനും നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സമർപ്പിക്കുമാറാകണമെ. ആമ്മീൻ.

## പുതുവത്സരത്തിൽ

(യെഹ. 18:21-24, ഫിലി. 3:13-14, വി. യോഹ. 8:29, 9:4, 14:1-3; 17:4, 19:30; എഫെ. 5:16)

ഞങ്ങളുടെ രക്ഷയുടെ ദൈവമായി തലമുറ തലമുറയായി ഞങ്ങളെ നടത്തുന്ന നല്ല ഇടയനായ കർത്താവേ, ഈ പുതിയ വർഷത്തിന്റെ ആരംഭത്തിലേക്ക് ഞങ്ങളെ കൊണ്ടു വന്നതിന്റെ അളവറ്റ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്നിൽക്കൂടി മുമ്പോട്ടും പുറകോട്ടും തിരിഞ്ഞ് നോക്കുന്നതിനും വർത്തമാനകാലത്തിൽ ശ്രദ്ധപതിച്ച് ദൈനംദിനം മുന്നേറുന്നതിനും നീ സഹായിക്കേണമെ.

കഴിഞ്ഞ കാലത്തെ വിജയത്തിൽ നിഗളിക്കാതെ നിന്റെ കൃപയാണ് നടത്തിയതെന്ന് ഓർത്ത് സ്തോത്രം ചെയ്യുന്നതിനും നിന്റെ കൃപയിൽ ആശ്രയിച്ച് പരമാവധി അദ്ധ്വാനിക്കുന്നതിനും സംഗതിയാക്കണമെ. കഴിഞ്ഞകാലത്തെ തോൽവികളെക്കുറിച്ച് അമിതമായി വ്യസനിക്കാതെ വർത്തമാന കാലത്ത് അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള സൂക്ഷ്മതയും ശക്തിയും നൽകണമെ. നിന്നിൽ നിന്ന് പാപമോചനം പ്രാപിച്ച് പുതിയ തീരുമാനങ്ങളോടും പുതിയ ശക്തിയോടും പുതിയ ദർശനത്തോടും മുന്നേറുവാൻ സംഗതിയാക്കണമെ.

ഞങ്ങൾക്ക് അറിഞ്ഞുകൂടാത്ത ഭാവിയിൽ ഉണ്ടാകാവുന്ന പരീക്ഷകളിലും, പരിശോധനകളിലും നല്ല ഇടയനായ നീ തന്നെ മുൻപിൽ നടന്ന്, ഞങ്ങളെ അപകടം കൂടാതെ നയിക്കുമാറാകണമെ. നിന്റെ ശബ്ദം കേട്ട്, നിന്റെ ഹിതം ആരാഞ്ഞ് ജീവിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. സ്വശക്തിയിലോ, മനുഷ്യരിലോ, ലോകശക്തികളിലോ ആശ്രയിക്കാതെ എല്ലാറ്റിനും ഉപരിയായി നിന്റെ ശക്തിയിലും ആലോചനയിലും ആശ്രയിച്ചുകൊണ്ട് പ്രവർത്തിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ. വി. പൗലോസ് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതുപോലെ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുന്നതിനും തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം നിന്റെ മഹത്വത്തിനായി ചെയ്യുന്നതിനും സംഗതിയാക്കണമെ.

കർത്താവേ, നിന്റെ മനുഷ്യാവതാരകാലത്ത് നീ സമയം തക്കത്തിൽ ഉപയോഗിച്ച് എല്ലാം പരമാവധി ഭംഗിയായി ചെയ്തു. അതുകൊണ്ട് നീ എപ്പോഴും പിതാവിനെ പ്രസാദിപ്പിക്കുന്നു എന്ന് പറയുന്നതിനും സാധിച്ചു. നിന്നെ അനുസരിച്ച് സമയം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമെ. ഓരോ ഇന്നും ഏറ്റവും ഉത്തമമായി ചെലവഴിക്കുന്നതിന്റെ ഫലമായി ഓരോ ഇന്നലെയും മധുര സ്വപ്നങ്ങളായി തീരുന്നതിനും ഓരോ നാളെയും പ്രത്യാശയുടെ ദർശനങ്ങളായി തീരുന്നതിനും സംഗതിയാക്കണമെ.

'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് ഞാൻ പിന്നെയും വന്ന്, നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളുമെന്ന്' അരുളി

ചെയ്ത കർത്താവേ, ഈ ലോകം ശാശ്വതമല്ലെന്നും, പരലോകത്തിനുള്ള ഒരുക്ക കാലമാണെന്നും ഓർത്ത്, നാൾ തോറും ഒരുങ്ങി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ആ പരലോകത്തിൽ ഞങ്ങൾ വന്ന് ചേർന്ന് കൊള്ളാം. 'നല്ലവനും വിശ്വസ്തനുമായ ദാസാ' എന്ന വിളി കേൾക്കുന്നതിനും നിന്റെ പരമാനന്ദത്തിൽ സന്തോഷിക്കുന്നതിനും ഞങ്ങളെ എല്ലാവരേയും യോഗ്യരാക്കണമെ. ഞങ്ങൾ നിന്നെയും, നിന്റെ പിതാവിനെയും, നിന്റെ വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേക്കും മഹത്വപ്പെടുത്തുമാറാകണമെ. ആമ്മീൻ.

## പുതുതായി ആരംഭിക്കുന്ന വാർഡുകളോ ചികിത്സാ സംവിധാനങ്ങളോ പ്രതിഷ്ഠിക്കുവാൻ

**ഗീതം:–** സ്നേഹത്തിൻ ദീപം കൊളുത്തീടുവീൻ....

**വേദവായന:–**

General Ward - വി. ലൂക്കോസ്. 7:18-23, വി. മത്തായി 9:1-8
Dermatology - വി. ലൂക്കോ. 5:12-16
Mental Ward - വി. മർക്കോ. 5:1-20, 9:14-29
E. N. T. Ward - വി. മർക്കോ. 7:31-37
Maternity Ward - വി. മർക്കോ. 5:25-34
Surgery Ward - വി. യോഹ. 9:1-7
Eye Ward - വി. മർക്കൊ. 8:22-26, വി. മർക്കോ 10:43-52
Orthopaedic Ward - വി. യോഹ. 37:1-14
Paediatric Ward - വി. മർക്കോ. 10:13-16.

കാരുണ്യവാനായ കർത്താവേ, നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുകയും അപേക്ഷിയ്ക്കുകയും ചെയ്യുന്നു. 'ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു' എന്ന് പുരാതന കാലത്ത് മോശയോട് അരുളി ചെയ്ത ദൈവമേ, അവിടുന്ന് മാത്രമാണ് സൗഖ്യദാന ശുശ്രൂഷയുടെ ഉറവിടം. വൈദ്യന്മാർക്ക് അറിവ് കൊടുക്കുന്നവനും ഔഷധങ്ങൾക്ക് ശക്തി നൽകുന്നവനും നീ മാത്രമാകുന്നു. ഈ ആധുനിക യുഗത്തിൽ ശാസ്ത്രീയ ചികിത്സയിൽ കൂടി സൗഖ്യം നൽകുന്നവനും അവിടുന്നാകുന്നു. നിന്നിൽ തന്നെ ഞങ്ങൾ ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നു. നിന്നെ പിരിഞ്ഞ് ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഇപ്പോൾ നിന്റെ മഹത്വത്തിനും നിന്റെ മക്കളുടെ ക്ഷേമത്തിനുമായി ഇവിടെ പണിത് ഉത്ഘാടനം ചെയ്യുവാൻ പോകുന്ന ഈ സ്ഥാപനത്തെ വാഴ്ത്തണമെ.

ഇതിന്റെ സ്ഥാപനത്തിൽ ഉപദേശം കൊണ്ടും, അദ്ധ്വാനം കൊണ്ടും, പ്രാർത്ഥന കൊണ്ടും സഹായിച്ചവരെ പ്രത്യേകം ഓർത്ത് നിന്നെ സ്തുതിക്കുന്നു. നിന്റെ ഈ ദാസരെ അവരുടെ പ്രയത്നത്തിന് തക്കവണ്ണം അനുഗ്രഹിക്കണമെ. നിന്നിലുള്ള ആശ്രയത്തോടും പരസ്പര സഹകരണത്തോടും മനസ്സലിവോടും കൂടി വേല ചെയ്യുവാൻ ഇവിടുത്തെ പ്രവർത്തകരെ സഹായിക്കണമെ.

ശാരീരികവും മാനസികവുമായ സൗഖ്യത്തോടൊപ്പം ആത്മീയ സൗഖ്യവും പ്രാപിപ്പാൻ ഈ സ്ഥാപനത്തെ അവിടുന്ന് ഒരു മുഖാന്തിരമാക്കിത്തീർക്കണമെ. അതിനു തക്കവണ്ണമുള്ള അന്തരീക്ഷം ഇവിടെ പാലിക്കുവാൻ ആശുപത്രി പ്രവർത്തകരേയും രോഗികളേയും അവരുടെ കൂടെ നിന്ന് ശുശ്രൂഷിക്കുന്നവരേയും സഹായിക്കണമെ.

സൗഖ്യം പ്രാപിക്കുന്ന രോഗികൾ നിന്റെ മഹത്വത്തിനായി തങ്ങളെത്തന്നെ സമർപ്പിപ്പാനും കഷ്ടത്തിലും രോഗത്തിലുമിരിക്കുന്ന അനേകരെ സഹായിക്കുവാനും സംഗതിയാക്കണമെ. ഏതെങ്കിലും കാരണവശാൽ തിരുഹിതം മറ്റു വിധത്തിലെങ്കിൽ നിന്റെ ഹിതത്തിന് പൂർണ്ണ മനസ്സോടെ കീഴ്പെടുവാനും, അങ്ങനെ ആത്മീയ ശക്തി പ്രാപിപ്പാനും നീ സംഗതിയാക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ വിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി കരേറ്റുന്നു. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

## ചികിത്സാ ക്യാമ്പുകളുടെ ആരംഭത്തിൽ

**ഗീതം:–** എല്ലാം അങ്ങേ മഹത്വത്തിനായ്.....

**വേദവായന:–** വി. ലൂക്കോസ് 10:1-9

സർവ്വചരാചരങ്ങളുടേയും സ്വഷ്ടാവും നിയന്താവുമായ ദൈവമേ, അനുദിനം അവിടുന്ന് ഞങ്ങൾക്ക് ചെയ്തുതരുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. ആരോഗ്യമുള്ള ശരീരവും മനസ്സും ആത്മാവും അങ്ങയുടെ ദാനമാകുന്നു. ആത്മശരീര മനസ്സുകളുടെ യഥാർത്ഥ വൈദ്യനും നീ മാത്രമാകുന്നു. വൈദ്യന്മാർക്ക് അറിവ് കൊടുക്കുന്നവനും ഔഷധങ്ങൾക്ക് ശക്തി നൽകുന്നവനും നീയാകുന്നു. സൗഖ്യത്തിന്റെയും നന്മകളുടെയും ഉറവയാകുന്ന നിന്റെ അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്ന കൈവഴിയായി ഈ ക്യാമ്പിനെ എടുത്ത് ഉപയോഗിക്കണമെ. അതിനു തക്കവണ്ണം ഇവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും അങ്ങയുടെ നടത്തിപ്പ് ആദിയോടന്തം ഉണ്ടായിരിക്കേണമെ. ഈ ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ രോഗികൾക്കും ഇവിടുത്തെ പരിശോധനകളും പരിചരണങ്ങളും സൗഖ്യപ്രാപ്തിക്ക് ഉതകുന്നതാക്കേണമേ. അവർക്ക് പ്രത്യാശയും സന്തോഷവും സമാധാനവും നിന്നിൽ നിന്ന് ലഭിക്കേണമേ. ഡോക്ടർമാർക്കും ശുശ്രൂഷകർക്കും, സംഘാടകർക്കും ഈ ക്യാമ്പിനെ വിജയകരമാക്കുവാൻ വേണ്ടതായ എല്ലാ നൽവരങ്ങളും കൊടുക്കേണമേ. അദ്ധ്വാനിയ്ക്കുന്നവരും ഭാരം ചുമക്കുന്നവരുമേ വരുവീൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് അരുളി ചെയ്ത നാഥാ അവിടുന്ന് ഇവിടെ എഴുന്നള്ളി എല്ലാവർക്കും ആശ്വാസവും പ്രത്യാശയും സൗഖ്യവും നൽകി അനുഗ്രഹിക്കേണമേ. അന്ധർക്ക് കാഴ്ചയും, ചെകിടർക്ക് കേൾവിയും ഇങ്ങനെ ഓരോരുത്തരുടേയും ആവശ്യമനുസരിച്ച് സൗഖ്യം നൽകുന്നവനേ, ഇവിടെ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളിലും അവിടുത്തെ നടത്തിപ്പ് ഉണ്ടായിരിക്കേണമേ. രോഗത്തിന്റെ മൂലകാരണങ്ങൾ കണ്ടുപിടിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുവാനും അനുഗ്രഹപൂർണ്ണമായ ചികിത്സാ പരിചരണം ഉണ്ടാക്കുവാനും സംഗതിയാക്കേണമേ. തൃപ്പാദത്തിൽ ഞങ്ങളെയെല്ലാവരെയും ഈയവസരത്തിൽ സമർപ്പിക്കുന്നു.

ഇവിടെ ഇങ്ങനെ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിനു വേണ്ടി നേരത്തെ എല്ലാ കാര്യങ്ങളും ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും സംഭാവനകൾ കൊണ്ടും അദ്ധ്വാനം കൊണ്ടും ഇതിനെ സഹായിക്കുകയും ചെയ്ത എല്ലാവർക്കും അവരുടെ പ്രയത്നത്തിന് തക്ക ഫലം അവിടുന്ന് നൽകണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതി കരേറ്റുന്നു. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

## ആശുപത്രി പഠന പരിപാടിയിലെ വിദ്യാഭ്യാസാരംഭത്തിൽ

**ഗീതം:–** ദൈവമേ, നിൻ അറിവാലെ ഹൃദയം നിറക്കുകേ.

**വേദവായന:–** ദാനിയേൽ 1:1-21, സദൃ. 3:1-7

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമായ കർത്താവേ, സംസാര ശക്തിയോടും വിവേക ബുദ്ധിയോടും കൂടെ അവിടുത്തെ സാദൃശ്യത്തിൽ ഞങ്ങളെ നീ സൃഷ്ടിച്ചിരിക്കുന്നു. എല്ലാ ജ്ഞാനത്തിന്റെയും പ്രവർത്തന വൈഭവത്തിന്റെയും ഉറവിടം നീയാകുന്നു. അവിടുത്തെ മുൻപിൽ ഞങ്ങൾ അല്പ ജ്ഞാനികളും ബലഹീനരുമാകുന്നു. വിക്കനായിരുന്ന മോശയ്ക്ക് നിന്റെ ജ്ഞാനത്തെ കൊടുക്കുകയും അവനെ മഹാജന സമൂഹത്തിന്റെ നേതാവാക്കിത്തീർക്കുകയും ചെയ്തു. ശലോമോന് നിന്റെ ബുദ്ധിയെ നൽകി അവനെ ജ്ഞാനികളിൽ ജ്ഞാനിയാക്കി നിന്റെ ജനത്തെ നയിക്കുവാൻ നീ കഴിവു കൊടുത്തു. ഇപ്പോൾ ദൈവമേ, ജ്ഞാനസമ്പാദനത്തിനും അതിൽക്കൂടി അനേകം ആത്മാക്കളെ ശുശ്രൂഷിക്കുന്നതിനും വേണ്ടി ഇറങ്ങിത്തിരിച്ചിരിക്കുന്ന ഈ നിന്റെ ദാസരെ നീ അനുഗ്രഹിക്കേണമെ. നിന്റെ പരിശുദ്ധാത്മാവിനെ അയച്ച് ഇവരിൽ ഓരോരുത്തരേയും ദൈവജ്ഞാനമുള്ളവരാക്കിത്തീർക്കേണമേ. 'നിന്റെ വായ്" വിസ്താരത്തിൽ തുറക്ക. എന്റെ വചനത്തെ അതിൽ നിറയ്ക്കും" എന്നരുളിച്ചെയ്ത കർത്താവെ, നിന്റെ അറിവും ജ്ഞാനവും കൊണ്ട് അവിടുത്തെ മക്കളെ നിറയ്ക്കേണമേ. ഇപ്പോൾ ആരംഭിക്കുവാൻ പോകുന്ന ഇവരുടെ വിദ്യാഭ്യാസം നിന്റെ കൃപയിൽ ആരംഭിയ്ക്കുവാനും അപ്രകാരം നയിക്കപ്പെടുവാനും സംഗതിയാക്കേണമെ.

ഇവരുടെ എല്ലാവിധ പഠന ശുശ്രൂഷാ വേളയിലും നിന്റെ സാന്നിദ്ധ്യം ഇവരോടുകൂടെ ഉണ്ടായിരിക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും കരേറ്റുമാറാകേണമെ. ആമ്മീൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........

## ആശുപത്രി പഠന പരിപാടിയിലെ പരീക്ഷയ്ക്കു പോകുന്നവർക്കു വേണ്ടി

**ഗീതം:–** പരമഗുരുവരനാം യേശുവേ നീ...
വരം താ പ്രാർത്ഥന ചെയ്തീടാൻ....

**വേദവായന:–** സങ്കീ. 23, വി. യോഹ. 6:15-21

'യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവീൻ നിങ്ങൾക്കായി തുറക്കപ്പെടും' എന്ന് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തവനായ കർത്താവേ, നിന്റെ സന്നിധിയിലേക്ക് നിന്റെ മക്കളായ ഓരോരുത്തരും കടന്നുവന്നിരിക്കുന്നുവല്ലോ. പൈതങ്ങളെ അടുത്തുവിളിച്ച് വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ച കർത്താവേ, പരീക്ഷയ്ക്കായി ഒരുങ്ങുന്ന അവിടുത്തെ മക്കളെ അവിടുത്തെ പ്രത്യേക അനുഗ്രഹത്തിനായി സമർപ്പിക്കുന്നു. പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ, അവരെ തടയരുത് എന്നരുളിച്ചെയ്ത കർത്താവേ, പൈതങ്ങളെ അവിടുന്ന് പ്രത്യേകമായി സ്നേഹിക്കുകയും അവരെ ഗ്രഹിക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യുന്നുവല്ലോ. ഞങ്ങളുടെ ആത്മശരീര മനസ്സുകളുടെ ഉയർച്ചയ്ക്കും വിജയത്തിനുമായി അവിടുന്ന് ആഗ്രഹിക്കുന്നുവല്ലോ. 'എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും സാദ്ധ്യമല്ല' എന്ന് അരുളിച്ചെയ്ത കർത്താവേ, നിന്നിൽ തന്നെ ആശ്രയം വെയ്ക്കുന്നു. 'എന്റെ കൃപ നിനക്കുമതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്ന് അരുളിച്ചെയ്ത കർത്താവേ,

അവിടുത്തെ കൃപ സമൃദ്ധിയായി ഇവർക്ക് നൽകേണമേ. ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവം, ഞാൻ നിന്നെ സഹായിക്കുമെന്ന് യെശ്ശയ്യാ പ്രവാചകനിൽ കൂടി അവിടുന്ന് അരുളിച്ചെയ്യുന്നുവല്ലോ. വിജയത്തിന് ആവശ്യമായ ഓർമ്മശക്തിയും വിവേകവും വിപത്ധൈര്യവും നൽകേണമേ. എല്ലാ പരീക്ഷകളിലും നിന്നിൽ ആശ്രയിച്ചുകൊണ്ട് പരമാവധി ഭംഗിയായി ചെയ്യുന്നതിനും വിജയമാക്കുന്നതിനും, അവിടുത്തെ എല്ലാ കൃപകൾക്കും അനുഗ്രഹങ്ങൾക്കും സംഗതിയാക്കേണമെ. നിന്റെ ദാസർക്ക് നിന്റെ ജ്ഞാനത്തെ പകർന്നുകൊടുത്തവരെ പ്രത്യേകമായി സ്മരിക്കുന്നു. അവരുടെ ഇത്രത്തോളം ശ്രമങ്ങൾക്ക് നല്ല ഫലം കണ്ടെത്തുവാനും ഞങ്ങളും അവരും നിന്നെ മഹത്വപ്പെടുത്തുവാനും ഇടയാക്കേണമേ.

ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എല്ലായ്പ്പോഴും എന്നേക്കും സമർപ്പിക്കുമാറാകേണമേ. ആമ്മീൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

## ആശുപത്രി പഠന പരിപാടിയുടെ പൂർത്തീകരണത്തിൽ

**ഗീതം**:– സീയോൻ സഞ്ചാരി ഞാൻ......

അല്ലെങ്കിൽ, പോർക്കളത്തിൽ നാം പൊരുതുക ധീരരായ്.....

**വേദവായന**:– ആവർത്തനം 8:1-20

'അല്പത്തിൽ വിശ്വസ്തനായവനെ ഞാൻ അധികത്തിലും അധികാരിയാക്കും' എന്ന് തിരുവായ്കൊണ്ട് കല്പിച്ച കർത്താവേ, ഇപ്പോൾ ഈ വിദ്യാലയത്തിലെ പഠന പരിപാടി പൂർത്തിയാക്കി അവിടുത്തേ മക്കളെ ശുശ്രൂഷിക്കുവാൻ ഇറങ്ങിത്തിരിയ്ക്കുന്ന നിന്റെ ദാസരെ നീ അനുഗ്രഹിക്കേണമേ. തങ്ങൾക്ക് ലഭിച്ച താലന്തുകൾ കൊണ്ട് വിവേകപൂർവ്വം വ്യാപാരം ചെയ്ത് നിനക്കും ലോകത്തിനും കൊള്ളാവുന്നവരായിത്തീരുവാൻ നീ സംഗതിയാക്കേണമേ.

എല്ലാ ദാനവും, തികഞ്ഞ വരമൊക്കെയും നൽകുന്ന സ്വർഗ്ഗസ്ഥപിതാവേ, അവിടുത്തെ ദാസർക്ക് നൽകിയ പരീക്ഷയിലെ വിജയത്തിന് വേണ്ടി ഞങ്ങൾ ആത്മാർത്ഥമായി സ്തോത്രം ചെയ്യുന്നു. അവിടുന്ന് തരുന്ന നന്മകൾ ഞങ്ങളെ സ്വാർത്ഥതയിലേയ്ക്കും നിഗളത്തിലേയ്ക്കും നയിക്കാതെ കൂടുതലായ നിസ്വാർത്ഥ സ്നേഹത്തിലേക്കും വിനയത്തിലേക്കും നയിക്കുവാൻ സംഗതിയാക്കേണമേ. നിന്നിൽ തന്നെ ഞങ്ങൾ ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നു. നിന്നെ പിരിഞ്ഞു ഞങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല. ആയതിനാൽ അനേകർക്ക് നിന്റെ നന്മകളും അനുഗ്രഹങ്ങളും നൽകത്തക്കവണ്ണം ഞങ്ങളെ അനുഗ്രഹത്തിന്റെ കൈവഴികളായി എടുത്ത് ഉപയോഗിക്കേണമേ.

പുതിയ ജോലികൾക്ക് ആവശ്യമായിരിക്കുന്ന വിവേക ബുദ്ധിയും വൈദഗ്ധ്യവും നിന്റെ ദാസർക്കു നൽകേണമേ. വിശ്വസ്തതയോടെ ജോലി ചെയ്യുവാനും അങ്ങനെ നിന്റെ മക്കളായി ജീവിതം കൊണ്ടു നിന്നെ സാക്ഷിക്കുവാനും സംഗതിയാക്കേണമേ.

ഇവർ ചെന്നു ചേരുന്ന ഓരോ സ്ഥാപനങ്ങളിലും ഇവരുടെ ശുശ്രൂഷാ വേളകളിൽ നിന്റെ ദൈവിക സ്നേഹം പ്രകടമാക്കുന്നതിനും രോഗികൾക്ക് ആശ്വാസം നൽകുവാനും ഇവർക്ക് നീ സംഗതിയാക്കേണമേ. മനുഷ്യർക്കല്ല, നിനക്ക് എന്നപോലെ സേവനം അനുഷ്ഠിക്കുവാൻ ഇവരെ സഹായിക്കേണമേ. കഴിഞ്ഞുപോയ കാലങ്ങളിൽ ഇവരിൽ ഉണ്ടായ വീഴ്ചകളേയും കുറവുകളേയും ക്ഷമിക്കേണമേ.

ഈ പഠന പരിപാടിയിൽ അവിടുത്തെ മക്കളെ സഹായിക്കുകയോ ഭാഗഭാക്കാകുകയോ ചെയ്തിട്ടുള്ള എല്ലാവരെയും അനുഗ്രഹിക്കേണമേ. ഇവരെ എല്ലാവരേയും നിന്റെ കരുണ യുടെ നിഴലിൽ എന്നും സംരക്ഷിച്ചുകൊള്ളേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു ആമ്മീൻ. സ്വർഗ്ഗ സ്ഥനായ ഞങ്ങളുടെ പിതാവേ.......

## പ്രത്യേക അവസരങ്ങളിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും ഉപയോഗിക്കുന്ന ലുത്തിനിയാ

നായകൻ - നമുക്ക് പ്രാർത്ഥിക്കാം.
സ്വർഗ്ഗസ്ഥപിതാവാം ദൈവമേ

ജനം - ഞങ്ങളോട് കരുണയുണ്ടാകേണമേ

നായകൻ - ലോകരക്ഷിതാവായ ദൈവപുത്രാ

ജനം - ഞങ്ങളോട് കരുണയുണ്ടാകേണമേ

നായകൻ - പരിശുദ്ധ റൂഹായായ ദൈവമേ

ജനം - ഞങ്ങളോട് കരുണയുണ്ടാകേണമേ

നായകൻ - ഏകദൈവമായ വി. ത്രിത്വമേ

ജനം - ഞങ്ങളോട് കരുണയുണ്ടാകേണമേ

## സ്തുതി

നായകൻ - നമുക്ക് ദൈവത്തെ സ്തുതിക്കാം.
കൃപയാൽ ഞങ്ങളെ സൃഷ്ടിച്ചതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - നിന്നെ അറിവാൻ ഞങ്ങൾക്ക് ഇടയാക്കിയതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - കൃപയാൽ പുണ്യ ജീവിതം ഞങ്ങൾക്ക് കാണിച്ചുതന്നതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - ഞങ്ങളുടെ കടങ്ങളും പാപങ്ങളും നിമിത്തം ഞങ്ങളെ അവഗണിക്കുക യോ വെറുക്കുകയോ നശിപ്പിക്കുകയോ ചെയ്യാത്തതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - അനേകരുടെ നന്മയ്ക്കായി ഞങ്ങളെ എടുത്ത് ഉപയോഗിക്കുന്നതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - ഈ ആശുപത്രി ഇവിടെ സ്ഥാപിച്ചതിനായി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - ഈ ആശുപത്രി സ്ഥാപിച്ചവരുടേയും, ഇതിനെ നടത്തുന്നവരുടേയും ഇതിനെ സഹായിക്കുന്നവരുടേയും സ്നേഹത്തിനും ഔദാര്യത്തിനും

വേണ്ടി

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

നായകൻ - ഈ ആശുപത്രിയിലെ ഡോക്ടേഴ്സ്, സിസ്റ്റേഴ്സ്, പാരാ മെഡിക്കൽ വർക്കേഴ്സ്, ആത്മീയ പ്രവർത്തകർ, ഇതര ജോലിക്കാർ, ഇവരുടെ ആത്മാർത്ഥമായ സേവനത്തിനു വേണ്ടി,

ജനം - നല്ലവനായ ദൈവമേ നിനക്ക് സ്തുതി.

## അപേക്ഷ (ഒന്നാം ഭാഗം)

നായകൻ - നമുക്ക് പ്രാർത്ഥിക്കാം

(കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ എന്ന് പ്രതിവാക്യമായി പറയണം)

ഈ ആശുപത്രിയിലും എല്ലായിടത്തുമുള്ള രോഗികൾക്കും, വേദനയിൽ ഇരിക്കുന്നവർക്കും, സൗഖ്യവും ആശ്വാസവും നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - വിവിധ രോഗങ്ങളിൽ വിഷമിക്കുന്നവർ, അവരുടെ കഷ്ടതകളിൽ നിരാശപ്പെട്ടു പോകാതെ, നിന്നിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും ഉറപ്പിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ദീർഘകാല രോഗത്തിലും വേദനയിലും ഇരിക്കുന്നവരും, മരണത്തെ അഭിമുഖീകരിക്കുന്നവരും, അവരുടെ കഷ്ടതയിൽ, നിന്റെ സ്നേഹത്തെയും സ്വർഗ്ഗീയ വാഗ്ദത്തങ്ങളേയും ദർശിക്കുന്നതിനും, സഹനശക്തിയും സമാധാനവും പ്രാപിക്കുന്നതിനും സംഗതിയാക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഭയത്തിലും നിരാശയിലും ഇരിക്കുന്നവരെ, നിന്റെ സാന്നിദ്ധ്യത്താൽ ധൈര്യപ്പെടുത്തേണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഓപ്പറേഷന് ഒരുങ്ങുന്നവർ, എല്ലാ ഭാരങ്ങളേയും തൃക്കരങ്ങളിൽ സമർപ്പിച്ച് സമാധാനം കണ്ടെത്തുന്നതിന് സഹായിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഓപ്പറേഷൻ കഴിഞ്ഞവരെയും അവശതയിലും അതിവേദനയിലും ഇരിക്കുന്നവരെയും ആശ്വസിപ്പിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും കുഞ്ഞുങ്ങൾക്കും ആവശ്യമായ എല്ലാ കൃപകളും നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ആപത്തിന്റെ ഘട്ടങ്ങളിലും, മരണം ആസന്നമായിരിക്കുമ്പോഴും

സമചിത്തതയോടും വിവേക ബുദ്ധിയോടും കൂടെ എല്ലാം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ കൃപയും ശക്തിയും എല്ലാവർക്കും നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - നിരാശയിലും ഏകാന്തതയിലും, അതിദുഃഖത്തിലും വിരഹത്തിലും ഇരിക്കുന്നവർക്ക് ആവശ്യമായ സാന്ത്വനം യഥോചിതം നൽകുന്നതിന് സഹായിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - രോഗത്തിലും കഷ്ടതയിലും ഇരിയ്ക്കുന്നവർക്ക് സഹായം ചെയ്യുന്നത്, നിനക്കാകുന്നു ചെയ്യുന്നതെന്ന ബോധം ഞങ്ങൾക്കു നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - സൗഖ്യദാന ശുശ്രൂഷയിൽ സംബന്ധിക്കുന്ന ഡോക്ടേഴ്സ്, സിസ്റ്റേഴ്സ്, ആത്മീയ പ്രവർത്തകർ എന്നിവരിൽ കൂടി നീ തന്നെയാണ് പ്രവർത്തിക്കുന്നതെന്ന ദർശനത്തോടും, നിന്നിൽ ആശ്രയിച്ചുകൊണ്ടും പ്രവർത്തിപ്പാൻ എല്ലാവരേയും സഹായിക്കേണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - രോഗികളുടെ കൂടെ നിന്ന് ശുശ്രൂഷിക്കുന്നവർക്ക്, തങ്ങളുടെ മനോ വ്യഥയെ തിരുമുമ്പാകെ സമർപ്പിക്കുന്നതിനും ലോകത്തിനു തരാൻ സാദ്ധ്യമല്ലാത്ത സമാധാനവും സമചിത്തതയും പ്രാപിക്കുന്നതിനും സംഗതിയാക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഡോക്ടറന്മാരായും, സിസ്റ്റേഴ്സായും, മറ്റ് സാങ്കേതിക പ്രവർത്തകരായും പരിശീലിപ്പിക്കുന്നവരെ, ജ്ഞാനികളും, വിവേകമുള്ളവരും, സേവന തല്പരരും ആക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - കൊള്ളാം. നല്ലവനും വിശ്വസ്തനുമായ ദാസാ (ദാസീ) നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. അധികത്തിനു ഞാൻ നിന്നെ അധികാരിയാക്കുമെന്ന സന്തോഷപ്രദമായ ശബ്ദം കേൾക്കുവാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

## അപേക്ഷ (രണ്ടാം ഭാഗം)

നായകൻ - രോഗികൾ, വികലാംഗർ, അനാഥർ, വൃദ്ധർ, ഇവർക്കായി നടത്തപ്പെടുന്ന ആശുപത്രികൾ, നേഴ്സിങ്ങ് ഹോമുകൾ, ബാലഭവനങ്ങൾ, ബാലികാഭവനങ്ങൾ, വൃദ്ധഭവനങ്ങൾ ഇവ കൂടുതലായി സ്ഥാപിക്കപ്പെടുമാറാകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - സഭവകയാലും, സഭാംഗങ്ങളുടെ വകയാലും, ഗവൺമെന്റ് വകയായും, മറ്റ് മതസ്ഥർ വകയായും, നടത്തപ്പെടുന്ന ആശുപത്രികളെയും, നേഴ്സിംഗ് ഹോമുകളെയും അനുഗ്രഹിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഈ ആശുപത്രിയേയും, ഇതിലെ വികസന പ്രവർത്തനങ്ങളെയും വാഴ്ത്തുകയും, ഇതിന്റെ ആഭിമുഖ്യത്തിൽ പുതിയ ആശുപത്രികളും, ഇതര സ്ഥാപനങ്ങളും വളർന്നു വരുവാൻ, സംഗതിയാക്കുകയും ചെയ്യേണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഈ ആശുപത്രിയെ സഹായിക്കുന്ന ഈ നാട്ടിലും വിദേശത്തുമുള്ള എല്ലാ സംഘടനകളെയും, പള്ളികളെയും, വ്യക്തികളെയും, അനുഗ്രഹിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ഊമർ, കുരുടർ, വികലാംഗർ, അഗതികൾ, വൃദ്ധർ എന്നിങ്ങനെ വിവിധ തരത്തിൽ പ്രയാസപ്പെടുന്നവർക്ക് സംരക്ഷണയും കാവലും നല്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - വിധവമാരെ കാത്തുകൊള്ളുകയും, അനാഥക്കുഞ്ഞുങ്ങളെ പുലർത്തുകയും, അഗതികളെ കടാക്ഷിക്കുകയും ചെയ്യണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ക്ഷാമ പീഡിതർക്കും, ദരിദ്രർക്കും, ഉപജീവനത്തിന് മാർഗ്ഗമില്ലാത്തവർക്കും ആവശ്യമായ പോഷണം നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - രാജാധി രാജാവും കർത്താധി കർത്താവുമായ ദൈവമേ, ലോകത്തിലെ വിവിധ രാഷ്ട്രങ്ങളെ അനുഗ്രഹിക്കുകയും, ലോകമാസകലം നീതിയും സമാധാനവും അധിവസിക്കുവാൻ സംഗതിയാക്കുകയും ചെയ്യണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - ലോകസമാധാനത്തിനായി പ്രവർത്തിക്കുന്ന യു. എൻ. ഒ., റെഡ്ക്രോസ് മുതലായ സംഘടനകളെ അനുഗ്രഹിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - വിവിധ മതസ്ഥർ തമ്മിലും, ഭാഷക്കാർ തമ്മിലുമുള്ള ശത്രുതയും, മത്സരവും മാറ്റി സഹവർത്തിത്വവും, സാഹോദര്യവും നൽകണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

നായകൻ - നിരീശ്വര വാദികളെയും, ഭൗതിക വാദികളെയും, സത്യ അറിവിലേക്ക് തിരിപ്പിക്കണമെ.

ജനം - കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

## അഭയ യാചന

നായകൻ - നമുക്ക് പ്രാർത്ഥിക്കാം

(ഞങ്ങളുടെ ഭയം, ആകുല ചിന്ത, നിരാശ, നിന്റെ ശക്തിയിലുള്ള വിശ്വാസമില്ലായ്മ എന്നീ ബലഹീനതകളിൽ നിന്ന്

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - നിന്റെ നിരന്തര സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധ്യമില്ലായ്മ, പ്രാർത്ഥനയില്ലായ്മ, ദൈവിക വാഗ്ദത്തങ്ങളോടുള്ള വിസ്മൃതി, അമിതമായ സ്വാശ്രയം എന്നീ തെറ്റുകളിൽ നിന്ന്

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - അമിതമായ ദ്രവ്യാഗ്രഹത്തിൽ നിന്നും പ്രതിഫലേഛാഭരിതമായ സേവനത്തിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - ദുർവികാരങ്ങൾ, ദുശ്ശീലങ്ങൾ, അശുദ്ധമായ പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - ക്ഷമയില്ലായ്മ, സഹനശക്തിയില്ലായ്മ, നന്ദിയില്ലായ്മ എന്നീ കുറവുകളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - മേലുള്ളവരോടുള്ള ബഹുമാനമില്ലായ്മ, മത്സരം, അസൂയ എന്നീ തെറ്റായ ശീലങ്ങളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - കപട സ്നേഹം, വ്യാജം. വഞ്ചന എന്നീ പാപങ്ങളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - മുൻകോപം, പ്രതികാര ബുദ്ധി, വിദ്വേഷം എന്നീ തിന്മകളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - അസന്തുഷ്ടി, അസ്വസ്ഥത എന്നീ ദോഷങ്ങളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - അഹങ്കാരം, ആത്മപ്രശംസ എന്നീ തിന്മകളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - മടി, കൃത്യനിർവ്വഹണത്തിനുള്ള ഉപേക്ഷ എന്നീ തെറ്റുകളിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

നായകൻ - സ്വയ വെറുപ്പിൽ നിന്നും

ജനം - കരുണ നിറഞ്ഞ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.

# A Collection of Prayers in English

## 1. Lordís Prayer

Our father in Heaven. Hallowed be your name. Your Kingdom come, Your will be done on earth as it is in heaven. Give us today our daily bread. Forgive us our debts as we also have forgiven our debtors, and lead us not into temptation but deliver us from the evil one, for yours is the Kingdom and the power and the glory for ever and ever. Amen.

## 2. Morning Prayer

O Lord our heavenly Father, Almighty and everlasting God. Who hast safely brought us to the beginning of this day!

O, gracious Father, since it is of thy mercy that another day is added to our lives; we here dedicate both our souls and bodies to thee and thy service, in a sober righteous, and godly life: in which resolution, do thou, O, merciful God, confirm and strengthen us; that, us we grow in age, we may grow in grace, and in the knowledge of our Lord and Saviour, Jesus Christ. Defend us today with thy mighty power; and grand that this day we fall into no sin, neither run into any kind of danger, but that all our doings may be orderd by thy governance, to do always that is righteous in thy sight; through Jesus Christ our Lord. Amen.

## 3. Evening Prayer

O Lord God, the life of mortals, the light of the faithful, the strength of those who labour, and the repose of the dead; grant us a tranquil night free from all disturbance; that after an interval of quiet sleep, we may, by thy bounty, at the return of light; be endued with activity from the Holy Spirit, and enabled in security to render thanks to thee.

O Almighty Father, who in thy divine mercy dost cover the earth with the curtain of darkness, that all the weary may rest; grant unto all men rest in thee this night. Let thy grace comfort and support all who are to spend it in sorrow, in anxiety, or in affliction. We commend into thy hands all our dear relations, friends and neighbours. Strengthen and confirm thy people, arouse the careless, recover the fallen, relieve the sick, guide the perplexed and remove all hindrances to the apprehehension of thy truth, that thy holy name may be glorified in Jesus Christ, our Lord and Saviour. Amen.

## 4. Prayer of St. Francis of Assisi

Lord, make men and instrument of your peace;
where there is hatred, let me show love;

where there is injury pardon;
where there is doubt, faith
where there is despair, hope;
where there is darkness, light; and
where there is sadness, joy

O divine Master, grant that I may not so much seek
to be consoled as to console
to be understood as to understand.
to be loved, as to love, for
It is in giving that we receive;
It is in pardoning that we are
pardoned and it is in dying that we
are born to eternal life. Amen

## 5. An Order of Worship for Special Occasions and Hospital Sunday

| | | |
|---|---|---|
| Leader | : | Our help is in the name of the Lord |
| Congregation | : | Who made heaven and earth. |
| Leader | : | O give thanks unto the Lord; for He is good |
| Congregation | : | For His mercy endureth forever. Amen. |

**Psalm 103:1-14**

Bless the Lord, O my soul,
and all that is within me, bless his holy name!

Bless the Lord, O my soul,
and forget not all his benefits,

who forgives all your iniquity
who heals all your diseases,

who redeems your life from the Pit;
who crowns you with steadfast love and mercy,

who satisfies you with good as long as you live
so that your youth is renewed like the eagleís

The Lord works vindication
and justice, for all who are oppressed.

He made known his ways to Moses,
his acts to the people of Israel.

The Lord is merciful and gracious,

slow to anger and abounding in steadfast love.

He will not always chide,
nor will he keep his anger for ever.

He does not deal with us according to our sins,
nor requite us according to our iniquities

For as the heavens are high above the earth,
So great is his steadfast love toward those who fear him;

as far as the east is from the west,
so far does he remove our transgressions from us

As a father pities his children,
so the Lord pities those who fear him,

For he knows out frame,
he remembers that we are dust.

## Let us Pray

Our Heavenly Father, who by thy love hast made us, and through thy love hast kept us, and in thy love wouldst make us perfect, we humbly confess that we have not loved thee with all our heart and soul and mind and strength, and that we have not loved one another as Christ hath loved us. Thy life is within our souls, but our selfishness hath hindered thee. We have resisted thy Spirit. We have neglected thine inspirations.

Forgive what we have been; help us to amend what we are; and in thy Spirit direct what we shall be; that thou mayest come into the full glory of thy creation in us and in all men, through Jesus Christ our Lord. AMEN.

## THANKSGIVING

Leader : Let us pray.

Almighty God, we lift up our hearts in gratitude to thee, and for all thy loving kindness we bless thy holy name. For life and health, for love and friendship, and for the goodness and mercy that have followed us all the days of our life.

Congregation : We praise thee, O, God.

Leader : For the wonder and beauty of the world, and for all things true and honest, just and pure, lovely and of good report.

Congregation : We praise thee, O, God.

Leader : For the gift of Jesus Christ, thine only begotten

| | | |
|---|---|---|
| | | Son, for the grace and truth which came by him, and for his obedience unto death, even the death of the cross. |
| Congregation | : | We praise thee, O, God. |
| Leader | : | For his glorious resurrection and ascension to thy right hand, and for his kingdom glory and ever-lasting dominion. |
| Congregation | : | We praise thee, O, God. |
| Leader | : | For the Holy Spirit, the Comforter, the Lord and Giver of Life, for thy holy church throughout the world, for thy word and sacraments and all the means of grace, and for the fellowship of the redeemed in heaven and on earth. |
| Congregation | : | We praise thee, O, God. |
| Leader | : | Glory, thanksgiving, and praise be unto thee. O Father Almighty through Jesus Christ our Lord, who liveth and reigneth with thee and the Holy Spirit, one God, world without end. AMEN. |

## A LITANY OF REMEMBRANCE

| | | |
|---|---|---|
| Leader | : | Let us Pray. |
| | | O God, who are the Father of all, grant thy blessing upon us who are gathered here, and upon the multitudes of every name who are joined with us in one household of faith throughout the World. |
| Congregation | : | We offer unto thee, O God, our thanks giving, and come to pay our vows to the most High. |
| Leader | : | We remember the fathers from the beginning of the world, and all who have wrought righteousness, even down to the present day. |
| Congregation | : | Grant unto us, O God, that we may have our part and lot with all thy saints. |
| Leader | : | We remember all whom we love and who love us, both those who have fallen asleep and those whose presence still blesses us. Thanks be to thee for their benedicition upon our lives. |
| Congregation | : | Establish thou the work of their hands, and keep us in one spirit with them. |

| | | |
|---|---|---|
| Leader | : | We remember those in distress, who suffer in body mind or estate; those who are in prison and in bonds. As bound with them, and as suffers with them, we bear them in our hearts and pray for their relief. |
| Congregation | : | Teach us and lead us through all lifeís ways to awareness of thy love and care. |
| Leader | : | We remember our enemies, if there be any who have injured us or cherish hatred against us. We pray thee to turn their hearts and ours, that we may live peaceably with all men. If there be any whom we have wronged, move us to make amends and to seek forgiveness at their hands; and may we freely forgive all who have wronged us. |
| Congregation | : | Grant us grace to surrender ourselves wholly to thee, that we may find that inward peace which the world can niether give nor take away. |
| Leader | : | We remember the whole family of man, and pray thee that the spirits of all flesh may taste of thy grace, and that all the ends of the earth may see the salvation of our God. |
| Congregation | : | May the faith that makes faithful, and hope that endures, and love that triumphs be with us always; through Jesus Christ our Lord. AMEN. |

**Hymn and Offertory**

**Scripture Reading:**

Old Testament Lesson: 2 Kings. 5:8-14

New Testament Lesson: Acts. 3:1-10, Mark. 1:40-45

(The confession of faith-the Nicene Creed-can come before Sermon)

SERMON:-

## A MOMENT OF SILENCE

In silence let us remember before God with thankfulness.

- All Christian Hospitals and dispensaries
- Christian Medical Colleges
- Christian doctors, nurses and para medical staff.

- All other hospitals, medical colleges and their staff.
- The CMAI, CHA, VHAI, State Medical Services.
- All engaged in the healing ministry.

Let us Pray

| | | |
|---|---|---|
| Leader | : | O Lord our God, in whose hands is the issue of all things, who requirest from thy stewards not success. but faithfulness, give us such faith in thee, and in thy sure purposes that we measure not our lives by what we have done or failed to do, but by our obedience to thy will; through Jesus Christ our Lord. AMEN. |
| All Together | : | The Lordís Prayer |
| Hymn: | | |
| Benediction | : | May the merciful loving kindness on the Most High and His holy protection be with the sick, the suffering and the sorrowful; be with us and with all whom we love, now and in every time of need. AMEN. |

**(Adapted from CMAI Prayer for Hospital Sunday)**